# എൻ.വി.യുടെ ഗവേഷണ പ്രബന്ധങ്ങൾ

എൻ.വി. കൃഷ്ണവാരിയർ

B 10

# എൻ. വി.യുടെ ഗവേഷണപ്രബന്ധങ്ങൾ

ഒന്നാംപതിപ്പ് 1989 മാർച്ച്

All Rights Reserved

*Title: N. V. YUTE GAVESHANA PRABANDHANGAL*

*Author: N. V. Krishnawarrior*

*Cover: Prasad*

*Price: Rs. 29-00*

*Printed by P. V. Chandran*
*at the Mathrubhumi M. M. Press, Calicut-1*

*Publishers:*
*The Mathrubhumi Printing & Publishing Co. Ltd. Calicut-673 001*

*March 1989*

# പ്രസ്താവന

പല അവസരങ്ങളിലായി ഞാൻ എഴുതിയ പതിനൊന്നു പ്രബന്ധങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. 'ഗവേഷണപ്രബന്ധങ്ങൾ' എന്ന് ഇവയെ വിളിക്കാമോ എന്ന കാര്യത്തിൽ എനിക്കു ബലമായ സംശയമുണ്ട്. കാരണം, ആധുനികഗവേഷണത്തിന്റെ ഇതികർത്തവ്യത (മെത്തേഡോളജി) ഈ ലേഖനങ്ങളുടെ കാര്യത്തിൽ നിഷ്കൃഷ്ടമായി പാലിക്കപ്പെട്ടിട്ടില്ല. ലഭ്യമായ ഉപാദാനങ്ങൾ സമഗ്രമായി വിവരിക്കാനും, അവയെ യുക്തിയുക്തം ചർച്ചചെയ്യാനുമല്ല, സ്വീകാര്യങ്ങളെന്നു തോന്നിയ നിഗമനങ്ങളിൽ കഴിയും വേഗം ചെന്നെത്താനാണ് ഈ പ്രബന്ധങ്ങളിൽ ഞാൻ പരിശ്രമിച്ചിട്ടുള്ളത്. സ്ഥലപരിമിതിയും, ബഹുകാര്യവ്യഗ്രതയ്ക്കിടയിൽ ലഭ്യമായ സമയത്തിന്റെ പരിമിതിയും നിമിത്തം, ഇത്തരമൊരു സമീപനം അനിവാര്യമായിത്തീർന്നു. ഈ പ്രബന്ധങ്ങളിലധികവും ഭാരതീയ വിജ്ഞാനത്തിന്റെ വിഭിന്നമുഖങ്ങളുമായി ബന്ധമുള്ളവയാണ്. അവസാനമായി ചേർത്ത 'മൂഷികവംശം— ഒരു പഠനം' എന്ന പ്രബന്ധം എഴുതുമ്പോൾ ആ കാവ്യം അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നില്ല. പിന്നീട് ഡോക്ടർ കെ. രാഘവൻപിള്ള അതു പ്രസിദ്ധീകരിക്കുകയുണ്ടായി, ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ, ഡോക്ടർ എൻ. വി. പി. ഉണിത്തിരി മുതലായവർ ആ കാവ്യത്തിൽ പേരെടുത്തു പറയുന്ന പല സ്ഥലങ്ങളേയും ആധികാരികമായിത്തന്നെ നിർണയിക്കുകയുമുണ്ടായി. ഇതെല്ലാം കണക്കിലെടുത്ത്, ഈ പ്രബന്ധത്തിന്ന് ഒരു അനുബന്ധം എഴുതിച്ചേർക്കേണ്ടത് ആവശ്യമായിരുന്നു. നിത്യജീവിതത്തിലെ വ്യഗ്രതകൾ നിമിത്തം അതു സാധ്യമാവാത്തതിന്ന് വായനക്കാരോടു ഞാൻ മാപ്പു ചോദിക്കുന്നു. ആനുകാലികങ്ങളിൽനിന്ന് നേരിട്ട് വിസ്മൃതിയിലേയ്ക്ക്

നീണ്ടുമായിരുന്ന ഈ പ്രബന്ധങ്ങൾക്ക് കുറച്ചുകൂടി ആയുസ്സ് പുസ്തകരൂപത്തിലുള്ള ഈ പുനഃപ്രകാശനം കൊണ്ട് കൈവരുമെങ്കിൽ, അത്രയുംകൊണ്ട് ഈ പ്രബന്ധകാരൻ കൃതാർത്ഥനാകും.

മാതൃഭൂമി, കോഴിക്കോട്,
28 മാർച്ച്, 1989.

എൻ. വി. കൃഷ്ണവാരിയർ

## ഉള്ളടക്കം


| | |
|---|---|
| മതം ആധുനികജീവിതത്തിൽ | 1 |
| പൂർവ്വമീമാംസാദർശനം | 11 |
| വാക്യപദീയം | 22 |
| പാണിനീയപ്രദ്യോതം | 31 |
| അണുസിദ്ധാന്തത്തിൻെറ ആദിപിതാക്കൾ | 42 |
| കൗടില്യൻെറ അർത്ഥശാസ്ത്രം | 52 |
| ഇന്ത്യയിൽ ബുദ്ധമതത്തിൻെറ ചരിത്രം | 57 |
| ശ്രീമൂലവാസം ജൈനവിഹാരമോ ബൗദ്ധവിഹാരമോ? | 68 |
| ചാലൂക്യവിക്രമാദിത്യൻെറ രണ്ടു കേരളാക്രമണങ്ങൾ | 82 |
| കലയും സംസ്കാരവും കോഴിക്കോട്ട് | 87 |
| മൂഷികവംശം: ഒരു പഠനം | 103 |

# മതം ആധുനികജീവിതത്തിൽ

ആധുനികജീവിതത്തിൽ മതത്തിൻെറ സ്ഥാനം എന്തായിരിക്കുമെന്ന വിചിന്തനം 'ആധുനികത'യുടെ ഒരു നിർവ്വചനത്തോടുകൂടി തുടങ്ങുന്നത് യുക്തമായിരിക്കും. കാലവുമായി ബന്ധപ്പെട്ട അർത്ഥത്തിലല്ലാതെ, സാമൂഹ്യവും സാമ്പത്തികവുമായ ഏതാനും സങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ 'ആധുനിക'മെന്ന വിശേഷണം ശാസ്ത്രജ്ഞന്മാർ ഉപയോഗിച്ചുവരുന്നുണ്ട്. ആ അർത്ഥമാണ് ഇവിടെയും വിവക്ഷിതം.

'പാരമ്പര്യാധിഷ്ഠിതം' (ട്രഡിഷണൽ) എന്നതിന്ന് എതിരായാണ് 'ആധുനികം' (മോഡേൺ) എന്ന വിശേഷണം ഉപയോഗിക്കപ്പെടുന്നത് എന്ന് പൊതുവെ പറയാം. വ്യവസായവല്ക്കരണത്തിന്നുമുമ്പ് യൂറോപ്പിലെ രാജ്യങ്ങളിലെന്നപോലെ, വ്യവസായവല്ക്കരണത്തിൻെറ ആരംഭഘട്ടത്തിൽ സ്ഥിതിചെയ്യുന്ന ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിൻഅമേരിക്കയിലേയും 'വികസ്വര' രാജ്യങ്ങളിൽ ജനങ്ങൾ ഇന്നു പാരമ്പര്യത്തിൽ ഏറിയോ കുറഞ്ഞോ അടിയുറപ്പിച്ചാണ് നിലകൊള്ളുന്നത്. മതങ്ങളുടേതായ മൂല്യങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ; സോപാനരീതിയിൽ മേൽക്കീഴായി സംവിധാനം ചെയ്യപ്പെട്ട ജാതി—ഗോത്ര—സംരചന, ഗ്രാമീണകാർഷികസാമ്പത്തികഘടന, താരതമ്യേന ദാരിദ്ര്യം, മഹത്ത്വാകാംക്ഷയില്ലായ്മ, ഉയർന്ന നിരക്ഷരതാശതമാനം, ഭരണയന്ത്രത്തിൽ സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ പ്രതിഫലിപ്പിക്കുന്നതിലുള്ള അശക്തി മുതലായവ പാരമ്പര്യാധിഷ്ഠിതസമുദായത്തിൻെറ സവിശേഷതകളാകുന്നു.

പാശ്ചാത്യരുമായുള്ള സമ്പർക്കത്തിൻഫലമായി സമുദായമധ്യത്തിൽ ക്രമേണ വ്യാപിക്കുകയും, സ്വാതന്ത്ര്യസമരക്കാലത്ത് ശക്തിയാർജ്ജിക്കുകയും, സ്വാതന്ത്ര്യലബ്ധിക്കു

ശേഷം ഉണ്ടായ വമ്പിച്ച ഉണർവ്വോടുകൂടി സാർവ്വത്രികമായ അംഗീകാരം നേടുകയും ചെയ്ത 'ആധുനികത'യുടെ മൂല്യങ്ങൾ ഇന്ന് 'വികസ്വര' രാജ്യങ്ങളുടെ ഔദ്യോഗിക—ആശയസംഹിതയായിത്തീർന്നിട്ടുണ്ട്. 'ഏഷ്യൻ ഡ്രാമ' എന്ന പ്രശസ്തഗ്രന്ഥത്തിൽ ഗുണ്ണാർ മിർഡൽ ഈ മൂല്യങ്ങളെ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:

പാരമ്പര്യത്തിന്റെയും അന്ധവിശ്വാസത്തിന്റെയും കെട്ടുപാടുകളിൽനിന്നുവിട്ട്, യുക്തിചിന്തയുടെ അടിസ്ഥാനത്തിൽ പൊതുനയങ്ങൾ രൂപവൽക്കരിക്കണമെന്ന് അനുശാസിക്കുന്ന ബോധമത്രേ യുക്തിബോധം. ആധുനികവിജ്ഞാനവും സങ്കേതവിദ്യയുമുപയോഗിച്ച് കൃഷിയും വ്യവസായവും വികസിപ്പിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ആയിരിക്കണം പൊതുനയങ്ങളുടെ അടിസ്ഥാനലക്ഷ്യം. ഈ ലക്ഷ്യത്തോട് ഇണങ്ങുന്ന പരിവർത്തനങ്ങൾ സാമ്പത്തിക—സാമൂഹ്യ—ബന്ധങ്ങളിലുണ്ടാവണം. നയരൂപവൽക്കരണത്തിന്ന് ആധാരം ആർക്കും എപ്പോഴും പരിശോധിച്ച് സത്യം നിർണ്ണയിക്കാവുന്ന വസ്തുതകളായിരിക്കണം; വെറും വിശ്വാസങ്ങളാവരുത്. സമഗ്രമായ ജീവിതവീക്ഷണം ഉൾക്കൊള്ളുന്ന ഒരു ആശയസംഹിത ഭരണകൂടത്തിനുണ്ടാവണം എന്നതാണ് യുക്തിബോധത്തിന്റെ മറെറാരു അനുശാസനം.

ആസൂത്രണത്തിലൂടെയുള്ള വികസനമാണ് ആധുനികതയുടെ വേറൊരു മൂല്യം. ദാരിദ്ര്യത്തെ ശാശ്വതീകരിച്ചുകൊണ്ട് സമുദായത്തിൽ നിലനിൽക്കുന്ന അനേകമനേകം അനാശാസ്യതകളിൽനിന്നുള്ള മോചനമത്രേ വികസനം. വികസനം കൈവരുത്തുന്നതിന്ന് ഉതകുമാറ് യുക്ത്യനുസൃതമായി പരസ്പരം കൂട്ടിയിണക്കിയ നയപരിപാടികളാണ് ആസൂത്രണം.

കർഷകരുടെയും തൊഴിലാളികളുടേയും പ്രതിശീർഷ—ഉത്പാദനവർദ്ധന ആസൂത്രണത്തിന്റെ ലക്ഷ്യമാകുന്നു. മെച്ചപ്പെട്ട സാങ്കേതികരീതികൾ, കൂടുതൽ മൂലധനനിക്ഷേപം, ഉൽപാദനരീതികളുടെ പരിഷ്കരണം, ജീവിതനിലവാരത്തിൽ പൊതുവെയുള്ള ഉയർച്ച, മാന



സികനിലപാടുകളിലുള്ള മാററം, രാഷ്ട്രീയോദ്ഗ്രഥനം മുതലായ പല ഘടകങ്ങളും ചേർന്നാണ് ഉത്പാദനക്ഷമതയിൽ വർദ്ധനയുണ്ടാകുന്നത്.

ഉത്പാദനവൃദ്ധിയുടെ ലക്ഷ്യം ജീവിതനിലവാരം ഉയർത്തുകയാണ്. ഭക്ഷ്യങ്ങളുടെയും മററ് അവശ്യവസ്തുക്കളുടെയും ഉപഭോഗം, വിദ്യാഭ്യാസം, മിച്ചംവെപ്പ്, നിക്ഷേപം മുതലായ പല ഘടകങ്ങളുമായി ബന്ധപ്പെടുത്തിവേണം ജീവിതനിലവാരത്തിൽ വരുന്ന ഉയർച്ചയെ മതിക്കുവാൻ.

അന്തസ്സ്, അവസരങ്ങൾ, ആദായം, ജീവിതനിലവാരം മുതലായവയിൽ ജനങ്ങൾക്കിടയിൽ സമത്വം നിലവിൽ വരുത്തുമാറ്, ഇന്നുള്ള സാമ്പത്തികവും സാമൂഹ്യവുമായ ഉച്ചനീചത്വങ്ങളെ നിർമ്മാർജ്ജനം ചെയ്യണമെന്നത് പരക്കെ അംഗീകൃതമായ ഒരു ആധുനികതാമൂല്യമാകുന്നു.

ജാതി, തൊലിനിറം, മതം, ഗോത്രം, സംസ്കാരം, ഭാഷ, പ്രദേശം മുതലായവയോട് കൂറ് പുലർത്താത്തതും ഉദ്ഗ്രഥിതവുമായ ഒരു ദേശീയസമുദായം നിലവിൽ വരുത്തുന്നതിന്ന് സാമൂഹ്യവും സാമ്പത്തികവുമായ സ്ഥാപനങ്ങളിലും വീക്ഷണങ്ങളിലും ഒരു വിപ്ലവംതന്നെ ആവശ്യമാണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നുണ്ട്. ഇത്തരമൊരു ദേശീയസമുദായത്തിൽമാത്രമേ വ്യക്തികൾ തമ്മിൽ സുഖാന്വേഷണരംഗത്തിൽ സ്വതന്ത്രമായ മത്സരവും, സാമൂഹ്യവും പ്രാദേശികവുമായ ചലനക്ഷമതയും ഉണ്ടായിരിക്കുകയുള്ളു. നമ്മുടെ ഭൂനിയമപരിഷ്കരണങ്ങളും വ്യവസായനിയമങ്ങളും ജാതിനാശനശ്രമങ്ങളും ഈ പശ്ചാത്തലത്തിന്നെതിരെ വീക്ഷിക്കപ്പെടേണ്ടവയാകുന്നു. കർമ്മദക്ഷത, ശുഷ്കാന്തി, സമയനിഷ്ഠ, മിതവ്യയം, തികഞ്ഞ സത്യസന്ധത, യുക്തിബോധം, പരിവർത്തനസന്നദ്ധത, അവസരബോധം, ഉത്സാഹം, ആത്മവിശ്വാസം, സഹകരണമനോഭാവം, ദീർഘവീക്ഷണം മുതലായ ഗുണങ്ങൾ തികഞ്ഞ ശാസ്ത്രയുഗത്തിലെ മനുഷ്യനാണ് ഈ പരിവർത്തനത്തിന്റെ പരിണതഫലമായി ഉദ്ദേശിക്കപ്പെടുന്നത്.

രാജ്യത്തിൻെറ അതിർത്തിക്കുള്ളിൽ എല്ലായിടത്തും ഏകീകൃതവും ഫലപ്രദവുമായ അധികാരം ചെലുത്തുന്നതും ചോദ്യംചെയ്യപ്പെടാത്തതുമായ ഭരണവ്യവസ്ഥയും നിയമവ്യവസ്ഥയുമുണ്ടാവുകയാണ് ദേശീയോദ്ഗ്രഥനം. കാര്യമായെന്തെങ്കിലും ചെയ്യാൻ ഭരണകൂടത്തിന്ന് കഴിയണമെങ്കിൽ ഇത്രമാത്രമുണ്ടായാൽ പോര. വൈകാരികോദ്ഗ്രഥനംകൂടി ആവശ്യമാണ്. പരിഷ്ക്കരണം സാദ്ധ്യമാക്കുന്ന ജനങ്ങളുടെ മാനസികനിലപാടാണ് വൈകാരികോ—ദ്ഗ്രഥനം,

സ്വാതന്ത്ര്യമില്ലാത്ത രാജ്യത്തിന്ന് ആസൂത്രണത്തിലൂടെ പുരോഗതി നേടുക സാദ്ധ്യമല്ല. കാരണം, ദേശീയനയങ്ങളുടെ ആവിഷ്ക്കരണവും നടപ്പിലാക്കലുമാണ് ആസൂത്രണം. അടിമരാജ്യത്തിന്ന് ദേശീയനയമുണ്ടാകുന്നതെങ്ങനെ?

ജനങ്ങൾ നിശ്ചിച്ച് സ്വയം നൽകിയതും എഴുതപ്പെട്ടതുമായ ഭരണഘടന, സ്വതന്ത്രമായ തിരഞ്ഞെടുപ്പിലൂടെ നിലവിൽവരുന്ന ജനപ്രതിനിധിസഭകൾ, നിയമംകൊണ്ട് സംരക്ഷിക്കപ്പെട്ട പൌരസ്വാതന്ത്ര്യങ്ങൾ മുതലായവ അടങ്ങുന്ന രാഷ്ട്രീയ ജനാധിപത്യം സുപ്രധാനമായ ഒരാധുനികതാമൂല്യമാകുന്നു. ഉത്പാദനവർദ്ധനയ്ക്കു് അനപേക്ഷണീയമല്ലെങ്കിൽ കൂടി, ഏതു തരം ഭരണവ്യവസ്ഥകൾ കീഴിലുള്ള ഉദ്ബുദ്ധവർഗ്ഗത്തിൻെറ ശാശ്വതസ്വപ്നമാണ് പൂർണ്ണമായ രാഷ്ട്രീയ ജനാധിപത്യം.

രാജ്യത്തിനുള്ളിൽ എല്ലാ ജനവിഭാഗങ്ങളുടെയും ക്രിയാത്മകസഹകരണത്തോടെ മാത്രമേ വികസനപ്രക്രിയകൾ നടപ്പിലാക്കാൻ സാധിയ്ക്കുകയുള്ളു എന്ന കാരണത്താൽ വികസ്വരരാജ്യങ്ങളിൽ അധികാരവികേന്ദ്രീകരണത്തിനും ജനാധിപത്യപരമായ, താഴെനിന്നുള്ള, ആസൂത്രണത്തിനും അതിയായ പ്രാധാന്യമുണ്ട്. പ്രാദേശികജനാധിപത്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇവ രണ്ടുമാണ്.

സാമൂഹ്യമായ അച്ചടക്കമില്ലായ്മ നിമിത്തം ആസൂത്രിതവികസനപരിപാടികൾക്ക് താമസം നേരിടുകയും



പലപ്പോഴും അവ തീരെ നടപ്പിലാവാതെ വരികയും സാധാരണമാണ്. അച്ചടക്കമെന്ന ഈ മൂല്യത്തിന്ന് വികസ്വരരാജ്യങ്ങളിൽ വേണ്ടത്ര പ്രതിഷ്ഠ ഇനിയും ലഭിച്ചിട്ടില്ല.

മേൽ പ്രസ്താവിച്ചവയും അവയിൽനിന്നുളവാകുന്നവയുമായ മൂല്യങ്ങൾ ഏറെക്കുറെ വ്യവസായവൽകൃതങ്ങളായ പാശ്ചാത്യരാജ്യങ്ങളിൽ ഇന്നു നിലവിലുള്ളവയാണെന്ന് കാണാൻ പ്രയാസമില്ല. സാമ്പത്തികഘടന മുതലാളിത്തപരമായാലും സോഷ്യലിസ്റ്റായാലും, പാശ്ചാത്യരാജ്യങ്ങളിൽ ഇന്ന് പൊതുവെ ഈ മൂല്യങ്ങൾ യാഥാർത്ഥ്യങ്ങളായിക്കഴിഞ്ഞിട്ടുണ്ട്. പരിതസ്ഥിതിയനുസരിച്ച് ചിലേടത്ത് ചില മൂല്യങ്ങൾക്ക് കൂടുതൽ ഊന്നൽ ലഭിച്ചിട്ടുണ്ടാവാമെന്നേയുള്ളു.

ആധുനികത, നമ്മെ സംബന്ധിച്ചിടത്തോളം, ഒരാദർശം മാത്രമല്ലാതെ ഇനിയും യാഥാർത്ഥ്യമായിക്കഴിഞ്ഞിട്ടില്ല. അത് യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് നാം. ഈ ശ്രമം വലിയ ഒരളവു വരെ ഫലപ്രദമായിക്കഴിഞ്ഞാൽ ഇവിടെ മതത്തിൻെറ നില എന്തായിരിക്കും? ഈ ചോദ്യത്തിന്ന് ഉത്തരം കാണാൻ നാം ആധുനിക പാശ്ചാത്യരാജ്യങ്ങളിലേയ്ക്ക് നോക്കുകയേ വേണ്ടു എന്ന് എനിക്ക് തോന്നുന്നു.

സയൻസും മതവും തമ്മിൽ, യുക്തിബോധവും വിശ്വാസവും തമ്മിൽ, പാശ്ചാത്യരാജ്യങ്ങളിൽ ദീർഘകാലത്തേയ്ക്ക് നടന്നുവന്ന സമരം അവസാനിച്ചിരിക്കുന്നു. സയൻസ് പൂർണ്ണമായും വിജയിക്കുകയും മതം പൂർണ്ണമായും കീഴടങ്ങുകയും ചെയ്ത നിലയിലാണ് ഈ യുദ്ധവിരാമം. മുതലാളിത്തത്തിൻെറ ഏററവും വികസിതമായ രൂപം കാണാവുന്ന പടിഞ്ഞാറൻ യൂറോപ്പിലും വടക്കേ അമേരിക്കയിലും, കമ്യൂണിസം സുപ്രതിഷ്ഠ നേടിയ സോവിയററ് യൂനിയനിലും, സംഭവിച്ചത് ഇതുതന്നെയാണ്. മതത്തിന്ന് അവിടെ ചെങ്കോൽ തീരെ ഉപേക്ഷിക്കേണ്ടതായി വന്നു. നിയമപരമായ അധികാരവും അതിന് നഷ്ടമായി. ജനനംമുതൽ മരണംവരെ വ്യക്തിയെ നിയ

ന്ത്രിക്കുകയും, പലപ്പോഴും കഷ്ടപ്പെടുത്തുകയും ചെയ്യാൻ മതത്തിനുണ്ടായിരുന്ന കഴിവ് അവസാനിച്ചു. സ്വത്തുടമ എന്ന നിലയിൽനിന്ന് ഭൈക്ഷ്യോപജീവി എന്ന നിലയിലേയ്ക്ക് മതത്തിന്ന് ഇറങ്ങേണ്ടിവന്നിട്ടുണ്ടിന്നു. ഇന്ന് വികസിച്ച പാശ്ചാത്യരാജ്യങ്ങളിൽ മതത്തിന്റെ സ്ഥിതി ഇതാണ്.

എങ്കിലും പാശ്ചാത്യരാജ്യങ്ങളിൽനിന്ന് മതം തീരെ തിരോഭവിച്ചിട്ടില്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും കൈകടത്തുകയും ഉപദേശവും സേവനവും നൽകുകയും ചെയ്യുന്നത് തങ്ങളുടെ കർത്തവ്യമായി കരുതിയിട്ടുള്ള കമ്യൂണിസ്റ്റ് പാർട്ടിപോലെയുള്ള പാർട്ടികൾക്ക് രാഷ്ട്രീയത്തിൽ സ്വാധീനമില്ലാത്ത പാശ്ചാത്യരാജ്യങ്ങളിൽ മതം പൊതുകാര്യങ്ങളിൽ ഉപദേഷ്ടാവും സഹായകർത്താവുമെന്ന നില കൂടുതൽ കൂടുതൽ അംഗീകരിക്കാൻ തുടങ്ങി; പ്രഭുത്വാഭിലാഷംവിട്ട് സൗഹൃദസഹിതസ്വഭാവം കൈവരിച്ചു. ഈ രംഗങ്ങളിലൊക്കെ, മതത്തിന് ഗണ്യമായ പല കർത്തവ്യങ്ങളും അവിടെ നിറവേറ്റാനുണ്ടായിരുന്നുതാനും. ജനനനിയന്ത്രണം ഔദ്യോഗികനയമായംഗീകരിക്കപ്പെട്ടിട്ടില്ലാത്ത രാജ്യങ്ങളിൽ ജനനനിയന്ത്രണപരിപാടികൾ നടപ്പിലാക്കുന്നതിൽ പ്രോട്ടസ്റ്റന്റ് സഭകൾ നിർവഹിച്ച പങ്ക് ഇവിടെ ഉദാഹരിക്കാവുന്നതാണ്. മദ്യപാനത്തിൽ ഒരു നിയന്ത്രണവും സ്റ്റേറ്റോ സമുദായമോ ചുമത്താത്ത സ്ഥലങ്ങളിൽ മിതപാനശീലം പ്രചരിപ്പിക്കുന്നതിൽ എല്ലാ മതവിഭാഗങ്ങളും കുറെയൊക്കെ ഫലപ്രദമായി പ്രവർത്തിക്കുകയുണ്ടായി. ആതുരശുശ്രൂഷയുടെ രംഗം പല രാജ്യങ്ങളിലും ഏറെക്കാലത്തേയ്ക്ക് മതസംഘടനകളുടെ കുത്തക തന്നെയായിരുന്നു. അറിവ് ആർജ്ജിക്കുകയും പ്രചരിപ്പിക്കുകയും തങ്ങളുടെ ലക്ഷ്യമായി എടുത്ത മതസംഘടനകളുമുണ്ട്.

വ്യക്തിതലത്തിലും, കുടുംബതലത്തിലും കുറെക്കൂടി വിശാലമായ പ്രാദേശികസമുദായ (കമ്യൂണിറ്റി) തലത്തിലും നൽകുന്ന സാമൂഹ്യസേവനങ്ങൾക്ക് പുറമെ മതസംഘടനകൾ പാശ്ചാത്യരാജ്യങ്ങളിൽ വേറെയും പല



കൃത്യങ്ങളും നിർവഹിക്കുന്നുണ്ട്. കലാപരമായ സേവനമാണ് ഇവയിൽ മുഖ്യം. യൂറോപ്പിലെ ഭദ്രാസനപ്പള്ളികളെല്ലാംതന്നെ മികച്ച കാഴ്ചബംഗ്ലാവുകൾകൂടിയാണ്. ഇവയിലെ ആരാധനകൾ മിക്കപ്പോഴും ആരാധകരുടെ കലാപരമായ ദാഹത്തിന് ശമനം നൽകുന്നവയത്രെ. അത്യുത്തമമായ ക്ലാസിക്കൽ സംഗീതം ഇവയിൽ സംരക്ഷിക്കപ്പെടുന്നു. സോവിയറ്റ് യൂനിയനിലെ ലാറ്റ്‌വിയൻ റിപ്പബ്ലിക്കിൽ ഒരു കത്തീഡ്രലിൽ വച്ച് കേട്ട ഒരു ഓർഗൻ സംഗീതക്കച്ചേരി ഞാനോർക്കുന്നു. മൂന്നുമണിക്കൂറോളം ആ പള്ളിയിലെ വലിയ ഹാൾ നിറഞ്ഞ് പുറത്തേയ്ക്ക് തള്ളിനിന്നിരുന്ന ജനക്കൂട്ടം വശംവദമായിരുന്നത് മതപരമായ പ്രേരണകളല്ല; ശുദ്ധകലാപരമായ പ്രേരണകളാണ്. സംഗീതം പോലെ സാഹിത്യവും, പ്രത്യേകിച്ച് ക്ലാസിക്കൽ സാഹിത്യം, മതത്തിന്റെ സംരക്ഷണയിലാണ് വളർന്നത്. സാഹിത്യത്തിന്റെ തണലിൽ മതത്തിന്ന് ഇനിയും വളരെക്കാലത്തേയ്ക്ക് ജീവിക്കാൻ കഴിഞ്ഞേയ്ക്കും.

കലയോടും സാഹിത്യത്തോടുമെന്നപോലെ തത്വചിന്തയോടും പുത്തൻ കാലത്തും മനുഷ്യന് ആഭിമുഖ്യമുണ്ടായിരിക്കും. തത്വചിന്ത ഇന്നും മതവുമായുള്ള ബന്ധത്തിൽനിന്ന് തികച്ചും ഉന്മുക്തമായിട്ടില്ല. എന്നെങ്കിലും അങ്ങനെ ആവുമെന്ന് തോന്നുന്നതുമില്ല. മതം വാതിൽ തുറന്നു തരുന്ന അനുഭൂതിമണ്ഡലങ്ങളെപ്പറ്റി പലരും വിവരിച്ചിട്ടുണ്ട്. യോഗാസനങ്ങളും ധ്യാനവും നാമജപവും രഹസ്യാരാധനകളും മനുഷ്യവർഗത്തിൽ നിന്ന് എന്നെന്നേയ്ക്കുമായി തിരോഭവിക്കുകയില്ലെന്നു കരുതാനാണ് സമ്പന്നരാജ്യങ്ങളിലെ ഹിപ്പികളും മറ്റും പ്രേരണ നൽകുന്നത്.

സമുദായം ആധുനികീകൃതമാകുന്നതോടെ, മതങ്ങൾക്ക് അവികസിതരാജ്യങ്ങളിലെ ജനങ്ങളുടെ മേലുള്ള പിടി അയഞ്ഞു പോവുക തന്നെ ചെയ്യും. രാഷ്ട്രീയമോ സാമ്പത്തികമോ സാമൂഹ്യമോ ആയ പ്രശ്നങ്ങളിൽ തീരുമാനമെടുക്കേണ്ടിവരുമ്പോൾ ജനങ്ങളെ സംബന്ധിച്ചിട

ത്തോളം മതം ഒരു നിർണ്ണായകശക്തി അല്ലാതായിത്തീരും; രാഷ്ട്രീയം തികച്ചും മതനിരപേക്ഷമായിത്തീരും. വ്യക്തിപരമായ പ്രശ്നങ്ങളിൽ തന്നെ മതത്തിന്റെ സ്വാധീനം വളരെയധികം കുറഞ്ഞുപോകും.

ഇന്ത്യ ആദ്ധ്യാത്മികതയുടെ നാടാണെന്നും, ഇവിടെനിന്ന് മതം ഒരിക്കലും വേരററു പോവുകയില്ലെന്നും ഒരു വിശ്വാസമുണ്ട്. ഈ വിശ്വാസത്തിന്ന് യാതൊരടിസ്ഥാനവും ഞാൻ കാണുന്നില്ല. ഇന്ത്യയെക്കാളേറെ 'ആദ്ധ്യാത്മികത'യിൽ—അതെന്തുതന്നെയാവട്ടെ—വിശ്വസിച്ചിരുന്നു മധ്യകാല യൂറോപ്പ്. അവിടെ ഭൂമി മുഴുവൻ പള്ളിയുടെ വകയായിരുന്നു. ഭൂമിയിൽനിന്നുള്ള ആദായം, എത്രയോ നൂററാണ്ടുകളോളം, ഉപയോഗപ്പെടുത്തിയിരുന്നത് പള്ളി പണിയാനായിരുന്നു. മതപരമായ അധികാരത്തോടൊപ്പം രാഷ്ട്രീയമായ അധികാരവും പള്ളിയുടെ കൈയിൽ കേന്ദ്രീകരിച്ചിരുന്നു. ഇത്തരമൊരു സ്ഥിതിവിശേഷം ഇന്ത്യയിൽ ഒരിക്കലുമുണ്ടായിട്ടില്ല. റോമിൽ സെൻറ് പീറ്റേഴ്സ് കത്തീഡ്രലിലുള്ള പത്രോസ് പുണ്യവാളന്റെ കൂററൻ പ്രതിമയുടെ തടിച്ച പെരുവിരൽ വിശ്വാസികൾ തലമുറകളുടെ ചുംബനമേററ് തേഞ്ഞു പോയിട്ടുള്ളത് കാണുന്ന ഒരാൾക്ക് യൂറോപ്പിൽ ഒരു കാലത്തുണ്ടായിരുന്ന 'ആദ്ധ്യാത്മികത'യുടെ തൈക്ഷ്ണ്യം ഊഹിച്ചറിയാൻ ഇന്നും കഴിയും. യൂറോപ്പിൽനിന്ന് വേരു പറിഞ്ഞുപോയ ആദ്ധ്യാത്മികത, സമാനസാഹചര്യങ്ങളിൽ, ഇന്ത്യയിൽ വേരററാതെ നിൽക്കുമെന്നു കരുതാൻ അന്ധവിശ്വാസം മാത്രമേ അവലംബമായിട്ടുള്ളൂ.

ആധുനികീകരിക്കപ്പെട്ട ഇന്ത്യയിൽ മതത്തിന്റെ സ്ഥാനമെന്തായിരിക്കുമെന്ന് ഏറെക്കുറെ ഊഹിക്കാൻ ഇന്നത്തെ രാമകൃഷ്ണമിഷന്റെ പ്രവർത്തനങ്ങൾ നോക്കിയാൽ മതിയാവുമെന്നു തോന്നുന്നു. കത്തോലിക്കാ പള്ളിക്കോ ശങ്കരാചാര്യന്മാർക്കോ മഠാധിപതികൾക്കോ ഉള്ള മതപരമായ യാതൊരധികാരവും രാമകൃഷ്ണമിഷന്ന് ഇല്ല; ഒരിക്കലും ഉണ്ടായിരുന്നുമില്ല. ജാതകർമ്മത്തിലും വിവാഹത്തിലും ഉദകക്രിയയിലും പങ്കെടുക്കാനും [illegible]



[illegible] രാമകൃഷ്ണമിഷനിലെ സന്ന്യാസിമാർ വരുന്നില്ല. തിരഞ്ഞെടുപ്പുകളിൽ അവർ സ്വാധീനം ചെലുത്തുന്നില്ല. ഇന്ത്യയുടെ സ്വാതന്ത്ര്യസമരസന്നാഹങ്ങളിൽ നിന്നുതന്നെ തികച്ചും വിട്ടുനിൽക്കുകയാണ് അവർ ചെയ്തത്.

എങ്കിലും ആതുരശുശ്രൂഷയുടെയും വിദ്യാഭ്യാസസേവനത്തിന്റെയും മണ്ഡലത്തിൽ അവർക്ക് ഗണ്യമായ വിജയമുണ്ടായിട്ടുണ്ട്. അതിലേറെ തത്ത്വചിന്തയുടെ വ്യാഖ്യാതാക്കളും പ്രായോഗികപരിശീലകന്മാരുമായി അവർ പ്രസിദ്ധി നേടുകയും ചെയ്തിട്ടുണ്ട്. പാരമ്പര്യത്തിന്റെ പാശങ്ങളിൽനിന്ന് ആകാവുന്നത്ര വിമുക്തിയും ആധുനിക വിദ്യാഭ്യാസവും നേടിയ വളരെയധികം ആളുകളുടെ തത്ത്വചിന്താപരങ്ങളായ ആവശ്യങ്ങൾ നിറവേററാൻ ഇന്നും അവർക്ക് കഴിയുന്നുണ്ട്.

വ്യക്തിചേതനയും പ്രപഞ്ചചേതനയും തമ്മിലുള്ള ഐക്യവും അത് കണ്ടെത്താനുള്ള ജ്ഞാനമാർഗവും ഉപദേശിക്കുന്ന ഉപനിഷത്തുക്കളുടെയും ബ്രഹ്മസൂത്രത്തിന്റെയും മതം, ബുദ്ധിജീവികളുടെ മതമെന്നനിലയിൽ, ആധുനികജീവിതത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുവാനിടയുണ്ട്. ഇതോടൊപ്പം, ഒഴിവും പഠിപ്പും കൂടുതലാവുന്ന തോതിൽ, ജനങ്ങൾ അവരുടെ പഴയ സാഹിത്യത്തെയും സംഗീതത്തെയും ചിത്രകലയെയും പ്രതിമാശില്പത്തെയും കൂടുതൽ ശ്രദ്ധിച്ചുതുടങ്ങുമെന്നു വേണം കരുതാൻ. ഇതെല്ലാം മതവുമായി അഭേദ്യമായ വിധം ബന്ധപ്പെട്ടവയാണ് താനും.

ഹിന്ദുമതത്തിന്റെ ഒരു പ്രത്യേകതയായി എനിക്ക് തോന്നിയിട്ടുള്ളത് ഇന്ത്യയിലെ ഉദാത്തങ്ങളായ പ്രകൃതിപ്രതിഭാസങ്ങളുമായി അത് അഭേദ്യമായ ബന്ധം സ്ഥാപിച്ചിരിക്കുന്നു എന്നതാണ്. നയാഗ്രാജലപ്രപാതം അമേരിക്കക്കാരിൽ ഒരുതരം മതാനുഭൂതിയും ഉണർത്തി വിടുന്നില്ല; പക്ഷേ, ഹിമാലയശിഖരങ്ങൾ ഇന്ത്യക്കാർക്ക് ദേവഭൂമികളാകുന്നു. ഏതെങ്കിലും തരത്തിൽ വൈശിഷ്ട്യം അവകാശപ്പെടാവുന്ന ഭൂപ്രദേശങ്ങളെല്ലാം—കടൽത്തീരം,

നദീസമുദ്രസംഗമം, നദീസംഗമം, ജലപ്രപാതം, നദീപ്രഭവം, പർവ്വതശിഖരം—ഇന്ത്യക്കാരെ ആരാധനോന്മുഖരാക്കിയിരുന്നു. ആധുനികീകരണത്തിന്റെ ഫലമായി ഈ ആരാധനാമനോഭാവം ഇന്ത്യയിൽനിന്ന് തിരോഭവിച്ചേക്കാം; വിദ്യുച്ഛക്തി ഉത്പാദനത്തിന്നും ജലസേചനത്തിന്നും ഗതാഗതത്തിന്നും അഴുക്ക് നീരൊഴുക്കുന്നതിന്നും എത്രമാത്രം ഉപകരിക്കുന്നു എന്ന വസ്തുതയുമായി ബന്ധപ്പെടുത്തിമാത്രം നാം ഗംഗയുടെ ദിവ്യതയെ മതിക്കുന്ന കാലം വിദൂരമല്ലെന്നു വരാം. അപ്പോഴും കേദാരനാഥവും ബദരീനാഥവും പോലെയുള്ള ഹിമാലയപ്രദേശങ്ങൾ ജീവിതത്തിന്റെ അന്തരാർത്ഥം ആരായുന്ന ഏകാന്തപഥികന്മാരുടെ സങ്കേതങ്ങളായി തുടർന്നേക്കാം.

അസത്തിൽ നിന്നു സത്തിലേക്കും, തമസ്സിൽ നിന്നു ജ്യോതിസ്സിലേക്കും, മൃത്യുവിൽ നിന്ന് അമൃതത്തിലേക്കും പോകുന്നതിനുള്ള മനുഷ്യാത്മാവിന്റെ ശാശ്വതാഭിലാഷമെന്ന നിലയിൽ, ആചാരനിരപേക്ഷമായ മതബോധം ആധുനിക വ്യക്തിജീവിതത്തിലും തുടർന്നു നിലനിൽക്കുമെന്നാണ് കരുതേണ്ടത്.

# പൂർവ്വമീമാംസാദർശനം

ഭരദ്വാജൻ എന്ന ഒരു മഹർഷിശ്രേഷ്ഠനുണ്ടായിരുന്നു. തപോബലം നിമിത്തം അദ്ദേഹത്തിന് മുന്നൂറ്റാണ്ടത്തെ ദീർഘായുസ്സു ലഭിച്ചു. ഇക്കാലമത്രയും ബ്രഹ്മചര്യം ദീക്ഷിച്ചും വൈദികവിധികളനുഷ്ഠിച്ചും അദ്ദേഹം വേദമഭ്യസിച്ചു. ഒടുവിൽ വാർദ്ധക്യം അദ്ദേഹത്തെ ശയ്യാവലംബിയാക്കി. ഒരു ദിവസം ഇന്ദ്രൻ ഭരദ്വാജന്റെ മുമ്പിൽ ആവിർഭവിച്ച് ഇങ്ങനെ ചോദിച്ചു: 'ഭരദ്വാജ, നിന്റെ ജീവിതം ഒരു നൂറു വർഷത്തേയ്ക്കു കൂടി നീട്ടിത്തന്നാൽ നീ അതു കൊണ്ടെന്തു ചെയ്യും?' ഭരദ്വാജൻ മറുപടി പറഞ്ഞു: 'ഇതു വരെ ഞാൻ ചെയ്തു പോന്നതെന്തോ അതു തന്നെ തുടർന്നു ചെയ്യും.' ഉടനെ ഇന്ദ്രൻ അദ്ദേഹത്തിന്ന് മൂന്നു വലിയ പർവ്വതങ്ങൾ കാണിച്ചുകൊടുത്തു. ഭരദ്വാജൻ മുമ്പു കണ്ടിട്ടില്ലാത്തവയായിരുന്നു ഈ മലകൾ. ഈ പർവ്വതങ്ങൾ ഓരോന്നിലും നിന്ന് ഓരോ പിടി മണ്ണെടുത്ത് ഭരദ്വാജന്റെ മുമ്പിൽ വെച്ച് ഇന്ദ്രൻ പറഞ്ഞു: 'ഭരദ്വാജ, നീ കാണുന്ന ഈ മൂന്നു മലകൾ മൂന്നു വേദങ്ങളാണ്—സാമം, ഋക്ക്, യജുസ്സ്. അവ നിത്യങ്ങളും അനന്തങ്ങളുമത്രെ. ആചാര്യനിൽ നിന്നും വേദാദ്ധ്യയനത്തിൽ നിന്നും ബ്രഹ്മചര്യത്തിൽ നിന്നും നീ നേടിയതോ, ഈ മൂന്നു പിടി മണ്ണിനോളം മാത്രം, അനന്തമായ അവശിഷ്ടഭാഗമത്രയും നിന്റെ മുമ്പിൽ അജ്ഞാതമായിക്കിടക്കുകയാണ്. ഞാൻ നിനക്ക് വേദങ്ങളുടെ ശരിയായ താൽപര്യം ഉപദേശിച്ചുതരാം. എല്ലാ വിജ്ഞാനത്തിന്റെയും പ്രഭവങ്ങളത്രെ വേദങ്ങൾ.'

തൈത്തിരീയബ്രാഹ്മണത്തിലുള്ള ഈ ഉപാഖ്യാനം വൈദികവിജ്ഞാനത്തിന്റെ വൈപുല്യത്തേയും അഗാധതയേയും മൂർത്തരൂപത്തിൽ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. വേദങ്ങളാണ് പ്രാചീനഭാരതീയവിജ്ഞാനത്തിന്റെ ആധാരം. വേദത്തിന്റെ പ്രാമാണ്യത്തിൽ വിശ്വസിക്കുന്നവരാരോ, അവരെ ആസ്തികന്മാർ എന്ന്

വിളിക്കുന്നു. സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നിവയാണു് ഭാരതീയരുടെ ഷഡ്ദർശനങ്ങൾ. ഇവ ആറും വേദപ്രാമാണ്യത്തെ അംഗീകരിക്കുന്നതിനാൽ ആസ്തികദർശനങ്ങളെന്നു വിളിക്കപ്പെടുന്നു. ജൈനദർശനം, ചാർവ്വാകദർശനം എന്നിവയും, മാദ്ധ്യമികം, യോഗാചാരം, സൗത്രാന്തികം, വൈഭാഷികം എന്ന നാലു ബൗദ്ധദർശനങ്ങളും നാസ്തികദർശനങ്ങളാകുന്നു. ഇവ വേദപ്രാമാണ്യത്തെ അംഗീകരിക്കുന്നില്ല എന്നു് പ്രകടമാണല്ലോ.

പൂർവ്വമീമാംസയ്ക്കു് കർമ്മമീമാംസ എന്നുകൂടി പേരുണ്ടു്. ഉത്തരമീമാംസയെന്നാൽ വേദാന്തം തന്നെ. മീമാംസയെന്ന വാക്കിനു് വിചാരം അഥവാ ചർച്ചയെന്നർത്ഥം. ഒരു പദത്തിൻെറയോ വാക്യത്തിൻെറയോ ശരിയായ താൽപര്യം അറിയുന്നതിന്നു വേണ്ടി അനുഷ്ഠിക്കേണ്ട യുക്തിവിചാരം എന്നു് ഇതിനെ ഒന്നു കൂടി വിവരിക്കാം. വേദങ്ങളിലെ പൂർവ്വഭാഗമായ കർമ്മകാണ്ഡത്തിൻെറ താത്പര്യനിർണ്ണയത്തിന്നുള്ള ശാസ്ത്രമാകയാലാണു് ഈ ശാസ്ത്രത്തെ പൂർവ്വമീമാംസയെന്നും കർമ്മമീമാംസയെന്നും വിളിക്കുന്നതു്.

പൂർവ്വമീമാംസാദർശനത്തിൻെറ അടിസ്ഥാനഗ്രന്ഥം പന്ത്രണ്ടദ്ധ്യായങ്ങളുള്ള ജൈമിനീയസൂത്രങ്ങളാകുന്നു. വ്യാസൻെറ ശിഷ്യനാണു് ജൈമിനിമുനിയെന്നത്രേ പ്രസിദ്ധി. ബാദരായണൻ, ബാദരി എന്ന രണ്ടു മുനിമാരെ ജൈമിനി തൻെറ കൃതിയിൽ ആദരപൂർവ്വം സ്മരിക്കുന്നുണ്ടു്. മറിച്ചു്, വ്യാസൻ തൻെറ വേദാന്തസൂത്രത്തിൽ ജൈമിനിയുടെ പേരും പ്രസ്താവിക്കുന്നുണ്ടു്. മഹാഭാരതകർത്താവും വേദാന്തസൂത്രനിർമ്മാതാവുമായിരുന്ന ബാദരായണൻെറ ശിഷ്യനായിരുന്നു ജൈമിനിയെന്നതിനു് ഇതൊരു തെളിവായി അംഗീകരിക്കപ്പെടാമോ എന്നു് സംശയമാണു്. പാണിനിയുടെ ഭാഷ്യകാരനായ പതഞ്ജലിയും, വ്യാസൻെറ ഭാഷ്യകാരനായ ശങ്കരാചാര്യരും പോലെ പ്രശസ്തനാണു് ജൈമിനിയുടെ ഭാഷ്യകൃത്തായ ശബരസ്വാമി. ശബരസ്വാമിക്കു് മുമ്പും ജൈമിനീയസൂത്രങ്ങൾക്കു് വ്യാഖ്യാനങ്ങളുണ്ടായി. പക്ഷേ അവയൊന്നും



തന്നെ ഇന്നു കിട്ടാനില്ല. ശാബരഭാഷ്യത്തെ ചിലേടത്തു് ഖണ്ഡിച്ചും ചിലേടത്തു് വിശദീകരിച്ചും ചിലേടത്തു് പൂരിപ്പിച്ചും പ്രസിദ്ധനായ കുമാരിലഭട്ടൻ വിസ്തൃതമായ ഒരു വാർത്തികം എഴുതിയിട്ടുണ്ടു്. ശ്ലോകവാർത്തികം, തന്ത്രവാർത്തികം, ടുപ്ടീക എന്നിങ്ങനെ മൂന്നായി ഈ വാർത്തികം വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥത്തിന്നു് വളരെ ഏറെ വ്യാഖ്യാനങ്ങളുണ്ടായി. ഭാട്ടമതം എന്ന പേരിൽ ഈ പ്രസ്ഥാനം പ്രസിദ്ധമാകയും ചെയ്തു.

കുമാരിലഭട്ടൻെറ ശിഷ്യനായിരുന്നുവത്രേ പ്രഭാകരൻ. എന്നാൽ ശിഷ്യൻ ഗുരുവിൻെറ മതത്തോടു് പലേടത്തും വിയോജിക്കുകയാണുണ്ടായതു്. അതിനാൽ കുമാരിലൻെറ വാർത്തികത്തെ വ്യാഖ്യാനിക്കാൻ നില്ക്കാതെ പ്രഭാകരൻ ശാബരഭാഷ്യത്തിന്നു് സ്വന്തമായി രണ്ടു് വ്യാഖ്യാനങ്ങൾ നിർമ്മിച്ചു. ബൃഹതി എന്നും ലഘ്വി എന്നും പേരുള്ള ഈ വ്യാഖ്യാനങ്ങൾക്കും അനേകം വ്യാഖ്യാനങ്ങളുണ്ടാവുകയും പ്രഭാകരൻെറ പ്രസ്ഥാനം ഗുരുമതം എന്ന പേരിൽ പ്രസിദ്ധി നേടുകയും ചെയ്തു. എങ്കിലും ഭാട്ടമതത്തിനാണു് അധികം പ്രചാരം; അധികം ഗ്രന്ഥങ്ങളുള്ളതും ആ പ്രസ്ഥാനത്തിലാണു്.

'അഥാതോ ധർമ്മജിജ്ഞാസാ' എന്ന പ്രഥമസൂത്രത്തിൽ നിന്നു്, ധർമ്മമാണു് മീമാംസാദർശനത്തിൻെറ വിഷയമെന്നു് തെളിയുന്നു. ധർമ്മമെന്നാൽ എന്താണു്? 'ചോദനാലക്ഷണോഽർത്ഥോ ധർമ്മഃ' എന്ന രണ്ടാമത്തെ സൂത്രത്തിൽ ജൈമിനി ഈ ചോദ്യത്തിന്നുത്തരം നൽകുന്നു. വേദവിഹിതമായതെന്തോ അതത്രേ ധർമ്മം. ദർശം, പൗർണ്ണമാസം, അഗ്നിഹോത്രം, ജ്യോതിഷ്ടോമം മുതലായ നിത്യങ്ങളും നൈമിത്തികങ്ങളും കാമ്യങ്ങളുമായ പല കർമ്മങ്ങളും വേദത്തിൽ വിധിച്ചിട്ടുണ്ടു്. ബ്രഹ്മഹത്യ, മദ്യപാനം മുതലായ പലതിനേയും നിഷേധിച്ചിട്ടുണ്ടു്. ചിലപ്പോൾ ഈ വിധിനിഷേധങ്ങൾക്കു തമ്മിൽ പ്രകടമായ വൈരുദ്ധ്യം കാണാം. 'മാ ഹിംസ്യാൽ സർവ്വാ ഭൂതാനി' എന്നു് സർവ്വപ്രാണിഹിംസ നിഷേധിച്ചിട്ടുള്ള വേദം തന്നെയാണു് 'പശുനാ യജേത' എന്നു് മൃഗബലി മുഖ്യമായ യാഗ

ത്തേയും വിധിച്ചിട്ടുള്ളതു്. യാഗാദികർമ്മങ്ങൾക്കുള്ള മന്ത്രങ്ങൾ വേദത്തിന്റെ സംഹിതാഭാഗത്തിലും ഈ കർമ്മങ്ങളുടെ വിവരണം ബ്രാഹ്മണങ്ങളിലുമാണു്. ഇവയിലെ പൗർവ്വാപര്യക്രമം പലപ്പോഴും ഒന്നിനോടൊന്നു യോജിക്കുന്നില്ല. പല നേരത്തേയ്ക്കു നീണ്ടുനില്ക്കുന്ന ഒരു കർമ്മം പല പ്രവൃത്തികളുടേയും ഒരു പരമ്പരയാണല്ലോ. ഈ പ്രവൃത്തികളിൽ ഏതു് മുഖ്യം, ഏതെല്ലാം അംഗങ്ങൾ എന്നു് തീരുമാനിക്കേണ്ടതുണ്ടു്. പല കർമ്മങ്ങളും അനുഷ്ഠിക്കേണ്ടതു് ആർ എന്നും സംശയം വരുന്നു. ഇത്തരം സംശയങ്ങൾ പരിഹരിച്ചു് വേദത്തിന്റെ യഥാർത്ഥതാത്പര്യം കണ്ടുപിടിക്കുന്നതിനുള്ള ഒരു സമ്പൂർണ്ണപദ്ധതിയാണു് മീമാംസാദർശനം. അതു് വേദങ്ങളുടെ വ്യാഖ്യാനമല്ല; വേദാദ്ധ്യേതാവിന്നാവശ്യമായ മാനസികശിക്ഷണമാണു് എന്നു് പറയാം.

വേദം പ്രമാണമെങ്കിലല്ലേ ഇതിന്നെല്ലാം ആവശ്യമുള്ളു? വേദത്തിലാണെങ്കിൽ 'ഗ്രാവാണഃ പ്ലവന്തി' (കല്ലുകൾ വെള്ളത്തിൽ പൊന്തിക്കിടക്കുന്നു) എന്നതു വരെയുള്ള അസംബന്ധങ്ങളുണ്ടു്. രുദ്രൻ കരഞ്ഞപ്പോൾ വീണ കണ്ണീരാണു് ഉറച്ചു് വെള്ളിയായതെന്നു പറഞ്ഞതും വേദം തന്നെ. ആ നിലയ്ക്കു് വേദത്തെ വിശ്വസിച്ചു് എങ്ങനെ ധർമ്മം നിർണ്ണയിക്കാം? മീമാംസാശാസ്ത്രത്തിലെ മുഖ്യവിഷയങ്ങളിലൊന്നു് വേദപ്രാമാണ്യസാധനമാകുന്നു. ഇന്ദ്രിയജന്യമായ പ്രത്യക്ഷജ്ഞാനം പ്രമാണമാണെന്നതിൽ ആർക്കും സംശയമില്ല. പ്രത്യക്ഷത്തെ ആസ്പദമാക്കിയുള്ള അനുമാനവും ചാർവ്വാകന്മാരൊഴിച്ചു് മറ്റെല്ലാവർക്കും പ്രമാണമാണു്. സാദൃശ്യമൂലകമായ ഉപമാനത്തേയും പലരും പ്രമാണമായംഗീകരിച്ചിരിക്കുന്നു. ശബ്ദത്തിന്നു പ്രാമാണ്യമുണ്ടു്; പക്ഷേ ആ പ്രാമാണ്യം ആപ്തന്റെ, യഥാർത്ഥവക്താവിന്റെ, വാക്യത്തിന്നു മാത്രമാണു്. എങ്കിലും വേദത്തിന്നു പൊതുവായി പ്രാമാണ്യമുണ്ടെന്നു് മീമാംസകർ പറയുന്നു. അതു് വേദം ആപ്തവാക്യമായതു കൊണ്ടല്ല; അപൗരുഷേയമായതു കൊണ്ടാണു്. രാമായണമഹാഭാരതാദികളെപ്പോലെ ഏതെങ്കിലുമൊരു വ്യക്തിയുടെ കൃതിയല്ല



വേദം. അങ്ങനെയായിരുന്നുവെങ്കിൽ, രാമായണകർത്താവായ വാല്മീകിയേയും മഹാഭാരതകർത്താവായ കൃഷ്ണദ്വൈപായനനേയും പോലെ വേദനിർമ്മാതാവിനേയും നാം ഓർക്കേണ്ടതായിരുന്നു. അനാദികാലം മുതൽ വേദാധ്യയനം ഗുരുശിഷ്യപരമ്പരയായി തുടർന്നു വന്നിട്ടുണ്ടു്. ഈ ചങ്ങല ഇന്നോളം മുറിഞ്ഞിട്ടില്ല. എന്നിട്ടും വേദകർത്താവിനെപ്പററി ആരും കേട്ടിട്ടില്ല. ഇതിൽ നിന്നു് ഊഹിക്കേണ്ടതു് വേദങ്ങൾക്കു് ഒരു കർത്താവില്ലെന്നും, അവ സ്വയം അഭിവ്യക്തങ്ങളാണെന്നുമത്രെ. വ്യാകരണകർത്താവായ പാണിനി വൃദ്ധി, ഗുണം മുതലായ പല സാങ്കേതികസംജ്ഞകളും നിർമ്മിച്ചിട്ടുണ്ടു്. 'വൃദ്ധി' എന്നതു കൊണ്ടു് പാണിനി ഉദ്ദേശിക്കുന്നതു് ആ, ഐ, ഔ എന്ന സ്വരങ്ങളെയാണു് എന്നു് അറിഞ്ഞിരുന്നാൽ മാത്രമേ 'വൃദ്ധിരേചി' മുതലായ സൂത്രങ്ങളിൽ വിധിക്കുന്ന സന്ധികാര്യങ്ങൾ വരുത്തി പദസംസ്കാരം നിർവ്വഹിക്കുവാൻ നമുക്കു കഴിയുകയുള്ളു. വേദത്തിലെ ഒരു പദത്തിനും ഇങ്ങനെ ഒരു വ്യക്തിയും അർത്ഥകല്പന ചെയ്തതായി അറിവില്ല. പ്രത്യേകം ഒരു വ്യക്തിയേയും സ്മരിക്കാതെ തന്നെ വൈദികാനുഷ്ഠാനങ്ങൾ നടപ്പിൽ വരുത്തുവാൻ നമുക്കു സാധിക്കുന്നുമുണ്ടു്. അതിനാൽ വേദത്തിലെ വാക്കുകൾക്കു് ആരെങ്കിലും പ്രത്യേകാർത്ഥകല്പന ചെയ്തതായോ, വൈദികവിധികൾ ഏതെങ്കിലുമൊരു കാലത്തു് ആരെങ്കിലും നടപ്പിൽ വരുത്തിയതായോ വിശ്വസിക്കാൻ യാതൊരു പ്രമാണവുമില്ല എന്നു് മീമാംസകർ പറയുന്നു.

ഋക്, യജുസ്സ്, സാമം, അഥർവ്വം എന്നീ ഗ്രന്ഥങ്ങൾ മാത്രമല്ല മീമാംസകന്റെ വേദം. ലോകതത്വം അറിഞ്ഞു പ്രതിപാദിക്കുന്നവയും അപൗരുഷേയമാകയാൽ രാഗദ്വേഷാദിജന്യങ്ങളായ വക്തൃവൈകല്യങ്ങൾ ബാധിക്കാത്തവയുമായ വാക്യങ്ങളാണു് വേദം. നാലു വേദങ്ങളിൽ പല ഭാഗങ്ങളും യഥാശ്രുതമായ അർത്ഥത്തിൽ പ്രാമാണ്യമില്ലാത്ത അർത്ഥവാദങ്ങളാണു്; നാലു വേദങ്ങളിലും ഉൾപ്പെടാത്ത നഷ്ടപ്പെട്ടുപോയ പല വേദവാക്യങ്ങളും അനുമാനംകൊണ്ടു സാധിക്കേണ്ടവയായിട്ടുണ്ടു താനും.

ശരി, അപൗരുഷേയമെങ്കിൽത്തന്നെ വേദം പ്രമാണം ആകുന്നതെങ്ങനെ? 'അരയാലിൽ ഒരു യക്ഷി കുടിയിരിക്കുന്നുണ്ട്' എന്ന് ഒരു വിശ്വാസം പല സ്ഥലങ്ങളിലുമുണ്ട്, അനാദിയും ഒരു പക്ഷേ അപൗരുഷേയവുമാണ് ഈ പ്രവാദം. ഇത്തരം ഐതിഹ്യങ്ങളെ എത്ര മാത്രം വിശ്വസിക്കാമോ അത്ര മാത്രമല്ലേ 'സ്വർഗ്ഗകാമോ യജേത' മുതലായ വേദവാക്യങ്ങളെയും വിശ്വസിച്ചുകൂടൂ?

പ്രാമാണ്യം എന്നാൽ എന്ത് എന്ന ഒരു ചോദ്യം ഇവിടെ ഉദ്ഭവിക്കുന്നു. ജ്ഞാനം പ്രമയെന്നും ഭ്രമയെന്നും രണ്ടു വിധമുണ്ടെന്നത്രേ നൈയായികമതം. ഒരു ജ്ഞാനം സത്യമോ മിഥ്യയോ എന്ന് പിന്നീട് മാത്രമേ തീരുമാനിക്കാനാവൂ. നാമൊരു പശുവിനെ കാണുന്നു. 'പശു' എന്ന ജ്ഞാനം ഉണ്ടായിക്കഴിഞ്ഞു. നമ്മുടെ കണ്ണ് ശരിയായ ആരോഗ്യമുള്ളതു തന്നെ എന്നും, വെളിച്ചം മുതലായ മററു ദർശനോപാധികൾ അനുകൂലങ്ങൾ തന്നെ എന്നും നിർണ്ണയിച്ചു കഴിഞ്ഞാൽ, നമുക്കുണ്ടായ പശുജ്ഞാനം പ്രമ, അഥവാ സത്യം, തന്നെന്ന തീർച്ചയാക്കാം. നേരേ മറിച്ച് കാമിലക്കാരൻ കാണുന്ന മഞ്ഞനിറം ഭ്രമമാകുന്നു. കാരണം, അവിടെ കണ്ണ് സരോഗമായതു തന്നെ. ഇതാണ് നൈയായികരുടെ പരതഃപ്രാമാണ്യവാദത്തിന്റെ സംക്ഷേപം.

മീമാംസകർ ഇതു സമ്മതിക്കുന്നില്ല. ഒരു ജ്ഞാനം ശരിയോ എന്ന് നിർണ്ണയിക്കുവാൻ ആ ജ്ഞാനത്തിന്റെ കരണം അദുഷ്ടമെന്ന ജ്ഞാനം ആവശ്യമെങ്കിൽ, ഈ രണ്ടാമത്തെ ജ്ഞാനം ശരിയെന്ന് നിർണ്ണയിക്കുവാൻ മൂന്നാമതൊരു ജ്ഞാനം ആവശ്യമായി വരില്ലേ? നിങ്ങൾക്കുണ്ടായ പശുജ്ഞാനം പ്രമയെന്ന് നിശ്ചയിക്കണമെങ്കിൽ നിങ്ങളുടെ കണ്ണ് നീരോഗമെന്ന് നിശ്ചയിക്കണം. ആ നിശ്ചയത്തിന് വേറേ പല നിശ്ചയങ്ങളും ആവശ്യമാണ്. ഈ ശൃംഖല ഇങ്ങനെ നീളുകയും ഒരു നിർണ്ണയവും സാധിക്കാത്ത നില വരുകയും ചെയ്യുന്നു. നേരേ മറിച്ച് ഇരുട്ടുള്ള രാത്രിയിൽ തനിയേ നടന്നു പോകുന്ന നിങ്ങൾ മുമ്പിൽ ഒരു പാമ്പിഴയുന്നതു മിന്നൽ വെളിച്ച



ത്തിൽ ഒരു സെക്കൻഡ് നേരത്തേയ്ക്ക് കാണുന്നുവെന്നു വെയ്ക്കുക. ഈ ജ്ഞാനം പ്രമയാണോ, നിങ്ങളുടെ നേത്രേന്ദ്രിയം അരോഗമാണോ, എന്നൊന്നും ആലോചിയ്ക്കാൻ നില്ക്കാതെ നിങ്ങൾ ഉടൻ ചാടി ഓടി രക്ഷപ്പെടുന്നില്ലേ? ഏതു ജ്ഞാനത്തിന്റെയും പ്രമാത്വം സ്വയം വ്യക്തമാണെന്നല്ലേ ഇതിന്നർത്ഥം?

ഭ്രമം എന്നൊന്നില്ലെന്ന് ഇതിന് താത്പര്യമില്ല. പല ജ്ഞാനങ്ങളേയും, അവ പൂർവ്വനിർണ്ണീതസത്യങ്ങൾക്കെതിരായി വരുന്ന എന്നതിനാലും, അവയെ ഉൽപാദിപ്പിച്ച ഇന്ദ്രിയങ്ങൾ ദോഷോപഹതങ്ങളായതിനാലും പിന്നീട് നാം തള്ളിക്കളയേണ്ടതായിവരുന്നുണ്ട്. പ്രത്യക്ഷമെന്നും പരോക്ഷമെന്നും രണ്ടുവിധമുണ്ട് ജ്ഞാനം. ഇന്ദ്രിയങ്ങൾ സദോഷങ്ങളെങ്കിൽ പ്രത്യക്ഷജ്ഞാനം തെററായിവരാം. വേദങ്ങളിൽനിന്നുളവാകുന്ന പരോക്ഷജ്ഞാനം തെററാവുന്നതെങ്ങനെ? യാഗം ചെയ്തിട്ട് ആരും സ്വർഗ്ഗത്തിൽ പോയിട്ടില്ല എന്നതിന്ന് തെളിവുണ്ടോ? സ്വർഗ്ഗത്തിന്ന് പ്രകടമായ തെളിവില്ലെങ്കിൽ, സ്വർഗ്ഗമില്ലെന്നതിന്നും പ്രത്യക്ഷമായ തെളിവില്ല. ഭ്രമം, അശ്രദ്ധ, കാപട്യം മുതലായ വക്തൃദോഷങ്ങളൊന്നും അപൗരുഷേയമായ വേദത്തിൽ സംഭവിക്കുകയുമില്ല.

ഇത് ശബരസ്വാമി, കുമാരിലൻ മുതലായവരുടെ വാദഗതിയാണ്. നവീനരായ പ്രഭാകരൻ, ഖണ്ഡദേവൻ, ഗംഗാഭട്ടൻ, ആപദേവൻ മുതലായവർ വേദപ്രാമാണ്യം സാധിക്കുന്നത് വേദങ്ങൾ ഈശ്വരനിരചിതങ്ങളെന്ന നിലയ്ക്കാണ്; ജൈമിനി, ശബരസ്വാമി, കുമാരിലൻ എന്നീ പുരാതനമീമാംസകന്മാർ സർവ്വശക്തനും സർവ്വജ്ഞനും പരമകാരുണികനുമായ ഈശ്വരനെപ്പററി പൂർണ്ണമൗനമനുഷ്ഠിക്കുമ്പോൾ, നവ്യമീമാംസകന്മാർ ഈദൃശനായ ഈശ്വരനെ ഇന്നംഗീകരിക്കുന്നു.

നിത്യം, നൈമിത്തികം, കാമ്യം, എന്നു മൂന്നു വിധത്തിലുള്ളവയാണ് വേദവിഹിതങ്ങളായ കർമ്മങ്ങളെന്നു പറഞ്ഞുവല്ലോ. നിയമേന അനുഷ്ഠിക്കേണ്ടവയും, അനുഷ്ഠിച്ചതുകൊണ്ട് വിശേഷിച്ച് ഫലമില്ലെ

കിലും അനുഷ്ഠിക്കാതിരുന്നാൽ ദോഷം ഉളവാക്കുന്നവയുമായ സന്ധ്യാവന്ദനാദികളാണ് നിത്യകർമ്മങ്ങൾ. വാവ്, ഗ്രഹണം മുതലായ പ്രത്യേക അവസരങ്ങളിൽ അനുഷ്ഠിക്കേണ്ട കർമ്മങ്ങളത്രേ നൈമിത്തികങ്ങൾ. ഇവയ്ക്കു പുറമേ, മരണാനന്തരം സ്വർഗം, ജീവിച്ചിരിക്കുമ്പോൾ പുത്രധനധാന്യാദികൾ എന്നിവയെ ഉദ്ദേശിച്ചു ചെയ്യുന്ന യാഗാദികളാണ് കാമ്യങ്ങൾ. ഇവ മൂന്നും വേദവിഹിതങ്ങളാകയാൽ ധർമ്മത്തിലുൾപ്പെടുന്നു എന്ന് കൗമാരിലർ പറയുന്നു. എന്നാൽ, കാമ്യകർമ്മങ്ങളിൽ പുരുഷൻ ഫലേച്ഛയാൽ സ്വയമേവ പ്രവർത്തിക്കുമെന്നതിനാൽ അതിനായി വേദവിധി ആവശ്യമില്ല. വിശന്നവൻ ഭക്ഷണം കഴിക്കുന്നത് വേദം അതിന്നാവശ്യപ്പെടുന്നതുകൊണ്ടല്ലല്ലോ. അതിനാൽ സ്വർഗം മുതലായ ഫലങ്ങൾക്കും അഗ്നിഹോത്രാദികർമ്മങ്ങൾക്കും തമ്മിലുള്ള കാര്യകാരണഭാവബന്ധം ഉദ്ബോധിപ്പിക്കുക മാത്രമേ വേദം ചെയ്യുന്നുള്ളു; അല്ലാതെ അഗ്നിഹോത്രാദികളെ വിധിക്കുന്നില്ല. ഇക്കാരണത്താൽ കാമ്യകർമ്മങ്ങൾ ധർമ്മമോ അധർമ്മമോ അല്ല. നേരെമറിച്ച്, ആലസ്യാദികളാൽ മനുഷ്യർ ചെയ്യാതിരുന്നേക്കാവുന്ന നിത്യനൈമിത്തികകർമ്മങ്ങൾ ചെയ്യണമെന്ന് വേദം അനുശാസിക്കുന്നുണ്ട്. അതിനാൽ അവ ധർമ്മങ്ങളത്രേ. 'കളഞ്ജം ഭക്ഷിക്കരുത്' 'ശ്യേനയാഗം ചെയ്യരുത്' എന്നിങ്ങനെ നേരിട്ട് വേദം നിഷേധിക്കുന്ന കർമ്മങ്ങളത്രേ അധർമ്മങ്ങൾ. ഇതാണ് പ്രഭാകരന്റെ മതം.

യാഗം, ഹോമം, ദാനം മുതലായ ധർമ്മങ്ങൾ അനുഷ്ഠിക്കേണ്ട മനുഷ്യന്റെ യഥാർത്ഥസ്വരൂപമെന്ത്? ആത്മസ്വരൂപചർച്ച മീമാംസയിലൊരു വിഷയമല്ല. എങ്കിലും ശരീരേന്ദ്രിയമനോവ്യതിരിക്തനും, ജ്ഞാനേച്ഛാകൃതിമാനുമായ ആത്മാവിനെ മീമാംസകർ അംഗീകരിക്കുന്നുണ്ട്. ഈ ആത്മാവ് വിഭുവോ, ശരീരപരിമാണനോ, അണുസ്വരൂപനോ എന്നൊന്നും ജൈമിനിയോ ശബരസ്വാമിയോ ചിന്തിക്കുന്നില്ല. നവ്യമീമാംസകർ



നൈയായികമതമനുസരിച്ച് ആത്മാവ് ആകാശംപോലെ സർവ്വവ്യാപിയെന്ന് സ്വീകരിച്ചിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ പാരത്രികലക്ഷ്യം സ്വർഗമാണെന്നത്രേ മീമാംസകരുടെ വിശ്വാസം.

> യന്ന ദുഃഖേന സംഭിന്നം ന ച ഗ്രസ്തമനന്തരം
> അഭിലാഷോപനീതം ച തത്സുഖം സ്വഃപദാസ്പദം.

എന്നാണ് സ്വർഗത്തിന്റെ സർവ്വാദൃതമായ ഒരു നിർവചനം. ദുഃഖത്തോടു കലരാത്തതും, പിന്നീട് നശിക്കാത്തതും, ഇടമുറിയാത്തതും, ഇച്ഛാമാത്രംകൊണ്ട് കൈവരുന്നതുമായ സുഖമത്രെ സ്വർഗം. സ്വർഗം ഭൂമിയിലല്ലെന്നും മരണത്തിനു ശേഷമേ അതു കൈവരികയുള്ളൂ എന്നും ശബരസ്വാമി പ്രസ്താവിച്ചിട്ടുണ്ട്; കാരണം, യാഗംചെയ്ത ആർക്കും ഉടനേ സ്വർഗം കൈവന്നു കണ്ടിട്ടില്ലല്ലോ. ശരീരവ്യതിരിക്തമായ ആത്മാവുണ്ടെന്നതിന്ന് പ്രമാണവും ഇതുതന്നെ.

മീമാംസാസൂത്രങ്ങളോ ശാബരഭാഷ്യമോ മുക്തിയെപ്പറ്റി ഒന്നും പ്രതിപാദിക്കുന്നില്ല. കുമാരിലഭട്ടൻ മുക്തിയെ അംഗീകരിക്കുന്നുണ്ട്. പക്ഷേ, മുക്തി അദ്ദേഹത്തിനു സച്ചിദാനന്ദമല്ല, സകലദുഃഖധ്വംസം മാത്രമാണ്. പിന്നീടുള്ള മീമാംസകർ മുക്തിയെ അംഗീകരിക്കുന്നവരാണ്; ആത്മാവിന്റെ ശരീരേന്ദ്രിയവിഷയസംബന്ധാത്മകമായ സംസാരത്തിന്റെ ആത്യന്തികനാശമാണത്. ധർമ്മാധർമ്മങ്ങളുടെ ക്ഷയം ഈ മുക്തിക്കാവശ്യമാണ്. ധർമ്മഫലമായ സ്വർഗാദികളനുഭവിച്ചുതീരുന്നതിനാൽ ധർമ്മം ക്ഷയിക്കുന്നു; നിത്യനൈമിത്തികകർമ്മാനുഷ്ഠാനത്താൽ അധർമ്മവും ക്ഷയിക്കുന്നു. കാമ്യകർമ്മങ്ങളും നിഷിദ്ധകർമ്മങ്ങളും അനുഷ്ഠിക്കാതിരിക്കുന്നതുകൊണ്ട് ധർമ്മമോ അധർമ്മമോ ഉണ്ടാകുന്നില്ല. അതിനാൽ നിത്യനൈമിത്തികകർമ്മാനുഷ്ഠാനം മാത്രം മതി മോക്ഷലാഭത്തിന്; അല്ലാതെ ആത്മജ്ഞാനം ആവശ്യമില്ല. ആത്മജ്ഞാനംകൊണ്ടുമാത്രം മോക്ഷം ഉണ്ടാകയുമില്ല. കർമ്മസന്യാസം മനുഷ്യന് വിധിച്ചതല്ല. ഉപനിഷത്തുകളെല്ലാം വെറും അർത്ഥവാദങ്ങൾമാത്രം. ആത്മാവിന്റെ നിത്യത്വത്തെ

പ്രകീർത്തിക്കുന്നതിലൂടെ അവ കർമ്മാനുഷ്ഠാനത്തെ പ്രോത്സാഹിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

ഈ ലോകത്തിൽ ഇപ്പോൾ ചെയ്യുന്ന കർമ്മംകൊണ്ട് പരലോകത്തിൽ വളരെക്കഴിഞ്ഞ് സ്വർഗം ലഭിക്കുന്നതെങ്ങനെ? കാര്യത്തോടൊപ്പം കാരണവും വേണമല്ലോ. ആളെല്ലാം കത്തിയോ മറ്റോ നശിച്ച ശേഷം വസ്തു നിലനിൽക്കുന്നെങ്കിൽ മാത്രമേ, ഇപ്പോൾ ചെയ്തവസാനിച്ച ഒരു യാഗംകൊണ്ട് വളരെക്കഴിഞ്ഞ് തൽഫലമായ സ്വർഗം കിട്ടാനിടയുള്ളൂ. ഈ ആക്ഷേപം പരിഹരിക്കുന്നതിനായി മീമാംസകർ 'അപൂർവം' എന്നൊരു വസ്തുവിനെ സൃഷ്ടിച്ചിരിക്കുന്നു. യാഗാദികർമ്മങ്ങൾ കൊണ്ട് അപൂർവമാണുണ്ടാവുന്നത്; അപൂർവം സ്വർഗത്തിന്നു കാരണമായിത്തീരുന്നു. അപൂർവം എന്ന ശക്തിവിശേഷം യാഗകർമ്മത്തിൽനിന്നുണ്ടാവുകയും, ഫലം ഉദ്ഭവിക്കുംവരെ യജമാനന്റെ ആത്മാവിൽ കുടികൊള്ളുകയും ചെയ്യുന്നു. ഫലം അനുഭവിച്ചുകഴിഞ്ഞാൽ അപൂർവവും നശിക്കുന്നു. പുണ്യപാപങ്ങൾ എന്നു പറയുന്നതും ഈ അപൂർവത്തെത്തന്നെ. പല പ്രവൃത്തികളുടെ ഒരു ശൃംഖലയാണല്ലോ യാഗം. ഈ ഓരോ അംഗകർമ്മത്തിന്നുമുണ്ട് അതിന്റേതായ അപൂർവം. ഓരോ അംഗാപൂർവവും സമുദിതാപൂർവത്തെ—ഫലാപൂർവത്തെ— ജനിപ്പിക്കുന്നതോടെ അവസാനിക്കുന്നു; ഫലാപൂർവം സ്വർഗാദിഫലം ജനിപ്പിക്കുന്ന പരമാപൂർവത്തെ ജനിപ്പിക്കുന്നതോടെയും. ഫലം അനുഭവിച്ചുതീരുമ്പോൾ പരമാപൂർവം നശിക്കുന്നു. കർമ്മംതന്നെ അപൂർവത്തെ ഉത്പാദിപ്പിക്കുന്നതിനാൽ ഫലദാതാക്കളായ ദേവതകൾ ആവശ്യമില്ലാതാവുന്നു. മന്ത്രത്തിൽനിന്ന് അതിരിക്തകളായ ദേവതകളെ മീമാംസ അംഗീകരിക്കുന്നില്ല. ദേവതകൾക്ക് ശരീരമുണ്ടോ എന്ന ചർച്ചതന്നെ പ്രസക്തമല്ല; കാരണം; അതുണ്ടെങ്കിലാകട്ടെ, ഇല്ലെങ്കിലാകട്ടെ, യഥാകാലം വിഹിതകർമ്മാനുഷ്ഠാനംകൊണ്ട് ഉദ്ദിഷ്ടഫലങ്ങളെല്ലാം മനുഷ്യന് നേടാമല്ലോ.



മീമാംസാദർശനം കേരളത്തിൽ ഒരു കാലത്ത് പ്രചുരപ്രചാരമായിരുന്നു. മീമാംസയുടെ പ്രചാരത്തിനുവേണ്ടി കോട്ടയം രാജാക്കന്മാർ അനുഷ്ഠിച്ച സേവനത്തെപ്പറ്റി കോകിലസന്ദേശത്തിൽ ഉദ്ദണ്ഡശാസ്ത്രികൾ അനുസ്മരിക്കുന്നുണ്ട്.* മാനവിക്രമസദസ്സിൽ മീമാംസാപണ്ഡിതന്മാരായി ജ്യേഷ്ഠാനുജന്മാരായ ഒമ്പതു പയ്യൂർ പട്ടേരിമാർ ഉണ്ടായിരുന്നു എന്നതും പ്രസിദ്ധമാണ്. പയ്യൂരില്ലത്തെ മൂന്ന് ഋഷിപുത്രപരമേശ്വരന്മാർ എഴുതിയ മീമാംസാഗ്രന്ഥങ്ങൾ കിട്ടിയിട്ടുള്ളതിൽനിന്നു, ചുരുങ്ങിയത് ആറു തലമുറക്കാലമെങ്കിലും അവിടെ നിരന്തരമായി മീമാംസാധ്യാപനം നടന്നുവന്നിരുന്നതായി ഊഹിക്കാം. സുപ്രസിദ്ധനായ മേല്പുത്തൂർ നാരായണഭട്ടതിരി തന്റെ പിതാവിൽനിന്ന് 'മീമാംസാദി' പഠിച്ചതായി സ്വയം പറയുന്നുണ്ട്. 'മാനമേയോദയം' എന്ന സുപ്രസിദ്ധ മീമാംസാഗ്രന്ഥത്തിലെ പൂർവ്വാർദ്ധം മേൽപ്പുത്തൂരെഴുതിയതത്രേ. മാനവേദനെന്ന സാമൂതിരിപ്പാടിന്റെ ആജ്ഞപ്രകാരം ഒരു നാരായണൻ ഈ ഗ്രന്ഥം പൂരിപ്പിച്ചിട്ടുണ്ട്. ഈ നാരായണൻ ബ്രഹ്മക്കുളത്ത് മുരിശൃംഗം എന്ന ഇല്ലത്തിലെ ഒരു നമ്പൂതിരിയായിരുന്നു എന്ന് ഡോക്ടർ സി. കുഞ്ഞൻ രാജാവു പറയുന്നു.

യാഗാദികർമ്മങ്ങളിൽ ആളുകൾക്ക് തീരെ ശ്രദ്ധയില്ലാതായിരിക്കുന്ന ഇക്കാലത്തും മീമാംസാധ്യയനം നിരുപയോഗമല്ല. ബുദ്ധിപരമായ ഒരു വ്യായാമമെന്ന നിലയിൽ അതിനുള്ള പ്രാധാന്യം എന്നും നിലനില്ക്കും. വ്യാകരണം, തർക്കം, വേദാന്തം മുതലായ ശാസ്ത്രങ്ങളുടെ യഥാവദധ്യയനത്തിന്ന് മീമാംസയിൽ ഒരു ചുരുങ്ങിയ പരിചയമെങ്കിലും ആവശ്യമാകുന്നു.

'മീമാംസാകൃതമുന്മമാഥ സഹസാ ഹസ്തീ മുനിം ജൈമിനിം' എന്ന് പഞ്ചതന്ത്രം. ജൈമിനിയെ ഉന്മഥിച്ച ഈ ഹസ്തി ഏതോ?

* "പ്രത്യാപത്തിഃ പതഗ യദുപാന്തേ ച കൈശോരികാനാം" എന്ന്

# വാക്യപദീയം

സംസ്കൃതസാഹിത്യത്തെപ്പററി കേട്ടിട്ടുള്ളവരെല്ലാം ഭർത്തൃഹരിയെപ്പററിയും കേട്ടിരിക്കും. ''മഹാന്മാരായ കവികൾ എത്രയോ ഉണ്ട്; മഹാന്മാരായ പണ്ഡിതന്മാരും കുറവല്ല; പക്ഷേ മഹാകവിയെന്നും മഹാപണ്ഡിതനെന്നും ഒരേ സമയം വിളിക്കപ്പെടാൻ അർഹനായി ഭർത്തൃഹരി ഒരാൾ മാത്രമേയുള്ളൂ'' എന്ന അർത്ഥത്തിലുള്ള ഈ പദ്യം പ്രസിദ്ധമാണ്:

മഹാന്തഃ കവയഃ സന്തു
മഹാന്തഃ പണ്ഡിതാസ്തഥാ
മഹാകവിർ മഹാവിദ്വാൻ
ഏകോ ഭർത്തൃഹരിർമതഃ

കവിയെന്ന നിലയിൽ ഭർത്തൃഹരിയുടെ പ്രശസ്തി ''സുഭാഷിതത്രിശതി''യെന്ന മുക്തകസമാഹാരത്തെആശ്രയിച്ചു നിലകൊള്ളുന്നു. എന്നാൽ ഭർത്തൃഹരിയുടെ പാണ്ഡിത്യത്തിന്റെ വെന്നിക്കൊടി പാറിക്കളിക്കുന്നത് ''വാക്യപദീയ''മെന്ന വ്യാകരണ ഗ്രന്ഥത്തിന്മേലാണ്. രചനാശൈലിയിലുള്ള അന്തരത്തെ ആസ്പദമാക്കി, സുഭാഷിതത്രിശതിയും വാക്യപദീയവും ഏകകർത്തൃകമായിരിക്കാൻ തരമില്ലെന്ന് ആധുനിക പണ്ഡിതന്മാരിൽ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എങ്കിലും സുഭാഷിതത്രിശതിയുടെ കർത്താവുതന്നെയാണ് വാക്യപദീയവും രചിച്ചതെന്നാണ് പ്രാചീന ഭാരതീയരുടെ വിശ്വാസം. പതഞ്ജലിയുടെ മഹാഭാഷ്യത്തിന്ന് ഒരു ടീക, വാക്യപദീയത്തിന്ന് ഒരു വിവരണം, ''ശബ്ദധാതു സമീക്ഷ'' എന്ന ഒരു വ്യാകരണ ഗ്രന്ഥം എന്നിവയാണ് ഭർത്തൃഹരിയുടേതായി അറിയപ്പെടുന്ന മററു ഗ്രന്ഥങ്ങൾ. ഇവയിൽ ടീകയുടേയും വിവരണത്തിന്റേയും ഏതാനും ഭാഗങ്ങൾ കിട്ടിയിട്ടുണ്ട്. ശബ്ദധാതുസമീക്ഷയെപ്പററി കേട്ടുകേൾവി മാത്രമേയുള്ളൂ.



കാളിദാസൻ, ഭോജൻ എന്നീ കവികളെയെന്നപോലെ ഭർത്തൃഹരിയെയും കേന്ദ്രമാക്കി അനേകം ഐതിഹ്യങ്ങൾ ഉടലെടുത്തിട്ടുണ്ട്. ഭർത്തൃഹരി ഒരു രാജാവായിരുന്നു എന്നും, സ്വന്തം പത്നിയുടെ അവിശ്വാസ്യത തെളിഞ്ഞതിനെത്തുടർന്ന് 'അവളെയും അവനെയും കാമദേവനെയും ഇവളെയും എന്നെയും' നിന്ദിച്ചുകൊണ്ട്— ധിക്താം ച തം ച മദനം ച ഇമാം ച മാം ച—അദ്ദേഹം സന്ന്യസിച്ചു എന്നുമാണ് ഒരു കഥ. മററു ചില കഥകളിൽ അദ്ദേഹം വിക്രമാദിത്യന്റെയോ ശൂദ്രകരാജാവിന്റെയോ സഹോദരനാണ്. ഇന്ത്യ സന്ദർശിച്ച ചീനക്കാരനായ ഇററ്സിങ്ങ് ക്രി. പി. 691 ൽ രേഖപ്പെടുത്തിയ ഒരു ഐതിഹ്യമനുസരിച്ച് ഭർത്തൃഹരി ഏഴു പ്രാവശ്യം സന്ന്യസിക്കുകയും ഏഴുപ്രാവശ്യം സന്ന്യാസം ഉപേക്ഷിക്കുകയും ചെയ്തു! കാശിക്കടുത്ത് ചുനാഗഢിലും ഉജ്ജയിനിയിലും ഭർത്തൃഹരിയുടെ പേരുമായി ബന്ധപ്പെട്ട രണ്ടു ഗുഹകൾ കാണുന്നത് ഭർത്തൃഹരി സന്ന്യാസിയായെന്ന ഐതിഹ്യത്തെ ദൃഢപ്പെടുത്തുന്നു. അദ്ദേഹം ജൈനസന്ന്യാസിയായിരുന്നു എന്ന് ജൈനരും ബൗദ്ധസന്ന്യാസിയായിരുന്നു എന്ന് ബൗദ്ധരും അവകാശപ്പെടുന്നു.

ഭർത്തൃഹരി മരിച്ചശേഷം നാല്പതുവഷം കഴിഞ്ഞാണ് താൻ ഇന്ത്യ സന്ദർശിക്കുന്നതെന്ന് ഇററ്സിങ്ങ് എഴുതിയിട്ടുണ്ട്. ഇതു ശരിയാണെങ്കിൽ ക്രി. പി. 651—ൽ ആയിരിക്കണം ഭർത്തൃഹരിയുടെ മരണം. എന്നാൽ ഇററ്സിങ്ങിന്റെ അറിവ് ശരിയല്ലെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. ക്രി. പി. 480 മുതൽ 540 വരെ ജീവിച്ചിരുന്നതായി മററു വിധത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ദിങ്നാഗന്റെ 'പ്രമാണസമുച്ചയ'ത്തിന്റെയും സംസ്കൃതത്തിലുള്ള മൂലം ഇപ്പോൾ ലഭ്യമല്ലാത്ത 'ത്രൈകാല്യപരീക്ഷ'യുടെയും തിബത്തൻ തർജ്ജമകളിൽ വാക്യപദീയത്തിൽ നിന്നുള്ള ഉദ്ധാരണങ്ങൾ അടങ്ങുന്നു. ഇവയെ ആസ്പദമാക്കി ഭർത്തൃഹരി ക്രി. പി. 450—നും 510—നും ഇടയ്ക്കു ജീവിച്ചിരുന്നതായി കരുതപ്പെടുന്നു.

വാക്യത്തെപ്പററി ചർച്ചചെയ്യുന്നതും എഴുനൂറു ശ്ലോകങ്ങളടങ്ങിയതുമായ ഒരു ഗ്രന്ഥവും, അതിന് ഏഴായിരം ശ്ലോകങ്ങളടങ്ങുന്ന ഒരു വ്യാഖ്യാനവും, മൂവ്വായിരം ശ്ലോകങ്ങളടങ്ങുന്ന 'പൈന' എന്ന ഗ്രന്ഥവും ഭർത്തൃഹരി രചിച്ചതായി ഇററ്സിങ്ങ് രേഖപ്പെടുത്തിയിട്ടുണ്ട്. ബ്രഹ്മകാണ്ഡം അഥവാ ആഗമകാണ്ഡം, വാക്യകാണ്ഡം, പദകാണ്ഡം അഥവാ പ്രകീർണ്ണകാണ്ഡം എന്ന് മൂന്ന് കാണ്ഡങ്ങളായി വിഭജിക്കപ്പെട്ടിട്ടുള്ള വാക്യപദീയത്തിലെ ആദ്യത്തെ രണ്ട് കാണ്ഡങ്ങളേയും വാക്യചർച്ചാഗ്രന്ഥമെന്നും, പ്രകീർണ്ണകാണ്ഡത്തെ 'പൈന' എന്നും പരാമർശിക്കുകയാണ് ഇററ്സിങ്ങ് ചെയ്തിട്ടുള്ളത്. ഇററ്സിങ്ങിനെപ്പോലെ ചില ഭാരതീയ ഗ്രന്ഥകാരന്മാരും പ്രകീർണ്ണകാണ്ഡത്തെ ഒരു വ്യത്യസ്തഗ്രന്ഥമായി കരുതിപ്പോന്നിട്ടുണ്ട്. എന്നാൽ രണ്ടാംകാണ്ഡത്തിന്റെ അവസാനത്തിൽ, 'ഏതാനും ചിന്താപദ്ധതികളുടെ ദിങ്മാത്രമേ ഇവിടെ പ്രസ്താവിച്ചിട്ടുള്ളു; സമ്പൂർണ്ണമായ വിചിന്തനം തൃതീയ കാണ്ഡത്തിൽ ഉണ്ടായിരിക്കും' എന്ന് പ്രസ്താവിക്കുന്ന ഭർത്തൃഹരി മൂന്ന് കാണ്ഡങ്ങൾ അടങ്ങിയതായിട്ടാണ് വാക്യപദീയത്തെ സങ്കല്പിച്ചിട്ടുള്ളത് എന്നതിൽ സംശയമില്ല.

വാക്യപദീയം രചിക്കാനിടവരുത്തിയ സാഹചര്യങ്ങൾ വാക്യകാണ്ഡത്തിന്റെ അവസാനത്തിൽ ഭർത്തൃഹരി തന്നെ വിവരിച്ചിട്ടുണ്ട്. ''പാണിനി നിർമ്മിച്ച അഷ്ടാധ്യായി എന്ന സംസ്കൃത വ്യാകരണത്തിനും, അതിനെ പൂരിപ്പിച്ചും വിമർശിച്ചും കാത്യായനൻ നിർമ്മിച്ച വാർത്തികങ്ങൾക്കും വിസ്തൃതമായ ഒരു വ്യാഖ്യാനം 'സംഗ്രഹ'മെന്നപേരിൽ വ്യാഡി എഴുതിയിരുന്നു. കാലക്രമത്തിൽ വൈയാകരണന്മാർ സംക്ഷേപരുചികളും അല്പവിദ്യാപരിഗ്രഹന്മാരുമായിത്തീരുകയാൽ വ്യാഡിസംഗ്രഹം നഷ്ടപ്പെട്ടുപോയി. അനന്തരം ഗുരുവും തീർത്ഥദർശിയുമായ പതഞ്ജലി എല്ലാ ന്യായബീജങ്ങളുടെയും നിബന്ധനമായ മഹാഭാഷ്യം രചിച്ചു. ഗാംഭീര്യംമൂലം അഗാധമെങ്കിലും സൗഷ്ഠവം നിമിത്തം ഉത്താനമെന്ന്



തോന്നിക്കുന്ന മഹാഭാഷ്യത്തിൽ വ്യുൽപത്തി നേടുക അല്പപ്രയത്നന്മാർക്ക് അസാധ്യമാണ്. വ്യാഡിസംഗ്രഹത്തിന്നുപരി നിർമ്മിക്കപ്പെട്ട ആർഷമായ മഹാഭാഷ്യത്തെ ശുഷ്കതാർക്കികരായ ബൈജി, സൗഭവൻ, ഹര്യക്ഷൻ എന്നിവർ ഖണ്ഡിച്ചു. അപ്പോൾ വ്യാകരണപാരമ്പര്യം പതഞ്ജലിശിഷ്യന്മാരിൽനിന്ന് ഭ്രഷ്ടമായി ദാക്ഷിണാത്യന്മാരിൽ ഗ്രന്ഥത്തിൽ മാത്രം സ്ഥിതിചെയ്തു. ഭാഷ്യത്തിലുള്ള സൂചനകളെ അനുസരിക്കുന്ന ചന്ദ്രാചാര്യൻ മുതലായവർ ഈ പാരമ്പര്യം വീണ്ടും പർവ്വതത്തിൽചെന്നു നേടി; പല മാർഗ്ഗങ്ങളിലൂടെ വികസിപ്പിച്ചു. ആ ന്യായപ്രസ്ഥാനമാർഗ്ഗങ്ങളെയും സ്വകീയമായ ദർശനത്തെയും അഭ്യസിച്ച് എന്റെ ഗുരു ഈ ആഗമസംഗ്രഹത്തെ നിർമ്മിച്ചു. പല ആഗമദർശനങ്ങളെ പരിശീലിക്കുന്നതുകൊണ്ടുമാത്രമേ പ്രജ്ഞ വിവേകം നേടുകയുള്ളു. സ്വന്തം യുക്തിബോധത്തെ പിൻതുടർന്നാൽ അധികം ദൂരത്തേക്ക് പോകാൻ കഴിയുകയില്ല.'' ഏതാണ്ട് ഈ വിധത്തിലാണ് ഭർത്തൃഹരി വാക്യപദീയരചനയുടെ പശ്ചാത്തലം നൽകുന്നത്. ഭർത്തൃഹരി ഇവിടെ പ്രസ്താവിക്കുന്ന ഗുരുവിന്റെ പേർ വസുരാതൻ എന്നായിരുന്നു എന്ന് വ്യാഖ്യാതാക്കൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വാക്യപദീയം പൂർണ്ണമല്ല. അതിൽ അവിടവിടെ പല ഭാഗങ്ങളും നഷ്ടപ്പെട്ടുപോയിരിക്കുന്നു. മൂവ്വായിരത്തെഴുനൂറ് ശ്ലോകങ്ങൾ അതിലുണ്ടെന്ന് ഇററ്സിങ്ങ് പറയുന്നുണ്ടെങ്കിലും, ഇപ്പോൾ ലഭ്യമായ ഗ്രന്ഥത്തിൽ ആകെ 1954 ശ്ലോകങ്ങളേ ഉള്ളു. 'കാരികകൾ' എന്ന് വിളിക്കപ്പെടുന്ന ഈ ശ്ലോകങ്ങൾ സൂത്രപ്രായങ്ങളും വ്യാഖ്യാനസാപേക്ഷങ്ങളുമാണ്. വാക്യപദീയത്തിന്റെ ലഭ്യങ്ങളായ വ്യാഖ്യാനങ്ങളാണെങ്കിൽ, പൂർണ്ണങ്ങളോ ശുദ്ധങ്ങളോ അല്ല. അതിനാൽ വാക്യപദീയത്തിലെ പല ശ്ലോകങ്ങളുടേയും ശരിയായ അർത്ഥമെന്തെന്ന് മനസ്സിലാക്കുക പ്രയാസമാണ്.

വാക്യത്തേയും പദത്തേയും സംബന്ധിച്ച കാര്യങ്ങൾ പ്രതിപാദിക്കുകയാണ് ഗ്രന്ഥകാരന്റെ ഉദ്ദേശ്യമെന്ന്

ഗ്രന്ഥനാമത്തിൽനിന്നുതന്നെ വ്യക്തമാണ്. ആഗമങ്ങളുടെ, അഥവാ പാരമ്പര്യങ്ങളുടെ, സമാഹാരമാണ് തന്റെ ഗ്രന്ഥമെന്ന് ഭർത്തൃഹരി പ്രസ്താവിക്കുന്നുണ്ട്. സങ്കുചിതമായ അർത്ഥത്തിൽ വ്യാകരണകാര്യങ്ങളെന്ന് വിവരിക്കാവുന്നവയും പ്രതിപാദിക്കപ്പെടുന്നുണ്ടെങ്കിലും, വിശാലമായ അർത്ഥത്തിൽ വ്യാകരണത്തിന്റെ തത്വശാസ്ത്രമെന്ന് വിളിക്കപ്പെടാവുന്ന വിഷയങ്ങളാണ് വാക്യപദീയത്തിലടങ്ങുന്നത്. ഈ വിഷയങ്ങളെ എട്ടായി ഗ്രന്ഥകാരൻ തരംതിരിച്ചിട്ടുണ്ട്. അപോദ്ധാരം കൊണ്ടറിയേണ്ടവയും സ്ഥിതിലക്ഷണങ്ങളുമായ രണ്ടുതരം അർത്ഥങ്ങൾ, അന്വാഖ്യാനം ചെയ്യേണ്ടവയും പ്രതിപാദകങ്ങളുമായ രണ്ടുതരം ശബ്ദങ്ങൾ, കാര്യകാരണഭാവം, യോഗ്യത എന്ന രണ്ടുതരം പദ-പദാർത്ഥ സംബന്ധങ്ങൾ, ധർമ്മം, പ്രത്യയം അഥവാ അറിവ് എന്ന രണ്ടുതരം ഫലങ്ങൾ ഇവയാണ് പൊതുവെ വ്യാകരണത്തിന്റെ വിഷയങ്ങളെന്നും, വാക്യപദീയത്തിലും ഇവ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു എന്നും അദ്ദേഹം തുടക്കത്തിൽത്തന്നെ പറഞ്ഞുവെയ്ക്കുന്നു. എന്നാൽ ഈ വിഷയങ്ങൾ ഇതേ മുറയ്ക്ക് വേർതിരിച്ച് ഭർത്തൃഹരി പ്രതിപാദിക്കുന്നില്ല.

അനാദിനിധനവും അക്ഷരവുമായ ശബ്ദബ്രഹ്മത്തെപ്പറ്റി സ്തുതിച്ചുകൊണ്ട് വാക്യപദീയത്തിലെ ആദ്യഭാഗമായ ബ്രഹ്മകാണ്ഡം ആരംഭിക്കുന്നു. ശബ്ദമത്രേ വസ്തുക്കളായി പരിണമിക്കുന്നത്. ശബ്ദബ്രഹ്മത്തെ പ്രാപിക്കാനുള്ള ഉപായമാണ് വേദം. വേദജ്ഞാനത്തിനുപകരിക്കുന്ന വേദാംഗങ്ങളിൽ പ്രധാനമത്രേ വ്യാകരണം; അതിനാൽ അത് മോക്ഷദ്വാരം കൂടിയാണ്. ഏതു ശബ്ദം സാധുവെന്ന് തീരുമാനിക്കുന്നത് വ്യാകരണമാണ്. സാധുശബ്ദങ്ങൾ ധർമ്മസാധനങ്ങളാകുന്നു. ധർമ്മം യുക്തിഗമ്യമല്ല, ആഗമമാത്രഗമ്യമാണ്. ധ്വനിയെന്നും സ്ഫോടമെന്നും ശബ്ദത്തിനു ദ്വൈവിധ്യമുണ്ട്. ഇവ തമ്മിലുള്ള ബന്ധം, ഇവയുടെ സ്വരൂപം മുതലായവ സംബന്ധിച്ച വ്യത്യസ്തമതങ്ങൾ ഭർത്തൃഹരി ചർച്ചാവിഷയങ്ങളാക്കുന്നു. ശബ്ദത്തിന്റെ ഉത്പത്തിയെ സംബന്ധിച്ച സിദ്ധാന്ത



ങ്ങളും പ്രതിപാദിക്കപ്പെടുന്നു. കൂട്ടത്തിൽ അപഭ്രംശങ്ങളെ സംബന്ധിച്ച ചർച്ചയുമുണ്ട്. അപഭ്രംശങ്ങളും അർത്ഥബോധം ഉളവാക്കുന്നവ തന്നെ; പക്ഷേ, സാധുശബ്ദങ്ങൾ മാത്രമാണ് ധർമ്മജനകങ്ങൾ.

ശബ്ദബ്രഹ്മത്തെ, അഥവാ സ്ഫോടത്തെ, സംബന്ധിച്ച ഈ ചർച്ചകൾക്ക് പ്രാചീന ദാർശനികർ പരമപ്രാധാന്യം നൽകിയിരുന്നു. യവനരുടെ ലോഗോസ്സും ഭാരതീയരുടെ സ്ഫോടവും തമ്മിലുള്ള സാദൃശ്യം പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ആത്യന്തികമായുള്ളത് വാക്യസ്ഫോടമാണ്; അതായത് വാക്യഗമ്യമായ ആശയമാണ്. വാക്യത്തിൽ പദങ്ങളും പദത്തിൽ വർണ്ണങ്ങളും, വർണ്ണങ്ങൾക്ക് അവയവങ്ങളും സങ്കല്പിതങ്ങൾ മാത്രം. അങ്ങനെയെങ്കിൽ വാക്യമെന്നാലെന്ത്? വാക്യത്തിനും പദത്തിനും തമ്മിൽ ഭേദമെവിടെ? വാക്യത്തിന്റെ സ്വരൂപത്തെ സംബന്ധിച്ച വിവിധ മതങ്ങൾ ഉപന്യസിച്ചുകൊണ്ട് ഭർത്തൃഹരി വാക്യപദീയത്തിന്റെ രണ്ടാംഭാഗമായ വാക്യകാണ്ഡം ആരംഭിക്കുന്നു. വാക്യത്തിൽ ഒരു ക്രിയയ്ക്കായിരിക്കും പ്രാധാന്യം; മറ്റെല്ലാ പദങ്ങളും ക്രിയയിൽ അന്വയിക്കുന്നവയായിരിക്കും. വേറിട്ടു നിൽക്കുന്നതെന്നു തോന്നുന്നതെങ്കിലും സംബോധനപദവും ക്രിയാവിശേഷണം തന്നെ. ചിലപ്പോൾ ഒരു ക്രിയ മറ്റൊരു ക്രിയയിൽ വിശേഷണമായി അന്വയിക്കാം. വാക്യമെന്നത് സംഘാതമാണെന്നും, ക്രമമാണെന്നും, സ്ഫോടമാണെന്നും മറ്റും പല ചിന്താഗതികളുള്ളവ ഇവിടെ ഉന്നയിക്കപ്പെടുന്നു. ശബ്ദം അർത്ഥബോധകമാകുന്നതെങ്ങനെ, അർത്ഥമെന്നാൽ എന്ത്, പ്രതിഭയുടെ സ്വഭാവമെന്ത്, ധാതുക്കളും, പ്രത്യയങ്ങളും മുതലായവയുടെ അർത്ഥമെന്ത്, ധാതുക്കൾക്കും ഉപസർഗങ്ങൾക്കുമുള്ള ബന്ധമെന്ത്, നിപാതങ്ങൾ, കർമ്മപ്രവചനീയങ്ങൾ, സമാസങ്ങൾ മുതലായവ അർത്ഥബോധകങ്ങളാകുന്നതെങ്ങനെ, എന്നു തുടങ്ങി അനേകം വിഷയങ്ങൾ തുടർന്ന് ചർച്ചാവിഷയങ്ങളാകുന്നു. അർത്ഥത്തിന്റെ ഗൗണമുഖ്യവിഭാഗമാണ് മറ്റൊരു ചിന്താവി

ഷയം. വ്യംഗ്യാർത്ഥ വിചാരവും ഉദ്യോതിപ്പി. നാനാർത്ഥ ശബ്ദങ്ങളിൽ അർത്ഥനിയമത്തിനു കാരണമായി പരിഗണിക്കപ്പെട്ടിട്ടുള്ള സംയോഗവിപ്രയോഗാദികൾ തുടർന്ന് പ്രതിപാദിക്കപ്പെടുന്നു. ക്രിയയുടെ യഥാർത്ഥരൂപമാണ് മറ്റൊരു ചർച്ചാവിഷയം.

വാക്യപദീയത്തിന്റെ മൂന്നാം ഭാഗമായ പ്രകീർണ്ണകാണ്ഡം, അതിന്റെ പേര് സൂചിപ്പിക്കുംപോലെ, പലതരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന പതിനാല് സമുദ്ദേശങ്ങളെ ഉൾക്കൊള്ളുന്നു. വാക്യത്തിനേ യാഥാർത്ഥ്യമുള്ളുവെങ്കിലും, പ്രായോഗികകാര്യങ്ങൾക്കുവേണ്ടി വാക്യത്തെ പദങ്ങളായി അപോദ്ധരിക്കാതെ തരമില്ല. ഈ പദങ്ങൾ നാമം, ക്രിയ, നിപാതം തുടങ്ങിയ വ്യത്യസ്ത വിഭാഗങ്ങളിൽ പെടുന്നു. നാമത്തിന് അതിന്റേതായ അർത്ഥത്തിനു പുറമെ ലിംഗം, സംഖ്യ, കാരകം മുതലായ അർത്ഥങ്ങളുണ്ട്. ക്രിയയും സംഖ്യ, കാലം, ഉപഗ്രഹം മുതലായ അർത്ഥങ്ങളെ അധികമായി ദ്യോതിപ്പിക്കുന്നു. കൃത്ത്, തദ്ധിതം, സമാസം, ഏകശേഷം, നാമധാതുക്കൾ എന്നീ അഞ്ചു വൃത്തികൾ നാമപദങ്ങളോടും ക്രിയാപദങ്ങളോടും ബന്ധപ്പെട്ടവയായുണ്ട്. ഇവയുടെയെല്ലാം അർത്ഥവിശേഷങ്ങളെപ്പറ്റി സവിസ്തരങ്ങളായ അനേകം ചർച്ചകൾ പ്രാചീനചിന്തകർ നടത്തിയിട്ടുണ്ട്. പതഞ്ജലിയുടെ മഹാഭാഷ്യത്തെയും, ഇപ്പോഴില്ലാത്ത ഒട്ടനേകം പ്രാചീനഗ്രന്ഥങ്ങളെയും ആധാരമാക്കി ഇത്തരം ചിന്തകളെ ഭർത്തൃഹരി പ്രകീർണ്ണകാണ്ഡത്തിൽ സമാഹരിച്ചിരിക്കുന്നു. 'കടം' എന്ന പദംകൊണ്ട് വക്താവ് ഉദ്ദേശിക്കുന്നതും ശ്രോതാവ് ഗ്രഹിക്കുന്നതും ഒരു പ്രത്യേക കുടമല്ല, സാമാന്യമായ കുടമെന്ന ആശയമാണെന്ന് വാജപ്യായനൻ പ്രസ്താവിച്ചിട്ടുണ്ട്. അതായത് നാമത്തിന്റെ അർത്ഥം ജാതിയാണ്. ഇത് ശരിയല്ലെന്നും, നാമത്തിന്റെ അർത്ഥം വ്യക്തി അഥവാ ദ്രവ്യമാണെന്നും വ്യാഡി അഭിപ്രായപ്പെട്ടിരിക്കുന്നു. അർത്ഥം യഥാർത്ഥത്തിൽ എന്തെന്ന് നിർവചിക്കുക എത്ര പ്രയാസമോ അത്രതന്നെ പ്രയാസമാണ് ശബ്ദാർത്ഥങ്ങൾ തമ്മിലുള്ള ബന്ധം നിർവചിക്കലും. ക്രിയയുമായി ബന്ധപ്പെട്ട കാലം എന്തെന്ന് 114 പദ്യങ്ങൾകൊണ്ടാണ് ഭർത്തൃഹരി വിവരിക്കുന്നത്. അതിസങ്കീർണ്ണങ്ങളായ ദാർശനിക ചിന്തകൾ ഈ വിവരണത്തിൽ കാണാം.



ഭർത്തൃഹരിയുടെ അഭിപ്രായത്തിൽ, പശ്യന്തി, മധ്യമ, വൈഖരി എന്ന മൂന്ന് അവസ്ഥാഭേദങ്ങൾ വാക്കിനുണ്ട്. കേവലവും നിരുപാധികവും അപരിച്ഛിന്നവുമായ വിജ്ഞാനമാണ് പശ്യന്തി; അത് മനസ്സിന്നും അതീതമാണ്. പശ്യന്തി മനോമണ്ഡലത്തിലെത്തുമ്പോൾ മധ്യമയായിത്തീരുന്നു. വിചാരാവസ്ഥയിലുള്ള വാക്ക്, അഥവാ ആശയം, ആണ് മധ്യമ. മധ്യമ നാദമായി പരിണമിക്കുമ്പോൾ അത് വൈഖരിയായിത്തീരുന്നു. ശബ്ദത്തെപ്പറ്റിയുള്ള ചർച്ച പൂർണ്ണമാകണമെങ്കിൽ അത് ഈ മൂന്ന് അവസ്ഥകളെയും സമാശ്ലേഷിക്കുന്നതായിരിക്കണം. വ്യാകരണത്തിന് ഒരു തത്വശാസ്ത്രം ആവശ്യമായിത്തീർന്നതിന്റെ അടിസ്ഥാനം മേൽപ്പറഞ്ഞ ധാരണയാണ്. അടുത്തകാലംവരെ പാശ്ചാത്യ ഭാഷാശാസ്ത്രജ്ഞന്മാർ വൈഖരിയുടെ ഏററവും പ്രകടങ്ങളായ ചില സവിശേഷതകൾ മാത്രമേ നിരൂപണവിഷയമാക്കിയിരുന്നുള്ളു. എന്നാൽ ഇപ്പോൾ ആഴത്തിലേയ്ക്കിറങ്ങാനുള്ള പ്രവണത അവരിൽ ചിലർ പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്നു. അതിനാൽ പ്രാചീന ഭാരതീയരുടെ വ്യാകരണദർശനത്തിൽ അവർക്ക് താത്പര്യം വർദ്ധിച്ചുവരുന്നുണ്ട്, സാമാന്യഭാഷാശാസ്ത്രജ്ഞർക്ക് അഗാധ താത്പര്യമുള്ള പല വിഷയങ്ങളും വാക്യപദീയത്തിൽ കാണാം. വാക്യപദീയത്തിന്റെ വിശദപഠനങ്ങൾക്ക് തന്നെ പാശ്ചാത്യപണ്ഡിതർ കൂടുതൽ സന്നദ്ധരായിക്കാണുന്നു. കാരണം, അതിപ്രാചീനങ്ങളായ വ്യാകരണദർശനചിന്തകൾ ഏകത്ര സമാഹരിച്ച ഒരു അമൂല്യകൃതിയാണ് വാക്യപദീയം. ദുർഗ്രഹമാണത്; പക്ഷേ, അതിന്റെ പഠനം സമ്പന്നമായ ഒരനുഭൂതിതന്നെയാണ്.

വാക്യപദീയത്തിന്റെ ഒന്നും രണ്ടും കാണ്ഡങ്ങൾ ഇംഗ്ലീഷ് വിവർത്തനത്തോടെ ഡോ. കെ. രാഘവൻ

പിള്ള പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭർത്തൃഹരിയെപ്പററിയുള്ള ഒരു വിശദപഠനം ഇംഗ്ലീഷിൽ ഡോ. കെ. എ. സുബ്രഹ്മണ്യയ്യരും പ്രകാശിപ്പിച്ചിട്ടുണ്ട്. സംസ്കൃതത്തിലുള്ള മൂലവും വ്യാഖ്യാനങ്ങളും, അപൂർണ്ണവും അശുദ്ധിബഹുലവുമായിട്ടാണെങ്കിലും, പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. വാക്യപദീയപഠനത്തിന്നുള്ള ഉപാദാനങ്ങൾ ഇവയെല്ലാമാണ്.

# പാണിനീയപ്രദ്യോതം

ഐ. സി. ചാക്കോ ഏറെക്കുറെ ഒരു പുരുഷായുഷം തികച്ചും ജീവിച്ചു. സ്വതേ നിശിതവും ശാസ്ത്രാഭ്യാസനസംസ്കൃതവുമായിരുന്ന അദ്ദേഹത്തിന്റെ ധിഷണ അക്കാലമത്രയും മങ്ങലേൽക്കാതെ പ്രവർത്തിച്ചു. പ്രാചീനങ്ങളും ആധുനികങ്ങളുമായ പല പഠനവിഷയങ്ങളിലും അദ്ദേഹത്തിന്ന് വ്യാപകമായ താത്പര്യമുണ്ടായിരുന്നു. തന്റെ ശ്രദ്ധയിൽ വരുന്ന കാര്യങ്ങളെപ്പററി അദ്ദേഹം സൂക്ഷ്മമായി ചിന്തിച്ചു; സുഗ്രഹമായ ഭാഷയിൽ അവയെപ്പററി എഴുതുകയും ചെയ്തു. ഇതിനെല്ലാം ആവശ്യമായ സാമ്പത്തികസൗകര്യവും സമയവും അദ്ദേഹത്തിന് വേണ്ടത്ര ലഭിച്ചു.

സർവ്വഥാ ധന്യമായിരുന്ന അദ്ദേഹത്തിന്റെ ജീവിതം. എങ്കിലും കാലക്രമേണ ആ ജീവിതത്തിലെ പല വസ്തുതകളും വിസ്മൃതിയിൽ ആഴ്ന്നു പോകും. പൊതുജനത്തിന്റെ ഓർമ്മശക്തി അത്യന്തം ഹ്രസ്വമാണെന്ന കുപ്രസിദ്ധിയുണ്ടല്ലോ. അടുത്ത ബന്ധുക്കളുടെ ഓർമ്മയും കാലാതിപാതത്തിൽ മങ്ങലേൽക്കാതെ തരമില്ല. എങ്കിലും ``പാണിനീയപ്രദ്യോത''മെന്ന വിശിഷ്ടശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവെന്ന നിലയിൽ ഐ. സി. ചാക്കോ ദീർഘകാലം മലയാളികളുടെ സ്മരണയിൽ ജീവിക്കും. ഭാഷാപഠനത്തിൽ താത്പര്യമുള്ള മലയാളികൾ ആകട്ടെ, കൃതജ്ഞതയോടെ അദ്ദേഹത്തെ എന്നെന്നും അനുസ്മരിക്കുകയും ചെയ്യും. ലീലാതിലകകാരൻ, ഗുണ്ടർട്ട്, എ. ആർ. രാജരാജവർമ്മ തുടങ്ങിയ മനീഷികളുടെ പരമ്പരയിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം ഈ വ്യാകരണപണ്ഡിതന് ഏത് കാലത്തും കേരളം നൽകുന്നതായിരിക്കും.

പാണിനി രചിച്ച സംസ്കൃതവ്യാകരണമായ ``അഷ്ടാധ്യായി''യുടെ ഏതാനും ഭാഗങ്ങൾക്ക് മലയാളത്തിലെഴുതിയ ഒരു വ്യാഖ്യാനമാണ് പാണിനീയപ്രദ്യോതം. മൂല

ഗ്രന്ഥകാരന്മാരെയല്ലാതെ വ്യാഖ്യാതാക്കന്മാരെ ഇന്ന് നാം ബഹുമാനിക്കാറില്ല. അതിനാൽ മൗലികമായി വളരെയൊന്നും ചിന്തിക്കാത്തവർതന്നെ സ്വതന്ത്രഗ്രന്ഥങ്ങളെഴുതുന്നതിലാണ് ഇപ്പോൾ ശ്രദ്ധാലുക്കളായി കാണുന്നത്. എന്നാൽ പഴയ കാലത്തെ, പ്രത്യേകിച്ചും പ്രാചീനഭാരതത്തിലെ, സ്ഥിതി ഇതായിരുന്നില്ല.

ഊർദ്ധ്വോർദ്ധ്വമാരുഹ്യ യദർത്ഥതത്ത്വം
ധീഃ പശ്യതി ശ്രാന്തിമവേദയന്തീ
ഫലം തദാദ്യൈഃ പരികല്പിതാനാം
വിവേകസോപാനപരമ്പരാണാം.

എന്ന് പ്രസിദ്ധനായ അഭിനവഗുപ്തൻ പ്രസ്താവിച്ചിട്ടുണ്ട്. തളർച്ചയെന്ന ഒന്നിനെപ്പറ്റി അറിഞ്ഞുകൂടാത്ത മനുഷ്യപ്രതിഭ മേൽപോട്ട് മേൽപോട്ട് കയറി വസ്തുതകളുടെ യാഥാർത്ഥ്യം നിരന്തരം കണ്ടെത്തിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ ഊർദ്ധ്വാരോഹണത്തിനുള്ള കഴിവ് പ്രതിഭയ്ക്ക് കൈവരുത്തുന്നതാകട്ടെ, മുമ്പ് മുമ്പുള്ളവർ വസ്തുതകൾ വിവേചിച്ചറിഞ്ഞ്, പടവുകളായി അറിവുകളെ സംവിധാനം ചെയ്തു വെച്ചിട്ടുള്ളതിന്റെ ഫലമാണുതാനും എന്നാണ് ഈ പദ്യത്തിന്റെ സാരം. ഇതാണ് ജ്ഞാനത്തെപ്പറ്റി പ്രാചീനഭാരതീയർക്കുണ്ടായിരുന്ന സാമാന്യസങ്കല്പം. മനുഷ്യവർഗ്ഗം ഉണ്ടായതോടെ മനുഷ്യപ്രതിഭയുടെ ഊർദ്ധ്വാരോഹണയത്നവും ആരംഭിച്ചു. പഴയതു മുഴുവൻ ശരിയാണെന്നോ പുതിയതെല്ലാം ദോഷഭൂയിഷ്ഠമാണെന്നോ പ്രാചീനഭാരതീയർ കരുതിയിരുന്നില്ല.

'പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം'

എന്ന കാളിദാസവാക്യം സുപ്രസിദ്ധമാണല്ലോ. എങ്കിലും മൗലികതയ്ക്ക് കണക്കറ്റ മൂല്യം അവർ കല്പിച്ചിട്ടില്ല; പഴയത് അപ്പാടെ ത്യാജ്യമാണെന്ന് കരുതിയതുമില്ല. മാത്രമല്ല, പഴയതിൽനിന്ന്, സ്വാഭാവികമായി, പുതിയത് ഉരുത്തിരിഞ്ഞു വരുന്നതായി അവർ കാണുകയും ചെയ്തു. എല്ലാ വിജ്ഞാനശാഖകളെയും അനുസ്യൂതമായ ഒരു വികാ



സമായി അവർ സാക്ഷാൽക്കരിച്ചു. അവയെല്ലാം ദിവ്യമായ ഒരു പ്രഭവത്തിൽനിന്ന് ഉറവെടുക്കുകയും ദീർഘദീർഘങ്ങളായ ആചാര്യ—ശിഷ്യ—പരമ്പരകളിലൂടെ വളർച്ച നേടുകയും ചെയ്തു വന്നതായി അവർ സങ്കല്പിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ ചിന്തകന്മാർ മൂലഗ്രന്ഥകാരന്മാരായിരുന്നില്ല, പിന്നെയോ, വ്യാഖ്യാതാക്കളായിരുന്നു. മൂലഗ്രന്ഥകാരന്മാരുടെ പേരു തന്നെ പലപ്പോഴും വിസ്മരിക്കപ്പെട്ടു. അവരെപ്പറ്റി പിൽക്കാലത്തുള്ളവർ വ്യവഹരിച്ചു വന്നത് അധികവും സ്വന്തം പേരുകൊണ്ടല്ല, കുടുംബപ്പേരുകൊണ്ടാണ്. അവരിൽ പലരും ദേവന്മാരോ, ഋഷികളോ, അർദ്ധദിവ്യന്മാരോ ഒക്കെ ആയിത്തീർന്നു. എന്നാൽ ഈ മൂലഗ്രന്ഥങ്ങളുടെ വ്യാഖ്യാതാക്കൾ തികച്ചും മനുഷ്യരായിരുന്നു. മൂലഗ്രന്ഥങ്ങളിലെ വിഷയങ്ങളെ അവർ വളരെയധികം വികസിപ്പിച്ചു. ചിലപ്പോൾ വ്യാഖ്യാതാവിന്റെ ലക്ഷ്യംതന്നെ മൂലഗ്രന്ഥകാരനെ സമർത്ഥിക്കുകയായിരുന്നില്ല, മറിച്ച് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ നിരസിച്ച് അവയുടെ സ്ഥാനത്ത് പുതിയ സിദ്ധാന്തങ്ങൾ സ്ഥാപിക്കുകയായിരുന്നു. മൂലകാരനേക്കാൾ എത്രയോ അധികം വിജ്ഞാനമുള്ള ആളാകേ ശരിയായ രീതിയിലൊരു വ്യാഖ്യാനം എഴുതുവാൻ കഴിയൂ എന്നതായിരുന്നു പലപ്പോഴും നില. മൂലഗ്രന്ഥം പഠിച്ച ശേഷം, അതിന്റെ പല വ്യാഖ്യാനങ്ങൾ, ആവർത്തിച്ച്, ഒന്നിനു പുറകെ ഒന്നായി, പഠിക്കുകയാണ് ഇന്ത്യയിലെ പഴയ ശാസ്ത്രാഭ്യസനത്തിന്റെ രീതി. മൂലഗ്രന്ഥങ്ങളേക്കാൾ പ്രൗഢിയും കാഠിന്യവും പലപ്പോഴും വ്യാഖ്യാനങ്ങൾക്കാണ്. ''പാണിനീയപ്രദ്യോതം'' ഒരു വ്യാഖ്യാനമാണെന്ന വസ്തുത അതിന്റെ പ്രാധാന്യത്തെ അപകർഷിക്കുന്നില്ലെന്നും വ്യാകരണവിഷയകമായ ഒരു സ്വതന്ത്രഗ്രന്ഥത്തിന്റെ എല്ലാ അന്തസ്സും ആ വ്യാഖ്യാനത്തിന് അവകാശപ്പെടാമെന്നും ഇത്രയുംകൊണ്ട് വ്യക്തമാവുമെന്ന് വിശ്വസിക്കുന്നു.

രസത്തിനുവേണ്ടി വ്യാകരണം—ഏതു ഭാഷയുടെയായാലും പഠിക്കുന്നവർ കുറവാണ്. പഠിക്കാതെ നിവൃ

ത്തിയില്ലെന്നു വരുമ്പോൾ മാത്രമേ മിക്കവരും വ്യാകരണം പഠിക്കൂ. ഐ. സി. ചാക്കോവിന്റെ സ്ഥിതി അതായിരുന്നില്ല. ഇന്ത്യയിലും ബ്രിട്ടനിലും വച്ചു നടത്തിയ വിദ്യാഭ്യാസം സംസ്കൃതത്തിലുള്ള അദ്ദേഹത്തിന്റെ താത്പര്യത്തെ ഉദ്ദീപിപ്പിച്ചു. സംസ്കൃതം ഇന്ത്യക്കാരുടെ മുഴുവൻ പൊതുപൈതൃകമാണെന്നും, ഒരാളുടെ മതമേത് എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ലെന്നും, അദ്ദേഹം നേരിട്ട് കണ്ടറിഞ്ഞു. ഒരു ഭാഷ ശരിക്ക് പഠിക്കണമെങ്കിൽ അതിന്റെ വ്യാകരണം മനസ്സിലാക്കിയിരിക്കണമല്ലോ. സഹസ്രാബ്ദങ്ങളിലൂടെ സമ്പുഷ്ടമായ ഒരു വ്യാകരണഗ്രന്ഥസമുച്ചയം സംസ്കൃതത്തിലുണ്ട്. 'അഷ്ടാധ്യായി' (എട്ട്അധ്യായങ്ങൾ) എന്ന പേരിലുള്ള പാണിനിയുടെ ഹ്രസ്വകൃതിയാണ് ഇതിന്റെയെല്ലാം അടിസ്ഥാനം. സമകാലഭാഷയുടെ വിവരണം അടങ്ങിയിട്ടുണ്ടെങ്കിലും സംസ്കൃതത്തിലെ വ്യാകരണശാസ്ത്രം അതു മാത്രമല്ല. ഭാഷയുടെ മനശ്ശാസ്ത്രം. ഭാഷയുടെ തത്ത്വമീമാംസമുതലായ അനവധി വിഷയങ്ങൾ അതിലടങ്ങിയിരിക്കുന്നു.

പ്രയോഗത്തിൽ സുബദ്ധമേത്, അബദ്ധമേത് എന്ന് വേർതിരിച്ചറിയുകയാണ് ഏത് ഭാഷയുടേയും വ്യാകരണം പഠിക്കുന്നതിന്റെ പ്രാഥമികപ്രയോജനം. ഇതു നിർവ്വഹിക്കാൻ പാശ്ചാത്യരും പൗരസ്ത്യരുമെഴുതിയ ലഘുവ്യാകരണ പാഠപുസ്തകങ്ങൾ സംസ്കൃതത്തിൽ അന്നും ധാരാളമുണ്ടായിരുന്നു. പക്ഷേ, അവ പഠിക്കുന്നതുകൊണ്ട് തൃപ്തിപ്പെടാതെ, സാമ്പ്രദായികമായ സംസ്കൃത വ്യാകരണശാസ്ത്രം ആലോഡനം ചെയ്തുനോക്കാനാണ് ഐ. സി. ചാക്കോ മുതിർന്നത്. അദ്ദേഹം പറയുന്നു:

''പാണിനീയത്തിൽ എനിക്ക് കൗതുകം ജനിച്ചത് സംസ്കൃതവ്യാകരണം പഠിക്കണമെന്നുള്ള ആഗ്രഹം കൊണ്ടുമാത്രമല്ല. വ്യാകരണം മാത്രമാണ് ഉദ്ദേശ്യമെങ്കിൽ വിശദങ്ങളായ പല സംസ്കൃത വ്യാകരണങ്ങളും ഇംഗ്ലീഷിലുണ്ട്. അല്പങ്ങളായ ചില സൂത്രങ്ങൾകൊണ്ട് വിപുലങ്ങളായ പല കാര്യങ്ങൾ പാണിനി സാധിക്കുന്നതെങ്ങി



യെന്നുകാണുവാൻ ചിലർക്കു കൗതുകമുണ്ടാകാമല്ലോ. ബുദ്ധിയുടെ സൂക്ഷ്മത കൂട്ടുവാനായി നാം അഭ്യസിക്കാറുള്ള പല വിദ്യകളിൽ ഒരു സ്ഥാനം പാണിനീയത്തിന്ന് നല്കാമെന്നെനിക്കു തോന്നുന്നു. തന്റെവ്യാകരണത്തിന്റെ വലിപ്പം കുറയ്ക്കുവാനായി പാണിനി അതിസൂക്ഷ്മമായി യുക്തി പ്രയോഗിക്കുന്നുണ്ട്. ഇതെല്ലാം മനസ്സിലാക്കുന്നതിനുള്ള ആഗ്രഹമാണ് പാണിനീയത്തിൽ എന്നെ ഉത്സുകനാക്കി തീർത്തത്.''

''ബുദ്ധിയുടെ സൂക്ഷ്മത കൂട്ടുവാനായി ചിലർ ഉന്നതഗണിതശാസ്ത്രം പഠിക്കുംപോലെ ഐ. സി. ചാക്കോ സംസ്കൃത വ്യാകരണം പഠിച്ചു. സാധാരണയായി സംസ്കൃതത്തിലെ ശാസ്ത്രങ്ങളെല്ലാം ഗുരുമുഖത്തിൽ നിന്ന് പഠിക്കുകയാണ് പതിവ്. ഗുരു പറയുന്നതുകേട്ടും, ശിഷ്യന്മാർ കൂട്ടംചേർന്നിരുന്ന് ഉറക്കെ ചിന്തിച്ചും' പുസ്തകം വീണ്ടും വീണ്ടും വായിച്ചും, പലതവണ ഒരേ ഗ്രന്ഥത്തിലൂടെ കടന്നുപോയാൽമാത്രമേ വിഷയത്തിന്റെ 'ഉപസ്ഥിതി' ഉണ്ടാവൂ. പക്ഷേ. ഐ. സി. ചാക്കോ എഴുതുന്നു:

''പാണിനീയത്തെക്കുറിച്ച് എനിക്കറിയാവുന്നതിൽ ഒരംശവും ഞാൻ ഗുരുമുഖത്തിൽനിന്ന് ഗ്രഹിച്ചിട്ടുള്ളതല്ല. ഗുരുവില്ലാതെ പാണിനീയം പഠിക്കുവാൻ ഞാൻ ചെയ്ത പ്രയത്നങ്ങളിൽ നിന്ന്, ഈ വിഷയത്തിൽ അധ്യേതാക്കന്മാർക്ക് അനുഭവപ്പെടാവുന്ന പ്രയാസങ്ങൾ എന്തെല്ലാമെന്ന് ഞാൻ ഗ്രഹിച്ചിട്ടുണ്ട്.''

അത്യന്തം ക്ലേശിച്ച്, അനവധി സമയം ചെലവഴിച്ച്, ബുദ്ധിപരമായ ഒരു വ്യായാമമെന്ന നിലയിൽ, സംസ്കൃതവ്യാകരണത്തിൽ പാണ്ഡിത്യം നേടിയപ്പോൾ ഐ. സി. ചാക്കോവിന്ന് ആ വിഷയത്തിൽ ഒരു ഗ്രന്ഥം മലയാളത്തിൽ രചിക്കാൻ കൗതുകമുണ്ടായി. ഗുരുമുഖേനയല്ലാതെ സ്വന്തം പ്രതിഭയെമാത്രം അവലംബിച്ച് പാണിനീയം പഠിക്കാൻ തുടങ്ങിയ തനിക്ക് നേരിട്ട ക്ലേശങ്ങൾ, ഭാവിയിലെ വിദ്യാർത്ഥികൾക്കെങ്കിലും ഇല്ലാതെയാക്കാമോ എന്ന് നോക്കാനാണ്

അദ്ദേഹം 'പാണിനീയപ്രദ്യോതം' രചിച്ചുതുടങ്ങിയത്. ഭാവിയിലെ വിദ്യാർത്ഥികൾ എന്തിന് സംസ്കൃതവ്യാകരണം പഠിക്കണം? നവീനങ്ങളായ ആശയങ്ങൾ മലയാളത്തിൽ ആവിഷ്കരിക്കാനാവശ്യമായ പദസമ്പത്ത് സംസ്കൃതത്തിൽനിന്ന് ഉണ്ടാക്കിയെടുക്കണമെന്നും അതിനാൽ ശാസ്ത്രപ്രചാരകന്മാർ വൈയാകരണന്മാർകൂടി ആയിത്തീരണമെന്നും ഐ. സി. കരുതി. മലയാളം മുതലായ ഭാരതീയ ഭാഷകളിൽ സംസ്കൃത പദങ്ങൾ തെറ്റുകൂടാതെ പ്രയോഗിക്കാനുള്ള കഴിവ് സംസ്കൃതവ്യാകരണ പഠനത്തിലൂടെ മാത്രമേ ഉണ്ടാവൂ. ഇതിന്ന് പുറമെ, സംസ്കൃതപാണ്ഡിത്യം നേടുന്നതിനായി സംസ്കൃത വ്യാകരണം പഠിക്കുന്ന ഒരു ന്യൂനപക്ഷവും എന്നുമുണ്ടായിരിക്കുമെന്നും അത്തരക്കാർക്ക് ഗുരുസഹായം കൂടാതെ പാണിനിയുടെ ഗ്രന്ഥം മനസ്സിലാക്കാൻ തന്റെ പുസ്തകം ഉപകരിക്കുമെന്നും അദ്ദേഹം വിശ്വസിച്ചു.

മലയാള വ്യാകരണഗ്രന്ഥങ്ങളിൽ സംസ്കൃതവ്യാകരണത്തിന്റെ ചില അംശങ്ങൾ ചേർക്കുന്ന പതിവ് പണ്ടുമുതൽക്ക് നിലവിലുണ്ട്. മലയാളികൾക്ക് അനപേക്ഷണീയമായ സംസ്കൃതവ്യാകരണവിജ്ഞാനം നൽകുന്നവയാണ് പഴയ ബാലപ്രബോധനം, എ. ആർ. രാജരാജവർമ്മയുടെ മണിദീപിക, പി. കെ. നാരായണ പിള്ളയുടെ പ്രയോഗദീപിക മുതലായ ഗ്രന്ഥങ്ങൾ. കൈക്കുളങ്ങര രാമവാര്യരുടെ പദസംസ്കാര ചന്ദ്രിക പാണിനീയത്തിലെ പ്രാമാണികപാഠപുസ്തകമായ സിദ്ധാന്ത കൗമുദിയുടെ പൂർവ്വാർദ്ധത്തിന്റെ മലയാള വിവർത്തനമാകുന്നു. ഐ. സി. പാണിനീയപ്രദ്യോതം എഴുതും മുമ്പെ രചിക്കപ്പെട്ടവയാണ് ഇവയെല്ലാം.

കുട്ടികൾക്കുവേണ്ടി 'കർത്തൃകർമ്മക്രിയാദ്യർത്ഥഭേദം വിഭക്ത്യർത്ഥാന്തരങ്ങളും ഭാഷയായി' പറയുന്ന ബാലപ്രബോധനം തുലോം പ്രാഥമികമാണ്. മണിദീപിക, പ്രയോഗദീപിക എന്നിവയും സംസ്കൃതവ്യാകരണബോധനത്തിനു പര്യാപ്തങ്ങളല്ല. പദസംസ്കാരചന്ദ്രിക വായിച്ചാൽ പലപ്പോഴും അർത്ഥം മനസ്സിലാവുകയില്ല. ഒന്നുകിൽ അത് ഗുരുമുഖത്തുനിന്നു പഠിക്കണം, അല്ലെങ്കിൽ അതിനൊരു വ്യാഖ്യാനം വേണം. അതിനാൽ വിവർത്തനമായ പദസംസ്കാരചന്ദ്രിക പഠിക്കുന്നതിനേക്കാൾ എളുപ്പം മൂലമായ സിദ്ധാന്തകൗമുദി പഠിക്കുകയായിരിക്കും.



പാണിനീയ പ്രദ്യോതത്തിന്റെ പ്രസക്തി ഇവിടെയാണ്. പാണിനീയാകുന്ന ദുർഗ്ഗത്തിലേക്കു് നേരിട്ടു കടന്നു ചെല്ലുവാൻ അതു വായനക്കാരന്നു കഴിവു നല്കുന്നു. അഷ്ടാദ്ധ്യായിയുടെ പഴയ വ്യാഖ്യാനമായ കാശികാവൃത്തി, ഇപ്പോൾ പാഠപുസ്തകമായി ഉപയോഗിക്കുന്നതും ഏ. ഡി. 16—ാം നൂററാണ്ടിന്റെ അവസാനത്തിൽ രചിക്കപ്പെട്ടതുമായ സിദ്ധാന്തകൗമുദി, താരതമ്യാത്മകഭാഷാശാസ്ത്രത്തിന്റെ വീക്ഷണമവലംബിച്ച് ഏ. ആർ. രാജരാജവർമ്മ ചെയ്ത സംക്ഷേപണമായ ലഘുപാണിനീയം എന്നിവ വായിച്ചും പഠിച്ചും മനനം ചെയ്തും സാരം ഗ്രഹിച്ചും രചിച്ച പാണിനീയപ്രദ്യോതത്തിന് ഒരേ സമയം ഒരു മൗലികഗ്രന്ഥത്തിന്റെ പ്രൗഢിയും സാരള്യവും അവകാശപ്പെടാവുന്നതാണ്.

ബി. സി. ഏഴാം നൂററാണ്ടു മുതൽ ബി. സി. നാലാം നൂററാണ്ടുവരെയുള്ള മൂന്നു നൂററാണ്ടുകൾക്കിടയിലാണ് പാണിനി ജീവിച്ചിരുന്നതെന്ന് പാശ്ചാത്യ പണ്ഡിതന്മാർ പറയുന്നു. ക്രിസ്തുവിനു മൂവായിരത്തോളം വർഷം മുമ്പായിരുന്നു പാണിനിയുടെ ജീവിതകാലം എന്ന് വിശ്വസിക്കുന്ന ഭാരതീയ പണ്ഡിതന്മാർ ഇല്ലായ്കയില്ല. ബി. സി. 550—ൽ പാണിനിയുടെ കൃതി രചിക്കപ്പെട്ടതായി കരുതുകയാണ് സമീചീനമെന്ന് തോന്നുന്നു. അതായത് പാണിനിയുടെ അഷ്ടാധ്യായിക്ക് ഏതാണ്ട് രണ്ടായിരത്തഞ്ഞൂറു വർഷങ്ങൾ പഴക്കമുണ്ട്.

തന്നെക്കാൾ മുമ്പു ജീവിച്ചിരുന്ന പത്തു വൈയാകരണന്മാരുടെ പേരുകൾ പാണിനി അനുസ്മരിക്കുന്നുണ്ട്. പേരു പറയാതെ പ്രാചീന വൈയാകരണന്മാരുടെ അഭിപ്രായങ്ങൾ ഇരുപത്തിനാലു സ്ഥലങ്ങളിൽ അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നു. പാണിനിയുടെ കാലത്തിനു മുമ്പു തന്നെ വ്യാകരണശാസ്ത്രം ഇന്ത്യയിൽ വേരൂന്നിയിരുന്നു

എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. തന്റെ കാലത്ത് നിലവിലിരുന്ന വ്യാകരണവിജ്ഞാനം മുഴുവൻ അഷ്ടാധ്യായിയിൽ പാണിനി സമാഹരിച്ചിരിക്കുന്നു. ഓരോന്നിനും നാലു പാദങ്ങളുള്ള എട്ടധ്യായങ്ങളായി തിരിച്ച പാണിനിയുടെ കൃതിയിൽ നാലായിരത്തോളം സൂത്രങ്ങളുണ്ട്. ഈ സൂത്രങ്ങളിൽ ചിലതിന് ഒരൊററ അക്ഷരമേ ഉള്ളു; ചിലതിൽ നൂറോളം അക്ഷരങ്ങൾ കാണാം. സൂത്രമെന്ന വാക്കിന് അതിസംക്ഷിപ്തമായ വാക്യം എന്നാണർത്ഥം. അതിസംക്ഷിപ്തമാകയാൽ അഷ്ടാധ്യായി ഗുരുമുഖത്തുനിന്നുള്ള വിശദീകരണങ്ങളുടെ സഹായത്തോടെ മാത്രമേ പഠിക്കാനാവൂ. പാണിനി ശിഷ്യരെ നേരിട്ടു പഠിപ്പിച്ചിരുന്നു. പാണിനിയുടെ കാലത്തുതന്നെ അഷ്ടാധ്യായീപാഠപദ്ധതിയിൽ ഒന്നിലേറെ പ്രസ്ഥാനഭേദങ്ങൾ രൂപപ്പെട്ടിരുന്നു. ഇത്തരം പാരമ്പര്യങ്ങളെ ഉൾക്കൊള്ളിച്ച് അഷ്ടാധ്യായിയുടെ പൂരണങ്ങളായും വ്യാഖ്യാനങ്ങളായും ഒട്ടേറെ കൃതികൾ പിന്നീട് ഉണ്ടായി. കാത്യായനൻ നിർമ്മിച്ച വാർത്തികം, പതഞ്ജലി രചിച്ച മഹാഭാഷ്യം എന്നിവ ഇത്തരത്തിലുള്ള ഗ്രന്ഥങ്ങളാണ്. ഇവ അഷ്ടാധ്യായിയുമായി അവിച്ഛേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. പാണിനി, കാത്യായനൻ പതഞ്ജലി എന്നീ മൂന്നു മുനിമാരുടെ വ്യക്തിത്വവും പ്രജ്ഞകളെ യോജിച്ച് ഒന്നായി തീർന്നിരിക്കുന്നു.

പതഞ്ജലിയുടെ മഹാഭാഷ്യത്തിന് വ്യാഖ്യാനവും അതിനു വ്യാഖ്യാനവും—അങ്ങനെ ആ സാഹിത്യസഞ്ചയം നീണ്ടുപോയി. പാണിനിയുടെ അഷ്ടാധ്യായി, അതിലുള്ള ക്രമത്തിലും, വിഷയവിഭാഗമനുസരിച്ച് വ്യത്യസ്ത ക്രമത്തിലും, രണ്ടു വിധത്തിൽ വ്യാഖ്യാനിക്കുന്ന ഗ്രന്ഥങ്ങളും പലതുണ്ടായി. ഹിന്ദുക്കളെപ്പോലെ ബൗദ്ധരും ജൈനരും പാണിനീയത്തിന് സ്വന്തം വ്യാഖ്യാനങ്ങൾ രചിച്ചു. ചിലർ പാണിനിയുടെ കൃതിയെ തങ്ങളുടെ ആവശ്യത്തിന്നനുസരിച്ച് അവിടവിടെ മാററിത്തീർത്തു. എങ്കിലും, 16—ാം നൂററാണ്ടിൽ സിദ്ധാന്തകൗമുദിയും, തുടർന്ന് അതിന്റെ പ്രൗഢമനോരമ, ശബ്ദേന്ദുശേഖരം എന്നീ



വ്യാഖ്യാനങ്ങളും നിലവിൽ വന്നതോടെ ആ പാണിനീയവ്യാഖ്യാനങ്ങളെല്ലാം അസ്തപ്രഭങ്ങളായി. പാണിനീയം അതിന്റെ പഴയ പ്രചാരം വീണ്ടെടുക്കുകയും ചെയ്തു.

അഷ്ടാധ്യായീസൂത്രപാഠത്തിനു പുറമെ, ധാതുപാഠം, അഷ്ടാധ്യായിയിലെ ചില സൂത്രങ്ങളുടെ പൂരകമായ ഗണപാഠം, ചില ശബ്ദങ്ങളുടെ നിർവ്വചനം നൽകുന്ന ഉണാദിസൂത്രങ്ങൾ, പദങ്ങളുടെ ലിംഗനിർണ്ണയം ചെയ്യുന്ന ലിംഗാനുശാസനം, വർണ്ണോച്ചാരണത്തെ വിവരിക്കുന്ന ശിക്ഷ എന്നീ ഗ്രന്ഥങ്ങൾ കൂടി പാണിനി നിർമ്മിച്ചിട്ടുണ്ട്. അഷ്ടാധ്യായി ശരിക്കു മനസ്സിലാക്കുന്നതിന് ഇവയുടെ സഹായം അനപേക്ഷണീയമാണ്.

കേരളത്തിൽ സംസ്കൃതവ്യാകരണപഠനം എന്ന് ആരംഭിച്ചു എന്ന് പറയാൻ പ്രയാസമാണ്. മേല്പത്തൂർ നാരായണഭട്ടതിരിയും അദ്ദേഹത്തിന്റെ ഗുരുവായ അച്യുതപ്പിഷാരടിയും മഹാവൈയാകരണന്മാരായിരുന്നു. പിഷാരടി 'പ്രവേശകം' എന്ന ലഘുവ്യാകരണഗ്രന്ഥവും ഭട്ടതിരി പ്രക്രിയാസർവ്വസ്വമെന്ന ബൃഹദ്ഗ്രന്ഥവും രചിച്ചിട്ടുണ്ട്. കൂടല്ലൂർ മനയ്ക്കൽ പതിന്നാലു പുരുഷാന്തരങ്ങളായി വ്യാകരണാധ്യാപനം നടത്തിവന്നിരുന്നുവത്രേ. സംസ്കൃതവ്യാകരണഗ്രന്ഥങ്ങൾ രചിച്ച വേറെയും എത്രയോ കേരളീയരുണ്ടായിരുന്നു. ഈ പരമ്പരയിൽ ഏതാണ്ട് അവസാനകാലത്തുണ്ടായ രണ്ടുപേരാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാനും എ. ആർ. രാജരാജവർമ്മയും. പ്രക്രിയാസർവ്വസ്വത്തിന്ന് കേരളവർമ്മ ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. ഏ: ആറിന്റെ ലഘുപാണിനീയം, മണിദീപിക എന്നിവയെപ്പററി പ്രസ്താവിച്ചുവല്ലോ, ഏ. ആറിൽനിന്നുള്ള തുടർച്ചയാണ് മലയാളത്തിൽ പാണിനീയസൂത്രങ്ങളുടെ ക്രമബദ്ധമായ വ്യാഖ്യാനമായ ഐ. സി. ചാക്കോവിന്റെ പാണിനീയ പ്രദ്യോതം.

''പദച്ഛേദഃ പദാർത്ഥോക്തിർ
വിഗ്രഹോ വാക്യയോജനാ
പൂർവ്വപക്ഷസമാധാനം
വ്യാഖ്യാനം പഞ്ചലക്ഷണം''

എന്നു നിർവ്വചിക്കപ്പെട്ട വ്യാഖ്യാനത്തിന്റെ അഞ്ചു ലക്ഷണങ്ങളും പ്രദ്യോതത്തിൽ പൂർണ്ണമായും ഘടിക്കുന്നു. മലയാളികൾക്ക് മലയാള ഭാഷാപോഷണത്തിന് ആവശ്യമായ സംസ്കൃതവ്യാകരണപരിജ്ഞാനം നൽകുക എന്ന ലക്ഷ്യം നേടുന്നതിന് ഉപകരിക്കുമാറ്, 4000 സൂത്രങ്ങളിൽനിന്ന് തെരഞ്ഞെടുത്ത 1670 സൂത്രങ്ങൾ മാത്രമേ പ്രദ്യോതത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളു. സൂത്രവ്യാഖ്യാനത്തിൽ അഷ്ടാധ്യായിയുടെ ക്രമമല്ല; ഏറെക്കുറെ സിദ്ധാന്തകൗമുദിയുടെ ക്രമമാണ് പാണിനീയപ്രദ്യോതത്തിൽ കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ തന്റെ ആവശ്യത്തിനനുസൃതമായി ഈ ക്രമത്തിൽതന്നെ പല മാററങ്ങളും ഐ. സി. സ്വീകരിച്ചിരിക്കുന്നു. ''ഈ വ്യാഖ്യാനത്തിന്റെ രചനയിൽ വാക്കുകൾ ലാഭിക്കുവാൻ ഞാൻ പ്രയത്നിച്ചിട്ടില്ല. ഇതിൽ മിതഭാഷിത്വം ആവശ്യമാണെന്നു ഞാൻ കരുതിയിട്ടില്ല. വാക്കുകൾ എത്ര അധികമായാലും, പാണിനിയുടെ ആശയം വിശദമാക്കാൻ പ്രയത്നിക്കണമെന്നുള്ള ആദർശമാണ് ഞാൻ സ്വീകരിച്ചിരിക്കുന്നത്. ഇതിനുവേണ്ടി ചർവ്വിതചർവ്വണം, പിഷ്ടപേഷണം എന്നിങ്ങനെയെല്ലാം വ്യവഹരിക്കപ്പെടാവുന്ന പുനരുക്തികളെ ഞാൻ അവലംബിച്ചിട്ടുണ്ട്. ഒരു സൂത്രത്തിന്റെ വ്യാഖ്യാനത്തിൽ പ്രതിപാദിക്കപ്പെട്ട കാര്യം മററു പല സൂത്രങ്ങളുടെയും വ്യാഖ്യാനത്തിൽ വീണ്ടും പ്രതിപാദിച്ചിട്ടുണ്ട്'' എന്ന്, താൻ കൈക്കൊണ്ട രീതിയെ അദ്ദേഹം വിവരിക്കുന്നു. സിദ്ധാന്തകൗമുദി, കാശികാവൃത്തി, ലഘുപാണിനീയം എന്നീ പാണിനീയ വ്യാഖ്യാനങ്ങളെയാണ് പാണിനീയപ്രദ്യോതകാരൻ മുഖ്യമായും അവലംബിച്ചിട്ടുള്ളത്.

സൂത്രപാഠം, ധാതുപാഠം, ഗണപാഠം എന്നീ അനുബന്ധങ്ങൾ, വിസ്തൃതമായ വ്യാഖ്യാനവിഷയസൂചി, ധാതുസൂചി, പ്രത്യയസൂചി എന്നിവയോടൊപ്പം പാണിനീയ പ്രദ്യോതത്തിന്റെ സമഗ്രമായ രണ്ടാംപതിപ്പ് 1955–ൽ പ്രസിദ്ധംചെയ്തു. ഇന്ന് അതിന്റെ പ്രതികൾ വിപണിയിലും കിട്ടാനില്ല. അതിനാൽ ഈ ഗ്രന്ഥത്തിന്റെ പുനർമുദ്രണം അത്യാവശ്യമായിരിക്കുന്നു. പ്രദ്യോതത്തിന്റെ ഉത്രയും



ഭാഗത്തിൽ ഉൾപ്പെടാത്ത മററു സൂത്രങ്ങൾകൂടി വ്യാഖ്യാനിക്കുവാൻ ഗ്രന്ഥകാരൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും, നിർഭാഗ്യവശാൽ ആ ജോലി നിർവ്വഹിക്കുവാൻ അദ്ദേഹത്തിനു സാധിക്കുകയുണ്ടായില്ല. 'പ്രദ്യോതപൂരണം' ഇനി മററാരെങ്കിലും നിർവ്വഹിക്കേണ്ടിയിരിക്കുന്നു.

പാണിനീയത്തിൽ മാത്രമല്ല, ഭാരതീയവിദ്യയിൽ തന്നെ താത്പര്യമുള്ള കേരളീയർ അവശ്യം വായിക്കേണ്ട ഒരു കൃതി കൂടിയാണ് പാണിനീയപ്രദ്യോതം. വ്യാകരണശാസ്ത്രം ഗുരുമുഖത്തുനിന്ന് പഠിച്ചിട്ടില്ലെങ്കിലും സംസ്കൃതത്തിൽ നല്ല വ്യുൽപ്പത്തി നേടിയിട്ടുള്ള ഒരു സുഹൃത്ത് ഈയിടെ എന്നോട് പറഞ്ഞത്, സംസ്കൃത വ്യാകരണം താൻ മനസ്സിലാക്കിയത് പാണിനീയ പ്രദ്യോതത്തിൽ നിന്നാണെന്നായിരുന്നു. നിഷ്കൃഷ്ടമായ പഠനം അർഹിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥമാണ് പാണിനീയപ്രദ്യോതം. പാണിനീയപഠനത്തിന്റെ ഫലമായി ഐ. സി. നിർദ്ദേശിച്ച ബുദ്ധിവൈശദ്യം, പ്രദ്യോതം മനസ്സിരുത്തി പഠിക്കുന്ന ഒരാൾക്ക് കൈവരാതിരിക്കുകയില്ല. അതോടൊപ്പം സംസ്കൃതവ്യാകരണത്തിന്റെ പല ഭാഗങ്ങളിലേയ്ക്കും തികഞ്ഞ ഉൾക്കാഴ്ചയും, പ്രാചീന ഭാരതീയരുടെ വ്യാകരണ ദർശനത്തെപ്പററിയും ഗ്രന്ഥനിർമ്മാണസമ്പ്രദായത്തെപ്പററിയും സാമാന്യമായ അവഗാഹവും അയാൾക്കു ലഭിക്കും. ഇക്കാരണങ്ങളാൽ കൂടുതൽ വ്യാപകമായ പ്രചാരം പ്രദ്യോതത്തിനു കൈവരേണ്ടതാണ്. പ്രദ്യോതകാരനെന്ന നിലയിൽ ഐ. സി. ചാക്കോ മലയാളത്തിലെ വിജ്ഞാനസാഹിത്യകാരൻമാരുടെ മുൻപന്തിയിൽ സ്ഥാനം നേടിയിരിക്കുന്നു. പാണിനീയ പ്രദ്യോതം അദ്ദേഹത്തിന്റെ യശസ്സിനെ ശാശ്വതീകരിച്ചിരിക്കുന്നു.

ഉപേയുഷാമപി ദിവം
സന്നിബന്ധവിധായിനാം
ആസ്ത ഏവ നിരാതങ്കം
കാന്തം കാന്തിമയം വപുഃ

ദീപിക ആഴ്ചപ്പതിപ്പ് ജൂലായ് 8, ജൂലായ് 15, 1979

# അണുസിദ്ധാന്തത്തിന്റെ ആദിപിതാക്കൾ

“അണുക്കൾകൊണ്ടു ദ്രവ്യം നിർമ്മിച്ചിരിക്കുന്നു എന്ന ആശയത്തിന്നു് 2500 വർഷത്തെ പഴക്കമുണ്ടു്. പുരാതന ഗ്രീസിലെ ദാർശനികരാണു് ഈ ആശയം ആദ്യമായി ആവിഷ്കരിച്ചതു്.” കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധം ചെയ്ത അണുശാസ്ത്രപ്രവേശിക എന്ന ഗ്രന്ഥം ആരംഭിക്കുന്നതു് മേൽച്ചേർത്ത വിധത്തിലാണു്. അണുശാസ്ത്രത്തിന്റെ ആദിപിതാക്കളെന്ന നിലയിൽ പൈത്തഗോറസ് (582–497 ബി. സി.), അനക്സഗോറസ് (500–428 ബി. സി.) എംപിഡോക്ലീസ് (490–430 ബി.സി.), ല്യൂസിപ്പസ്, ഡെമോക്രിറ്റസ് (460–380 ബി. സി.), എപ്പിക്യൂറസ് (342–270 ബി. സി.), ആർക്കിമിഡീസ് (287–212 ബി. സി.), ല്യൂക്രിഷ്യസ് (95–55 ബി. സി.) എന്നിവരുടെ സംഭാവനകൾ സംഗ്രഹിച്ചു് ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുമുണ്ടു്.

അണുസിദ്ധാന്തത്തെ സംബന്ധിച്ചു് പാശ്ചാത്യർ എഴുതിയ ഗ്രന്ഥങ്ങൾക്കു് ഇങ്ങനെ ഒരു ആമുഖം അസംഗതമല്ല. എന്നാൽ, ഭാരതീയ ശാസ്ത്രജ്ഞന്മാർ ഈ വിഷയത്തെപ്പററി എഴുതുന്ന ഗ്രന്ഥങ്ങളിലെങ്കിലും അണുസിദ്ധാന്തത്തിന്നു് ഭാരതീയ ദാർശനികർ നൽകിയ സംഭാവനകളെ തുല്യപ്രാധാന്യത്തോടെ വിവരിക്കേണ്ടതാണു്. ആജീവികർ, ജൈനർ, വൈശേഷികർ, ബൌദ്ധർ എന്ന നാലു വിഭിന്നഭാരതീയദാർശനികസമ്പ്രദായങ്ങൾ ഏറിയും കുറഞ്ഞുമുള്ള വിശദാംശങ്ങളോടെ തനതായ അണുസിദ്ധാന്തങ്ങൾ ആവിഷ്കരിച്ചിരുന്നു. ഒന്നാം ഖണ്ഡികയിൽ പേർ നിർദ്ദേശിച്ച യവനദാർശനികരേക്കാൾ പഴക്കം അവകാശപ്പെടാവുന്നവരാണു് ഈ ദർശനങ്ങളുടെ



സ്ഥാപകർ. ഇവരുടെ സംഭാവനകളെപ്പററി ചില വിവരങ്ങൾ നൽകുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## ആജീവികരുടെ അണുസിദ്ധാന്തം

അണുസിദ്ധാന്തികളായ ഭാരതീയദാർശനികരിൽ കാലപ്പഴക്കംകൊണ്ടു് ആദ്യം പരിഗണിക്കേണ്ടതു് ആജീവികരെയാണു്. ആജീവിക സമ്പ്രദായത്തിന്റെ സ്ഥാപകരിലൊരാളായ പ്രക്രുധകാത്യായനനെ(പകുധകച്ചായനൻ എന്നു് പാലിഭാഷയിൽ) പ്പററി ചില വിവരങ്ങൾ, ത്രിപിടകങ്ങൾ എന്നറിയപ്പെടുന്ന ബൌദ്ധഗ്രന്ഥസമുച്ചയത്തിൽ ആദ്യത്തേതായ 'സൂത്രപിടക'ത്തിൽ ഉൾപ്പെടുന്ന ദീർഘനികായത്തിലെ 'ശ്രാമണ്യഫലസൂത്ര'ത്തിൽനിന്നു ലഭിക്കുന്നുണ്ടു്. അറിയപ്പെട്ടിടത്തോളം ലോകത്തിലെ ആദ്യത്തെ അണുവാദി പ്രക്രുധകാത്യായനനായിരുന്നു.

മഗധരാജാവായ അജാതശത്രുവിന്നു് ഒരു ആശ്വിന മാസത്തിലെ പൂർണ്ണിമാരാത്രിയിൽ സത്സംഗത്തിൽ ആഗ്രഹമുണ്ടായി. രാജഗൃഹനഗരത്തിൽ ജീവകനെന്ന വൈദ്യന്റെ മാന്തോപ്പിൽ താമസിക്കുകയായിരുന്ന ബുദ്ധനെ അദ്ദേഹം ചെന്നുകണ്ടു. ഭിക്ഷുത്വം സ്വീകരിക്കുന്നതുകൊണ്ടു് ഈ ജന്മത്തിൽ എന്തെങ്കിലും ഫലം നേടാനുണ്ടോ എന്നു് അജാതശത്രു ബുദ്ധനോടു ചോദിച്ചു. “ഈ ചോദ്യത്തിന്നു് വേറെ ഏതെങ്കിലും ശ്രമണരോ ബ്രാഹ്മണരോ അങ്ങേയ്ക്കു മറുപടി നൽകിയിട്ടുണ്ടോ?” എന്നു് ബുദ്ധൻ രാജാവിനോടു് ആരാഞ്ഞു. ഇതിന്നു് ഉത്തരമായി പൂർണകാശ്യപൻ, മക്ഖലി ഗോസാലൻ, അജിതകേശകംബളൻ, പ്രക്രുധകാത്യായനൻ, നിർഗ്രന്ഥനാഥപുത്രൻ, സഞ്ജയ വേലഠീപുത്രൻ എന്നീ തീർത്ഥങ്കരന്മാരുമായി താൻ മുമ്പു നടത്തിയ സംവാദങ്ങളെപ്പററി അജാതശത്രു പ്രസ്താവിച്ചു. രാജാവിന്റെ ചോദ്യത്തിന്നു് കാത്യായനൻ നൽകിയ ഉത്തരമാണു് ഇവിടെ പ്രസക്തം. അതിങ്ങനെ വിവർത്തനം ചെയ്യാം:

“മഹാരാജാവേ, ഏഴു കായങ്ങൾ (സമൂഹങ്ങൾ) ഉത്പത്തിയോ നാശമോ ഇല്ലാത്തവയാണു്; അചല

ങ്ങളും അവികാരങ്ങളുമാണ്. ഇവയിലൊന്ന് മററൊന്നിന്റ ഹാനിയോ സുഖദുഃഖങ്ങളോ ഉണ്ടാക്കുന്നില്ല. ഏതെല്ലാമാണ് ഈ ഏഴു കായങ്ങൾ? പൃഥിവീകായം, ജലകായം, തേജഃകായം, വായുകായം, സുഖം, ദുഃഖം, ജീവൻ എന്നിവയത്രേ ഈ ഏഴു കായങ്ങൾ. ഇവ അകൃതങ്ങളും അവധ്യങ്ങളും അചലങ്ങളും സുഖദുഃഖാദ്യയോഗ്യങ്ങളുമത്രേ. ഇവിടെ കൊല്ലുന്നവനും കൊല്ലിക്കുന്നവനുമില്ല; കേൾക്കുന്നവനും കേൾപ്പിക്കുന്നവനുമില്ല; അറിയുന്നവനും അറിയിക്കുന്നവനുമില്ല. മൂർച്ചയേറിയ ആയുധംകൊണ്ട് തല വെട്ടിയാലും ആരും ആരെയും കൊല്ലുന്നില്ല. ഏഴു കായങ്ങളിൽനിന്ന് അകന്ന് ശൂന്യസ്ഥലത്തിലൂടെ ആയുധം കടന്നു പോവുക മാത്രമേ ചെയ്യുന്നുള്ളു.[1]''

മക്ഖലി ഗോസാലൻ, പൂർണകശ്യപൻ, പ്രക്രുധകാത്യായനൻ എന്നീ മൂന്നു തീർത്ഥങ്കരന്മാരാണ് ആജീവികസമ്പ്രദായത്തിന്റെ സ്ഥാപകാചാര്യന്മാർ[2]. നിയതിവാദം ഗോസാലന്റെയും അക്രിയാവാദം കശ്യപന്റെയും അകൃതതാവാദം കാത്യായനന്റെയും മുഖ്യ സംഭാവനകളായി കരുതപ്പെടുന്നു. പ്രപഞ്ചം നിർമ്മിതമല്ല, അനാദിയാണ് എന്നത്രേ അകൃതതാവാദത്തിന്റെ ചുരുക്കം. പൃഥിവി, ജലം, തേജസ്സ്, വായു എന്ന നാലു ഭൂത(പദാർഥ)ങ്ങളും സുഖം, ദുഃഖം, ജീവൻ എന്നിവയുമാണ് പ്രപഞ്ചത്തിലുള്ളത്. സുഖം, ദുഃഖം, ജീവൻ എന്നീ തത്ത്വങ്ങൾ മററുള്ളവയിൽനിന്ന് വിഭിന്നങ്ങളാണെന്ന് കാത്യായനൻ തന്നെ കരുതിയിരുന്നു എന്ന് അവയോടു 'കായം' എന്ന പദം കൂട്ടിച്ചേർക്കാത്തതിൽനിന്ന് ഊഹിക്കാം. പരമാണുരൂപത്തിൽ പൃഥിവി, ജലം, തേജസ്സ്, വായു എന്നിവ ഉത്പത്തിയോ നാശമോ ചലനമോ ഇല്ലാത്തവയാണ്. അവയ്ക്കു സുഖമോ, ദുഃഖമോ ഇല്ല. ഒരു പരമാണുവിനും മറെറാരു പരമാണുവിനും ഇടയിൽ ശൂന്യസ്ഥലമാണ്. ഈ വസ്തുതകളിൽനിന്നുള്ള നിഗമനം,

1. ദീർഘനികായം മഹാബോധിസഭ, സാരനാഥ്, 1936, പു.21.
2. A. L. Basham—History and Doctrines of the Ajivikas - 1951. P. 262.



ജീവിതത്തിലെ സുഖദുഃഖങ്ങളും വധ്യഘാതുകഭാവങ്ങളുമെല്ലാം പാരമാർഥികങ്ങളല്ലെന്നുള്ളതത്രേ. എല്ലാ വികാരങ്ങളും പ്രാതിഭാസികങ്ങളാകുന്നു. യാഥാർഥ്യം നിശ്ചലത മാത്രം. പ്രപഞ്ചത്തിന്റെ ഏഴു മൗലികഘടകങ്ങളായ കായങ്ങൾ വികാരരഹിതങ്ങളാണെന്ന ഈ സിദ്ധാന്തം പിന്നീട് 'അവിചലിതനിത്യത്വം' എന്ന് അറിയപ്പെട്ടു.

മണിമേഖല, നീലകേശി, ശിവജ്ഞാനസിദ്ധിയാർ എന്ന മൂന്ന് തമിഴ് ഗ്രന്ഥങ്ങളിൽ ആജീവികസമ്പ്രദായത്തെപ്പററി പ്രസ്താവമുണ്ട്. ജീവൻ, പൃഥിവീജലതേജോവായുക്കളുടെ അണുക്കൾ എന്നിവയാണ് ആജീവികഗ്രന്ഥങ്ങളിലെ മുഖ്യചർച്ചാവിഷയങ്ങളെന്ന് മണിമേഖലയിൽ പറയുന്നു. ദ്രവ്യങ്ങളുടെ അണുക്കളും ജീവനും തമ്മിൽ മൗലികമായ വ്യത്യാസമുണ്ടെന്നു കരുതപ്പെട്ടിരുന്നതായി ഇതിൽനിന്ന് അനുമാനിക്കാം. മററു നാലിനെയും അറിയുന്നത് ജീവനാണ് (അവ്വുകൈയറിവതുയിരെനപ്പട്ടുമേ). സുഖദുഃഖാദികളും അണുക്കളെ തന്നെ (ഇൻപമും തുൻപമും ഇവയും അണുവെന). അണു പിളരുകയോ, പുതുതായി ഉണ്ടാവുകയോ, ഒന്ന് മറെറാന്നിനുള്ളിലേക്കു കടക്കുകയോ ചെയ്യുന്നില്ല (പിളവൈവതു ചെയ്യാ പുതിതായ് പിറന്തൊൻറൊൻറിൽ പുകാ.......ൻറിരണ്ടാകിപ്പിളപ്പതും ചെയ്യാ). കാത്യായനന്റെ അണുക്കൾ ഇളകാത്തവയാണ്, പക്ഷേ മണിമേഖലയിലെ അണുക്കൾ ചലിക്കുകയും പരസ്പരം കൂടി സംയോജിക്കുകയും ചെയ്യുന്നുണ്ട്. വജ്രം പോലെ കട്ടിയായും ഉള്ളുള്ള മുളപോലെ കട്ടികുറഞ്ഞും അവ ഒന്നിച്ചുചേരുന്നു. (വൈരമായ്ച്ചെറിന്തു വർപ്പവും ആം വേയായ്ത്തുളൈപ്പടും) നാലുതരം ദ്രവ്യാണുക്കളും ഒരു പ്രത്യേക തരം അനുപാതത്തിൽ ചേർന്നാണ് എല്ലാ വസ്തുക്കളുമുണ്ടാകുന്നത്. $1 : \frac{3}{4} : \frac{1}{2} : \frac{1}{4}$ എന്നതാണ് ഈ അനുപാതം. ഏത് പദാർഥത്തിന്റെ അണു കൂടുതലോ ആ പദാർഥത്തിന്റെ പേർ സംയുക്തത്തിനുണ്ടാകുന്നു (ഒൻറു മുക്കാൽ അരൈ കാലായ് ഉറും തൻറു മിക്കതനാർ പെയർ ചൊലപ്പടും). ശുദ്ധമായ ഒരു തന്മാത്രയും (മോളിക്യൂളും) ഇല്ലെന്നും എല്ലാ തന്മാത്രയിലും മററു പദാർഥങ്ങളുടെ

സൂക്ഷ്മാംശങ്ങൾ കലർന്നിരിക്കുമെന്നുമുള്ള വിശ്വാസം ബൗദ്ധർക്കുമുണ്ടായിരുന്നു. ശുദ്ധാവസ്ഥയിൽ അണുക്കളെ കാണാൻ കഴിയുകയില്ല. ചേർന്ന് ഭൂത (പദാർത്ഥ) ങ്ങളാകുമ്പോഴേ അവ ദ്രവ്യങ്ങളാകുന്നുള്ളു (പുതത്തിടപ്പിയുടം). ഒറ്റ അണുവിനെ കാണാൻ [illegible] മാത്രമേ കഴിയൂ (ഓർ അണുവിനെക്കണ്ണാർ ഉണർന്നവർ). എന്നാൽ പല അണുക്കൾ ഒന്നിച്ചു ചേർന്നാൽ, സന്ധ്യയ്ക്ക് പല തലമുടിയിഴകൾ ഒന്നിച്ചു ചേർന്നാലെന്നപോലെ, അവ സാധാരണ കണ്ണുകൾക്കു വിഷയങ്ങളായിത്തീരുന്നു (മാലൈപ്പോതിൽ ഒരു മയിർ അറിയാർ, പാലത്തിറൺമയിർ തോറ്റുതൽ പാറും). ദ്രവ്യങ്ങൾക്ക് അവയുടേതായ ഗുണങ്ങളുണ്ട്: പൃഥിവിക്ക് കാഠിന്യവും ഗുരുത്വവും, ജലത്തിനു ശൈത്യവും ഗുരുത്വവും, അഗ്നിക്ക് ജ്വലനവും ഊർധ്വഗമനവും, വായുവിന് ക്ഷൈതിജചലനം.

സുഖദുഃഖങ്ങൾ അണുരൂപങ്ങളാണെന്ന പ്രസ്താവം നീലകേശിയിലില്ല. പൃഥിവിക്ക് ശബ്ദം ഒഴികെ ഇന്ദ്രിയഗ്രാഹ്യങ്ങളായ മറ്റെല്ലാ ഗുണങ്ങളുമുണ്ട്. ജലത്തിന് ശൈത്യവും അഗ്നിക്ക് ജ്വലനവും വായുവിന് ചലനവും ശബ്ദവും ജീവന് അറിയലും അറിയിക്കലും ഗുണങ്ങൾ. അണുക്കൾ നിർഗുണങ്ങളാണ്, അവയിൽ നിലീനങ്ങളായ ഗുണങ്ങൾ സംഘാതാവസ്ഥയിൽ മാത്രം പ്രകടങ്ങളായിത്തീരുന്നു.

ശിവജ്ഞാനസിദ്ധിയാർ എന്ന ഗ്രന്ഥത്തിൽ സുഖദുഃഖങ്ങളുടെ സ്ഥാനത്ത് പുണ്യവും പാപവും എന്ന് രണ്ടുതരം അണുക്കൾ കൂട്ടിച്ചേർത്തു കാണുന്നു.[3]

ബുദ്ധന്റെ യൗവനകാലത്ത് പ്രക്രുധകാത്യായനൻ വൃദ്ധനായിക്കഴിഞ്ഞിരുന്നു. ബി. സി. 624 ലാണ് ബുദ്ധജനനമെങ്കിൽ[4] കാത്യായനൻ പൈത്തഗോറസ്സിനേക്കാൾ പ്രാചീനനാണ്. ബുദ്ധൻ ജനിച്ചത് ബി. സി. 567-ൽ ആണെങ്കിൽ കാത്യായനൻ പൈത്തഗോറ-

3. A. L. Basham, Ibid, P. 262-266.

4. Nehru, Discovery of India, P. 109.



സ്സിന്റെ വയസ്സു മൂത്ത സമകാലികൻ ആയിരുന്നിരിക്കണം. ഏതായാലും ലോകത്തിൽ അറിയപ്പെടുന്ന ആദ്യത്തെ അണുവാദി പ്രക്രുധകാത്യായനൻതന്നെ.

## ജൈനരുടെ അണുസിദ്ധാന്തം

എല്ലാ ദ്രവ്യങ്ങളുടെയും പരമാണു ഒന്നുതന്നെ എന്നാണ് ജൈനസിദ്ധാന്തം. അതു നിത്യവും അവികാരിയുമാണ്; പക്ഷേ, അതിന്റെ ഗുണങ്ങൾ മാറും. രസം, ഗന്ധം, രൂപം, സ്പർശം എന്നീ ഗുണങ്ങൾ പരമാണുക്കൾക്കുണ്ട്. അവ കൂടിച്ചേർന്ന് 'സ്കന്ധ'ങ്ങൾ ഉണ്ടാകുന്നു. ജൈനർ പദാർത്ഥത്തെ 'പുദ്ഗലം' എന്നു വിളിക്കുന്നു. പുദ്ഗലത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് പരമാണു. പുദ്ഗലംകൊണ്ടാണ് പ്രപഞ്ചം നിർമ്മിക്കപ്പെട്ടത്. പൃഥിവി, ജലം മുതലായ ഭൂതങ്ങളെല്ലാം ഒരേ പുദ്ഗലത്താൽ നിർമ്മിതങ്ങളത്രേ. ധർമ്മം, കർമ്മം എന്നിവയെയും പരമാണുക്കളായാണ് ജൈനർ കാണുന്നത്. എന്നാൽ ജീവൻ പുദ്ഗലനിർമ്മിതമല്ല. അമൂർത്തവും അരൂപ്യമാണ് ജീവൻ.[5]

ജൈനമതസ്ഥാപകനായ വർധമാനമഹാവീരൻ ബുദ്ധന്റെ സമകാലികനായിരുന്നു. ജൈനരുടെ പരമാണുവാദത്തിനും, അതിനാൽ, ഗ്രീക്കുകാരുടെ അണുവാദത്തേക്കാൾ പ്രാചീനത അവകാശപ്പെടാം.

## വൈശേഷികരുടെ അണുസിദ്ധാന്തം

''പ്രപഞ്ചം ഉദ്ഭവിച്ചത് പരമാണുവിൽനിന്നാണെന്നും പരമാണുവാണ് പരമമായ സത്യം എന്നും ഉദ്ഘോഷിച്ച വൈശേഷികം പ്രാചീനേന്ത്യയിലെ ഏറ്റവുമധികം കെട്ടുറപ്പുള്ളതും യുക്ത്യധിഷ്ഠിതവുമായ ദർശനങ്ങളിലൊന്നാണ്.''[6] കണാദനാണ് വൈശേഷികസൂത്രങ്ങളുടെ പ്രണേതാവ്. ഈ സൂത്രങ്ങൾ ഇംഗ്ലീഷിലേക്കു വിവർ

5. A. L. Basham, Ibid P. 267.

6. കെ. ദാമോദരൻ, ഭാരതീയചിന്ത, 1973, പു. 172.

ത്തനം ചെയ്ത നന്ദലാൽസിംഹ കണാദന്റെ ജീവിതകാലം ബി. സി. 6-10 നൂററാണ്ടുകൾക്കിടയിലായിരിക്കാമെന്ന് ഊഹിക്കുന്നു. എന്നാൽ ജൈന—ബൗദ്ധ സാഹിത്യങ്ങൾ കണാദനെ പരാമർശിക്കാത്തതിനാൽ ബുദ്ധനു ശേഷമായിരിക്കണം കണാദൻ ജീവിച്ചത് എന്ന് രാഹുൽ സാംകൃത്യായൻ സിദ്ധാന്തിക്കുന്നു.

വൈശേഷികദർശനമനുസരിച്ച് ദ്രവ്യം, ഗുണം, കർമ്മം, സാമാന്യം, വിശേഷം, സമവായം എന്നീ ആറു പദാർത്ഥങ്ങളാണ് പ്രപഞ്ചത്തിലുള്ളത്. രൂപരസാദികളാണ് ഗുണങ്ങൾ. ചലനം കർമ്മം. എല്ലാ ഘടങ്ങളിലുമുള്ള ഘടത്വം മുതലായവ സാമാന്യം. പരമാണുക്കളെ പരസ്പരം വ്യാവർത്തിപ്പിക്കുന്നത് ഏതോ അത് വിശേഷം. ദ്രവ്യത്തിനും ഗുണത്തിനും തമ്മിലുള്ള ബന്ധം മുതലായവ സമവായം. ഇവയെല്ലാം ദ്രവ്യാശ്രിതങ്ങളത്രേ. പൃഥിവി, ജലം, തേജസ്സ്, വായു, ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ്സ് എന്ന് ഒമ്പത് ദ്രവ്യങ്ങൾ. ഇവയിൽ പൃഥിവി, ജലം, തേജസ്സ്, വായു എന്നിവ വ്യത്യസ്ത ഗുണങ്ങളുള്ള, പരസ്പരം വ്യത്യസ്തങ്ങളായ പരമാണുക്കളാലുണ്ടാക്കപ്പെട്ടവയാണ്. മനസ്സും ഒരു പ്രത്യേക പരമാണു തന്നെ. ആകാശം, കാലം, ദിക്ക്, ആത്മാവ് എന്നിവ വിഭുക്കളാണ്. അവ എല്ലായിടത്തും വ്യാപിച്ചു നിൽക്കുന്നു. അവയ്ക്ക് അവയവങ്ങൾ (അണുക്കൾ) ഇല്ല. രണ്ടു പരമാണുക്കൾ ചേർന്ന് ദ്വ്യണുകവും രണ്ട് ദ്വ്യണുകങ്ങൾ ചേർന്ന് ത്ര്യണുക (ത്രസരേണു) വുമുണ്ടാകുന്നു. ജന്നൽപ്പഴുതിലൂടെ കടന്നുവരുന്ന സൂര്യപ്രകാശപുഞ്ജത്തിൽ തത്തിക്കളിക്കുന്നതായി കാണപ്പെടുന്നവയത്രേ ത്രസരേണുക്കൾ. ദ്വ്യണുകങ്ങളും പരമാണുക്കളും അദൃശ്യങ്ങളാണ്. പരമാണുവിന്റെ ഗതി ചിത്രീകരിക്കുവാൻ ഈയിടെ നിർമ്മിക്കപ്പെട്ട ക്ലൗഡ് ചേംബർ എന്ന ഉപകരണത്തിന്റെ സങ്കല്പനത്തോട് വളരെ അടുത്ത, പ്രകൃതിസിദ്ധമായ, ഒന്നാണ് വൈശേഷികരുടെ സൂര്യപ്രകാശപുഞ്ജം.



ഏററവും ചെറിയ അണുവും ഏററവും മഹത്തായ ആകാശാദികളും ഗോളാകാരങ്ങൾ—പരിമണ്ഡലങ്ങൾ—ആണ്. പരിമണ്ഡലം നിത്യമത്രേ.[7]

## ബൗദ്ധരുടെ അണുസിദ്ധാന്തം

വൈഭാഷികം, സൗത്രാന്തികം, യോഗാചാരം, മാധ്യമികം എന്ന് നാലു വ്യത്യസ്ത തത്ത്വചിന്താപദ്ധതികൾ ബൗദ്ധദർശനത്തിന്നകത്ത് പഴയ കാലത്തുതന്നെ രൂപംകൊണ്ടു. ഇവയിൽ ആദ്യത്തെ രണ്ടിനെയും പൊതുവെ സർവാസ്തിവാദമെന്നു വിളിക്കുന്നു. സർവാസ്തിവാദികൾ പരമാണുവാദത്തെ അംഗീകരിക്കുന്നവരാണ്. പൃഥിവി, ജലം, തേജസ്സ്, വായു എന്നീ നാലു ദ്രവ്യങ്ങളും പരമാണുനിർമ്മിതങ്ങളത്രേ. എന്നാൽ ഈ പരമാണുക്കൾ നിത്യങ്ങളല്ല; കാരണം, നിത്യമായി ഒന്നുംതന്നെയില്ല. ജലപ്രവാഹത്തിൽ ഒരേ ബിന്ദുവിനെ നാം ഒരിക്കലേ കാണുന്നുള്ളു. എങ്കിലും പ്രവാഹം നിത്യമായി തോന്നുന്നു. ഈ 'പ്രവാഹനിത്യത' മാത്രമേ അണുവിനുമുള്ളു. അണുക്കൾ കൂടിച്ചേർന്ന് സംഘാതങ്ങളുണ്ടാകുന്നു. സംഘാതങ്ങളിൽ മററു ദ്രവ്യങ്ങളുടെയും അണുക്കൾ കലർന്നിരിക്കും; അതിനാൽ ശുദ്ധമായി ഒരു ദ്രവ്യവുമില്ല. ജലാണുക്കളാണ് അവയ്ക്ക് കൂടിച്ചേർന്നിരിക്കാനുള്ള കഴിവു നൽകുന്നത്.

## ഒരു വിലയിരുത്തൽ

''ഭാരതീയരുടെ അണുസിദ്ധാന്തം ഗ്രീക്ക് സ്വാധീനത്തിൽനിന്നു തികച്ചും സ്വതന്ത്രമാണ്; കാരണം ബുദ്ധന്റെ പ്രായമേറിയ സമകാലികനും തന്മൂലം ഡെമോക്രിററസ്സിനേക്കാൾ പ്രാചീനനുമായ പ്രക്രുധകാത്യായനൻ അണുസിദ്ധാന്തിയായിരുന്നു. എല്ലാ അണുക്കളും

7 വൈശേഷികസൂത്രങ്ങൾ, VII, 1, 20. വൈശേഷികരുടെ അണുസിദ്ധാന്തത്തെപ്പററി കൂടുതൽ വിവരങ്ങൾക്ക് കെ. ദാമോദരൻ; ഭാരതീയചിന്ത, പു. 172–184 നോക്കുക.

ഏകരൂപങ്ങൾതന്നെയെന്ന് ജൈനർ വിശ്വസിച്ചു. ഭൂത (പദാർത്ഥ)ങ്ങളുടെ സ്വഭാവത്തിലുണ്ടാകുന്ന വ്യത്യാസങ്ങൾക്കു കാരണം അണുക്കളുടെ വ്യത്യാസമല്ല. അണുക്കൾ കൂടിച്ചേരുന്നതിലെ വ്യത്യാസമാണ്. എന്നാൽ മററു മിക്ക തത്ത്വചിന്താപദ്ധതികളും വിശ്വസിച്ചത് പൃഥിവി, ജലം മുതലായ ഓരോ ദ്രവ്യത്തിൻെറയും അണു പരസ്പരം വ്യത്യസ്തമാണെന്നായിരുന്നു. അണു നിത്യ (അനശ്വര)മാണെന്ന് പൊതുവെ വിശ്വസിക്കപ്പെട്ടു. പക്ഷേ, ചില ബൗദ്ധരുടെ അഭിപ്രായത്തിൽ ഏററവും ചെറിയ സ്ഥലത്തൊതുങ്ങുന്നവ മാത്രമല്ല, ഏററവും ചെറിയ കാലത്തിൽ നിലനിൽക്കുന്നവ കൂടിയായിരുന്നു അണുക്കൾ. ഒരു ക്ഷണത്തിൽ അവ ഉണ്ടായി നശിച്ചു കഴിയും. അടുത്ത ക്ഷണത്തിൽ, ആദ്യത്തെ അണുവിൽ നിന്നുണ്ടായ മറെറാരണു ആയിരിക്കും നിലനിൽക്കുക. അങ്ങനെ ബൗദ്ധരുടെ അണു ഒരളവോളം പ്ലാങ്കിൻെറ ക്വാണ്ടത്തോട് സാമ്യം വഹിക്കുന്നു. അണു നഗ്നദൃഷ്ടിക്ക് അഗോചരമാണെന്നു കരുതപ്പെട്ടു. വൈശേഷികരുടെ അഭിപ്രായത്തിൽ, വലുപ്പം (പരിമാണം) ഇല്ലാത്ത ശൂന്യസ്ഥലത്തിലെ ഒരു ബിന്ദു മാത്രമാണ് ഒററ അണു. ഒററ അണുവിൽ ഗുണങ്ങളില്ല; ഗുണസാധ്യതകളേ ഉള്ളൂ. പല അണുക്കൾ ഒന്നിക്കുമ്പോൾ ഈ ഗുണസാധ്യത ഗുണരൂപത്തിൽ പ്രകടമാകുന്നു. അണുസിദ്ധാന്തത്തെ വിപുലീകരിച്ചത് വൈശേഷികന്മാരാണ്. അതിനാൽ വൈശേഷികദർശനം ഭാരതീയരുടെ പ്രമുഖമായ അണുസിദ്ധാന്തമത്രെ. അതിൻപ്രകാരം, അണുക്കൾ ദ്വ്യണുകങ്ങളായും പിന്നെ ത്ര്യണുകങ്ങൾ (ത്രസരേണുക്കൾ) ആയും സംയോജിച്ച ശേഷമേ പദാർത്ഥങ്ങൾ രൂപംകൊള്ളുന്നുള്ളൂ. തന്മാത്ര (മോളിക്യൂള)കളെ സംബന്ധിച്ച ഈ സിദ്ധാന്തം ബൗദ്ധരും ആജീവികരും വേറൊരു വിധത്തിലാണ് നിർവചിച്ചത്. സാധാരണനിലയിൽ ശുദ്ധമായി, കലർപ്പു കൂടാതെ, ഒരണുവും നിലനില്ക്കുകയില്ലെന്നും, തന്മാത്രകളിൽ അവ പരസ്പരം വിഭിന്നാനുപാതത്തിൽ കലരുന്നുവെന്നും അവർ കരുതി. ഓരോ തന്മാത്രയിലും



നാലു തരത്തിൽപ്പെട്ട ഓരോ അണുവെങ്കിലും ഉണ്ടായേ പററൂ. ഏതു ദ്രവ്യത്തിൻെറ അണു കൂടുതലുണ്ടോ, ആ ദ്രവ്യത്തിൻെറ തന്മാത്രയാണതെന്നു പറയപ്പെടുന്നു. ഒന്നിലധികം ദ്രവ്യത്തിൻെറ ഗുണങ്ങൾ ഒരേ വസ്തുവിൽ കാണുന്നതിന് ഇത് വിശദീകരണം നൽകി. മെഴുക് ഉരുകുകയും കത്തുകയും ചെയ്യുന്നത് അതിൽ ജലാണുക്കളും തേജസ്സിൻെറ അണുക്കളും ഉള്ളതിനാലാണ്. ബൗദ്ധരുടെ അഭിപ്രായത്തിൽ, ജലാണുക്കളാണ് എല്ലാ തന്മാത്രകളെയും സംയോജിപ്പിച്ചു നിർത്തുന്നത്. ഭാരതീയ അണുസിദ്ധാന്തങ്ങൾ പരീക്ഷണങ്ങളിൽനിന്നുളവായവയായിരുന്നില്ല. അന്തർദൃഷ്ടിയും യുക്തിയുമായിരുന്നു അവയ്ക്കാധാരം. അവയ്ക്ക് സാർവത്രികാംഗീകാരവുമുണ്ടായിരുന്നില്ല. അണുക്കളുണ്ടെന്ന് ശങ്കരാചാര്യർ വിശ്വസിച്ചില്ല. അവയുണ്ടെന്ന വാദത്തെ അദ്ദേഹം ശക്തിപൂർവം നിരസിക്കുകയും ചെയ്തു. എങ്കിലും പ്രാചീന ഭാരതത്തിലെ അണുസിദ്ധാന്തങ്ങൾ പ്രപഞ്ചത്തിൻെറ ഭൗതിക സംരചനയുടെ ഉജ്ജ്വലങ്ങളായ വിശദീകരണങ്ങളാകുന്നു. ആധുനിക ഭൗതികത്തിലെ പല സിദ്ധാന്തങ്ങളുമായി അവയ്ക്കുള്ള ആംശികമായ യോജിപ്പ് വെറും ആകസ്മികതയാകാമെങ്കിലും, പ്രാചീന ഭാരതീയരുടെ അണുസിദ്ധാന്തങ്ങൾ ആ ചിന്തകരുടെ ബുദ്ധിശക്തിയേയും ഭാവനയേയും പററി വലിയ മതിപ്പുണ്ടാക്കാൻ പോന്നവയത്രേ.''[8]

---

8. A. L. Basham, Indian Inheritance Vol. III. Bharatiya Vidyabhavan, 1970. P. 6-7.

# കൗടില്യന്റെ അർത്ഥശാസ്ത്രം

അർത്ഥശാസ്ത്രത്തിന്റെ ഈ മലയാള വിവർത്തനം* ആദ്യമായി പ്രസിദ്ധം ചെയ്തത് ഇരുപത്താറുകൊല്ലം മുമ്പാണ്. അന്ന് അച്ചടിച്ച അഞ്ഞൂറു പ്രതികൾ ചെലവായിക്കഴിഞ്ഞിട്ടു കാലം കുറച്ചായി. ഈ വിവർത്തനം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയ കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററിയുടെ പ്രവർത്തനം ഇതിനിടയിൽ നിലച്ചുപോയി. ഇപ്പോൾ കൊച്ചിഭാഷാപരിഷ്കരണക്കമ്മിററി കേരളസാഹിത്യഅക്കാദമിയിൽ ലയിപ്പിച്ചതനുസരിച്ച് അക്കാദമിയിൽനിന്നാണ് ഈ ഗ്രന്ഥം പുനഃപ്രസാധനം ചെയ്യുന്നത്.

തഞ്ചാവൂരിൽനിന്ന് ലഭിച്ച ഒരു ഗ്രന്ഥത്തെ ആസ്പദമാക്കി അർത്ഥശാസ്ത്രത്തിന്റെ ഇംഗ്ലീഷ് വിവർത്തനം ഡോ. ശാമാശാസ്ത്രി 1905—ൽ പ്രസിദ്ധം ചെയ്തു. തുടർന്ന് 1909—ൽ മൂലഗ്രന്ഥവും പ്രകാശിതമായി. അർത്ഥശാസ്ത്രത്തെപ്പററിയുള്ള അന്വേഷണങ്ങളും പഠനങ്ങളും ഇതിനു മുമ്പുതന്നെ ആരംഭിച്ചിരുന്നു. ഇവ ഇന്നും തുടർന്നു വരികയാണ്. 'സംസ്കൃതസാഹിത്യത്തിലാകെ നോക്കിയാൽ ഏററവും അമൂല്യമായ ഗ്രന്ഥം' എന്ന് അർത്ഥശാസ്ത്രം വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രാചീന ഭാരതീയരുടെ രാഷ്ട്രതന്ത്രത്തിലേയ്ക്ക് സർവാംഗീണമായ പ്രകാശം ചൊരിയുന്ന ഇത്തരമൊരു കൃതി വേറെയില്ല. അതിനാൽ അർത്ഥശാസ്ത്രം എന്നും രാഷ്ട്രതന്ത്രവിദ്യാർത്ഥികളുടെ ശ്രദ്ധയെ ആകർഷിക്കാതിരിക്കയില്ല. സ്വന്തമൊരു രാഷ്ട്രതന്ത്രം ഉണ്ടാകേണ്ടിയിരിക്കുന്ന സ്വതന്ത്രഭാരതത്തിൽ ഈ ഗ്രന്ഥത്തിനുള്ള പ്രാധാന്യം സ്പഷ്ടമാകുന്നു. കാരണം, ഇന്ത്യയിൽ രാഷ്ട്രതന്ത്രത്തെപ്പററിയുള്ള ഏത് വിചിന്തനവും അർത്ഥശാസ്ത്രത്തിൽനിന്നാരംഭിക്കേണ്ടിയിരിക്കുന്നു.

* കൗടില്യന്റെ അർത്ഥശാസ്ത്രത്തിന്ന് കെ. വി. എമ്മിന്റെ വിവർത്തനം.



അരനൂററാണ്ടുകാലത്തെ പഠനത്തിനുശേഷവും അർത്ഥശാസ്ത്രം സുഗ്രഹമായ ഒരു ഗ്രന്ഥമല്ല. ഈ പഠനം ആരംഭിച്ചകാലത്ത് ഉന്നയിക്കപ്പെട്ട പല പ്രശ്നങ്ങൾക്കും ഇനിയും തൃപ്തികരമായ സമാധാനം ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പല ഗ്രന്ഥപംക്തികളും ദുരൂഹങ്ങളാണ്. ഗ്രന്ഥകാരന്റെ ശരിയായ പേര്, കാലം, മുതലായവ സംബന്ധിച്ച സംശയങ്ങളും അവശേഷിക്കുകതന്നെ ചെയ്യുന്നു.

ഡോക്ടർ ശാമാശാസ്ത്രിക്കുപുറമെ ഡോ. ജെ. ജോളി, മഹാമഹോപാധ്യായൻ ടി. ഗണപതിശാസ്ത്രികൾ എന്നിവരും അർത്ഥശാസ്ത്രത്തിന്റെ മൂലം പ്രസിദ്ധം ചെയ്തിട്ടുണ്ട്. വ്യാഖ്യാനങ്ങളിൽ ഏററവും പ്രധാനപ്പെട്ടത് പ്രാചീന മലയാളത്തിലുള്ള 'ഭാഷാ കൗടലീയ'മാകുന്നു. കൗടലീയത്തിന്റെ ഒന്നും രണ്ടും അധികരണങ്ങൾ കെ. സാംബശിവശാസ്ത്രിയും മൂന്നാം അധികരണം വി. എ. രാമസ്വാമിശാസ്ത്രിയും പ്രസാധനം ചെയ്ത് തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ആദ്യത്തെ രണ്ട് അധികരണങ്ങളിൽ ഉള്ള തെററുകൾക്ക് കണക്കില്ല. മൂന്നാമത്തെ അധികരണം താരതമ്യേന മെച്ചമാണ്. നാലുമുതൽ ഏഴുൾപ്പെടെയുള്ള അധികരണങ്ങൾ ശ്രീ. കെ. എൻ. എഴുത്തച്ഛൻ വിദഗ്ധമായി പ്രസാധനം ചെയ്ത് മദ്രാസ്സിൽനിന്ന് പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഇതിൽ ഏഴാമധികരണത്തിലെ 113 മുതൽ 117 വരെയുള്ള പ്രകരണങ്ങൾ വിട്ടുപോയിരിക്കുന്നു.

അർത്ഥശാസ്ത്രത്തിന്ന് സംസ്കൃതത്തിലുള്ള വ്യാഖ്യാനങ്ങളിൽ പ്രധാനവും സമഗ്രവും ഗണപതിശാസ്ത്രികളുടെ 'ശ്രീമൂല'മാകുന്നു. ഇതിന്ന് ശാസ്ത്രികൾ മുഖ്യമായും അവലംബിച്ചിട്ടുള്ളത് ഭാഷാകൗടലീയത്തെയത്രേ. കൗടലീയത്തിന്റെ സഹായം ലഭിക്കാത്ത ഭാഗങ്ങളിൽ ശാസ്ത്രികളുടെ വ്യാഖ്യാനം ഒഴുകൻ മട്ടിലായിട്ടുണ്ട്. ഏഴാം അധികരണംമുതൽ പന്ത്രണ്ടാം അധികരണത്തിലെ നാലാം അധ്യായം ഉൾപ്പെടെ മാധവയജ്വാവിന്റെ 'നയചന്ദ്രിക' എന്ന വ്യാഖ്യാനം ശ്രീ. ഉദയരവീരശാസ്ത്രി പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഇതിൽ ഏഴാം അധികരണ

ത്തിലെ പതിനൊന്നാം അധ്യായത്തിന്റെ കുറേഭാഗവും പന്ത്രണ്ടും പതിമൂന്നും പതിനാലും അധ്യായങ്ങളും പതിനഞ്ചാം അധ്യായത്തിന്റെ കുറെ ഭാഗവും വിട്ടുപോയിരിക്കുന്നു. മററു ഭാഗങ്ങളിൽത്തന്നെ ഇടയ്ക്കിടെ വരികൾ വിട്ടുപോകയാലും ആകെ കുഴഞ്ഞുമറിയുകയാലും അർത്ഥം വ്യക്തമാകുന്ന പംക്തികൾ വളരെ ചുരുക്കമാണ്. ഭട്ടസ്വാമിയുടെ 'പ്രതിപദപഞ്ചിക' ഭാഷാകൌടലീയവുമായി അടുത്ത ബന്ധമുള്ള ഒരു പ്രാചീന വ്യാഖ്യാനമാകുന്നു. 'ജയമംഗള', ഭിക്ഷുപ്രഭമതിയുടെ 'ചാണക്യടീക', യോഗ്ഘമന്റെ 'നീതിനിർണ്ണീതി' എന്നിവയാണ് മററു വ്യാഖ്യാനങ്ങൾ. ഇവയിൽ പ്രതിപദപഞ്ചികയുടെ തെററുതീർത്ത ഒരു പുതിയപതിപ്പ് ഉണ്ടാകേണ്ടത് എത്രയും ആവശ്യമാകുന്നു. ജയമംഗള മദ്രാസിലെ കുപ്പുസ്വാമിശാസ്ത്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പ്രസിദ്ധം ചെയ്തിട്ടുണ്ട്. ചാണക്യടീകയും ഇവിടെനിന്ന് പ്രസിദ്ധം ചെയ്തുവരുന്നുണ്ട്. നീതിനിർണ്ണീതിയിൽ ആദ്യത്തെ അധികരണത്തിന്റെ ഏതാനും ഭാഗം മാത്രം ബോംബെയിലെ ഭാരതീയ വിദ്യാഭവനിലെ ജയിൻ ഭണ്ഡാർ ലൈബ്രറിക്കാർ അച്ചടിച്ച് പ്രസിദ്ധീകരണത്തിന് തയ്യാറാക്കിയിട്ടുണ്ട് എന്നറിയുന്നു.

ഈ വ്യാഖ്യാനങ്ങളും ഗവേഷകന്മാരുടെ പഠനങ്ങളും മററു ഭാഷകളിലുള്ള വിവർത്തനങ്ങളും നോക്കി അർത്ഥശാസ്ത്രത്തിന്റെ ശുദ്ധമായ ഒരു പാഠവും വിശദമായ ഒരു വ്യാഖ്യാനവും നിർമ്മിക്കുകയാണ് ഈകാര്യത്തിൽ ഇനി ചെയ്യാനുള്ളത്. നമ്മുടെ ഏതെങ്കിലും സർവകലാശാല ഇതിനായി മുന്നോട്ടുവരുമെന്ന് ഞാൻ ആശിക്കുന്നു. മൂലത്തിലെ പ്രക്ഷിപ്താംശങ്ങൾ വിട്ടും തെററുകൾ തിരുത്തിയും ശുദ്ധമായ പാഠം പ്രസിദ്ധം ചെയ്യുംവരെ അർത്ഥശാസ്ത്രപഠനത്തിൽ കാര്യമായ പുരോഗതി ഇനി ഉണ്ടാകാൻ പ്രയാസമത്രേ.

ശ്രീ കെ. വി. എമ്മിന്റെ ഈ മലയാളവിവർത്തനം മുഖ്യമായും ഗണപതിശാസ്ത്രികളുടെ വ്യാഖ്യാനത്തെ, അവലംബിച്ചുള്ളതാണ്. ശാമശാസ്ത്രിയുടെ



ഇംഗ്ലീഷ് തർജ്ജമയും ഭാഷാകൌടലീയവും അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സംക്ഷിപ്തവും സൂത്രപ്രായവുമായ ഒരു പ്രാചീനഗ്രന്ഥം അങ്ങനെതന്നെ വിവർത്തനം ചെയ്താൽ സാധാരണ വായനക്കാരന് പ്രയോജനമുണ്ടാവാൻ പ്രയാസം. ഡോക്ടർ ജായസ്വാളിന്റെ 'ഹിന്ദുപോളിററി'പോലെ സ്വതന്ത്രമായ ഒരു ഗ്രന്ഥം അർത്ഥശാസ്ത്രത്തെ ആസ്പദമാക്കി എഴുതുന്നപക്ഷം അത് കൂടുതൽ പ്രയോജനപ്പെടും. പക്ഷേ, ധാരാളം സമയവും പാണ്ഡിത്യവുമുള്ള ഒരാൾ ഏറെറടുക്കേണ്ട പ്രവൃത്തിയാണിത്. പഴയ പതിപ്പിന്റെ ഒരു പുനഃപ്രസിദ്ധീകരണത്തിനു മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ. ഭാഷാകൌടലീയവും നയചന്ദ്രികയും ഡോ. ജോളി പ്രസിദ്ധം ചെയ്ത മൂലവുമായി വിവർത്തനത്തെ ഒത്തുനോക്കുകയും പ്രകടമായി കാണപ്പെട്ട തെററുകൾ തിരുത്തുകയും മാത്രമാണ് ഇതിൽ എന്റെ പങ്ക്. വ്യാഖ്യാതാക്കന്മാർക്ക് എടുത്തുപറയത്തക്ക അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതായി കണ്ട സ്ഥലങ്ങളിൽ, അവ അടിക്കുറിപ്പുകളായി ചേർത്തിട്ടുണ്ട്. ആവശ്യമെന്നു തോന്നിയേടത്ത് സാങ്കേതികപദങ്ങൾക്ക് വിശദീകരണങ്ങൾ ബ്രാക്കററുകൾക്കുള്ളിൽ ഗ്രന്ഥത്തിൽത്തന്നെ ചേർത്തിരിക്കുന്നു.

ഇക്കഴിഞ്ഞ കാൽ നൂററാണ്ടിനുള്ളിൽ മലയാളശൈലിയിൽ വന്നുചേർന്നിട്ടുള്ള പരിവർത്തനത്തെ മാനിച്ച് ചില വ്യത്യാസങ്ങളെല്ലാം ഭാഷയിൽ വരുത്തിയിട്ടുണ്ട്.

വ്യാഖ്യാനങ്ങളും മൂലവുമായി വിവർത്തനം ഒത്തുനോക്കേണ്ടിവന്ന എനിക്ക് വിവർത്തകന്റെ പാണ്ഡിത്യത്തിലും സ്ഥിരപ്രയത്നത്തിലും ഉണ്ടായിരുന്ന ബഹുമാനം എത്രയോ ഇരട്ടിച്ചിട്ടുണ്ടെന്നുകൂടി ഈ അവസരത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കൃച്ഛ്റസാധ്യമായ ഒരു പ്രവൃത്തിയാണ് അർത്ഥശാസ്ത്രവിവർത്തനംവഴി ശ്രീ കെ. വി. എം. നിർവഹിച്ചത്. അതും എത്ര അനായാസമായി!

ഭാഷാ കൗടലീയത്തിന്റെ നാലുമുതൽ ഏഴുൾപ്പെടെ അധികരണങ്ങളുടെ പ്രൂഫ് ഷീററുകൾ അയച്ചുതന്നും, ആവശ്യപ്പെട്ട വിവർത്തനങ്ങൾ ശേഖരിച്ചുതന്നും സഹായിച്ച സുഹൃദ്വരിഷ്ഠനായ ശ്രീ കെ. എൻ. എഴുത്തച്ഛനോട് നന്ദി പ്രകടിപ്പിക്കുക മാത്രമേ ഈ അവതാരികയിൽ ഞാൻ ഇനി ചെയ്യേണ്ടതായുള്ളു.

1923—ൽ ഡോക്ടർ പ്രാണനാഥവിദ്യാലങ്കാരന്റേയും 1925—ൽ ശ്രീ ഉദയവീരന്റേയും ഹിന്ദീ തർജ്ജമകൾ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. രണ്ടുപേരും ഡോക്ടർ ശാമശാസ്ത്രിയുടെ വിവർത്തനത്തിലെ ഏതാനും തെററുകൾ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്.

(27 ഏപ്രിൽ 1961)

# ഇന്ത്യയിൽ ബുദ്ധമതത്തിന്റെ ചരിത്രം

ക്രിസ്തുവർഷം 1575—ൽ തിബത്തിൽ പിറന്ന കുൻ—ദ്ഗ്'—സ്ഞിങ്—പോ (Kun—dgo' Snin—po) ഭോട (തിബത്തൻ) ഭാഷയിൽ എഴുതിയതാണ് 'ഇന്ത്യയിൽ ബുദ്ധമതത്തിന്റെ ചരിത്രം.' ഗ്രന്ഥകാരന്റെ പേര് 'ആനന്ദഗർഭൻ' എന്ന സംസ്കൃതപദത്തിന്റെ ഭോടഭാഷാ വിവർത്തനമാകുന്നു. എങ്കിലും 'ലാമാ താരാനാഥൻ' എന്ന പേരിലാണ് അദ്ദേഹത്തിന്നു പ്രസിദ്ധി. ഭോടഭാഷയിലുള്ള ദ്ഗോസ്—ദോദ്—കുൻ—ബ്യുങ് (d gos— dod—kun— byun) എന്ന ഗ്രന്ഥനാമത്തിന്റെ അർത്ഥം 'സർവ്വാഭിലാഷസാധകം' എന്നാണ്. 'കാര്യകാരസർവ്വപ്രവൃത്തിനാമ' എന്ന ഒരു സംസ്കൃതപ്പേരുംകൂടി ഗ്രന്ഥത്തിന്നു നൽകപ്പെട്ടിട്ടുള്ളതിന്റെയും താൽപര്യം മേല്പറഞ്ഞതുതന്നെ. ബുദ്ധമതചരിത്രകീർത്തനം എല്ലാ അഭീഷ്ടങ്ങളും നിറവേററുന്ന ഒന്നാണ് എന്നത്രേ ഈ പേരുകളുടെ സൂചന. കാശ്മീരകവിയായ ക്ഷേമേന്ദ്രന്റെ 'അവദാന കല്പലത'യെ താൻ ആശ്രയിച്ചിട്ടുള്ളതായി താരാനാഥൻ പ്രസ്താവിക്കുന്നുണ്ട്. ക്ഷേമേന്ദ്രകൃതിയുടെ പേരിലെ 'കല്പലത'യായിരിക്കാം ഇത്തരം ഒരു പേർ തന്റെ കൃതിക്കു നൽകുവാൻ താരാനാഥനെ പ്രേരിപ്പിച്ചത്. ഗ്രന്ഥകാരൻ നൽകിയ പേരു് എന്തായാലും, 'ഇന്ത്യയിൽ ബുദ്ധമതത്തിന്റെ ചരിത്രം' എന്ന അർത്ഥത്തിലുള്ള 'ർഗ്യ—ഗർ—ഛോസ്—ബ്യുങ്' (rgya—gar—chos—byun) എന്ന പേരിലാണ് തിബത്തർ ഈ ഗ്രന്ഥത്തെ സാധാരണയായി കുറിച്ചുവരുന്നത്. ക്രിസ്തുവർഷം 1608—ൽ, ഗ്രന്ഥകാരന്റെ മുപ്പത്തിനാലാം വയസ്സിൽ ഈ പുസ്തകത്തിന്റെ രചന പൂർത്തിയായി.

പതിനാലാം നൂററാണ്ടിന്റെ ആദ്യാർദ്ധത്തിൽ ജോ—നങ് (Jo—nan) എന്ന സ്ഥലത്തുണ്ടായിരുന്ന ചൈത്യവും

മതവിദ്യാലയവും കേന്ദ്രമാക്കി ഫ്യോഗ്‌സ്-ലസ്-ർണം-ർഗ്യൽ (Phyogs—Las-rnam—rgyal) എന്ന ഒരാൾ സ്ഥാപിച്ച ജോ-നങ്-പ (Jo—nan—pa) എന്ന ബുദ്ധമത വിഭാഗത്തിൽ ചേർന്ന ഒരു ലാമയായിരുന്നു താരാനാഥൻ. കാലചക്രതന്ത്രം എന്ന താന്ത്രികസാധനയായിരുന്നുവത്രേ ഈ മതവിഭാഗത്തിന്റെ മുഖ്യ സവിശേഷത. ഈ തന്ത്രത്തെപ്പററിയും മററും പല ഗ്രന്ഥങ്ങളും താരാനാഥൻ രചിച്ചിട്ടുണ്ട്. മരത്തിൽ പേജിന്റെ നെഗററീവ് കൊത്തിയെടുത്ത്, ഈ ബ്ലോക്ക് ഉപയോഗിച്ച് അച്ചടി നിർവ്വഹിക്കുന്ന ഒരു അച്ചുകൂടം താരാനാഥന്റെ മതവിദ്യാലയത്തിലുണ്ടായിരുന്നു. ഇവിടെനിന്ന് താരാനാഥന്റെ കൃതികൾ മരപ്പതിപ്പ് (ക്സൈലോഗ്രാഫ്) ആയി അച്ചടിച്ച്, താളിയോല ഗ്രന്ഥങ്ങൾപോലെ മരച്ചട്ടങ്ങൾക്കിടക്ക് അടക്കിക്കെട്ടി പതിനാറു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിരുന്നു. താരാനാഥന്റെ ആത്മകഥകൂടി ഈ കൂട്ടത്തിൽ പെടുന്നു. പക്ഷെ ഇതിന്റെ തർജ്ജമ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല.

പതിനേഴാം നൂററാണ്ടിന്റെ ആരംഭത്തിൽ അഞ്ചാം ദലായ്‌ലാമ രാഷ്ട്രീയകാരണങ്ങളാൽ ജോ-നങ്-പ വിഭാഗത്തെ അടിച്ചമർത്തിയപ്പോൾ ജോ-നങ് മതവിദ്യാലയത്തിൽ സൂക്ഷിച്ചിരുന്ന മരബ്ലോക്കുകൾ മിക്കവാറും നശിച്ചു. ഇതോടെ താരാനാഥന്റെ കൃതികൾ തിബത്തിൽ ദുഷ്പ്രചാരങ്ങളായി. ഇരുനൂറു വർഷങ്ങൾക്കുശേഷം 1946-ൽ ദലായ്‌ലാമയുടെ ആസ്ഥാനമായ ല്ഹാസയിലെ പോതല (Potala)യിൽനിന്ന് 'ഇന്ത്യയിലെ ബുദ്ധമതത്തിന്റെ ചരിത്രം' മരപ്പതിപ്പ് ആയി വീണ്ടും പ്രസിദ്ധം ചെയ്യപ്പെട്ടു. ഇതിന് 1963-ൽ വാരാണസിയിൽ നിന്ന് ലെറാർ പ്രസ്സിൽ അച്ചടിച്ച ഒരു പുനഃപ്രസാധനം ഉണ്ടായി.

റഷ്യയിലെ കസാൻ സർവ്വകലാശാലയിൽ പ്രഫസ്സർ ആയിരുന്ന ഒ. എം. കോവലേവ്‌സ്കി (O. M. Kovalevsky) യോട് ക്രിസ്തുവർഷം 1835—ൽ ലാമ നികിതുയേവ് (Lama Nikituyev) എന്ന ഒരാൾ ഈ ഗ്രന്ഥത്തെപ്പററി



പ്രസ്താവിച്ചു. റഷ്യയുടെ ഒരു ഭാഗമായ കാൽമുക് സ്റ്റെപ് പ്രദേശത്തുനിന്ന് അതിന്റെ ഒരു പ്രതി പ്രഫസ്സർ കോവലേവ്‌സ്കി സമ്പാദിച്ചു. ഭോടഭാഷ നല്ലപോലെ വശമില്ലാതിരുന്ന പ്രഫസ്സർക്കുവേണ്ടി ലാമ നികിതുയേവ് ഈ പുസ്തകം മംഗോൾ ഭാഷയിൽ വിവർത്തനം ചെയ്തു. എങ്കിലും കോവലേവ്‌സ്കി അത് പ്രസിദ്ധം ചെയ്തില്ല. കോവലേവ്‌സ്കിയുടെ ശിഷ്യനായിരുന്ന വി. പി. വാസിലേവ് (V. P. Vasilev) 1840-ൽ പീക്കിങ്ങിൽവെച്ച് ഈ ഗ്രന്ഥത്തിന്റെ മറെറാരു തിബത്തൻ പ്രതി സമ്പാദിച്ചു. പീക്കിങ്ങിൽ പത്തുവർഷം താമസിച്ചതിന്നിടക്ക് ചൈനീസിലും ഭോടഭാഷയിലുമുള്ള പുസ്തകങ്ങളെ ആസ്പദമാക്കി വാസിലേവ് ബുദ്ധമതത്തെപ്പററി ഒരു നിഷ്കൃഷ്ടപഠനം നടത്തി. അക്കൂട്ടത്തിൽ താരാനാഥന്റെ കൃതി റഷ്യൻ ഭാഷയിലേക്കു പരിഭാഷപ്പെടുത്തുകയുംചെയ്തു. ജർമ്മൻകാരനായ എ. ഷീഫ്നറുടെ (A. Schiefner) പ്രയത്നഫലമായി താരാനാഥന്റെ ഗ്രന്ഥത്തിന്റെ ഭോടഭാഷയിലുള്ള മൂലം 1868-ലും അതിന്ന് വാസിലേവ് എഴുതിയ റഷ്യൻ പരിഭാഷയും ഷീഫ്നർ തയ്യാറാക്കിയ ജർമ്മൻ പരിഭാഷയും 1869-ലും സെൻറ് പീറേറഴ്സ് ബർഗിൽ (ഇപ്പോഴത്തെ ലെനിൻ ഗ്രാഡിൽ) നിന്ന് പ്രസിദ്ധപ്പെടുത്തി.

1946—ൽ പോതലയിൽനിന്ന് പ്രസിദ്ധം ചെയ്ത മരപ്പതിപ്പിനെയും 1868-ൽ സെൻറ്പീറേറഴ്സ്ബർഗിൽനിന്ന് ഇറക്കിയ ലൊറാർ പ്രസ്സ് പതിപ്പിനെയും ആധാരമാക്കി വിശ്വഭാരതി സർവ്വകലാശാലയിലെ പ്രൊഫസർ ലാമ ചിമ്പ (Lama Chimpa), കൽക്കത്തയിലെ വിദ്യാസാഗർ വനിതാ കോളേജിലെ ഡോക്ടർ അളക ചട്ടോപാധ്യായ എന്നിവർ തയ്യാറാക്കിയ ഇംഗ്ലീഷ് ഭാഷാ വിവർത്തനം സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിയിൽനിന്ന് 1970—ൽ ഡോക്ടർ ദേവപ്രസാദ് ചട്ടോപാധ്യായ പ്രസാധനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.[1] ഭാരതീയ സംസ്കാര—ചരിത്ര—പഠന

1. Taranatha's History of Buddhism in India, Simla—1970 Rs. 60.00

ത്തിന്ന് അമൂല്യമായ സംഭാവനകൾ നൽകുന്ന ഈ ഗ്രന്ഥം അങ്ങനെ ഇന്ന് നമുക്ക് സുലഭമായിരിക്കുന്നു.

നാല്പത്തിനാല് അധ്യായങ്ങളുള്ള ഈ കൃതിയിൽ ബുദ്ധസമകാലികനായിരുന്ന അജാതശത്രുവിന്റെ കാലം മുതൽ പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുർക്കികളുടെ ആക്രമണത്തിന്നു മുമ്പിൽ വിക്രമശിലയിലെയും ഓദന്തപുരിയിലെയും ബൗദ്ധവിശ്വ വിദ്യാലയങ്ങൾ തകർന്നു വീഴുന്നതുവരെയുള്ള പത്തൊമ്പതു നൂറ്റാണ്ടുകളിലെ ബുദ്ധമതത്തിന്റെ ചരിത്രമാണ് പ്രതിപാദിക്കാൻ ഉദ്ദിഷ്ടം. പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിബത്തിൽ ജീവിച്ചിരുന്ന ഒരു ലാമയിൽനിന്നു പ്രതീക്ഷിക്കാവുന്നത്ര ചരിത്രബോധമേ താരാനാഥനിൽ നാം അന്വേഷിക്കേണ്ടതുള്ളു. എങ്കിലും കെട്ടുകഥകളുടെയും അന്ധവിശ്വാസങ്ങളുടെയും ഇടയിൽ, ഡോ. ദേവിപ്രസാദ് ചട്ടോപാധ്യായ പറയുംപോലെ, അന്യത്ര അലഭ്യമായ ഒട്ടേറെ ചരിത്രവിവരങ്ങളും രസകരങ്ങളായ ഭാരതീയ ജനകഥകളും ഈ ഗ്രന്ഥത്തിൽനിന്നു നമുക്കു ലഭിക്കുന്നു. പ്രത്യേകിച്ചും യുവാൻ ചുവാങ്ങിന്റെ കാലത്തിനു ശേഷമുള്ള ഏതാനും നൂറ്റാണ്ടുകളിലെ ബുദ്ധമതത്തിന്റെയും ഉത്തരാപഥത്തിന്റെയും ചരിത്രത്തിലേയ്ക്കു പ്രകാശം ചൊരിയുന്ന ഏക ഗ്രന്ഥം താരാനാഥന്റേതാകുന്നു. ചരിത്രസംഭവങ്ങളുടെ അനുക്രമമായ വിവരണം ഇല്ലെങ്കിൽകൂടി ചരിത്രത്തിന്റെ പുനർനിർമ്മാണത്തിന്നാവശ്യമായ ഒട്ടേറെ വസ്തുതകൾ ഈ ഗ്രന്ഥത്തിൽനിന്നു ചികഞ്ഞെടുക്കാൻ കഴിയും. ഇക്കാരണത്താൽ ഭാരതീയവിദ്യാവിത്തുകളുടെ അഗാധ പഠനത്തിന്ന് ഇന്ന് ഈ ഗ്രന്ഥം വിഷയമായിത്തീർന്നിട്ടുണ്ട്.

ഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കാൻവേണ്ടി ഡോ. ചട്ടോപാധ്യായയുടെ ഏതാനും വരികൾ ഉദ്ധരിക്കട്ടെ. ഡോ. ചട്ടോപാധ്യായ അവതാരികയിൽ എഴുതുന്നു: ''ബുദ്ധമതം ഇന്ത്യയിൽ ക്ഷയിക്കുന്നതിനും അപ്രത്യക്ഷമാവുന്നതിനുമുണ്ടായ കാരണങ്ങളെപ്പററി വ്യക്തമായ സൂചനകൾ തന്റേതായ രീതിയിൽ താരാനാഥൻ നൽകിയിട്ടുണ്ട്. ഏതു വിശ്വാസങ്ങളേയും ആചാരങ്ങളേയും



നേരിട്ടു നിരസിക്കുന്നതിനാണോ ബുദ്ധൻ തന്റെ മൗലിക തത്വസംഹിത പ്രചരിപ്പിച്ചത്, അതേ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും പിൽക്കാലബുദ്ധമതം മിക്കവാറും പൂർണ്ണമായി കീഴടങ്ങിയത് താരാനാഥൻ വിശദമായി വർണ്ണിക്കുന്നു. നമുക്ക് അറിയാവുന്നിടത്തോളം ബുദ്ധന്റെ തത്വസംഹിത ദുഃഖത്തേയും ദുഃഖമോചനത്തെയും പററിയുള്ളതായിരുന്നു. ഷ്ചെർബാത്സ്കി പറയുംപോലെ, അതൊരു മതമെന്നു പറയുക പ്രയാസം. ഒരു 'മാർഗ'ത്തെ ഉപദേശിക്കുന്ന അതിന്റെ കൂടുതൽ മതപരമായ വശം തികച്ചും മനുഷ്യോചിതമായിരുന്നു. സ്വന്തം പ്രയത്നങ്ങളിലൂടെ നൈതികവും ബൗദ്ധികവുമായ പൂർണ്ണതനേടി മനുഷ്യൻ നിർവ്വാണം പ്രാപിക്കണമെന്നതാണ് അതിന്റെ സന്ദേശം. ആദ്യകാല ബുദ്ധമതത്തിൽ ആരാധനക്ക് വലിയ സ്ഥാനമൊന്നുമുണ്ടായിരുന്നില്ല. കുടുംബമോ സ്വത്തോ ഇല്ലാത്തവരും, സ്വന്തം പാപങ്ങൾ പരസ്യമായി ഏററുപറയാൻ മാസത്തിൽ രണ്ടുതവണ ഒന്നിച്ചുകൂടുന്നവരും, തപസ്സിലും ധ്യാനത്തിലും ദാർശനികചർച്ചകളിലും മുഴുകിയവരുമായ വീതരാഗന്മാർ അടങ്ങിയതായിരുന്നു ധർമ്മസംഘം. ഈശ്വരനേയോ ഒരു കൂട്ടം ദേവതകളേയോ പൂജിക്കുകയും അവക്ക് ബലി അർപ്പിക്കുകയും മാന്ത്രികച്ചടങ്ങുകളിലൂടെ അവരുടെമേൽ നിർബന്ധം ചെലുത്തുകയും ചെയ്യുന്നതിന്റെ നൈഷ്ഫല്യം മനസ്സിലാക്കിയതുമൂലമാണ് ബുദ്ധൻ പ്രഭാഷണങ്ങൾ ആരംഭിച്ചത്. ബുദ്ധനെ സംബന്ധിച്ചിടത്തോളം ഈ വിശ്വാസങ്ങളും ആചാരങ്ങളും തീർത്ഥിക (മതബാഹ്യ) രുടേതായിരുന്നു. താരാനാഥനെ വിശ്വസിക്കാമെങ്കിൽ, പിൽക്കാലബുദ്ധമതം ഇതേ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും കീഴടങ്ങുകയും 'ബഹുജനഹിന്ദുമത'ത്തിൽനിന്നു വേർതിരിച്ചറിയാനാവാത്ത ഒന്നായിത്തീരുകയുംചെയ്തു. ബഹുജനങ്ങൾ ആദരിച്ചിരുന്ന പല തരത്തിൽപെട്ട ഒട്ടുവളരെ ദേവന്മാരുടേയും ദേവിമാരുടെയും ആചാരബഹുലമായ ആരാധനയായി അതു പരിണമിച്ചു. ഈ ദേവന്മാരിൽ പലർക്കും പുതിയ പേരുകൾ നൽകപ്പെട്ടു; ചിലരുടെ കാര്യത്തിൽ

അതുപോലും വേണമെന്നു തോന്നിയില്ല. ഏതിനോടെല്ലാം തന്റെ വെറുപ്പ് ബുദ്ധൻ നിസ്സന്ദേഹം പ്രകടിപ്പിച്ചുവോ, ആ ആചാരാനുഷ്ഠാനങ്ങൾ മുഴുവൻ പിൽക്കാല ബുദ്ധമതത്തിൽ സ്ഥലം പിടിച്ചു. ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട അവസാനത്തെ ബുദ്ധമതമഹാകേന്ദ്രമായ വിക്രമശില വിഹാരത്തിൽ ഒരു ബലി–ആചാര്യനും ഒരു ഹോമ–ആചാര്യനും ഉണ്ടായിരുന്നു! അനേകവർഷം നീണ്ടുനിന്ന ഒരു ഹോമം ചെയ്യാൻ ധർമ്മപാലനെന്ന രാജാവിനെ ബുദ്ധജ്ഞാനപാദൻ എന്ന ആചാര്യൻ പ്രേരിപ്പിച്ചതായി താരാനാഥൻ പറയുന്നു. ഈ ഹോമം നടന്ന കാലത്ത് ഒമ്പതുലക്ഷത്തിരണ്ടായിരം തോല വെള്ളി രാജാവ് ചെലവഴിച്ചു. അദ്ദേഹത്തിന്റെ വംശം നീണാൾ നിലനില്ക്കാനായിരുന്നു ഇതൊക്കെ. ബുദ്ധമതം ഇത്തരമൊരു വിചിത്രരൂപം കൈക്കൊണ്ട കാലത്ത് അതിന്റെ സ്ഥാപകനായ മനുഷ്യന്റെ ഓർമ്മ, അദ്ദേഹത്തിന്റെ മനുഷ്യോചിതങ്ങളായ ഉപദേശങ്ങളുടെ അവശിഷ്ടങ്ങൾപോലും, ബുദ്ധമതക്കാർക്ക് നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു എന്ന് വ്യക്തം. ചുരുക്കത്തിൽ, ബൗദ്ധതത്വസംഹിത അതിന്റെ നേർവിപരീതരൂപം അവലംബിച്ചു. വ്യത്യസ്തമായ ഒരു മതമായി നില്ക്കാനുള്ള ആഭ്യന്തര ന്യായീകരണം ഇല്ലാതായപ്പോൾ സുശക്തരായ ഏതാനും സംരക്ഷകരുടെ താത്പര്യം മാത്രമായി അതിന്ന് അവലംബം. ഈ സംരക്ഷകരിൽ അന്തിമരായിരുന്നു പാല രാജാക്കന്മാർ. അവരുടെ താങ്ങ് പിൻവലിക്കപ്പെടുകയോ തകരുകയോ ചെയ്തപ്പോൾ, ഒരു മതമെന്ന നിലയിൽ ബുദ്ധമതത്തിന്നു തകർന്നുവീഴേണ്ടിവന്നു.''

ഈ സന്ദർഭത്തിൽ ഒരു സംഗതി പ്രസ്താവയോഗ്യമായി തോന്നുന്നു. കേരളത്തിലെ കൊടുങ്ങല്ലൂർ ക്ഷേത്രം ബൗദ്ധകേന്ദ്രമായിരുന്നു എന്നു ഒരു വിശ്വാസമുണ്ടല്ലോ. ഈ കേന്ദ്രത്തിൽനിന്ന് ബൗദ്ധഭിക്ഷുണിമാരെ ആട്ടിപ്പായിക്കാൻവേണ്ടി ഹിന്ദുക്കൾ തുടങ്ങിവെച്ച ദുരാചാരങ്ങളാണ് കൊടുങ്ങല്ലൂർ ഭരണിയുടെ കോഴിവെട്ടും തെറിപ്പാട്ടുമെന്ന് ചിലർ ഗൗരവപൂർവ്വം രേഖപ്പെടുത്തിയിട്ടുണ്ട്. വാസ്തവം നേരെ മറിച്ചാവാനാണ് വഴി. അതായത്,



കോഴിവെട്ടും തെറിപ്പാട്ടും പിൽക്കാലബുദ്ധമതത്തിലെ ആചാരങ്ങളായിരിക്കണം. ബൗദ്ധകേന്ദ്രം ഹിന്ദുക്ഷേത്രമായതിന്നുശേഷവും അവ തുടർന്നുവരുന്നതാവണം. വിക്രമശിലവിഹാരത്തിലെ 'ബലി–ആചാര്യ'നെപ്പററി മുമ്പു പറഞ്ഞതിൽനിന്നു പിൽക്കാല ബുദ്ധമതത്തിൽ മൃഗബലിക്കുണ്ടായിരുന്ന സ്ഥാനത്തെപ്പററി ഊഹിക്കാം. പിൽക്കാല ബൗദ്ധതന്ത്രങ്ങളിൽ, സാധകർക്കുമാത്രം ഉപദേശിക്കാവുന്ന രഹസ്യങ്ങൾ അന്യർക്ക് മനസ്സിലാകാത്തവിധത്തിൽ പ്രതിപാദിക്കുന്നതിന്നായി 'സന്ധാഭാഷ' എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു തരം ഗൂഢഭാഷ ഉപയോഗിച്ചിരുന്നു.

'മാതൃയോനൗ ലിംഗം ക്ഷിപ്ത്വാ
ഭഗിനീസ്തനമർദ്ദനം
ഗുരുമൂർധ്നി പദം ദത്വാ
പുനർജന്മ ന വിദ്യതേ'

എന്നതു 'മഹാനിർവ്വാണതന്ത്ര'ത്തിന്നു തക്കാലങ്കാരൻ എഴുതിയ വ്യാഖ്യാനത്തിലുള്ളതാണ്. കുണ്ഡലിനീയോഗത്തിലെ മൂലാധാരം, അനാഹതാജ്ഞാചക്രങ്ങൾ, സഹസ്രാരം എന്നിവയാണ് ഇതിലെ മാതൃയോനിയും ഭഗിനീസ്തനങ്ങളും ഗുരുമൂർധാവും. 'ലിംഗം' മനസ്സിനെ കുറിക്കുന്നു. ഇതുപോലെ അശ്ലീലപദങ്ങൾകൊണ്ട് നിഗൂഢവിശുദ്ധ വസ്തുക്കളും പൂജാദ്യോതകപദങ്ങൾകൊണ്ട് അശ്ലീലാർത്ഥങ്ങളും (ഉദാ: ശുക്ലം എന്നതിന്നു പകരം ബോധിചിത്തം എന്ന പദം) പ്രതിപാദിക്കുക സന്ധാഭാഷയുടെസ്വഭാവമാണ്. താന്ത്രിക സിദ്ധന്മാരായ ബൗദ്ധയോഗികൾ സ്വകൃതികളിൽ ഇത്തരം ഭാഷ ധാരാളമായി ഉപയോഗിച്ചുവന്നു. ഭരണിപ്പാട്ടുകളുടെ മൂലം ഇത്തരം സിദ്ധഗീതങ്ങളായിരിക്കണം.

സദാചാരപ്രധാനമായ ഹീനയാനബുദ്ധമതം, ആരാധനാപ്രധാനമായ മഹായാനവും സാധനാപ്രധാനമായ വജ്ര (മന്ത്ര) യാനവും ലൈംഗികപ്രതീകങ്ങളുപയോഗിക്കുന്ന ശക്തിതന്ത്രവുമൊക്കെയായി മാറുന്നതു് താരാനാഥന്റെ ചരിത്രത്തിൽ നമുക്കു കാണാം. മന്ത്രം, തന്ത്രം, വാമാചാരം മുതലായവ ഹിന്ദുമതത്തിൽ

നിന്നു ക്രമേണ ബുദ്ധമതത്തിൽ പ്രവേശിച്ചുവെന്നായിരുന്നു പഴയ പണ്ഡിതന്മാരുടെ അഭിപ്രായം. ഇതിന്നു വിപരീതമായി, ഇവയെല്ലാം ബുദ്ധമതത്തിൽനിന്നു പിൽക്കാലഹിന്ദുമതത്തിലേയ്ക്കു് പകരുകയാണുണ്ടായതെന്നു വിശ്വസിക്കുന്ന പണ്ഡിതന്മാർ ഇന്നു കുറവല്ല. തിബത്തൻ ബുദ്ധമതത്തിലെ ആചാരങ്ങളും മിഥുനപ്രതിമകളും മററുമായുണ്ടായ പരിചയമാണു് ഇത്തരമൊരു ധാരണാമാററത്തിന്നു കാരണം. അതെങ്ങനെയായാലും, ഇന്ത്യയിലെ മൂന്നു ദേശീയമതങ്ങളും—ബൗദ്ധ ജൈന ഹിന്ദുമതങ്ങൾ—ഒരു പോലെ, ഏറെക്കുറെ ഒരേ കാലത്തു് ശക്തമായ താന്ത്രികസ്വാധീനത്തിന്നു വിധേയങ്ങളാവുകയുണ്ടായി. നിഗൂഢസാധനകളിലൂടെ വ്യക്തിപരമായ സിദ്ധികൾ നേടുക മൂന്നു മതങ്ങളുടേയും മുഖ്യലക്ഷ്യമായിത്തീർന്നു; ശക്തിവാദം ഇതിന്റെയെല്ലാം അടിസ്ഥാനവും.

മഹായാനമതത്തിന്റെ രൗദ്രമായ രൂപത്തെപ്പററി വ്യക്തമായ ഒരു ചരിത്രം തിബത്തിലെ ഒരു റാണിയും ബുദ്ധമതത്തിന്നെതിരെ തദ്ദേശീയമായ 'ബോൺ' മതത്തെ അനുകൂലിച്ചിരുന്നവളുമായ 'ത്സേ സ്പോൺ ബ്സാ' (Tse spon bza) നൽകിയിട്ടുണ്ടു്. റാണി പറയുന്നു:

''അവർ (ബുദ്ധമതക്കാർ) 'കപാലം' എന്നു വിളിക്കുന്നതു് ഒരു ചട്ടത്തിൽ ഉറപ്പിച്ച മനുഷ്യന്റെ തലയോടു് ആണു്. അവർ 'ബസ്സടം' എന്നു വിളിക്കുന്നതു് പരത്തിവച്ച കുടൽമാലയാണു്. അവർ 'കാഹള'മെന്നു വിളിക്കുന്നതു് ഒരു മനുഷ്യാസ്ഥിയാണു്. അവർ 'മഹാക്ഷേത്രതീർത്ഥം' എന്നു് വിളിക്കുന്നതു് നിലത്തു വിരിച്ച മനുഷ്യചർമ്മം ആണു്. അവർ 'രക്തം' എന്നു് വിളിക്കുന്നതു് ഹോമവേദിയിൽ തളിച്ച ചോരയാണു്. അവർ 'മണ്ഡലം' (കളം) എന്നു വിളിക്കുന്നതു് വെട്ടിത്തിളങ്ങുന്ന നിറങ്ങൾ മാത്രമാണു്. അവർ 'നർത്തകർ' എന്നു വിളിക്കുന്നതു് അസ്ഥിമാലകളണിഞ്ഞ മനുഷ്യരാണു്. ഇതു് 'ധർമ്മം' അല്ല. ഇന്ത്യ തിബത്തിനെ പഠിപ്പിച്ച തിന്മയാണു് ഇതു്.'[2]

2 Tantric Tradition എന്ന പുസ്തകത്തിൽ അഗേഹാനന്ദഭാരതി ഉദ്ധരിച്ചതു്.



അനുപമകൃപാനിധിയും അഖിലബാന്ധവനുമായ ശാക്യജിനദേവൻ ഉപദേശിച്ച ധർമ്മത്തിന്റെ പശ്ചാൽ കാല വിശ്വരൂപമാണു് നാം കണ്ടതു്!

ബുദ്ധമതത്തിന്റെ വേരു് ഇന്ത്യയിൽനിന്നു പറിഞ്ഞുപോയതിനു മറെറാരു കാരണം ബുദ്ധഭിക്ഷുക്കൾ ഹിന്ദുക്കൾക്കെതിരായി വിദേശീയാക്രമണകാരികളുടെ ഭാഗത്തു ചേർന്നതാണെന്ന സൂചനയും താരാനാഥൻ തരുന്നുണ്ടു്. ഗ്രന്ഥത്തിന്റെ അവസാനഭാഗത്തു് താരാനാഥൻ എഴുതുന്നു: ''പിന്നീടു് 'ചന്ദ്രൻ' എന്നു പേരായ തുരുഷ്കരാജാവു് ഗംഗായമുനകളുടെ മധ്യത്തിലുള്ള അന്തർവേദിപ്രദേശത്തെത്തി. ഈ രാജാവിന്റെ ദൂതന്മാരായി ചില ബൗദ്ധഭിക്ഷുക്കൾ പ്രവർത്തിച്ചു. ഇതിൻഫലമായി ബംഗാളിലെയും മററു സ്ഥലങ്ങളിലെയും ചെറുതുരുഷ്കഭരണാധികാരികൾ യോജിക്കുകയും മഗധം മുഴുവൻ കീഴടക്കുകയും ഓദന്തപുരിയിലെ ഒട്ടധികം ഭിക്ഷുക്കളെ കൊല്ലുകയും ചെയ്തു. അവർ ഓദന്തപുരിയും വിക്രമശിലയും നശിപ്പിച്ചു. പേഴ്സ്യക്കാർ അവസാനം ഓദന്തപുരിയുടെ നഷ്ടാവശിഷ്ടങ്ങളിൽ ഒരു കോട്ട പണിതു.''[3] ഇതിനെത്തുടർന്നു് അവശേഷിച്ച ബൗദ്ധപണ്ഡിതന്മാർ ഇന്ത്യയുടെ വിദൂരപ്രദേശങ്ങളിലേയ്ക്കും തിബത്ത്, നേപ്പാൾ, ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്കും ഓടി രക്ഷപ്പെട്ടു. ''ജനങ്ങളുടെ കർമ്മം അലംഘ്യമാകയാൽ ഇതൊന്നും തടുക്കാൻ കഴിഞ്ഞില്ല'' എന്നു് താരാനാഥൻ സമാധാനിക്കുന്നു.

താരാനാഥൻ പരാമർശിക്കുന്ന 'ചന്ദ്രൻ' എന്ന തുരുഷ്കരാജാവു് ഷിഹാബുദ്ദീൻ മുഹമ്മദ് ഘോറിയോ കുത്തുബുദ്ദീൻ ഐബക്കോ ആവാം. ഷിഹാബു് എന്നാൽ നക്ഷത്രം; കുത്തുബു് എന്നാൽ ധ്രുവനക്ഷത്രം. ഈ പേരുകളിലൊന്നിനെയാവാം 'ചന്ദ്രൻ' എന്ന പദംകൊണ്ടു് താരാനാഥൻ കുറിക്കുന്നതു്. യഥാർത്ഥത്തിൽ ഓദന്തപുരിയും വിക്രമശിലയും നശിപ്പിച്ചതു് മുഹമ്മദ് ഘോറിയുടെ കീഴുദ്യോഗസ്ഥനായ ബക്തിയാർ ഖൽജിയായിരുന്നു. ക്രിസ്തു

3 History of Buddhism in India, Page 319

വർഷം 1203-ന് അടുത്താണ് ഈ സർവ്വകലാശാലകൾ ധ്വംസിക്കപ്പെട്ടത്. ഓദന്തപുരിയിലെ നിവാസികളിൽ ഭൂരിപക്ഷവും തല മുണ്ഡനം ചെയ്ത ബൗദ്ധഭിക്ഷുക്കളായിരുന്നു. ആക്രമണകാരികൾ അവരെ ബ്രാഹ്മണരെന്നും ഓദന്തപുരീവിഹാരത്തെ ഒരു കോട്ടയെന്നും തെററിദ്ധരിച്ചു. ഭിക്ഷുക്കളെ മുഴുവൻ അവർ കൊന്നു. തകർന്ന വിഹാരത്തിന്റെ ഉള്ളിൽ ഗ്രന്ഥങ്ങൾ കണ്ടപ്പോൾ മാത്രമേ സന്ന്യാസിമഠങ്ങളും ഗ്രന്ഥശാലകളുമാണ് തങ്ങൾ നശിപ്പിച്ചതെന്ന് അവർക്കു മനസ്സിലായുള്ളുവത്രേ.

ലക്ഷ്മണസേനൻ എന്ന രാജാവാണ് ഇക്കാലത്തു ബംഗാൾ ഭരിച്ചിരുന്നത്. ചെറുതുരുഷ്കഭരണാധികാരികളെപ്പററിയുള്ള താരാനാഥന്റെ പരാമർശത്തിൽനിന്ന്, ഈ പ്രദേശങ്ങളിൽ പണ്ടേ പാർപ്പുറപ്പിച്ചിരുന്ന അറബി-പേഴ്സ്യൻ (താജിക്) കച്ചവടക്കാരുടെ വസ്തുവകകൾ ഒററയ്ക്കും തെററയ്ക്കും വന്നെത്തിയ തുർക്കി സാഹസികന്മാർ മുമ്പുതന്നെ കയ്യടക്കിയിരുന്നതായും, സേനരാജാക്കന്മാർ സ്വന്തമായ കാരണങ്ങളാൽ ഇവരെ അനുകൂലിച്ചിരുന്നതായും ഊഹിക്കാം. ബഖതിയാർ ഖൽജി ആക്രമിച്ചപ്പോൾ ഈ സാഹസികന്മാർ ലക്ഷ്മണസേനനെ വിട്ട് ഖൽജിയോട് ചേർന്നിരിക്കാം. തുരുഷ്കരാജാവിന്റെ ദൂതന്മാരായി പ്രവർത്തിച്ച ബൗദ്ധഭിക്ഷുക്കളെപ്പററി താരാനാഥൻ പറയുന്നുണ്ടല്ലോ. സേനരാജാക്കന്മാർ ബൗദ്ധന്മാർക്കെതിരെ പുനരുത്ഥിതഹിന്ദുമതത്തേയും അറബി-പേഴ്സ്യൻ-തുർക്കികളുടെ ഇസ്ലാമിനേയും പ്രോത്സാഹിപ്പിച്ചിരുന്നു. സേനന്മാർക്കെതിരായി പ്രബലനായ ഒരു 'മിത്രത്തെ (ശത്രുവിന്റെ ശത്രു മിത്രമാണല്ലോ!) സഹായിക്കുകയാവാം ബൗദ്ധഭിക്ഷുക്കൾ ചെയ്തത്; അങ്ങനെ ഇന്ത്യയിൽ ബുദ്ധമതത്തിന്റെ ശവക്കുഴി തോണ്ടുകയും!

താരാനാഥന്റെ കൃതിയുടെ വിഷയം, പക്ഷേ, ഇതൊന്നുമല്ല. ബുദ്ധമതത്തോടനുബന്ധിച്ച് പ്രസിദ്ധരും അപ്രസിദ്ധരുമായ എത്രയോ പണ്ഡിതന്മാരേയും അവരുടെ കൃതികളെയും സംബന്ധിച്ച് അമൂല്യങ്ങളും അന്യത്ര അലഭ്യങ്ങളുമായ വിവരങ്ങൾ താരാനാഥൻ തരുന്നു. ഈ കൃതി



കളിൽ പലതിന്റെയും സംസ്കൃതമൂലം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. ഭോടഭാഷയിലും ചീനഭാഷയിലുമുള്ള വിവർത്തനങ്ങളിൽക്കൂടി വേണം അവയെപ്പററി മനസ്സിലാക്കാൻ. ചില ഗ്രന്ഥങ്ങളുടെയാവട്ടെ വിവർത്തനങ്ങൾ പോലും കിട്ടാനില്ല. നാഗാർജ്ജുനൻ, അസംഗൻ, വസുബന്ധു, ദിഗ്നാഗൻ, ആര്യദേവൻ, ധർമ്മകീർത്തി, അശ്വഘോഷൻ, ചന്ദ്രഗോമി, വിനീതദേവൻ, ശാന്തരക്ഷിതൻ, കമലശീലൻ മുതലായ എത്രയോ മഹാചിന്തകന്മാർ താരാനാഥന്റെ കൃതിയിൽ പ്രത്യക്ഷപ്പെടുന്നു. ബൗദ്ധപണ്ഡിതന്മാർക്കു പുറമെ കാളിദാസൻ, വരരുചി മുതലായ പലരെയും പററിയുള്ള ഐതിഹ്യങ്ങളും ചരിത്രവസ്തുതകളും ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നുണ്ട്. നിഷ്കൃഷ്ടപഠനം അർഹിക്കുന്ന ഗ്രന്ഥങ്ങളിൽ ഒന്നാണ് 'ഇന്ത്യയിൽ ബുദ്ധമതത്തിന്റെ ചരിത്രം' എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ദേശാഭിമാനി റിപ്പബ്ലിക്ക് വിശേഷാൽപ്രതി.

# ശ്രീമൂലവാസം ജൈനവിഹാരമോ ബൗദ്ധവിഹാരമോ?

ശ്രീമൂലവാസം എന്ന പേരിൽ പ്രസിദ്ധമായിരുന്ന ഒരു ബൗദ്ധവിഹാരം കേരളത്തിന്റെ കടൽത്തീരത്തുണ്ടായിരുന്നു എന്ന് ചരിത്രകാരന്മാർ അംഗീകരിച്ചിട്ടുണ്ട്.[1] ഇത് ഒരു ബൗദ്ധവിഹാരമോ, അതോ യഥാർത്ഥത്തിൽ ഒരു ജൈനവിഹാരമോ എന്നതാണ് ഈ ലേഖനത്തിലൂടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രശ്നം.

ശ്രീമൂലവാസത്തെപ്പററി നാല് പരാമർശങ്ങളാണ് ചരിത്രകാരന്മാരുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളത്. ഗാന്ധാരപ്രദേശത്ത് കാണപ്പെട്ട ഒരു പ്രതിമയിലെ 'ദക്ഷിണാപഥേ മൂലവാസലോകനാഥഃ' എന്ന കുറിപ്പാണ് ഇതിലൊന്ന്.[2] ദക്ഷിണാപഥത്തിലുണ്ടായിരുന്ന മൂലവാസത്തിലെ ലോകനാഥപ്രതിമയുടെ പകർപ്പാണ് ഗാന്ധാരപ്രദേശത്ത് കാണപ്പെട്ട പ്രതിമയെന്നാണ് ഈ കുറിപ്പിൽനിന്നുള്ള അനുമാനം. കേരളത്തിലെ ശ്രീമൂലവാസം അഥവാ മൂലവാസം ഒരു ബൗദ്ധവിഹാരമാണെന്നുള്ളതിന് അനിഷേധ്യമായ തെളിവായി ഈ കുറിപ്പിനെ കണക്കാക്കിക്കൂടാ.

ശ്രീമൂലവാസത്തെപ്പററിയുള്ള രണ്ടാമത്തെ പരാമർശം 'ആര്യമഞ്ജുശ്രീമൂലകല്പം' എന്ന ബൗദ്ധതാന്ത്രിക ഗ്രന്ഥത്തിന്റെ അവസാനത്തിലുള്ള 'ശ്രീമൂലഘോഷവിഹാരാധിപതിനാ ശ്രീബോ........മധ്യദേശാദ്‌വിനിർഗതേന പണ്ഡിതരവിചന്ദ്രേണ ലിഖിതമിതി' എന്ന പുഷ്പിക ആണ്[3]. ഇതിൽ പറയുന്ന 'ശ്രീമൂലഘോഷവിഹാരം' ശ്രീമൂലവാസം തന്നെയെന്ന് പരിച്ഛേദിച്ചു പറയാനാവില്ല. ശ്രീമൂലഘോഷവിഹാരത്തിന്റെ അധിപതിയും ആര്യമഞ്ജുശ്രീമൂലകല്പം പകർത്തെഴുതിയ ആളുമായ പണ്ഡിതരവിചന്ദ്രൻ ഗംഗായമുനകളുടെ മധ്യഭാഗത്തുനിന്നു വന്ന ആളാണുതാനും.

1 നീലകണ്ഠശാസ്ത്രി, A History of South India P. 437

2 Foucher L. Iconographic Boudhic-part A part 1 P. 05

3 ആര്യമഞ്ജു ശ്രീമൂലകല്പം, വാല്യം 3, പേജ് 722



വിക്രമാദിത്യവരഗുണൻ എന്ന ആയ് രാജാവിന്റെ ഒരു ദാനത്തെപ്പററിയുള്ളതും, 'പാലിയം ചെപ്പേട്' എന്നു അറിയപ്പെടുന്നതുമായ രേഖയിലാണ് ശ്രീമൂലവാസത്തെപ്പററിയുള്ള മൂന്നാമത്തെ പരാമർശം. ഇതെഴുതിയത് എ. ഡി. 868–ലാണെന്ന് ഗോപീനാഥറാവുവും 898-ൽ ആണെന്ന് ഡോ. എം. ജി. എസ്. നാരായണനും 925–ൽ ആണെന്ന് ഇളംകുളം കുഞ്ഞൻപിള്ളയും പ്രസ്താവിച്ചിട്ടുണ്ട്. തിരുമൂലവാതത്ത് പടാരക്ക് (പാടാരക്ക് എന്നാണ് രേഖയിൽ; ദീർഘം ലേഖകപ്രമാദമാവാം.) തെക്കൻ തിരുവിതാംകൂറിൽ കീഴ്കുളം, ഇടൈക്കോട്, കടലമംഗലം, തൊളിക്കോട് തുടങ്ങിയ പ്രദേശങ്ങളിൽ ഏതാനും ഭൂസ്വത്ത് വരഗുണൻ എന്ന യാദവരാജാവ് ദാനം ചെയ്യുന്നതാണ് ഈ രേഖയിലെ വിഷയം. 'തിരുമൂലവാതത്ത് പടാരർ ബുദ്ധനോ ശിവനോ വിഷ്ണുവോ എന്ന് ആ പേരിൽ നിന്ന് നിസ്സംശയമാക്കാൻ വയ്യ' എന്നാണ് ഈ രേഖ ആദ്യമായി പ്രസിദ്ധപ്പെടുത്തിയ ഗോപീനാഥറാവു പറയുന്നത്.[4] അപൂർണമായിമാത്രം ലഭിച്ചിട്ടുള്ള ഈ ശാസനത്തിൽ രണ്ടു ഭാഗങ്ങളുണ്ട്. ആദ്യഭാഗം തമിഴിലാണ്. ഇതിന്റെ കുറച്ച് വരികളേ കിട്ടിയിട്ടുള്ളു. ദാനം ചെയ്യപ്പെടുന്ന ഭൂമിയുടെ അതിരുകളാണ് ഇതിൽ പ്രതിപാദ്യം. 'മററും കോയിൽക്കരിയത്തെപ്പെടുകെപ്പട തിരുമൂലവാതത്ത് പാടാരർക്കാട്ടിക്കുടുത്ത്....' എന്ന് ഈ ഭാഗം അവസാനിക്കുന്നു. സംസ്കൃതത്തിലുള്ള രണ്ടാംഭാഗത്തിൽ പതിമൂന്ന് പദ്യങ്ങളുണ്ട്.[5] ആദ്യത്തെ

4 TAS Vol 1 P. 187 ff.

5 ഓം സ്വസ്തി.
യഃ കല്യാണമയഃ സ്വയം വിതനുതേ
യഃ കല്പകസ്യ സ്ഥിതിം

പദ്യം 'ശുദ്ധോദനി'യെ സ്തുതിക്കുന്നു. രണ്ടാം പദ്യം ധർമ്മസംഘങ്ങളെ വാഴ്ത്തുന്നു. മൂന്നാമത്തെ പദ്യം അവലോകിതൻെറ സ്തുതിയാണ്. പിന്നെയുള്ള നാലു പദ്യങ്ങൾ യാദവരാജവംശത്തെ പ്രകീർത്തിക്കുന്നു. ആ വംശ

---

യസ്യാദഭ്യുദിതസ്സമസ്തമനസി ഹാന്തേ
സദ്ധർമ്മേഷ്വർമദ്യുതിഃ
യത്പാദാശ്രയിണോ ഭവന്തി സുഖിനഃ
സർവേ ഗണാഃ പ്രാണിനാം
ധ്യേയാദേവതരീവാപരസ്ത്രിജഗതീം
സർവാം സ ശുദ്ധോദനിഃ 1

ആത്മാകാരഗ്രഹണവിധുരാ-
വാഹ്യതാപാംശവീവ
പ്രാപ്ത്യാ നിത്യം ശ്രുതിപവിത്രപദാ-
നേകരൂപാവബോധാ
ദേവ്യാ ദ്രുമേന്ദ്രനിലിലക്ഷതി-
ധ്യാന്തരോധാനദിത്യയാ
നേത്രാഭഃന്താം മിതകവഃ
ധർമ്മസംഘൗ പിബായാ. 2

നിഷ്യന്ദമാനകരുണാമൃതവാരിപൂര
നിർധൗതനിർമ്മലതരോ വിരാജമാനാ
ലക്ഷ്മീം ചിരായ ഭജതാമവലോകിതസ്യ
ദിശ്യാദ്ദൃശഃ ശിശിരദീധിതിതുല്യകാന്തിഃ 3

ജ്യോത്സ്നാംകുര ഇവാമലഃ ശശധരാ-
ദാഹ്ളാദയൻ മേദിനീം
യഃ പ്രാവർത്തത യദ്ഭവേന ശശിനം
മുക്താ കളങ്കഃ ക്വചിത്
യസ്യാന്വേഷയഹിമശൈലനിലയാഃ
ശൈലേന്ദ്രദന്താവലീ-
ടങ്കശ്രുണ്ണതടാ ഭവന്തി വിജയ-
സ്തംഭാ ജഗന്നിർജയേ. 4

ആസീദ്യസ്യ വിലോലവീചികലികാ
ബാഹാഗ്രഫേനാവലീ-
പ്രേംഖച്ചാമരചാരുചാരചതുരാ
ദാസീ ചതുഃസാഗരീ
യജ്ജാതസ്യ കരോതി മൂർദ്ധ്നി മുകടീ
നേകേന്ദുകപദ്യതാ
ലീലാം ശോഭമണ്ഡലേന ലളിതാം
രത്നാതപത്രശ്രിയം 5



ത്തിൽ പിറന്ന വിഴിഞ്ഞത്തിലെ രാജാവ് ശാസനത്തിൻെറ തമിഴ് ഭാഗത്തിൽ വിവരിക്കുന്ന ഭൂമി ദാനം ചെയ്യുന്നതായി അടുത്ത രണ്ടു പദ്യങ്ങൾ പറയുന്നു. ഈ ഭൂമിയുടെ രക്ഷയ്ക്ക് വീരകോതൻ എന്ന ഒരാളെ നിയമിച്ച

---

യജ്ജാതേഷ്വനുബന്ധയാജിഷു ഗതേ-
ഷ്വദ്യാപി താരാപഥേ
ലക്ഷ്യന്തേ ഹയമേധധൂമനികരാ
ലഗ്നാ ഇവാംഭോധരാഃ
യത്രത്യാനിവ ചാനുകർത്തുമഥ തേ
ഗത്വാ ചതുഃസാഗരീം
വർഷന്ത്യാഹൃതമാഹൃതം വസുമതീ-
ഭൃത്യൈ സ്വസാരോച്ചയം 6

തസ്മാദയാൽ ക്ഷിതിഭൃതാം മൂർദ്ധ്നി
സ്ഫുരന്മുക്താഫലോദയഃ
വംശോ വാർഷ്ണേയഭൂപാനാം
സോയമാ............................ 7

.......... ..........വിഭൂഷണേന
കേത്യാനതേന ബലരാജിപരാഗധൂമ-
വ്യാരോദിതാരിവനിതേന വിലിഞ്ജഭർത്രാ 8

മകരജുഷി ദിനേശേ മാസി പൗഷേ ദിനേ വാ
ക്കുശശിരസി ഗുരൗ സാ പ്രാപ്തപഞ്ചോത്രികായുഃ
അവനിമദിശദസ്യാ ദിക്ഷു സീമാദി സർവം
ദ്രവിഡവചന ഏവാലോക്യതാമത്ര പത്രേ. 9

രക്ഷാർത്ഥമസ്യാഃ സ്വയമേവ രാജ്ഞാ
സംസ്ഥാപിതോ രാജതി വീരകോതഃ
ബാഹൂപധാനാമുരസി പ്രസുപ്താം
ലക്ഷ്മീം ദധാനോ വിജയാനുരക്താം. 10

യാചിഞാ കർമ്മണ്യഭേദനിശം
പ്രീതയേ കർമ്മഭാവോ
ന സ്വപ്നേപി പ്രണയിസുഹൃദഃ
കർത്തൃതാ യസ്യ ചാസീൽ
സോയം ദേവോ വരഗുണ ഇതി
പ്രത്ഥയത്യാത്മവംശ്യാൻ
പുണ്യാത്മാസൗ ന ഖലു ഭവതാ-
മനയോ നാശനീയഃ 11

ഭൂയോപ്യേഷ ക്ഷിതിപവൃഷഭോ
ഭാവിനോ നമ്രമൗലിഃ

താണ് ഇനിയുള്ള പദ്യത്തിന്റെ പ്രതിപാദ്യം. 'നിങ്ങൾ ഈ പുണ്യാത്മാവായ അന്വയത്തെ നശിപ്പിക്കരുതേ!'[6] എന്നും, 'ഈ ഭൂമിയെ നിങ്ങൾ രക്ഷിക്കണേ!' എന്നും ഭാവിതലമുറയോട് അഭ്യർത്ഥിക്കുന്നവയാണ് അടുത്ത രണ്ടു പദ്യങ്ങൾ. 'മരണം ഏതു ദിവസവും സംഭവിക്കാമെന്നതിനാൽ, ധർമ്മം നേടുവാൻ ശ്രദ്ധിക്കുക' എന്ന ഉദ്ബോധനമാണ് അവസാനപദ്യത്തിൽ.

തമിഴ് ഭാഗത്തിന്റെ അവസാനത്തിൽനിന്ന് ഭൂസ്വത്തുക്കൾ തിരുമൂലവാതത്ത് പടാരർക്ക് കൊടുത്തതാണെന്ന് അറിയാം. ശാസനത്തിലെ ആദ്യപദ്യം നിസ്സംശയമായും ശുദ്ധോദനപുത്രനായ ബുദ്ധനെ സ്തുതിക്കുന്നതാണ്. ഇതിൽനിന്ന്, തിരുമൂലവാതത്ത് പടാരർ ബുദ്ധനാണെന്ന് ഊഹിച്ചിരിക്കുന്നു എന്നേയുള്ളു.

പതിനൊന്നാമത്തെ പദ്യത്തിൽ വരഗുണന്റെ പേർ പറഞ്ഞിട്ടുണ്ട്. വരഗുണൻ ഹിന്ദുവോ ബൗദ്ധനോ ജൈനനോ എന്ന് അറിഞ്ഞുകൂടാ. ആറാമത്തെ പദ്യത്തിൽ

---

സർവ്വാനേവ പ്രണയിസുഹൃദോ
 യാചതേ യാദവേന്ദ്രഃ
ഭൂമിഃ സേയം ഹൃദയനിഹിതാ
 രക്ഷണീയാ ഭവദ്ഭിഃ
കാലേ കാലേ സ്വയമിവ വധൂ--
 രന്യഭോഗ പ്രമാദാൽ 12
പുണ്യാരംഭേ ത്വരയത മനോ
 മാനവാ വഃ കൃതാന്തഃ
കാലാകാംക്ഷീ നികടമടതി
 വ്യാവൃതാസ്യ പ്രചണ്ഡഃ
തസ്യൈവാസൗ പ്രിയമിവ പിതുഃ
 കർത്തുമാശു പ്രയാണൈ--
രഹ്നാമീശോ നയതി ഭവതാ
 മായുഷശ്ശേഷമാശു. 13
സ്വസ്തിശ്രീനഗോദ്ദ്വാദശി.

6 'അന്വയ'മെന്നതിന് ദാതാവിന്റെ വംശം എന്ന വ്യാഖ്യാനമാണ് നൽകിക്കാണുന്നത്. ദാനം വാങ്ങുന്ന ജൈനഗണം എന്ന അർത്ഥത്തിന്നാണ് കൂടുതൽ സാംഗത്യം. ജൈനഗണത്തെ 'അന്വയം' എന്നു പറയാറുണ്ട്.



അദ്ദേഹം സ്വന്തം പൂർവികന്മാർ ചെയ്ത അശ്വമേധയാഗങ്ങളിൽ ഊററം കൊള്ളുന്നുണ്ട്. വരഗുണൻ ഹിന്ദുവാണെന്ന ധാരണയ്ക്ക് ഇത് ഉപോദ്ബലകമാകുന്നു. ഹിംസാപ്രധാനമായ അശ്വമേധത്തിൽ ബൗദ്ധ--ജൈനർക്ക് അഭിമാനം തോന്നുക സാധാരണമല്ലല്ലോ. തിരുച്ചാണത്ത് ജൈനക്ഷേത്രത്തിലെ പാർശ്വനാഥവിഗ്രഹത്തിനു താഴെ കാണുന്ന 'ശ്രീ തിരുച്ചാരണത്തു പട്ടിനി പടാരർ ചട്ടൻ വരകുണൻ ചെയ്‌വിത്ത ശ്രീമേനി' എന്ന കുറിപ്പിൽ നിന്ന്, താൻ പദ്മാവതീദേവിയുടെ ശിഷ്യപ്രമാണിയാണെന്ന് അദ്ദേഹം അഭിമാനിച്ചിരുന്നതായി മനസ്സിലാക്കാമെന്ന് ഇളംകുളം കുഞ്ഞൻപിള്ള പറയുന്നു.[7] വരഗുണൻ ജൈനനായിരുന്നു എന്നാണ് ഇതിന്നർത്ഥം. 'എന്നാൽ ഈ ശാസനങ്ങളെ അവലംബിച്ച് അദ്ദേഹം ബുദ്ധമതാനുയായിയോ ജൈനമതവിശ്വാസിയോ ആയിരുന്നു എന്ന് തീർച്ചയാക്കുന്നത് അബദ്ധമായിരിക്കും. വിഷ്ണുഭക്തനായ കരുനന്തടക്കന്റെ പിൻഗാമിയാണല്ലോ വരഗുണൻ. എല്ലാ മതങ്ങളെയും തുല്യനിലയിൽ വീക്ഷിക്കുവാനും സ്നേഹിക്കുവാനും സാധിച്ചിരുന്ന ജനങ്ങളും രാജാക്കന്മാരും അക്കാലത്ത് അപൂർവമായിരുന്നില്ല' എന്ന് ഇളംകുളം തുടരുന്നു. 'തിരുച്ചാണത്ത് പട്ടിനി പടാരരുടെ ചട്ടൻ' ആയിരുന്ന വരഗുണനും പാലിയം ചെപ്പേടിലെ വരഗുണനും ഭിന്നരായിരുന്നു എന്നതിന്, അവർ അഭിന്നരായിരുന്നു എന്നതിനെന്നപോലെ, നിശ്ചിതമായ തെളിവൊന്നുമില്ല.

ശ്രീമൂലവാസത്തേക്ക് ഏതാനും ഭൂസ്വത്തുക്കൾ ദാനം ചെയ്യുന്നത് രേഖപ്പെടുത്തുന്ന ഒരു ശാസനത്തിൽ ആമുഖമായി ശൗദ്ധോദനിയെയും അവലോകിതനെയും സ്തുതിക്കുന്ന പദ്യങ്ങൾ ഉള്ളതുകൊണ്ടു മാത്രം ശ്രീമൂലവാസം ഒരു ബൗദ്ധവിഹാരമായിക്കൊള്ളണമെന്നില്ല. ദാനകർത്താവ് ശൗദ്ധോദനിയുടെയും അവലോകിതന്റെയും ഭക്തനായിരുന്നു എന്നോ ശൗദ്ധോദനിയും അവലോകിതനും ദാനകർത്താവിന്റെ ഇഷ്ടദേവതകളായിരുന്നു എന്നോ മാത്രമേ

---

7 ചേരസാമ്രാജ്യം ഒമ്പതും പത്തും നൂററാണ്ടുകളിൽ. പേജ് 58

അതിന് അർത്ഥമുള്ളൂ. പദ്മനാഭദാസനായ രാജാവ് മററു ക്ഷേത്രങ്ങൾക്ക് ദാനം ചെയ്യുമ്പോഴും പദ്മനാഭനെ സ്തുതിക്കുക സാധാരണമാണ്. ബുദ്ധനെയും അവലോകിതനെയും സ്മരിച്ചുകൊണ്ടാരംഭിക്കുന്ന ഒരു ശാസനത്തിൽപ്പറയുന്ന ദാനം ഒരു ബൗദ്ധവിഹാരത്തിലേയ്ക്കാവാൻ കൂടുതൽ സാധ്യതയുണ്ടെന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ സാധ്യതയും നിശ്ചിതത്വവും തമ്മിൽ വളരെ അന്തരമുണ്ടെന്ന കാര്യം നാം വിസ്മരിച്ചുകൂടാ.

ഈ ശാസനത്തിലെ രണ്ടാം പദ്യത്തിന് എന്താണർത്ഥം? ബൗദ്ധരുടെ ത്രിശരണങ്ങളിൽപ്പെട്ട ധർമ്മത്തെയും സംഘത്തെയുമാണോ അതിൽ സ്തുതിക്കുന്നത്? ആകാൻ വഴിയില്ല. ബൗദ്ധധർമ്മത്തെപ്പററിയുള്ള പരാമർശം ഒന്നാം പദ്യത്തിൽതന്നെ വന്നു കഴിഞ്ഞതാണല്ലോ. മറിച്ച് മതസഹിഷ്ണുതയുള്ള ഒരു ഹിന്ദു തന്ത്രത്തിൽ നിന്നു വ്യത്യസ്തങ്ങളായി അന്നു നിലവിലുള്ള രണ്ടു ധർമ്മസംഘങ്ങളെ—ബൗദ്ധധർമ്മസംഘത്തെയും ജൈനധർമ്മസംഘത്തെയും—ശ്ലോകമര്യാദയാ സ്തുതിക്കുകയാണ് ആ പദ്യത്തിൽ എന്നു കരുതാനാണ് അധികം സാംഗത്യം. ബൗദ്ധധർമ്മവും ബൗദ്ധസംഘവും രണ്ടും ആത്മാകാരഗ്രഹണാഭിമുഖങ്ങളാണ് എന്നു പറയുന്നതിന് അർത്ഥമില്ല. ബൗദ്ധധർമ്മം ആത്മാവിനെ അംഗീകരിക്കുന്നില്ലെങ്കിൽ ബൗദ്ധസംഘത്തിന് ആത്മാവിനെ അംഗീകരിക്കുക സാധ്യമല്ലല്ലോ. എന്നാൽ ബൗദ്ധധർമ്മം ജീവാത്മപരമാത്മാക്കളെയും ജൈനധർമ്മം പരമാത്മാവിനെയും നിഷേധിക്കുന്നു എന്നു പറയുന്നതിൽ അർത്ഥമുണ്ട്, ചമൽക്കാരവുമുണ്ട്. അംഗം, ശ്രുതി, രൂപം മുതലായ വാക്കുകളിലും ഈ രണ്ടു മതങ്ങളിലെയും ചില സാങ്കേതികപദങ്ങളുടെ പ്രതിധ്വനി കേൾക്കാം. 'ഭൂമിയുടെ രണ്ടു നേത്രങ്ങൾ പോലെയാകട്ടെ രണ്ടു ധർമ്മസംഘങ്ങൾ' എന്ന ഈ പദ്യത്തിലെ ആശംസ, ജൈനമതത്തിലും ബുദ്ധമതത്തിലും സമാനമായ ആസ്ഥയുള്ള ഒരു ഹിന്ദു ജൈനബൗദ്ധധർമ്മസംഘങ്ങളെ വിഷയീകരിച്ച് പ്രകടി-



പ്പിക്കുന്നതാണെന്ന് കരുതുന്നതിൽ യാതൊരു അപകടവും ഞാൻ കാണുന്നില്ല.

അതെങ്ങനെയായാലും, ശ്രീമൂലവാസം ഒരു ബൗദ്ധവിഹാരമായിരുന്നു എന്നതിന് സംശയാതീതമായ സാക്ഷ്യം പാലിയം ചെപ്പേടിൽനിന്നു ലഭിക്കുന്നില്ല. വരഗുണൻ ഒരു തീവ്രബൗദ്ധനായിരുന്നു എന്ന് ഡോ. എം. ജി. എസ്. പ്രസ്താവിക്കുന്നതിന്[8] തെളിവുകൾ ഇനി മേൽ കിട്ടേണ്ടിയിരിക്കുന്നു. പാലിയം ശാസനത്തിലെ 13-ാം പദ്യത്തിൽ 'ഗൃഹീത ഇവ കേശേഷു മൃത്യുനാ ധർമ്മമാചരേൽ' എന്ന പഴയ ഉപദേശത്തിന്റെ പ്രതിധ്വനിയിൽ കവിഞ്ഞ ഒന്നും എനിക്കു കേൾക്കാൻ കഴിയുന്നില്ല.

എ. ഡി. പതിനൊന്നാം ശതകത്തിന്റെ പൂർവാർദ്ധത്തിലുണ്ടായതെന്നു കരുതപ്പെടുന്നതും കോലത്തുരാജാക്കന്മാരുടെ വംശചരിത്രത്തെ അധികരിച്ചുള്ളതുമായ 'മൂഷികവംശം' എന്ന സംസ്കൃതകാവ്യത്തിലാണ് ശ്രീമൂലവാസത്തെപ്പററി നാമമാത്രമായി പരാമർശിച്ചുകാണുന്നത്.[9] ശ്രീമൂലവാസം ഒരു ബൗദ്ധസങ്കേതമായിരുന്നില്ലെന്നും മറിച്ച് അതൊരു ജൈനസങ്കേതമായിരുന്നു എന്നും കരുതാനേ മൂഷികവംശത്തിലെ പരാമർശങ്ങൾ ഉപകരിക്കുന്നുള്ളൂ.

ശ്രീകണ്ഠൻ എന്ന രാജാവിന്റെ സമകാലികനെന്നു കരുതപ്പെടുന്ന അതുലന്റെ കൃതിയായ മൂഷികവംശത്തിൽ ഒന്നാം രാമഘട മൂഷികൻ മുതൽ ശ്രീകണ്ഠൻ വരെ നൂററിപ്പതിനഞ്ചു രാജാക്കന്മാരുടെ ഒരു പരമ്പര വർണ്ണിക്കപ്പെട്ടിരിക്കുന്നു. ഇവരെല്ലാം ഹിന്ദുമതാവലംബികളാണ്. ഇവരിൽ പലരും ചെയ്ത പ്രസ്താവയോഗ്യമായ പ്രവൃത്തി ഹിന്ദുക്ഷേത്രങ്ങളുടെ നിർമ്മാണവും ജീർണ്ണോദ്ധാരണവുമായിരുന്നു. എങ്കിലും ഇവർ അന്യമതങ്ങൾക്ക് എതിരായിരുന്നില്ല. 'പരസ്പരം കടിച്ചുകീറുന്ന കാട്ടുജന്തുക്കളെ

8. Cultural Symbiosis in Kerala P. 16.
9. വിജ്ഞാനകൈരളി, നവംബർ 1974, P. 523 ff.

സിദ്ധന്മാരായ തപസ്വികളുടെ ആശ്രമങ്ങളിൽ സഹവർത്തിക്കുംപോലെ' എല്ലാ ദേവതകളും കോലരാജധാനിയിൽ സഹവർത്തിച്ചിരുന്നു.[10]

ഈ രാജാക്കന്മാരുടെ കൂട്ടത്തിൽ ഒരാൾ ജൈനദേവതക്കായ ഒരു ദേവാലയം ഉണ്ടാക്കിയതായി കാണുന്നുണ്ട്. വിനയവർമ്മാവ് എന്ന രാജാവിന്റെ പുത്രനായ രാജവർമ്മാവ് ആകാശത്തു മുട്ടുന്ന ശിഖരങ്ങളോടുകൂടിയ പ്രാസാദങ്ങളാൽ പ്രശോഭിതവും രത്നത്രയാസ്പദമായ ഒരു വിഹാരം നിർമ്മിച്ചുവെന്ന് 'മൂഷികവംശം' പറയുന്നു.[11] ഈ രത്നത്രയാസ്പദമായ വിഹാരം ഒരു ജൈനക്ഷേത്രമായിരുന്നിരിക്കണം. സമ്യഗ്ദൃഷ്ടി, സമ്യഗ്ജ്ഞാനം, സമ്യഗ്വൃത്തം എന്നിവയാണ് ജൈനരുടെ രത്നത്രയം. 'ന്യവേശി രത്നത്രിതയേ ജിനേന യഃ സ ധർമ്മചിന്താമണിഃ'[12] എന്ന് നൈഷധീയചരിതത്തിൽ ശ്രീഹർഷൻ പ്രസ്താവിക്കുന്നു. ഇവിടെ ബൗദ്ധരുടെ രത്നത്രയമല്ല ഉദ്ദിഷ്ടം. കാരണം, ബുദ്ധധർമ്മസംഘങ്ങളാകുന്ന മൂന്നു രത്നങ്ങളിൽ ഒന്നു ധർമ്മമാണ്; ധർമ്മം ധർമ്മത്തിൽ നിവിഷ്ടമെന്നു പറയുന്നത് നിരർത്ഥകവുമാണ്. 'യോ ധർമ്മാഖ്യഃ ചിന്താമണിഃ ജിനേന ദേവേന അർഹതാ രത്നത്രിതയേ ജൈനപരിഭാഷയാ സദ്ദൃഷ്ടിജ്ഞാനവൃത്താഖ്യേ രത്നത്രയേ ന്യവേശി നിവേശിതഃ 'സദ്ദൃഷ്ടിജ്ഞാനവൃത്താനി ധർമ്മം ധർമ്മേശ്വരാ വിദുഃ' ഇതി തൈരുക്തത്വാത്'' എന്നു നൈഷധീയചരിതവ്യാഖ്യാനത്തിൽ മല്ലിനാഥൻ. ശ്രീഹർഷന്റെ രത്നത്രിതയം തന്നെയാണ് അതുലന്റെ രത്നത്രയം. ഉത്തരകേരളത്തിലും തുളുനാട്ടിലും ജൈനമത

10 കൃതാസ്പദാഃ കാനനസന്തപസ്വിജനാ-
നഥപോട്ടതാം സിദ്ധിമതാമിവാശ്രമേ
ജഗത്പ്രതീതാതിവിരുദ്ധ (വൃത്തയഃ)
സഹാഖിലാ യത്ര വസന്തി ദേവതാഃ
മൂ. വം. 12, 111

11 ചിത്രൈരഭ്രംലിഹൈരുദ്യൈഃ
പ്രാസാദൈരുപശോഭിതം
വിഹാരം രാജവർമ്മാഖ്യ—
ശ്ചക്രേ രത്നത്രയാസ്പദം. 11. 84.



ത്തിന് നല്ല പ്രചാരമുണ്ടായിരുന്നു. ബുദ്ധമതം ഇവിടങ്ങളിൽ പ്രചരിച്ചിരുന്നതിന് തെളിവുകളില്ലതാനും. ഇക്കാരണത്താലും രാജവർമ്മാവ് നിർമ്മിച്ചത് ഒരു ജൈനവിഹാരമാകാനാണ് സാധ്യത.

ഈ ജൈനവിഹാരം നിർമ്മിച്ചതുകാരണം രാജവർമ്മാവിന് രാജ്യം നഷ്ടപ്പെട്ടതായി മൂഷികവംശത്തിൽ സൂചനയുണ്ട്. ഏഴിമലക്കൂട്ടത്ത് അചലപത്തനം എന്ന നഗരം സ്ഥാപിച്ച അചലന്റെ സഹോദരനായ വിക്രമസേനന്റെ പൗത്രനായിരുന്നു രാജവർമ്മാവ്. അചലൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ അശ്വസേനൻ രാജാവായി. താമസിയാതെ അശ്വസേനനെ സ്ഥാനഭ്രഷ്ടനാക്കി അചലന്റെ അനുജനായ വിക്രമസേനൻ സ്വയം രാജപദവി ഏറ്റു. വിക്രമസേനനെ തുടർന്ന് അദ്ദേഹത്തിന്റെ പുത്രൻ വിനയവർമ്മാവ് രാജാവായി. വിനയവർമ്മാവിന്റെ പുത്രനായ രാജവർമ്മാവ് സിംഹാസനത്തിൽ പിതാവിനെ തുടർന്ന് ഉപവിഷ്ടനായി. രാജവർമ്മാവ് ജൈനവിഹാരം പണിയിച്ചതിനുശേഷം, രാജ്യഭ്രഷ്ടനായിരുന്ന അശ്വസേനന്റെ പുത്രനായ ജയമാനി പാണ്ഡ്യരാജാവിന്റെ സൈന്യത്തെ തുണക്കു കൂട്ടി സ്വന്തം രാജസ്ഥാനം വീണ്ടെടുത്തു.[13] രാജവർമ്മാവിന്റെ ജൈനപക്ഷപാതം ഈ ഭരണപരിവർത്തനത്തിന്നു കാരണമായിട്ടുണ്ടാവാം. പാണ്ഡ്യരാജധാനിയായ മധുരയിൽ നടന്ന ജൈനശൈവസമരത്തിന്റെ പ്രതിധ്വനിയാവാം, ഒരു പക്ഷേ, ഇവിടെ നാം കേൾക്കുന്നത്.

ശ്രീമൂലവാസം ജൈനകേന്ദ്രമോ ബൗദ്ധകേന്ദ്രമോ എന്ന പര്യേഷണമാണല്ലോ ഇവിടെ പ്രകൃതം. രാജവർമ്മാവിനുശേഷം അമ്പത്തിമൂന്നാമത്തെ രാജാവായിരുന്ന വിക്രമരാജൻ. ഈ രാജാവിന്റെ വാഴ്ചക്കാലത്ത് ജനങ്ങളുടെ

12. നൈഷധമഹാകാവ്യം, ചൗഖാംഭ, വാള്യം 1 P. 508.

13 പുത്രസ്തതോഽശ്വസേനസ്യ
ജയമാനാഖ്യഃ പാണ്ഡ്യതഃ
പ്രത്യാപദിതത് സ്വകം രാജ്യം
ജയമാനീ ജഗത്പതിഃ 11, 85

വിപത്തുകൾ ശമിപ്പിക്കുന്ന ജിനന്റെ ആലയവും ശ്രീനികേതനുമായ മൂലവാസത്തെ വിഴുങ്ങുന്നതിന് വലിയ തിരമാലകൾ ഉയർത്തി കടൽത്തീരം കലക്കിയ സമുദ്രം ഗർവോടുകൂടി ഒരുമ്പെട്ടു. തന്റെ അടുത്ത അയൽനാട്ടിലെ രാജാവിനെ മറ്റൊരു ശത്രു ആക്രമിക്കുന്നതായി കേൾക്കുമ്പോഴുണ്ടാകുന്ന കോപമാണ് ഈ വാർത്ത കേട്ടപ്പോൾ വിക്രമരാമനുണ്ടായത്. ഉടനെ അദ്ദേഹം വാളൂരി കടലിന്നടുത്തേയ്ക്കു ചെന്നു. [illegible]ങ്ങൾക്കു സാധിക്കാത്തതായി എന്തെങ്കിലുമുണ്ടെന്നു ധീരന്മാർ കരുതാറില്ല. ഭയങ്കരമായി അലറിയും തീരം തകർത്തും അലകൾ ഉയർത്തിയും പ്രളയകാലത്തിലെന്നപോലെ പ്രക്ഷോഭിച്ച സമുദ്രത്തിന്റെ വേഗത്തെ, മേഘഖണ്ഡങ്ങൾപോലുള്ള ഭാരമേറിയ കല്ലുകൾകൊണ്ടു ചിറകെട്ടി അദ്ദേഹം തടുത്തു. ദുഷ്കരമായ ഈ കർമ്മം ചെയ്ത്, സ്വന്തം സ്ഥാനങ്ങളിൽ നിയമിതരായ പ്രജകളിൽ ധർമ്മത്തിന്റെ തുടർന്ന നിലനില്പിനുറപ്പു വരുത്തി ആ രാജാവ് വിദ്വാന്മാർക്കു സഹായം നൽകുന്ന തന്റെ സ്ഥാനം വിട്ട് സ്വർഗ്ഗലോകം പ്രാപിച്ചു.[14]

14 പ്രഥിതമിഹ ജിനസ്യ ശ്രീനികേതം കദാചിത്
മുഷിതജനവിപത്തേരാലയം മൂലവാസം
പൃഥുചടുലതരംഗക്ഷുണ്ണവേലാതടാന്തഃ
കബളയിതുമനാരബ്ധതാം വ്യാജൃംഭേ. 12. 96

സപദി ച തദുദന്തം സന്നിശമ്യാത്തകോപഃ
പരിഭവമിവ ശത്രോരാത്മനോഽനന്തരസ്യ
പ്രതിജലധി സ ദൃപ്താദുദ്യതാസിഃ പ്രതസ്ഥേ
ന ഖലു ജഗതി ധീരാഃ സ്വസ്യ പശ്യന്ത്യഭൂമിം. 97.

പ്രളയ ഇവ ഗഭീരധ്വാനമുല്ലംഘ്യ വേലാം
വിസൃതമുപരിവീചേരുത്ഥിതസ്യാർണ്ണവസ്യ
ഉലിതജലദശൈലപ്രൈരൈസ്തൂർണ്ണമാബധ്യ സേതും
ബലവദുപലാംശൈഃ സ്തംഭയാമാസ വേഗം 98.

അസുകരമിതി കൃത്വാ കർമ്മ ധർമ്മാനുബന്ധം
സ്വപദനിയമിതാനാമാദധാനഃ പ്രജാനാം
സ ബുധജനസഹായം പ്രോജ്ഝ്യ രാജാ പദം സ്വം
വിബുധജനസഹായം സ്ഥാനമഗ്ര്യം പ്രപേദേ. 99



മൂഷികവംശത്തിന്റെ പന്ത്രണ്ടാം സർഗ്ഗത്തിലാണ് ഈ സേതുബന്ധപ്രസ്താവമുള്ളത്. തുടർന്ന് പതിനാലാം സർഗ്ഗത്തിലും മൂലവാസത്തെപ്പറ്റി പരാമർശമുണ്ട്. കടൽക്ഷോഭത്തിൽനിന്നു മൂലവാസത്തെ രക്ഷിച്ച വിക്രമരാമനുശേഷം പത്താമത്തെ രാജാവായ വലഭൻ യുവരാജാവായിരിക്കെ, ചോളരാജാവിനോടു യുദ്ധം ചെയ്യാനൊരുങ്ങിയ കേരളരാജാവിനെ സഹായിക്കാൻ അദ്ദേഹത്തെ അന്നു കോലരാജാവായിരുന്ന രാമഘടമൂഷികൻ അയച്ചു. വലഭൻ കുറെ ദൂരം ചെന്നപ്പോഴേയ്ക്കു രാമഘടമൂഷികൻ മരിച്ചു. ഈ തക്കംനോക്കി വിക്രമരാമൻ എന്ന, മൂഷികവംശത്തിൽത്തന്നെ പിറന്ന, ഒരു രാജാവ് കോലരാജധാനി കീഴടക്കി.

ഇതു കേട്ട് വലഭൻ കേരളരാജാവിനെ സഹായിക്കുകയെന്ന ഉദ്ദിഷ്ടകൃത്യം ഉപേക്ഷിച്ച് സ്വന്തം രാജ്യത്തേയ്ക്കു തിരിച്ചു. വഴിയിൽ അദ്ദേഹം സുസമൃദ്ധവിഭവനും ഗുരുധർമ്മവിത്തമനും അതികാരുണികനും മൂലവാസത്തിൽ സ്ഥിതിചെയ്യുന്നവനുമായ സുഗതനെ വന്ദിച്ചു. ജൈനജനങ്ങളുടെ ആശിസ്സുകൾ സ്വീകരിച്ചശേഷം അദ്ദേഹം അന്യർ അപഹരിച്ച സ്വന്തം രാജധാനിയിൽ തിരിച്ചെത്തി.[15]

'സുഗതനെ വന്ദിച്ച് ജൈനജനങ്ങളുടെ ആശിസ്സുകൾ സ്വീകരിച്ച്', എന്നാണ് ഇവിടെ പറയുന്നത്. സുഗതൻ ബുദ്ധനെങ്കിൽ 'ജൈനജനങ്ങൾ' എന്നതിന് ബൗദ്ധന്മാർ എന്നർത്ഥം പറയണം. 'ജൈനർ' ജൈനമതാനുയായികളെങ്കിൽ 'സുഗതൻ' സത്പഥഗാമിയായ

15 ഉപസൃത്യ (നിത്യ) സുസമൃദ്ധ—
വിഭവഗുരുധർമ്മവിത്തമം
തത്ര സുഗതമതി കാരുണികം
ശുചിമൂലവാസജുഷമഭ്യവന്ദത 14. 25

പ്രതിഗൃഹ്യ ച പ്രവരജൈന—
ജനകൃത....ജയാശിഷഃ
കോപഭരിതഹൃദയഃ സഹസാ
പ്രയയൗ പരൈരപസൃതം സ്വമന്ദിരം. 26

മഹാവീരനായിരിക്കണം. ഇതിൽ ഏതു വ്യാഖ്യാനം സ്വീകരിക്കണമെന്നു തീരുമാനിക്കുന്നത് മററു ലക്ഷ്യങ്ങൾകൂടി മുൻനിർത്തിയാവണം. പന്ത്രണ്ടാം സർഗത്തിലെ 'ജിനസ്യ ശ്രീനികേതം' എന്നതുമായി കൂട്ടിവായിക്കുമ്പോൾ രണ്ടാമത് പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യമെന്നു തോന്നുന്നു. മൂഷികവംശകർത്താവിന്റെ കാലത്ത് ബുദ്ധമതം കേരളത്തിൽനിന്നു തീരെ മാഞ്ഞുപോയിരിക്കാം. അതുനിമിത്തം അദ്ദേഹത്തിന് ഇവ തമ്മിലുള്ള വ്യത്യാസം പ്രകടമായിരുന്നില്ലെന്നു വരാം. സുഗതനെന്ന ബുദ്ധപര്യായം, അതു മുഖ്യമായും ബുദ്ധവാചകമെന്നു ധരിക്കാതെ, മഹാവീരനെ ഉദ്ദേശിച്ച് അദ്ദേഹം പ്രയോഗിച്ചിരിക്കാം. രണ്ടു സ്ഥലങ്ങളിലുമുള്ള, അർത്ഥശങ്കയ്ക്കിട നൽകാത്ത 'ജൈന', 'ജിന' പദങ്ങളെ മറിച്ചു വ്യാഖ്യാനിക്കുന്നതിനേക്കാൾ കൂടുതൽ സ്വീകാര്യം ഈ വ്യാഖ്യാനമാണെന്ന് ഞാൻ കരുതുന്നു.

മൂഷികവംശത്തിനുശേഷം ശ്രീമൂലവാസത്തെപ്പററി പ്രസ്താവിക്കുന്ന ഒരു രേഖയും കണ്ടുകിട്ടിയില്ല. മൂഷികവംശനിർമ്മാണത്തിന്നടുത്തകാലത്ത്, മിക്കവാറും എ. ഡി. പന്ത്രണ്ടാം ശതകത്തിൽ, ശ്രീമൂലവാസം കടലിൽ ആഴ്ന്നുപോയതായി ചരിത്രകാരന്മാർ ഊഹിക്കുന്നു.[16]

ശ്രീമൂലവാസം ഒരു ജൈനവിഹാരമായിരുന്നു എന്ന് ഞാൻ ഉറപ്പിച്ചു പറയുന്നില്ല. എന്നാൽ അത് ഒരു ബൗദ്ധവിഹാരമായിരുന്നു എന്നു സ്ഥാപിക്കുന്നതിലേറെ, ജൈനവിഹാരമായിരുന്നു എന്നു സ്ഥാപിക്കുന്നതിന്നാണ് കിട്ടിയേടത്തോളം തെളിവുകൾ ഉതകുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു. കേരളത്തിന്റെ പ്രാചീനചരിത്രത്തിൽ താത്പര്യമുള്ള പണ്ഡിതന്മാർ ഈ വിഷയത്തെപ്പററി ഒരു പുനശ്ചിന്തനം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഹോയസല രാജവംശത്തിലെ വിഷ്ണുവർധനൻ എന്ന രാജാവ് രാമാനുജാചാര്യന്റെ സ്വാധീനംമൂലം വൈഷ്ണവധർമ്മം സ്വീകരിച്ചെങ്കിലും ജൈനധർമ്മത്തെ ആദരിച്ചു

16 ഇളംകുളം, ചേരസാമ്രാജ്യം ഒമ്പതും പത്തും നൂററാണ്ടുകളിൽ, പേ. 113



വന്നു. ക്രിസ്തുവർഷം 1133–ൽ രാജധാനിയായ ദ്വാരസമുദ്രത്തിലുള്ള പാർശ്വനാഥ ജിനാലയത്തിന് അദ്ദേഹം ഒരു ഗ്രാമം ദാനം ചെയ്തു; അക്കാലത്തു ലഭിച്ച ഒരു വിജയത്തിന്റെ സ്മാരകമായി ദ്വാരസമുദ്രത്തിലെ 'മൂലനായകന്റെ' പേർ 'വിജയപാർശ്വനാഥ'നെന്നാക്കി മാററുകയും ചെയ്തു എന്നു 'ഭാരതീയസംസ്കാരത്തിന് ജൈനധർമ്മത്തിന്റെ സംഭാവന, എന്ന ഹിന്ദി പുസ്തകത്തിൽ കാണുന്നു. (ഡോ. ഹീരാലാൽ ജൈൻ, ഭാരതീയ സംസ്കൃതി മേം ജൈൻ ധർമ്മ്കാ യോഗ്ദാൻ, പേ. 40). മൂലനായകനെന്ന പേർ പാർശ്വനാഥന്നുണ്ടായിരുന്നു എന്നാണല്ലോ ഇതിന്റെ സൂചന. 'മൂലവാസം' പാർശ്വനാഥക്ഷേത്രമായിരിക്കാൻ വിരോധമില്ലെന്ന് ഇതിൽ നിന്നു സിദ്ധിക്കുന്നു.

അനഹിലവാഡയിലെ ചാവഡാ (ചാപോൽക്കട) രാജവംശത്തിൽപ്പെട്ട മൂലരാജൻ സ്വന്തം രാജധാനിയിൽ 'മൂലവസതിക' എന്ന പേരിൽ ഒരു ജൈനക്ഷേത്രം നിർമ്മിച്ചുവെന്ന് മേൽപ്പറഞ്ഞ പുസ്തകത്തിൽ (പേ. 42) പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധാർഹമാണ്. മൂലവസതിക, മൂലവാസം എന്നീ പദങ്ങൾ ഏകാർത്ഥകങ്ങളാണല്ലോ. മൂലവാസം ജൈനക്ഷേത്രമെന്ന സംശയത്തെ ഇതും ദൃഢീകരിക്കുന്നു.

(വിജ്ഞാനകൈരളി)

# ചാലൂക്യവിക്രമാദിത്യൻെറ രണ്ടു കേരളാക്രമണങ്ങൾ

കാശ്മീരിൽ പിറന്ന സംസ്കൃതകവിയായ ബിൽഹണൻെറ കൃതിയാണ് 'വിക്രമാങ്കദേവചരിതം' എന്ന മഹാകാവ്യം. കല്യാണനഗരം സ്ഥാപിച്ച ആഹവമല്ലനെന്ന ചാലൂക്യരാജാവിൻെറ മൂന്നു പുത്രരിൽ രണ്ടാമനും കുന്തള—കർണാട—അധിപതിയുമായ വിക്രമാദിത്യൻെറ ചരിത്രമത്രേ ഈ കാവ്യത്തിലെ പ്രതിപാദ്യം. ബിൽഹണൻ വിക്രമാദിത്യൻെറ സദസ്സിൽ വളരെയേറെ ബഹുമതികൾ നേടുകയുണ്ടായി. അങ്ങനെ വിക്രമാദിത്യനെ അടുത്തുനിന്ന് കണ്ടറിഞ്ഞു. അതിനാൽ ബിൽഹണൻെറ കാവ്യത്തിൽനിന്ന് ചരിത്രപരമായ പല വസ്തുതകളും ഗ്രഹിക്കാം. വിക്രമാദിത്യൻെറ പിതാവായ ആഹവമല്ലൻ എ. ഡി. 1068—ൽ[1] അന്തരിച്ചു. ആഹവമല്ലൻെറ ജീവിതകാലത്ത് ഫലത്തിൽ യുവരാജാവെന്ന നിലയിലും (പേരിന് യുവരാജാവ് ആഹവമല്ലൻെറ മൂത്തപുത്രനായ സോമേശ്വരനായിരുന്നു) ആഹവമല്ലൻെറ മരണശേഷം ജ്യേഷ്ഠനുമായി പിണങ്ങി താമസിക്കുന്ന കാലത്തും, രണ്ടുതവണ വിക്രമാദിത്യൻ കേരളത്തെ ആക്രമിച്ചതായി ബിൽഹണൻ വിക്രമാങ്കദേവചരിതത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ആക്രമണങ്ങൾ യഥാർഥത്തിൽ സംഭവിച്ചവയാണെന്ന് കരുതാം.

വിക്രമാങ്കദേവചരിതത്തിലെ മൂന്നാം സർഗത്തിൽ ഒന്നു മുതൽ പതിനെട്ടു കൂടിയുള്ള പദ്യങ്ങളിൽ വിക്രമാദിത്യൻെറ ആദ്യത്തെ കേരളാക്രമണം വർണിക്കപ്പെട്ടിരിക്കുന്നു. അന്നു യുവരാജാവ് വിക്രമാദിത്യൻെറ ജ്യേഷ്ഠനായ സോമേശ്വരൻ ആയിരുന്നു. എങ്കിലും യുവരാജാവിൻെറ ചുമതലകൾ വിക്രമാദിത്യനിലാണ് നിക്ഷിപ്ത

1. Nilakantha Sastri, A History of South India P. 187



മായിരുന്നത്. ഭാരതീയ രാജകന്മാരുടെ പാരമ്പര്യമനുസരിച്ച് വിക്രമാദിത്യൻ ദിഗ്ജയത്തിനു പുറപ്പെട്ടു. മുമ്പുതന്നെ അദ്ദേഹം കാഞ്ചീപുരം കീഴടക്കിയിരുന്നു. അദ്ദേഹത്തിൻെറ ആനകൾ കേരളകാമിനികളുടെ അളകാവലികളോടൊപ്പം മലയവൃക്ഷത്തിലെ ചന്ദനവൃക്ഷങ്ങളെ ഒടിച്ചു[2]. ആനകൾ കട പുഴക്കിയ ചന്ദനവൃക്ഷങ്ങളാകുന്ന സമ്പത്ത് സമുദ്രത്തിൽ നിക്ഷേപിച്ച് അതിൻെറ വിലയെന്നപോലെ രത്നങ്ങളെ അദ്ദേഹം സമുദ്രത്തിൽനിന്നെടുത്തു[3]. അദ്ദേഹത്തിൻെറ ആനകൾ കടൽത്തീരത്തു ചുരുണ്ടുകിടക്കുന്നവയും കടലാനകളുടെ കാൽച്ചങ്ങലയ്ക്കൊത്തവയുമായ വലിയ സർപ്പങ്ങളെ ചവുട്ടി ഞെരിച്ചു[4]. പഴയത്തെ ഓർമിച്ച് വന്നെത്തുന്ന ഉച്ചൈശ്ശ്രവസ്സാണെന്നു', വെള്ളത്തിലിറങ്ങുന്ന അദ്ദേഹത്തിൻെറ ഓരോ കുതിരയെപ്പറ്റിയും സമുദ്രം വിചാരിച്ചു[5]. അദ്ദേഹം കേരളരാജാവിൻെറ ചോര കടലിൽ കലക്കി, തന്നെ അഗസ്ത്യൻ വീണ്ടും കുടിച്ചു വററിച്ചേക്കുമോ എന്ന ഭയം കടലിന് ഇല്ലാതാക്കി (മനുഷ്യരക്തം കലക്കിയ വെള്ളം ബ്രാഹ്മണനായ അഗസ്ത്യൻ കുടിക്കുകയില്ലല്ലോ!)[6]. ഇതിനുശേഷം സിംഹളരാജാവ് വിക്രമാദിത്യനെ ശരണം പ്രാപിച്ച് അഗസ്ത്യാശ്രമത്തിൽ താമസമാക്കി. വിക്രമാദിത്യൻ തുടർന്ന് ഗാംഗന്മാരുടെ കുണ്ഡപുരത്തിലേക്കു തിരിഞ്ഞു. ചോളരാജാവ് അദ്ദേഹത്തെ ഭയന്ന് വിട്ടൊഴിഞ്ഞ കാഞ്ചീപുരം വിക്രമാദിത്യൻ വീണ്ടും കീഴടക്കി. വെംഗി, ചക്രകോടം എന്നിവിടങ്ങളിലെ രാജാക്കന്മാരെ തോൽപിച്ച്

2. അഭജ്യന്ത ഗജൈര്യസ്യ ലീലയാ മലയദ്രുമാഃ
സമം കേരളകാന്താനാം ചൂർണകുന്തളവല്ലിഭിഃ 3.2.
3. ഗജോന്മൂലിതനിക്ഷിപ്തചന്ദനദ്രുമസമ്പദഃ
സ മൂല്യമിവ രത്നാനി ജഗ്രാഹ മഹതോംബുധേഃ 3.9
4. കല്ലോലാസ്ഫാൽകരിഭിര്യസ്യായതദ്വിപാംഹ്രിനിഗഡോപമാഃ
ശയാനാഃ കുണ്ഡലീഭൂയ വാരിധിതീരേ മഹോരഗാഃ 3.12
5. തസ്യ വാഹനമേകൈകം ഗാഹമാനമമന്യത
മന്ദരാസ്ഫാരണായാതമുച്ചൈശ്ശ്രവസമംബുധിഃ 3.14
6. തേന കേരളഭൂപാലഹേലാലകൃഷ്ടീകൃതഃ
അഗസ്ത്യമുനിസംത്രാസമത്യാജ്യത പയോനിധിഃ 3.18

അദ്ദേഹം കൃഷ്ണാനദീതീരത്തെത്തി. അപ്പോഴേക്ക് അച്ഛൻ മരിച്ചതായി അറിവു കിട്ടുകയാൽ അദ്ദേഹം കല്യാണനഗരത്തിലേക്കു മടങ്ങി.

ആഹവമല്ലൻ മരിച്ചത് എ. ഡി. 1068-ലാണെന്ന് പറഞ്ഞുവല്ലോ. വിക്രമാദിത്യന്റെ ഒന്നാമത്തെ കേരളാക്രമണം അതിന്ന് ഒന്നോ രണ്ടോ വർഷം മുമ്പ് ആയിരിക്കണം.

ആഹവമല്ലന്റെ മരണത്തിന്നു ശേഷം വിക്രമാദിത്യന്റെ ജ്യേഷ്ഠനായ സോമേശ്വരൻ കല്യാണനഗരത്തിൽ രാജാവായി. തന്നെ ദ്വേഷിക്കാൻ തുടങ്ങിയ സോമേശ്വരനെ വിട്ട് വിക്രമാദിത്യൻ തുംഗഭദ്രയുടെ കരയിൽ ചെന്നു താമസിച്ചു. പിന്നീട് അദ്ദേഹം ഒരു തവണ കൂടി ദിഗ്വിജയത്തിനിറങ്ങി. കൊങ്കണരാജാവായ ജയകേശി വിക്രമാദിത്യന്നു കീഴടങ്ങി. തന്നെ വന്ന് നമസ്കരിച്ച ആലുപരാജാവിനെ വിക്രമാദിത്യൻ അനുഗ്രഹിച്ചു. കേരളരാജാവിന്റെ സുന്ദരിമാരുടെ കവിളുകളിൽ പുഷ്പകൽപിതമായ കണ്ണുനീരിന്റെ വാഴ്ച ധാരാളമായി അനുഭവപ്പെടുമാറ് പ്രയോഗിച്ച് അദ്ദേഹം നടപ്പിൽ വരുത്തി[7]. പിന്നീട് അദ്ദേഹം ദ്രാവിഡ രാജ്യത്തേക്കു തിരിഞ്ഞു.

വിക്രമാദിത്യന്റെ ഈ രണ്ടാമത്തെ കേരളാക്രമണം എ. ഡി. 1070–ന് അടുത്തായിരിക്കണം.

ബിൽഹണൻ പറയുന്നത് സത്യമെങ്കിൽ, വിക്രമാദിത്യചാലൂക്യൻ കൊന്ന കേരളരാജാവ് ആരായിരിക്കാം ?

എ. ഡി. 1028-ലെ ചോളാക്രമണത്തിന്നു ശേഷം മഹോദയപുരം ആസ്ഥാനമാക്കി കേരളം ഭരിച്ചിരുന്ന കുലശേഖരന്മാരുടെ സാമ്രാജ്യം തകർച്ചയിലേക്കു നീങ്ങി. ഈ കാലത്ത് വാണിരുന്ന രാജസിംഹൻ (എ.ഡി. 1028–1043), ഭാസ്കരരവി മൂന്നാമൻ (എ. ഡി. 1043–1082), രവിവർമ്മ (എ. ഡി. 1082–1090) എന്ന മൂന്നു കുലശേഖര രാജാക്കന്മാരെപ്പറ്റി ഇളംകുളം പ്രസ്താവിക്കുന്നുണ്ട്[8]. ഇവരിൽ മൂന്നാം ഭാസ്കര രവിയുടെ കാലത്തായിരിക്കണം രണ്ടു ചാലൂക്യാക്രമണങ്ങളും നടന്നത്. ഭാസ്കര രവി മൂന്നാമന്റെ പതിമൂന്നും മുപ്പത്തിമൂന്നും ശാസന വർഷങ്ങളിൽ (എ. ഡി. 1056–1076 എന്നീ വർഷങ്ങളിൽ) എഴുതപ്പെട്ട ശിലാരേഖകൾ കണ്ടുകിട്ടിയിട്ടുണ്ട്. ഇതേ കാലത്ത് ജീവിച്ചിരുന്ന വേറെയും ചില കേരള രാജാക്കന്മാരെപ്പറ്റി നമുക്കറിയാം. എ. ഡി. 1065-ൽ വീരരാജേന്ദ്രചോളനോടു യുദ്ധംചെയ്തു മരിച്ച ചേരരാജാവാണ് ഇവരിൽ ഒരാൾ. ഈ രാജാവിന്റെ മരണത്തെപ്പറ്റി പറയുന്ന രേഖ അദ്ദേഹത്തിന്റെ പേർ പറയുന്നില്ല. പറമ്പൻതളി ശാസനത്തിൽ പരാമർശിക്കപ്പെട്ട ആദിത്യവർമ്മയായിരിക്കാം ഇതെന്ന് ഇളംകുളം ഊഹിക്കുന്നു. തിരുവല്ലൂർ ശാസനത്തിൽ പരാമൃഷ്ടനായ ബാലരാമവർമ്മയാണ് ഇക്കാലത്തു ജീവിച്ചിരുന്ന മറ്റൊരു കേരളരാജാവ്. ഇദ്ദേഹവും ചോളയുദ്ധത്തിൽ മരിച്ചിരിക്കണമെന്നാണ് ഇളംകുളത്തിന്റെ അഭിപ്രായം[9]. ഇതും ഊഹം മാത്രമാണ്. ചാലൂക്യവിക്രമാദിത്യൻ കടലിൽ കുളിക്കിയ ചേര ഇവരിലൊരാളുടേതായിക്കൂടായ്കയില്ല. മറ്റു തെളിവുകൾ കിട്ടുംവരെ ഇതിനെപ്പറ്റി നിശ്ചിതമായി ഒന്നും പറയാനാവില്ല.

ബ്രഹ്മാവിന്റെ കൈക്കുടന്നയിലുള്ള വെള്ളത്തിൽ നിന്നുണ്ടായ ഒരു യോദ്ധാവാണത്രേ ചാലൂക്യകുലസ്ഥാപകൻ[10]. ചുളുകത്തിൽ നിന്നുണ്ടായതിനാൽ ചുളുക്യനെന്നു പേർ വന്നു. ഇതു പിന്നീട് ചാലൂക്യൻ എന്നായി. ചാലൂക്യ വംശജർ ആദ്യം വാസമുറപ്പിച്ചത് ശ്രീരാമന്റെ രാജധാനിയായിരുന്ന അയോധ്യയിലാണ്. ഹാരീതൻ എന്നും മാനവ്യൻ എന്നും രണ്ടു പേർ ഈ വംശത്തിൽ വളരെ പ്രസിദ്ധി നേടി. ക്രമത്തിൽ ഈ വംശക്കാർ

7. വ്യാപൃതൈരവിരതം ശിലീമുഖൈഃ
കേരളക്ഷിതിപവാമചക്ഷുഷാം
പൂർവകൽപിതമസാവകൽപയൽ
ഗണ്ഡപാളിഷു നിവാസമശ്രുണഃ 5.27.

8. Studies in Kerala History, പേ. 243.

9. Ibid പേജ് 243.

10. അഥാവിരാസീൽ സുരടസ്ത്രിലോക–
ത്രാണപ്രവീണശ്ചുളുകാദ് വിധാതുഃ 1. 55

തെക്കോട്ടനീങ്ങി. ദ്വീപുകളിൽപ്പോലും അവരുടെ കതിരകരം ചെന്നെത്തി.

മാനാച്ചന്നും സാമൂതിരിമാരുടെ കലക്കൂടസ്ഥനായ മാനിച്ചന്നും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഇതും ഉപരിഗവേഷണം അർഹിക്കുന്ന ഒരു സംഗതിയത്രേ.

വിജ്ഞാന കൈരളി 6, 1, ജൂൺ 1974, പു. 33–4–

# കലയും സംസ്കാരവും കോഴിക്കോട്ട്

കേരളത്തിൻെറ കലയുടേയും സംസ്കാരത്തിൻേറയും ചരിത്രം എഴുതപ്പെടുമ്പോൾ, അതിൽ കോഴിക്കോട് നഗരത്തിന്ന് മറേറതൊരു നഗരത്തേക്കാളും വിശിഷ്ടമായ സ്ഥാനം ലഭിക്കാതിരിക്കുകയില്ല.

കൊടുങ്ങല്ലൂരിനെയോ തൃക്കണാമതിലകത്തെയോ തിരുവനന്തപുരത്തേയോ തൃശ്ശൂരിനേയോ അപേക്ഷിച്ച് ആധുനികമാണ് കോഴിക്കോട്ടനഗരം. അടുത്തു കിടക്കുന്ന കടലുണ്ടി, പന്തലായിനി എന്നീ നഗരങ്ങളെ—ഇന്നവ ഗ്രാമങ്ങൾ മാത്രമാണ്— പററി പല സൂചനകളും നൽകുന്ന തമിഴിലെ സംഘസാഹിത്യം കോഴിക്കോട്ട് നഗരത്തെസ്സംബന്ധിച്ചിടത്തോളം തികച്ചും മൂകമാണ്. ക്രിസ്ത്വബ്ദം പത്താം ശതകത്തിൽ കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി കേരളം ഭരിച്ചിരുന്ന ചേരരാജാവായ ഗോദരവിയുടെ ശിലാശാസനകൾ തൃപ്രങ്ങോട്ടും, കോഴിക്കോട് താലൂക്കിലെ ചോക്കൂരും നിന്നു ലഭിച്ചിട്ടുണ്ട്. ക്രി. പി. 1000–ത്തിലെ ഭാസ്കരരവിവർമ്മൻ ചെപ്പേടിലും, 1225–ലെ വീരരാഘവചക്രവർത്തി ചെപ്പേടിലും ഏറാൾനാട്ടുടയവരേയും ഏറനാട്ടുടയവരേയും പററി പ്രസ്താവമുണ്ട്. എങ്കിലും, അവയിലും കോഴിക്കോട്ട് നഗരത്തെപ്പററി സൂചനയില്ല. ക്രി. പി. 1101–ൽ രണ്ടാം ചേരവംശത്തിൻെറ അധഃപതനത്തിന്ന ശേഷമാണ് സാമൂതിരി പോർളാതിരിയെ വഞ്ചിച്ച് 'കോഴിക്കോട്ടും ചുള്ളിക്കാട്ടും' കരസ്ഥമാക്കിയതെന്നത്രേ ഐതിഹ്യം. 'ദേവോ നാരായണോ൪വ്യാൽ' എന്ന കലിദിനസംഖ്യയെ ആധാരമാക്കി, കോഴിക്കോട്ട് നഗരം സ്ഥാപിക്കപ്പെട്ടത് ക്രി. പി. 1042 ൽ ആണെന്ന് ചിലർ പറയുന്നതിന്ന് തെളിവ് പോര. ഏതായാലും, അന്നു സാമൂതിരി കോഴി

ക്കോട്ട് നിർമ്മിച്ചതായിപ്പറയുന്ന 'വേളാപുരം' കോട്ട എവിടെയായിരുന്നു എന്നു പോലും ഇന്ന് ആരും ഓർമ്മിക്കുന്നില്ല. 'പൂന്തുറ' എന്ന പേരിൽ വ്യവഹരിക്കപ്പെട്ടിരുന്നത് പഴയ കോഴിക്കോട് ആയിരുന്നു എന്ന് പറയാനും പ്രയാസമുണ്ട്.

എങ്കിലും ക്രിസ്താബ്ദം 13-ാം ശതകം മുതൽ ഒരു വാണിജ്യകേന്ദ്രമെന്ന നിലയിൽ കോഴിക്കോട് പ്രസിദ്ധിയാർജ്ജിച്ചു തുടങ്ങി എന്നത് നിർവ്വിവാദമാണ്. എല്ലാവർക്കും അറിയാവുന്നപോലെ കുരുമുളക്, ഏലം, ചുക്ക് മുതലായ ഗന്ധമസാലകളും തുണിച്ചരക്കുകളും കയററിയയ്ക്കുന്ന ഒരന്താരാഷ്ട്രീയ തുറമുഖമായി കോഴിക്കോട് വളരെ വേഗം വികസിച്ചു. ചീന മുതൽ അറേബിയ വരെയുള്ള നാടുകളിലെ വർത്തകർ ഇവിടെ തിങ്ങിക്കൂടി. സാമൂതിരിരാജാക്കന്മാരുടെ മതസഹിഷ്ണുതയും, സുരക്ഷിതത്വവും നീതിയും നൽകുന്ന സദ്ഭരണവും, വിദേശീയരോടുള്ള സൌഹാർദ്ദവും ഈ നഗരത്തെ ഒരഖിലലോകവാണിജ്യകേന്ദ്രമായി ഉയർത്തി. കോഴിക്കോടിന്റെ ഈ ഉയർച്ചയിൽ അറബികളായ വ്യാപാരികൾ വഹിച്ച പങ്ക് എല്ലാവർക്കും അറിവുള്ളതാണ്.

14-ാം ശതകത്തിൽ കോഴിക്കോട് സന്ദർശിച്ച ആഫ്രിക്കക്കാരനായ ഇബൻ ബത്തൂത്തയും 15-ാം ശതകത്തിൽ ഇവിടെ വന്ന ചീനക്കാരനായ മാഹ്വാനും പേഴ്സ്യക്കാരനായ അബ്ദുൽറസാക്കും റഷ്യക്കാരനായ അഫ്നാസി നികിതിനും നഗരത്തിലെ വ്യാപാരത്തേയും ധനസമൃദ്ധിയേയും പററി പ്രസ്താവിക്കുന്നുണ്ട്. അന്നത്തെ ജനജീവിതത്തേയും മതാചാരങ്ങളേയും പററി പറയുന്ന കൂട്ടത്തിൽ, ആളുകളുടെ സത്യസന്ധത, വിശ്വാസയോഗ്യത മുതലായ സദ്ഗുണങ്ങൾക്ക് അവർ സാക്ഷ്യം വഹിക്കുന്നു.

എന്നാൽ, വിശിഷ്ടമായ ഒരു സംസ്കാരകേന്ദ്രമെന്ന നിലയിൽ കോഴിക്കോട് കേരളത്തിന്റെയും ഭാരതത്തിന്റെ തന്നെയും ചരിത്രത്തിലേക്ക് പ്രവേശിക്കുന്നത് 15-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ്. ക്രിസ്താബ്ദം



1466 മുതൽ 1471 വരെ നാടു വാണ മാനവിക്രമ സാമൂതിരിയോടാണ് ഇതിനു നാം കടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ വാഴ്ചക്കാലത്ത് കോഴിക്കോട് നഗരം ഭാരതീയദർശനങ്ങളുടെയും സാഹിത്യത്തിന്റെയും കേന്ദ്രമെന്ന നിലയിൽ, പണ്ട് ഉജ്ജയിനി, ധാരാനഗരി മുതലായ ഉത്തരഭാരത നഗരികൾക്കുണ്ടായിരുന്ന പ്രശസ്തി കരസ്ഥമാക്കി. പ്രസിദ്ധരായ പതിനെട്ടരക്കവികളുടെ പുരസ്കർത്താവെന്ന നിലയ്ക്ക് വിഖ്യാതനായ ഈ സാമൂതിരി സ്വയം ഒരു ഗ്രന്ഥകാരൻ കൂടിയായിരുന്നു. 'അനർഘരാഘവം' എന്ന സംസ്കൃതനാടകത്തിന്റെ വ്യാഖ്യാനമായ 'വിക്രമീയം' ആണ് ഇദ്ദേഹത്തിന്റെ കൃതി. മാനവിക്രമന്റെ പണ്ഡിതസദസ്സിൽ കേരളീയരും അകേരളീയരുമായ പല വിദ്വാന്മാരും സന്നിഹിതരായിരുന്നു. ഒമ്പത് പയ്യൂർ പട്ടേരിമാർ, തിരുവേഗപ്പുറക്കാരായ അഞ്ച് നമ്പൂതിരിമാർ, മുല്ലപ്പിള്ളി ഭട്ടതിരി, ചേന്നാസ്സ് നമ്പൂതിരി, കാക്കശ്ശേരി ഭട്ടതിരി, ഉദ്ദണ്ഡശാസ്ത്രികൾ എന്നിങ്ങിനെ പതിനെട്ട് സംസ്കൃതകവികളും, മലയാളകവിയായതിനാൽ 'അരക്കവി' എന്നറിയപ്പെട്ട പൂനം നമ്പൂതിരിയുമായിരുന്നു ഇവരിൽ പ്രമുഖർ. മീമാംസാശാസ്ത്രത്തിന്റെ ഭാട്ട-പ്രാഭാകരശാഖകളിലും വ്യാകരണത്തിലും വേദാന്തത്തിലും അവഗാഹം നേടിയവരും ഗ്രന്ഥകാരന്മാരുമായിരുന്നു പയ്യൂർ പട്ടേരിമാർ. തിരുവേഗപ്പുറക്കാരായ നമ്പൂതിരിമാരിലൊരാളാണ് 'സുഭദ്രാഹരണം' എന്ന വ്യാകരണകാവ്യം നിർമ്മിച്ച നാരായണനെന്ന് ഉള്ളൂർ കരുതുന്നു. 'തന്ത്രസമുച്ചയം' എന്ന തന്ത്രശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവാണ് ചേന്നാസ്സ് നമ്പൂതിരി. 'മല്ലികാമാരുതം' നാടകം, 'കോകിലസന്ദേശം' എന്നിവ ഉദ്ദണ്ഡശാസ്ത്രികളുടെ കൃതികളത്രേ. 'വസുമതീമാനവിക്രമം' എന്ന നാടകമാണ് കാക്കശ്ശേരിയുടെ കൃതി. കേരളത്തിൽ അടുത്തകാലം വരെ പ്രചാരത്തിലിരുന്ന പല സരസൈതിഹ്യങ്ങളിലെയും നായകപ്രതിനായകന്മാരായിരുന്ന സാഹിത്യമല്ലന്മാരാണ് ഒടുവിൽപ്പറഞ്ഞ രണ്ടു പേർ. പൂനത്തിന്റെ 'രാമായണ

ചമ്പു് മണിപ്രവാളസാഹിത്യത്തിന്റെ സുവർണ്ണകിരീടമത്രേ. മേൽപ്പറഞ്ഞവരെക്കൂടാതെയും പല പണ്ഡിതന്മാരും ഗ്രന്ഥകാരന്മാരും അക്കാലത്തു് കോഴിക്കോട്ടും പരിസരങ്ങളിലുമായി ജീവിച്ചിരുന്നു.

സാമൂതിരിമാർ സാഹിത്യാഭിവൃദ്ധിക്കു് വേണ്ടി ചെയ്തു വന്ന സൽക്കർമ്മങ്ങളിൽ സർവ്വപ്രധാനമായി പരിഗണിക്കേണ്ടതു് തളിയിൽ ക്ഷേത്രത്തിലെ പട്ടത്താനം ആണെന്നു് ഉള്ളൂർ പ്രസ്താവിച്ചിട്ടുണ്ടു്. പ്രായം കുറവായ തന്റെ മകന്നു് രാജപദവി ലഭിക്കാൻ വേണ്ടി, അനുജത്തിയുടെ വയസ്സു് മൂത്ത കുട്ടിയെ വിഷം കൊടുത്തു കൊന്ന ഒരു തമ്പുരാട്ടിയുടെ പ്രായശ്ചിത്ത കർമ്മമായാണത്രേ പട്ടത്താനം ആരംഭിച്ചതു്. മീമാംസയുടെ ഭാട്ട-പ്രഭാകരശാഖകൾ, വേദാന്തം, വ്യാകരണം എന്നീ ശാസ്ത്രങ്ങൾ പന്ത്രണ്ടു് കൊല്ലം അഭ്യസിച്ചു് പരീക്ഷ ജയിച്ച ബ്രാഹ്മണരെ പണ്ടു് 'ഭട്ടൻ' എന്ന ബിരുദം നൽകി ബഹുമാനിച്ചിരുന്നു. ഇത്തരം ഭട്ടന്മാർക്കുള്ള ദാനമാണു് പട്ടത്താനം. തുലാമാസത്തിൽ രേവതി നാളിൽ ആരംഭിച്ചു്, തിരുവാതിരനാളിൽ അവസാനിക്കുന്ന ഈ ഏഴു് ദിവസത്തെ പാണ്ഡിത്യപരീക്ഷ തളിയിൽ ക്ഷേത്രത്തിലെ വാതിൽമാടത്തിൽ, ഓരോ ശാസ്ത്രത്തിന്നും വേറെ വേറെ നിശ്ചയിച്ച സ്ഥാനങ്ങളിൽ, കൊളുത്തി വെച്ച നാലു് വിളക്കുകൾക്കു് മുമ്പിൽ, പയ്യൂർ പട്ടേരിമാരുടെ അദ്ധ്യക്ഷതയിലാണു് നടത്താറു്. സർവ്വതന്ത്രസ്വതന്ത്രനായ മേല്പുത്തൂർ നാരായണഭട്ടതിരി പോലും ആറു തവണ ഈ പരീക്ഷയിൽ തോൽക്കുകയും, ഏഴാമത്തെ തവണ മാത്രം സമ്മാനർഹനാവുകയും ചെയ്തുവെന്നാണു് ഐതിഹ്യം. ഇതിൽ നിന്നു് ഈ പരീക്ഷയുടെ കാഠിന്യവും, അന്നുണ്ടായിരുന്നവർ അതിന്നു് കല്പിച്ചു പോന്ന മാന്യതയും വ്യക്തമാണല്ലോ. പരീക്ഷയിൽ ജയിച്ചവർക്കു് സമ്മാനിച്ചിരുന്ന കിഴികൾ, ഭൗതികമായി നോക്കുമ്പോൾ, വളരെ കനത്തവയായിരുന്നു എന്നു പറഞ്ഞുകൂടാ. പതിനാലുറുപ്പിക ഒൻപതണ വില വരുന്ന അമ്പത്തൊന്നു് പുത്തൻ പണമായിരുന്നു ഈ കിഴികളിൽ. രണ്ടു് മീമാംസകൾക്കു് പന്ത്രണ്ടുവീതവും, വ്യാകരണത്തിന്നു ഒമ്പതും, വേദാന്തത്തിന്നു പതിമൂന്നും, അങ്ങനെ നാല്പത്താറു് കിഴികളാണു് പട്ടത്താനത്തിൽ പണ്ഡിതന്മാർക്കു് സമ്മാനിച്ചിരുന്നതു്. സമ്മാനാർഹരായ ആളുകൾ വേണ്ടത്ര ഇല്ലെങ്കിൽ കിഴികളുടെ എണ്ണം കുറയ്ക്കും. കൊല്ലവർഷം 854-ൽ (ക്രി. പി. 1679) 43 കിഴികൾ സമ്മാനിച്ചതിന്നു രേഖയുണ്ടു്. പട്ടത്താനം എന്നു് ആരംഭിച്ചു എന്നറിഞ്ഞുകൂട. എങ്കിലും 15-ാം ശതകത്തിൽ ആണ്ടുതോറും പട്ടത്താനം നടന്നിരുന്നു എന്നതിന്നു മാനവിക്രമസാമൂതിരിയുടെ താഴെ ചേർക്കുന്ന ശ്ലോകം തെളിവാണു്.



പദവാക്യപ്രമാണേഷു
പ്രവീണൈർ ബ്രാഹ്മണോത്തമൈഃ
പ്രത്യബ്ദം സേവ്യമാനം തം
സ്ഥലീശ്വര മുപാസ്മഹേ.

ടിപ്പുവിന്റെ ആക്രമണത്തോടു് കൂടി പട്ടത്താനം നിലച്ചു പോയി. കൊല്ലവർഷം 1031-ൽ (ക്രി. പി. 1856) അതു് പുനരാരംഭിച്ചു് 1109-ാമാണ്ടു് (ക്രി.പി. 1934) വരെ ഒരടിയന്തരമെന്ന നിലയിൽ നടത്തി. അതിന്നു ശേഷം ഈ അടിയന്തരവും ഇല്ലാതായി. ഈ ഇടക്കാലത്തു് പട്ടത്താനത്തിൽ അദ്ധ്യക്ഷത വഹിച്ചിരുന്നതു് കൂടല്ലൂർ (നാറേരി) നമ്പൂതിരിപ്പാടന്മാരായിരുന്നു.

ക്രി. പി. പതിനാറാം ശതകത്തിൽ കേരളത്തിൽ ജീവിക്കുകയും കേരളസംസ്കാരത്തെ സ്വന്തം സംഭാവനകളാൽ സമ്പന്നവും ധന്യവുമാക്കുകയും ചെയ്ത രണ്ടു് മഹാന്മാരാണു് തുഞ്ചത്തെഴുത്തച്ഛനും മേല്പുത്തൂർ നാരായണഭട്ടതിരിയും. ഇവരുടെ ജീവിതവും പ്രവർത്തനവും മുഖ്യമായും കോഴിക്കോട്ടു് നഗരത്തിന്നു് പുറത്തായിരുന്നുവെങ്കിലും, ശൈലാബ്ധീശ്വരന്മാരുടെ ആസ്ഥാനമായ ഈ നഗരത്തോടു് കൂടെക്കൂടെ ബന്ധപ്പെടേണ്ട ആവശ്യം അവർക്കുണ്ടായിരുന്നു. ഇവരെപ്പോലെ തന്നെ സാമൂതിരിപ്പാട്ടിന്റെ ഔദാര്യം സ്വീകരിച്ചു് കോഴിക്കോട്ടു് ദീർഘകാലം താമസിച്ച ഒരു കവിയാണു് ഭക്തോത്തമനായ പൂന്താനം.

മാനവിക്രമന്നു ശേഷം സാമൂതിരികുടുംബത്തിൽ പാണ്ഡിത്യംകൊണ്ടും ഗ്രന്ഥനിർമ്മാണം കൊണ്ടും ഏററവുമധികം ഖ്യാതി സമ്പാദിച്ചതു് ക്രി. പി. 1655 മുതൽ 1658 വരെ മൂന്നു കൊല്ലം സാമൂതിരിസ്ഥാനമലങ്കരിച്ച മാനവേദനായിരുന്നു. കൃഷ്ണനാട്ടമെന്ന നൃത്യനാടകത്തിന്റെ സാഹിത്യമായ കൃഷ്ണഗീതി, പൂർവ്വഭാരതചമ്പു എന്നിവയാണു് ഇദ്ദേഹത്തിന്റെ കൃതികൾ. ഇതിൽ പൂർവ്വഭാരതചമ്പു മാനവേദന്റെ ആദ്യകൃതിയാണു്. ഗ്രന്ഥകാരന്നു് വ്യാകരണശാസ്ത്രത്തിലുള്ള പാണ്ഡിത്യത്തെ ഈ ചമ്പു വ്യക്തമാക്കുന്നു. മാനവേദനെ കഥാനായകനാക്കി അദ്ദേഹത്തിന്റെ ആശ്രിതന്മാർ രചിച്ച നാടകങ്ങളാണു് മാനവേദസട്ടകവും ലക്ഷ്മീമാനവേദവും. സുപ്രസിദ്ധനായ നാരായണപണ്ഡിതൻ ഇദ്ദേഹത്തിന്റെ മറെറാരാശ്രിതനായിരുന്നു.

മാനവേദൻ സംസ്കൃതസാഹിത്യത്തിന്നെന്നപോലെ കേരളസംസ്കാരത്തിന്നും നൽകിയ അതുല്യമായ സംഭാവനയാകുന്നു കൃഷ്ണഗീതി. തന്റെ ഗുരുവായ വില്വമംഗലം സ്വാമിയാരുടെ അനുഗ്രഹത്താൽ മാനവേദന്നു് കൃഷ്ണദർശനം കൈവന്നുവത്രേ. ശ്രീകൃഷ്ണന്റെ പീലിത്തിരുമുടിയിൽ നിന്നു് ഒരു പീലിക്കണ്ണു് കൈവശപ്പെടുത്താനും ഈ ഭക്തന്നു് കഴിഞ്ഞു. കൃഷ്ണനെ നേരിട്ടു് സംബോധനം ചെയ്തു്, ഭാഗവതം പത്തും പതിനൊന്നും സ്കന്ധങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള കൃഷ്ണാവതാരകഥ ഒരു ഗീതിനാട്യമായി രചിക്കാനും, അതു് നൃത്തനാടകമായി അരങ്ങേററുവാനും, ഈ നാടകം സ്ഥിരമായി കളിക്കുന്നതിന്നു ഒരു നടനസംഘത്തെ ഏർപ്പെടുത്താനും മാനവേദന്നു് പ്രചോദനം നൽകിയതു് ഈ ദർശനമാണത്രേ. തന്റെ കൈയിൽ കിട്ടിയ പീലിക്കണ്ണുപയോഗിച്ചു് അദ്ദേഹം കൃഷ്ണനാട്ടത്തിലെ കൃഷ്ണന്റെ കിരീടം രചിച്ചതായി വിശ്വസിക്കപ്പെടുന്നു. മാനവേദന്റെ കാലത്തിന്നു് ഒന്നുരണ്ടു് ശതകങ്ങൾ മുമ്പു്, ശ്രീകൃഷ്ണന്റെ കഥ നാടകരൂപത്തിൽ പ്രദർശിപ്പിക്കുന്ന സമ്പ്രദായം ഇന്ത്യയിലാകെ പ്രചാരത്തിൽവന്നു. ജയദേവന്റെ ഗീതഗോവിന്ദം പുനരുദ്ധരിച്ച നാടകരീതിയിൽ



അഭിനയിക്കുക അക്കാലത്തു പലേടത്തും പതിവായിരുന്നു. ഭാഗവതമേള, കുചിപുഡി മുതലായ നൃത്തനാടകസമ്പ്രദായങ്ങളും, ശ്രീനാരായണതീർത്ഥന്റെ കൃഷ്ണലീലാതരംഗിണി എന്ന സംഗീതനൃത്തനാടകവും ദക്ഷിണേന്ത്യയിൽ ഏതാണ്ടീക്കാലത്താണുണ്ടായതു്. അങ്ങനെ ഭാരതത്തിലാകെയുണ്ടായ ഒരു ഭക്തികലാപ്രസ്ഥാനത്തിന്റെ കേരളീയരൂപമായിരുന്നു കൃഷ്ണനാട്ടം. കൃഷ്ണനാട്ടത്തിൽനിന്നാണു് കൊട്ടാരക്കര തമ്പുരാന്റെ രാമനാട്ടവും കോട്ടയം തമ്പുരാന്റെ കഥകളിയുമുണ്ടായതു്, ലോകസംസ്കാരത്തിന്നു കേരളത്തിന്റെ മികച്ച സംഭാവനയെന്നു് പറയാവുന്ന കഥകളിയുടെ പിതൃത്വം, അങ്ങനെ, കൃഷ്ണനാട്ടത്തിലും തൽകർത്താവായ മാനവേദനിലും വന്നുചേരുന്നു. കേരളീയരുടെ സംഗീതം, നൃത്തം, അഭിനയം, വാദ്യം എന്നീ കലകളുടെ ഏററവും പ്രാഥമികമായ രൂപം, ഏററവും അധികൃതമായ രീതിയിൽ വെളിപ്പെടുത്തുന്നതു് കൃഷ്ണനാട്ടമാകുന്നു. കേരളത്തിന്റെ വടക്കെ പകുതിയിൽ മുഴുവൻ കൃഷ്ണനാട്ടത്തിന്നു് പ്രചാരമുണ്ടായിരുന്നു. മുന്നൂറിലേറെ കൊല്ലം അഭംഗുരമായും അനുസ്യൂതമായും കൃഷ്ണനാട്ടം കളിയോഗം നിലനിന്നുവന്നു. ഈ കളിയോഗത്തിന്റെ ആസ്ഥാനമായിരുന്നതു് കോഴിക്കോട്ടു് നഗരമാണു്. ഏതാനും വർഷങ്ങൾക്കു മുമ്പു് മാത്രമാണു് ഗുരുവായൂരിലേയ്ക്കു് ഈ സംഘം മാററപ്പെട്ടതു്. അതോടെ കൃഷ്ണനാട്ടത്തിന്റെ പ്രചാരം ഏറെക്കുറെ ഗുരുവായൂർ ക്ഷേത്രത്തിൽ മാത്രമായി ചുരുങ്ങുകയും ചെയ്തു. പുനരുദ്ധാരണവും പ്രചാരണവും അർഹിക്കുന്ന ഒരു വിശിഷ്ടകലയാണു് കൃഷ്ണനാട്ടമെന്നതിൽ ആർക്കും സംശയമുണ്ടാവില്ല.

1498 മെയ് 27—ാംനു– വാസ്കോ ഡി ഗാമ കപ്പാട്ടു് കപ്പലിറങ്ങുമ്പോൾ മാനവിക്രമൻ മരിച്ചു കഴിഞ്ഞിരുന്നുവെങ്കിലും പുനം ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. 1560—ൽ മേല്പുത്തൂർ ഭട്ടതിരി ജനിച്ചു. പിന്നീടു് അഞ്ചു് കൊല്ലം കഴിഞ്ഞു് നടന്ന തളിക്കോട്ട യുദ്ധത്തിൽ വിജയനഗരം സാമ്രാജ്യം നിലം പൊത്തി. പോർത്തുഗീസ്സുകാരെ സാമൂതിരി ചാലിയം കോട്ടയിൽ നിന്നു് ഓടിച്ചു് ഏറെ

കഴിയും മുമ്പാണ് തുഞ്ചത്തെഴുത്തച്ഛൻ മരിച്ചത്. മേല്പുത്തൂർ ഭട്ടതിരി നാരായണീയമെഴുതിക്കൊണ്ട് ഗുരുവായൂർ ക്ഷേത്രത്തിൽ ഭജിക്കുമ്പോൾ, കോട്ടയ്ക്കൽ മരക്കാന്മാർക്കെതിരായി പോർത്തുഗീസ്സുകാരുടെ സഹായം തേടുകയായിരുന്നു സാമൂതിരി. മേല്പുത്തൂർ ഭട്ടതിരി മരിച്ച് പന്ത്രണ്ട് കൊല്ലത്തിനുള്ളിൽ ഡച്ചുകാർ പോർത്തുഗീസ്സുകാരെ കേരളക്കരയിൽ നിന്നു മിക്കവാറും തുരത്തിക്കഴിഞ്ഞിരുന്നു. കൃഷ്ണനാട്ടത്തിന്റെ ആവിർഭാവം ഈ കാലഘട്ടത്തിലായിരുന്നു.

ക്രിസ്ത്വബ്ദം 1684 മുതൽ 1705 വരെ കോഴിക്കോട് ഭരിച്ചിരുന്നത് ഭരണി തിരുനാൾ മാനവിക്രമസാമൂതിരിയായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്ത് 1694–ലും 1695–ലും നടന്ന മാമാങ്കത്തെപ്പററി കാടഞ്ചേരി നമ്പൂതിരി രചിച്ച കൃതിയാണ് മാമാങ്കം കിളിപ്പാട്ട്.

1756–57–ൽ സാമൂതിരി പാലക്കാട് ആക്രമിക്കുകയും, പാലക്കാട്ട് രാജാവിന്റെ സഹായത്തിന്നെത്തിയ മൈസൂർ സൈന്യത്തോട് തോല്ക്കുകയും ചെയ്തു. യുദ്ധനഷ്ടപരിഹാരമായി പന്ത്രണ്ടു ലക്ഷം രൂപ മൈസൂരിന്ന് കൊടുക്കാമെന്ന് സാമൂതിരിക്കു സമ്മതിക്കേണ്ടിവന്നു. ഈ തുക പിരിച്ചെടുക്കാനാണ് 1766–ൽ ഹൈദരാലി മലബാർ ആക്രമിച്ചത്. അന്നു മുതൽ 1792–ൽ ടിപ്പു ഇംഗ്ലീഷുകാർക്ക് മലബാറിന്റെ മേല്ക്കോയ്മ വിട്ടുകൊടുക്കുന്നതു വരെയുള്ള കാലഘട്ടം ഉത്തരകേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഏററവും ഇരുണ്ട ഒന്നത്രേ. ഈ കാലത്തോ, ഇതിന്ന് തൊട്ടടുത്തോ ഉണ്ടായ കോട്ടയംതമ്പുരാന്റെ ആട്ടക്കഥകൾ മാത്രമാണ് ഈ ഇരുട്ടിൽ അല്പം വെളിച്ചം ചൊരിയുന്നത്. പിന്നീട് കോഴിക്കോട്ടും പരിസരങ്ങളിലും സാംസ്കാരികജീവിതത്തിൽ പുതിയ തളിരുകൾ പൊടിക്കുന്നത്, അര നൂററാണ്ടു കഴിഞ്ഞ് 1848–ൽ ഒരിംഗ്ലീഷ് വിദ്യാലയം കല്ലായിയിൽ സ്ഥാപിക്കപ്പെട്ടതിന്നുശേഷമായിരുന്നു.

ഇതിന്നു മൂന്നു വർഷം മുമ്പ് ജനിക്കുകയും ക്രി. പി. 1915–ൽ അന്തരിക്കുകയും ചെയ്ത മാങ്കാവിൽ കോവില



കത്ത് മാനവിക്രമ ഏട്ടൻതമ്പുരാനാണ് മലയാളസാഹിത്യചരിത്രത്തിൽ കോഴിക്കോട്ടിന്റെ സ്ഥാനം സുപ്രതിഷ്ഠമാക്കിയ മൂന്നാമത്തെ സാമൂതിരി. പ്രശസ്തസംസ്കൃതപണ്ഡിതനായിരുന്ന ഇദ്ദേഹം മലയാളത്തിലും സംസ്കൃതത്തിലുമായി 28 കൃതികൾ എഴുതി പ്രസിദ്ധം ചെയ്തിട്ടുണ്ട്. എന്നാൽ, ഒരു സാഹിത്യകാരനെന്നതിൽ കൂടുതൽ സാഹിത്യപ്രോത്സാഹകനെന്ന നിലയ്ക്കാണ് അദ്ദേഹം കേരളസംസ്കാരത്തെ സമ്പുഷ്ടമാക്കിയത്. സ്വന്തം കോവിലകത്തുവെച്ച് അദ്ദേഹം സഹൃദയസമാഗമം എന്ന പേരിൽ ഒരു വിദ്വത്സഭ വളരെക്കാലം നടത്തി. പല പണ്ഡിതന്മാരേയും വിളിച്ചു വരുത്തി സ്ഥാനമാനങ്ങളും ധനവും നൽകി ആദരിച്ചു. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, വെള്ളാനശ്ശേരി വാസുണ്ണിമൂസ്സത്, ആർ. വി. കൃഷ്ണമാചാര്യർ, തേലപ്പുറത്തു നാരായണനമ്പി, മഹാകവി വള്ളത്തോൾ, വി. സി. ബാലകൃഷ്ണപ്പണിക്കർ മുതലായി പലരും ഈ തമ്പുരാന്റെ ആദരവിന്നും പ്രോത്സാഹനത്തിന്നും പാത്രീഭവിച്ചിട്ടുണ്ട്. ഇന്ത്യയിൽ അന്നുണ്ടായിരുന്ന മിക്ക സംസ്കൃതപണ്ഡിതന്മാരുമായി സൌഹാർദ്ദത്തിൽ വർത്തിച്ചിരുന്ന ഈ തമ്പുരാൻ അഭിനവഭോജരാജനെന്ന പ്രശസ്തി നേടി.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി നമ്മുടെ സാംസ്കാരികചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുന്നു. പാശ്ചാത്യസഭ്യതയുടെ പ്രമുഖഘടകങ്ങളായ ജനാധിപത്യം, ശാസ്ത്രീയബോധം, സ്വാതന്ത്ര്യതൃഷ്ണ എന്നിവ ഉൾക്കൊണ്ട്, ജനകീയാഭിലാഷങ്ങൾക്കു രൂപവും ഗതിയും നൽകാൻ നമ്മുടെ സാഹിത്യ–സമുദായനായകന്മാർ മുന്നോട്ടു വരാൻ തുടങ്ങി, വൃത്താന്തപത്രങ്ങൾ ജീവിതത്തിന്റെ ഒരു അവിഭാജ്യഭാഗമായിത്തീർന്നു. മലയാളത്തിലെ പത്രപ്രവർത്തകന്മാരുടെ മുൻപന്തിയിൽ നില്ക്കുന്ന ഒരു വ്യക്തിയാണ് ചെങ്കളത്തു വലിയ കുഞ്ഞിരാമൻമേനോൻ. അദ്ദേഹം കോഴിക്കോട്ടുനിന്ന് 1884–ൽ ആരംഭിച്ച 'കേരളപത്രിക' അടുത്ത കാലം വരെ നടന്നു പോന്നു. മലയാളത്തിൽ രാഷ്ട്രീയ പത്ര

പ്രവർത്തനത്തിന്നു വഴി കാട്ടിയത് ഈ പത്രമായിരുന്നു എന്നു പറയാം. എം. ആർ. നായർ എന്ന പണ്ഡിതൻ 'സഞ്ജയൻ' എന്ന സരസസാഹിത്യകാരനായിത്തീർന്നത് 'കേരളപത്രിക'യിലൂടെയാണ്. വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, ഡോ. ടി. എം. നായർ, അപ്പു നെടുങ്ങാടി മുതലായ പല പ്രശസ്തരും 'കേരളപത്രിക'യെ പല കാലങ്ങളിലായി സേവിച്ചിട്ടുണ്ട്. 'കേരളപത്രിക'യുടെ അനന്തരവസ്ഥാനത്തിന്നർഹങ്ങളാണ് കോഴിക്കോടൻ മനോരമയും മിതവാദിയും.

മലയാളത്തിൽ നോവൽ എന്നൊരു സാഹിത്യരൂപത്തിന്നു ബീജാവാപം ചെയ്ത ടി. എം. അപ്പു നെടുങ്ങാടി അദ്ദേഹത്തിന്റെ 'കുന്ദലത' എഴുതിയത് കോഴിക്കോട്ടു വെച്ചാണ്. ചന്തുമേനോൻ 'ഇന്ദുലേഖ' രചിച്ചത് പരപ്പനങ്ങാടിയിൽ വെച്ചാണെങ്കിലും 'ശാരദ' രചിച്ചതും തന്റെ ഔദ്യോഗിക ജീവിതത്തിൽ അധികം ഭാഗവും കഴിച്ചു കൂട്ടിയതും കോഴിക്കോട്ടു തന്നെയായിരുന്നു. സഞ്ജയന്റെ ജീവിതവും കോഴിക്കോടും തമ്മിലുള്ള ബന്ധത്തെപ്പറ്റി അധികമൊന്നും പറയേണ്ടതില്ല. കോഴിക്കോടിന്റെ ഈ സാഹിത്യപാരമ്പര്യം ഇന്നും അക്ഷുണ്ണമായിത്തന്നെയിരിക്കുന്നു. പ്രശസ്ത നോവലിസ്റ്റായ ശ്രീ പൊറ്റെക്കാട്ട് ജനിച്ചതും വളർന്നതും ഇവിടെയാണ്. ശ്രീ കെ. പി. കേശവമേനോൻ, വി. ഉണ്ണിക്കൃഷ്ണൻനായർ, കുട്ടികൃഷ്ണമാരാർ, ബാലാമണിയമ്മ, പി. സി. കുട്ടികൃഷ്ണൻ മുതലായി കേരളീയ സാഹിത്യമണ്ഡലത്തിലെ ഒട്ടനവധി പ്രശസ്തവ്യക്തികൾ, ജനിച്ചത് കോഴിക്കോട്ടല്ലെങ്കിലും തങ്ങളുടെ പാർപ്പിടമായി തിരഞ്ഞെടുത്തിട്ടുള്ളത് ഈ മഹാനഗരത്തെയത്രേ. രണ്ടു തവണ കേമമായി സാഹിത്യപരിഷത്സമ്മേളനങ്ങൾ നടന്നിട്ടുള്ള ഈ നഗരമാണ് കേരള സാഹിത്യസമിതിയുടെ ആസ്ഥാനം. സാഹിത്യത്തിന്നുള്ള ദേശീയ സമ്മാനം നേടിയ നാലു വ്യക്തികൾ പാർക്കുന്ന കേരളത്തിലെ ഏകനഗരവും കോഴിക്കോട്ടാകുന്നു.



കേരള സാഹിത്യചരിത്രത്തിൽ കോഴിക്കോടിന്നു സ്ഥാനമുറപ്പിച്ചുകൊടുത്ത ഒരു സ്ഥാപനമത്രേ 'മാതൃഭൂമി'. രാഷ്ട്രീയപത്രപ്രവർത്തനത്തിൽ പുതുമേഖലകൾ മലയാളത്തിൽ ഉദ്‌ഘാടനം ചെയ്ത മാതൃഭൂമി തന്നെയാണ്, അതിന്റെ ആഴ്ചപ്പതിപ്പിലൂടെ മലയാളത്തിലെ സാഹിത്യപത്രപ്രവർത്തനത്തിലും പല നവീനോപലബ്ധികളും കൈവരിച്ചത്. അഞ്ചു ദിനപത്രങ്ങളും ഏതാനും വാരികകളും മാസികകളും കോഴിക്കോടിന്റെ ഈ പാരമ്പര്യം ഇന്നും നിലനിർത്തുന്നു. ഒരു ഡസനോളം പുസ്തകപ്രസിദ്ധീകരണശാലകളും ഇരുപതോളം പുസ്തകക്കടകളും നഗരത്തിന്റെ വായനശീലത്തെ വളർത്തിവരുന്നു.

കോഴിക്കോട്നഗരത്തിലെ മറ്റൊരു പ്രമുഖസാംസ്കാരികസ്ഥാപനമാണ് 1948-ൽ ആരംഭിച്ച റേഡിയോനിലയം. സംഗീതം, നാടകാഭിനയം, സാഹിത്യം എന്നീ കലകൾക്ക് ഈ സ്ഥാപനം നൽകിയിട്ടുള്ള സേവനം പ്രശംസനീയമാണ്. പല പുതിയനാടകങ്ങളും എഴുതിച്ച് അഭിജ്ഞസദസ്സുകൾക്കു മുമ്പിൽ അരങ്ങേറുന്നതിൽ റേഡിയോനിലയം മുൻകൈയെടുത്തിട്ടുണ്ട്. ബുദ്ധചരിതം, ചിത്രാംഗദ എന്ന രണ്ട് ആട്ടക്കഥകൾ നിർമ്മിക്കാൻ പ്രേരണ നൽകിയതും അരങ്ങേറ്റിയതും ഈ റേഡിയോനിലയമാണ്. 'കൂടിയാട്ടം' എന്ന പ്രാചീനകേരളീയ നാടകാഭിനയരീതി അഖിലേന്ത്യാശ്രദ്ധയിൽ കൊണ്ടുവന്നതും കോഴിക്കോട്ടു റേഡിയോനിലയം തന്നെ. കോഴിക്കോട്ട് ഒരു സംഗീതസംസ്കാരം ഇന്ന് നിലവിലുണ്ടെങ്കിൽ അതിന്നു നാം മുഖ്യമായും കടപ്പെട്ടിരിക്കുന്നത് ഈ സ്ഥാപനത്തോടാകുന്നു. ആദ്യം തിരുവനന്തപുരം റേഡിയോ നിലയത്തിന്റെ ഒരു കീഴേടമായിരുന്ന ഈ സ്ഥാപനം, ഇന്ന് വിഭവദരിദ്രമെങ്കിലും, സ്വതന്ത്രമാണ്. നഗരത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെപ്പറ്റിയും, കായികസംസ്കാരം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംഘടനകളെപ്പറ്റിയും സർവീസ് ക്ലബ്ബുകളെപ്പറ്റിയും പ്രത്യേകം ലേഖനങ്ങൾ[1] ഈ പ്രസിദ്ധീകരണത്തിലുള്ളതിനാൽ ആ വിഷയങ്ങളിലേയ്ക്കു പ്രവേശിക്കുന്നില്ല.

1 കോഴിക്കോട് നഗരശതാബ്ദിസ്മാരകം, 1966.

കേരളത്തിൽ സുസംഘടിതമായ ഒരു ഗ്രന്ഥശാലാ പ്രസ്ഥാനമുണ്ടാക്കുന്നതിന്നും ലൈബ്രറി പ്രവൎത്തനത്തിൽ യുവജനങ്ങൾക്കു പരിശീലനം നൽകുന്നതിന്നും മററുമായി കേരളഗ്രന്ഥാലയസംഘമെന്ന പേരിൽ ഒരു സംഘടന 1948–നടുത്തു കോഴിക്കോട്ടു സ്ഥാപിക്കുകയുണ്ടായി. ഏതാനും സമ്മേളനങ്ങൾ ചേരാനും ഗ്രന്ഥാലയപ്രവൎത്തനത്തിൽ പൊതുവെ താല്പൎയ്യമുണൎത്താനും ഈ സംഘടനക്കു കഴിഞ്ഞു. സ്വാതന്ത്ര്യപ്രസ്ഥാനം ഇവിടെ വേരു പിടിച്ചു വളൎന്നപ്പോൾ, സ്വാഭാവികമായും പല ഗ്രന്ഥാലയങ്ങളും പൊന്തി വന്നു. 1949–ൽ മലബാർ ലോക്കൽ ലൈബ്രറി അതോറിററി സ്ഥാപിക്കപ്പെട്ടപ്പോൾ അതിന്റെ ആസ്ഥാനം കോഴിക്കോട്ടായിരുന്നു. മലബാർ ജില്ല മൂന്നായി വിഭജിച്ചതിനെത്തുടൎന്നു ലൈബ്രറി അതോറിററിയും മൂന്നായി തിരിഞ്ഞു. ഇപ്പോൾ കോഴിക്കോട് ജില്ലാ ലൈബ്രറി അതോറിററിയുടെ ആസ്ഥാനം ഈ നഗരമാണ്. അതോറിററിയുടെ കൈയിൽ ധാരാളം ധനമുണ്ട്. എന്നിട്ടും ഈ മഹാനഗരത്തിന്റെ സാംസ്കാരികാവശ്യങ്ങൾ നിറവേററാൻ പൎയ്യാപ്തമല്ല അതോറിററിയുടെ കീഴിലുള്ള കേന്ദ്രലൈബ്രറി. കേന്ദ്രലൈബ്രറിക്ക് ഒരു പുതിയ കെട്ടിടം പണിയാനുള്ള പരിശ്രമങ്ങൾ തുടങ്ങിയിട്ടു പല വൎഷങ്ങളായെങ്കിലും, ചുകപ്പുനാടക്കെട്ടുകൾ മൂലം ഇക്കാൎയ്യത്തിൽ ഗണ്യമായ പുരോഗതി ഇനിയും ഉണ്ടായിട്ടില്ല.

ലൈബ്രറി അതോറിററിയുടെ സഹായത്തോടെയും അതില്ലാതെയും പ്രവൎത്തിച്ചു വരുന്ന ഒട്ടനേകം നല്ല ഗ്രന്ഥാലയങ്ങൾ കോഴിക്കോട്ടു നഗരത്തിലുണ്ട്. ഇവയിൽ പലതും കേരളഗ്രന്ഥാലയസംഘവുമായി ബന്ധപ്പെട്ടവയാണ്. ദേശപോഷിണി, സെൻഗ്രൂപ്പ്, കെ. എം. എസ്സ്., ദേവീസഹായം, വാഗ്ഭടാനന്ദഗുരുദേവസ്മാരകം മുതലായ ഗ്രന്ഥാലയങ്ങൾ ദീൎഘകാലം ഈ നഗരത്തിന്നു സാംസ്കാരികസേവനം അനുഷ്ഠിച്ചിട്ടുള്ളവയാണ്. പന്നിയങ്കര സ്ത്രീഗ്രന്ഥാലയം ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ട ഒരു സ്ഥാപനമത്രേ. ഈ ലൈബ്രറികളിൽ പലതും പുസ്തക



–പത്ര–വായനക്കുള്ള സൌകൎയ്യങ്ങൾക്കു പുറമെ, പല സാംസ്കാരികപ്രവൎത്തനങ്ങൾക്കും നേതൃത്വവും നൽകുന്നുണ്ട്. ബാലസംഘങ്ങൾ, സാഹിത്യസമാജങ്ങൾ, കലാസമിതികൾ മുതലായ ഉപസംഘടനകൾ ഇവയിൽ പലതിന്നുമുണ്ട്. ഇവയുടെ വാൎഷികങ്ങൾ നഗരത്തിലെ എണ്ണത്തക്ക സാംസ്കാരികസംഭവങ്ങളാകാറുണ്ട്.

1950–നുശേഷം മലബാർ പ്രദേശത്തു കലാസമിതി പ്രസ്ഥാനം ശക്തിയാൎജ്ജിക്കുകയുണ്ടായി. ഇതിന്നു നേതൃത്വം നൽകിയത് കോഴിക്കോട് ആസ്ഥാനമാക്കി പ്രവൎത്തിച്ചിരുന്ന മലബാർ കേന്ദ്രകലാസമിതിയായിരുന്നു. സമിതി സംഘടിപ്പിച്ച അഖിലകേരള നാടകോത്സവങ്ങൾ എത്രയോ പുതിയ നാടകങ്ങൾ എഴുതാനും അവ അരങ്ങേറാനും കാരണമായി. കേരളത്തിലാകെ പല അഭിനയസംഘങ്ങൾ ഇതുമൂലം രൂപംകൊണ്ടു. പല നടീനടന്മാരും പ്രശസ്തിയിലേക്ക് ഉയൎന്നു. ഈ സംഘടന ക്രമത്തിൽ പ്രവൎത്തനരഹിതമായത് തുലോം പരിതാപകരമാകുന്നു. എങ്കിലും ഇപ്പോഴും അമ്പതോളം കലാസാംസ്കാരികസംഘടനകൾ നഗരത്തിൽ പ്രവൎത്തിച്ചു വരുന്നുണ്ട്.

ഒന്നാംതരം കഥകളി കാണാനുള്ള അവസരം ഇപ്പോൾ തുലോം വിരളമായിരിക്കയാണല്ലോ. നഗരവാസികൾക്ക് മാസത്തിലൊരിക്കൽ നല്ലൊരു കഥകളി കാണാൻ സൌകൎയ്യപ്പെടുത്തുന്നതിന്നുവേണ്ടി സ്ഥാപിക്കപ്പെട്ട കോഴിക്കോട് കഥകളി അസോസ്യേഷ്യൻ ഏതാനും വൎഷങ്ങളായി ഈ രംഗത്തിൽ നിസ്തുല്യമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

മറുനാടുകളിലെ മികച്ച ഫിലിമുകൾ പ്രദൎശിപ്പിക്കുകയാണ് കോഴിക്കോട് ഫിലിം സൊസൈററിയുടെ ലക്ഷ്യം. ഇക്കഴിഞ്ഞ ഒരാണ്ടിനകം ഈ സൊസൈററി ഇത്തരം പല ഫിലിമുകളും അംഗങ്ങളുടെ മുമ്പിൽ പ്രദൎശിപ്പിച്ചിട്ടുണ്ട്.

കണ്ണാടകസംഗീതോത്സവങ്ങൾ നടത്തുന്നതിൽ പ്രഖ്യാതിയാർജ്ജിച്ച ത്യാഗബ്രഹ്മസഭ കുറച്ചുകാലമായി മന്ദിച്ചു കിടക്കുകയാണ്.

നഗരത്തിലെ അന്യഭാഷക്കാർ അവരുടേതായ സാഹിത്യ—സാംസ്കാരിക സംഘടനകൾ നടത്തി വരുന്നുണ്ട്. ഇക്കൂട്ടത്തിൽ പ്രസ്താവയോഗ്യമായ ഒന്നത്രേ തമിഴ്സംഘം. ഇൻഡോ—ജർമ്മൻ കൾച്ചറൽ സൊസൈററി, വൈ. എം. സി എ.യിലെ അന്താരാഷ്ട്ര പഠനവേദി, ബുക്ക്ക്ലബ്ബ് മുതലായവയും, നഗരത്തിൽ ചുരുങ്ങിയ പരിധികളുള്ളിൽ സാംസ്കാരികപ്രവർത്തനം നിർവ്വഹിക്കുന്ന സംഘടനകളാണ്. നഗരത്തിലെ കോളേജുകൾ സാഹിത്യോത്സവങ്ങളും നാടകോത്സവങ്ങളും സംഘടിപ്പിക്കാറുണ്ട്. ജനങ്ങൾക്കു മതബോധം നൽകുവാനുദ്ദേശിച്ചുകൊണ്ടുള്ള സ്ഥാപനങ്ങളും കുറവല്ല.

കോഴിക്കോട്ടെ സാംസ്കാരികപ്രവർത്തനങ്ങളുടെ കേന്ദ്രമായി വികസിക്കാൻ സാദ്ധ്യതയുള്ള ഒന്നാണ് ഗാന്ധിഗൃഹം. കെട്ടിടംപണി ഇനിയും പൂർത്തിയായിട്ടില്ലെങ്കിലും, ഇതിനകം അവിടെ ഗാന്ധിജിയുടെ ആദർശങ്ങൾ പ്രചരിപ്പിക്കുവാനുതകുന്ന പല പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മതസൌഹാർദ്ദം വളർത്താനുദ്ദേശിച്ചിട്ടുള്ള 'കോഴിക്കോട് ഫ്രറേറർണിററി' എന്ന സംഘടനയുടെ കേന്ദ്രവും ഗാന്ധിഗൃഹം തന്നെ.

1965-ൽ ഒരു ഹിന്ദീപ്രചാരകമഹാവിദ്യാലയം ആരംഭിച്ചതോടെ രാഷ്ട്രഭാഷയായ ഹിന്ദിയുടെ പ്രചാരണത്തിലും കോഴിക്കോട് മുന്നണിയിലേയ്ക്കു വന്നിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ ഏക ഹിന്ദീപാക്ഷികപത്രമായ 'യുഗപ്രഭാത്' പത്തുവർഷങ്ങളായി ഈ നഗരത്തിൽ നിന്നു പ്രസിദ്ധം ചെയ്തു വരുന്നു. 'യൂനിവേഴ്സൽ ആർട്ട്സ്' എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ഏതാനും വർഷങ്ങളായി നടന്നു വരുന്ന ബാലചിത്രകലാമത്സരം നഗരത്തിലെ ഒരു പ്രമുഖ വാർഷിക സാംസ്കാരികസംഭവമായിട്ടുണ്ട്. ആയിരത്തോളം ബാലികാബാ



ലന്മാർ ഈ മത്സരത്തിൽ പങ്കെടുക്കുകയും, നൂറിലേറെപ്പേർക്ക് പല തരം സമ്മാനങ്ങൾ നൽകപ്പെടുകയും ചെയ്യുന്നു.

കോഴിക്കോട് നഗരത്തിന്റെ വികസിച്ചു വരുന്ന സാംസ്കാരികാവശ്യങ്ങൾക്ക് ഒരു സർവ്വകലാശാല ഇവിടെ വളർന്നു വരേണ്ടത് എത്രയും ആവശ്യമാകുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് അംഗീകാരം ലഭിച്ച സർവ്വകലാശാലാകേന്ദ്രം പോലും ഇനിയും രൂപംകൊണ്ടു കഴിഞ്ഞിട്ടില്ലെന്ന വസ്തുത അത്യന്തം ശോചനീയമാണ്. സർവ്വകലാശാലാകേന്ദ്രത്തോടൊപ്പം, നഗരത്തിലെ എല്ലാ കോളേജുകൾക്കുമായി ഒരു പൊതുലൈബ്രറി, വിദ്യാർത്ഥികൾക്ക് ഒരു പൊതുകേന്ദ്രം മുതലായവ ഉണ്ടാക്കാൻ വ്യവസ്ഥയുണ്ട്. ഇവയിൽ ചിലതെങ്കിലും നഗരത്തിനുള്ളിലാക്കുവാൻ ശ്രമിക്കേണ്ടതാണ്.

ഏതാനും വർഷങ്ങൾക്കു മുമ്പ് പ്രവർത്തനമാരംഭിച്ച ടാഗോർസ്മാരകതിയേററിന്റെ നിർമ്മാണം തീർപ്പിക്കേണ്ടതാവശ്യമാണ്. ഈ തിയേററർ നാടകാഭിനയത്തിനും മററും ചുരുങ്ങിയ വാടകയ്ക്കു കിട്ടാനുള്ള സൌകര്യമുണ്ടാക്കണം. നഗരത്തിന്റെ സാംസ്കാരികാഭിവൃദ്ധിയാണ്, ധനസമ്പാദനമല്ല, തിയേറററിന്റെ ലക്ഷ്യമെന്ന വസ്തുത ഒരിക്കലും മറന്നുകൂടാ.

മ്യൂസിയം, ചിത്രശാല, മൃഗശാല, ബൊട്ടാനിക്കൽ ഗാർഡൻസ്, നീന്തൽക്കുളങ്ങൾ മുതലായവയടങ്ങുന്ന ഒരു പൊതുവിനോദവിശ്രമകേന്ദ്രം നഗരപരിസരത്തിലുണ്ടാവണം. കുന്നമംഗലത്തിന്നടുത്ത് സർവ്വകലാശാലാകേന്ദ്രത്തിന്നു വേണ്ടി ഗവർമ്മേണ്ട് അക്വയർ ചെയ്ത ഭൂമി, ഈ ആവശ്യത്തിന്നായി കോർപ്പറേഷൻ വാങ്ങി വികസിപ്പിക്കുന്നതു നന്നായിരിക്കും.

സംഗീതം, നൃത്തം, ചിത്രകല എന്നിവയുടെ ശിക്ഷണത്തിന്നു നഗരത്തിൽ ഇന്നു സൌകര്യം വളരെ കുറവാണ്. മ്യൂസിക് അക്കാദമികളുടേയും കലാമണ്ഡലത്തിന്റേയും സ്കൂൾ ഓഫ് ആർട്ട്സിന്റെയും നിലവാര

ത്തിൽ, ഈ കലകളുടെ ശിക്ഷണത്തിന്ന് വെവ്വേറെയോ ഒന്നായോ ഒരു സ്ഥാപനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതുണ്ടാക്കാൻ കോർപ്പൊറേഷൻ മുൻകൈയെടുക്കേണ്ടതാണ്.

ഒന്നാംകിടയിലുള്ള ഒരു കേന്ദ്രഗ്രന്ഥാലയമാണ് നഗരത്തിന്റെ മറ്റൊരു അടിയന്തരാവശ്യം.

കേരളത്തിലെ നഗരങ്ങളിൽ വെച്ച് ജനാധിപത്യ സംസ്കാരം ഏറ്റവുമധികം ആഴത്തിൽ വേരോടിയിട്ടുള്ള ഒരു നഗരമാണ് കോഴിക്കോട്. വൈവിധ്യവും വൈചിത്ര്യവും സഹിഷ്ണുതയും സൌഹാർദ്ദവുമാണ് ഈ നഗരത്തിന്റെ മുഖമുദ്ര. വർദ്ധിച്ചു വരുന്ന നാഗരികജനതതിയുടെ ജീവിതങ്ങൾക്കു സൌന്ദര്യബോധവും ലക്ഷ്യബോധവും നൽകുമാറ് ഈ സമ്പന്നമായ ജനകീയസംസ്കാരത്തെ വളർത്തിക്കൊണ്ടു വരാനാവശ്യമായ ഭൌതികസാഹചര്യങ്ങൾ പ്രദാനം ചെയ്യേണ്ടതു നഗരസഭയുടെയും ഗവർമ്മേണ്ടിന്റെയും കടമയാകുന്നു.

—കോഴിക്കോട് നഗരശതാബ്ദി സ്മാരകം, 1966.

# മൂഷികവംശം: ഒരു പഠനം

''പ്രാചീനകേരളത്തെ പരാമർശിക്കുന്നതും പണ്ടത്തെ കോലത്തുനാട്ടുരാജാക്കന്മാരുടെ വംശത്തെയും അപദാനങ്ങളെയും അനുകീർത്തനം ചെയ്യുന്നതുമായ ഒരു സംസ്കൃതമഹാകാവ്യമാകുന്നു മൂഷികവംശം''.[1] ഈ കാവ്യം എഴുതിയ രണ്ടു താളിയോലഗ്രന്ഥങ്ങൾ തിരുവനന്തപുരം ഹസ്തലിഖിത ഗ്രന്ഥശാലയിലുണ്ട്[2]. ഇവയിലൊന്ന് ഗ്രന്ഥാക്ഷരത്തിലും മറ്റേതു മലയാളലിപിയിലുമാണ്. രണ്ടും ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ ജീർണ്ണിച്ചിരിക്കുന്നു. ഗ്രന്ഥാക്ഷരത്തിലുള്ള ഗ്രന്ഥത്തിൽനിന്ന് ഈ. നാരായണശാസ്ത്രി പകർത്തിയതും കൊല്ലവർഷം 1091 എടവം 30-ാംനു എഴുതി മുഴുമിച്ചതും നാഗരാക്ഷരത്തിലുള്ളതുമായ ഒരു കടലാസ്സുപകർപ്പും ഇതേ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിരിക്കുന്നു[3]. ഫൂൾസ്കാപ്പ് സൈസിൽ 260 പേജുകളുള്ള ഈ പകർപ്പും പൊടിഞ്ഞു തുടങ്ങിയിട്ടുണ്ട്. ഒരു പേജ് തീരെ വായിക്കാൻ സാധിക്കാത്ത നിലയിലായിരിക്കുന്നു. പകർത്തിയെഴുത്ത് അപൂർണ്ണമാണ്; ആദ്യന്തങ്ങളില്ല; ഇടയ്ക്ക് പല പദ്യങ്ങളിലും അക്ഷരവീഴ്ചകൾ വളരെയുണ്ട്. തെറ്റുകളും കുറവല്ല. ഒന്നാം സർഗ്ഗത്തിൽ പല പദ്യങ്ങളും വിട്ടുപോയിട്ടുണ്ട്. ഒട്ടേറെ പദ്യങ്ങളിൽ ഏതാനും അക്ഷരങ്ങളോ വാക്കുകളോ മാത്രമേ എഴുതിയിട്ടുള്ളൂ. ഈ സർഗ്ഗത്തിൽ ഇപ്പോൾ കാണുന്നത് മുപ്പത്തഞ്ചു പദ്യങ്ങളാണ്; നാൽപതോ അമ്പതോ പദ്യങ്ങൾ ഈ സർഗ്ഗത്തിൽ നഷ്ടപ്പെട്ടിരിക്കാം. പതിനഞ്ചാം സർഗത്തിൽ അമ്പത്തിരണ്ടു പദ്യങ്ങൾ കാണുന്നു. ഒടുക്കം നഷ്ടപ്പെട്ടത് എത്ര പദ്യങ്ങളാണെന്ന

1 ഉള്ളൂർ, കേ. സാ. ച. വാല്യം I, പേ. 150

2 T.P. 1865, 1866.

3 നംബർ 336

പറഞ്ഞുകൂടാ. രണ്ടുമുതൽ പതിനാലു കൂടിയുള്ള സർഗ്ഗങ്ങളിൽ തൊള്ളായിരത്തിഎഴുപത്തൊന്നു പദ്യങ്ങളുണ്ട്. (രണ്ട്—68, മൂന്ന്—64, നാല്—68, അഞ്ച്—70, ആറ്—71, ഏഴ് 69 എട്ട്—69, ഒമ്പത്—66, പത്ത്—68, പതിനൊന്ന്—100, പന്ത്രണ്ട് 112, പതിമ്മൂന്ന്—72, പതിനാല്—74.) അങ്ങനെ ആയിരത്തമ്പത്തെട്ടു പദ്യങ്ങൾ ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ചിലത് അപൂർണ്ണങ്ങളാണെന്ന് മുമ്പു പറഞ്ഞുവല്ലോ.

“ആകെക്കൂടി നോക്കുമ്പോൾ മൂഷികവംശത്തിന് കാവ്യമെന്നും ദേശചരിത്രമെന്നും രണ്ടു നിലകളിൽ അഭിനന്ദനീയമായ സ്ഥാനമാണുള്ളത്”[4]. കേരളചരിത്രത്തിലേയ്ക്കു നേരിട്ട് എന്തെങ്കിലും സംഭാവനകൾ നൽകുന്ന പ്രാചീന കൃതികൾ തുലോം വിരളങ്ങളാകുന്നു. അതിനാൽ, ചരിത്രപരമായ പ്രാധാന്യത്തെ മുൻനിർത്തിയെങ്കിലും മൂഷികവംശത്തിന്റെ മൂന്നു കൈയെഴുത്തു പ്രതികളും ഒത്തുനോക്കി കഴിവുള്ളിടത്തോളം സമഗ്രമായ ഒരു പതിപ്പ് അച്ചടിച്ചു പുറത്തിറക്കാൻ ഒട്ടും വൈകിച്ചുകൂടാ. ഇനിയും താമസിക്കുന്ന പക്ഷം താളിയോലഗ്രന്ഥങ്ങൾ തീരെ നശിക്കുകയും, കടലാസ്സുപകർപ്പുകൂടി പൊടിഞ്ഞ് ഉപയോഗിക്കാൻ പറ്റാത്ത നിലയിലെത്തുകയും ചെയ്യും. അതിനാൽ, ഉടൻതന്നെ ഈ ഗ്രന്ഥത്തിന്റെ പ്രസാധനം ഏറ്റെടുക്കുവാൻ ഹസ്തലിഖിതഗ്രന്ഥശാലാധികൃതരോട് ഞാൻ അഭ്യർത്ഥിക്കുന്നു.

കടലാസ്സുപകർപ്പിലെ ചില സർഗ്ഗങ്ങളുടെ അവസാനത്തിൽ ‘ഇത്യതുലകൃതൗ മൂഷികവംശേ’ എന്ന പുഷ്പിക കാണാനുണ്ട്. ഈ പുഷ്പികയിൽനിന്ന് ഗ്രന്ഥകർത്താവിന്റെ പേർ ‘അതുലൻ’ എന്നാണെന്നു മനസ്സിലാക്കാം. ശ്രീകണ്ഠൻ എന്ന രാജാവിന്റെ രാജ്യഭാരമാണ് മൂഷികവംശത്തിൽ അവസാനത്തേതായി ഇപ്പോൾ ലഭിച്ചിട്ടുള്ള പതിനഞ്ചാം സർഗ്ഗത്തിന്റെ വിഷയം. “അതുലനും ശ്രീകണ്ഠനും സമകാലികന്മാരാ

4 ഉള്ളൂർ, അവിടെത്തന്നെ പേ. 151.



യിരുന്നു എന്നുള്ളതും നാം മൂഷികവംശത്തിൽ നിന്നു ഗ്രഹിക്കുന്നു” എന്ന് ഉള്ളൂർ പറയുന്നുണ്ട്[5]. കിട്ടിയേടത്തോളം പദ്യങ്ങളിൽ ഗ്രന്ഥകാരൻ ഇങ്ങനെയൊരു പ്രസ്താവന ചെയ്യുന്നില്ല. രാജധർമ്മൻ എന്നുകൂടിപേരുള്ള ശ്രീകണ്ഠനെന്ന മൂഷികരാജാവിന്റെ സദസ്യനാണ് അതുലനെന്ന പ്രസ്താവനയ്ക്ക്,[6] ശ്രീകണ്ഠവർണ്ണനപദ്യങ്ങളിൽക്കാണുന്ന വർത്തമാനകാലക്രിയകൾ മാത്രമാണ് ആധാരം.

മൂഷികവംശത്തിന്റെ നിർമ്മാണകാലത്തെപ്പറ്റി വ്യക്തമായ സൂചനകളൊന്നുമില്ല. മുമ്പു പറഞ്ഞ ശ്രീകണ്ഠൻ കേരളദിഗ്വിജയത്തിൽ പ്രഥമ രാജേന്ദ്രചോളൻ പരാജയപ്പെടുത്തിയ കന്തൻ കാരിവർമ്മനാണെന്ന ഊഹത്തെ ആസ്പദമാക്കി, പ്രഥമ രാജേന്ദ്രന്റെ വാഴ്ചക്കാലമായ എ.ഡി. 1012 മുതൽ 1043വരെയുള്ള കാലത്ത് ശ്രീകണ്ഠൻ ജീവിച്ചിരുന്നുവെന്നും, അദ്ദേഹത്തിന്റെ സദസ്യനായ കവിയും ഈ കാലത്ത് ജീവിച്ചിരുന്നിരിക്കണമെന്നും അതിനാൽ ഈ കൃതി എ. ഡി. പതിനൊന്നാം ശതകത്തിന്റെ പൂർവാർധത്തിലുണ്ടായതാകണമെന്നും ഉള്ളൂർ പ്രസ്താവിക്കുന്നു. മൂഷികവംശത്തിൽ പ്രസ്തുതനായ കേരളരാജാവ് ജയരാഗൻ ക്രി. പി. 900മുതൽ 912 വരെ കേരളം രക്ഷിച്ച വിജയരാഗദേവനാണെന്നും ഉള്ളൂർ ഒപ്പിച്ചു പറയുന്നുണ്ട്.[7]

മൂഷികവംശത്തിലെ അവസാനത്തെ മൂന്നു സർഗ്ഗങ്ങളിലെ ഏതാനും ഭാഗം ടി. എ. ഗോപിനാഥറാവു പ്രസിദ്ധപ്പെടുത്തുകയുണ്ടായി.[8] കെ. വി. സുബ്രഹ്മണ്യയ്യർ

5 അവിടെത്തന്നെ, പേ.151

6 കുഞ്ഞുണ്ണിരാജാ The Contribution of Kerala to Sanskrit Literature-P.52.

7 ഉള്ളൂർ, കേ. സാ. ച. വാല്യം I പേ. 150.f

8 T.A. S. Vol. II 87 –105.

[9]'ഉള്ളൂർ[10], എ. ഗോവിന്ദവാരിയർ[11] വടക്കുംകൂർ,[12] ഡോ. കെ. കുഞ്ഞുണ്ണിരാജാ[13] എന്നിവർ ഈ ഗ്രന്ഥത്തെപ്പററി പഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപ്രകാശിതമായ തന്റെ പി. എച്ച്. ഡി. പ്രബന്ധത്തിൽ ഡോ. എം. ജി. എസ്. നാരായണനും മൂഷികവംശത്തെപ്പററി പറയുന്നുണ്ട്.[14]

ഹസ്തലിഖിതഗ്രന്ഥശാലയിലെ കൈയെഴുത്തു പ്രതിയെ മാത്രം ആസ്പദമാക്കിയുള്ള ഒരു പാഠപഠനമാണ് ഇവിടെ പ്രസ്തുതം. ഈ പ്രതി വായിക്കാൻ തന്ന ഗ്രന്ഥശാലാ ഡയറക്ടർ ഡോ. കെ. രാഘവൻ പിള്ളയോടുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. മററു ജോലികൾക്കിടയിൽ ഈ പാഠം സമഗ്രമാക്കാൻ സാധ്യമായിട്ടില്ല.

9 ജേർണൽ ഓഫ് ദി റോയൽ ഏഷ്യാററിക് സൊസൈററി, 1922, P 161–175

10 സാഹിത്യ പരിഷത് ത്രൈമാസികം, വാള്യം V, പേ. 383–405; കേ. സാ. ച. വാള്യം I പേ. 150F

11 ബുള്ളററിൻ ഓഫ് രാമവർമ റിസേർച്ച് ഇൻസ്ററിററ്യൂട്ട്, വാള്യം VII. പേ. 117–139 വാള്യം VIII, പേ. 9–36

12 കേരളീയ സംസ്കൃതസാഹിത്യചരിത്രം, വാള്യം പേ. 424.

13 The Contribution of Kerala to Sanskrit Literature.P. 51 58

14 ''വിന്ധ്യസാനുപ്രദേശങ്ങളുടമകളായിരുന്ന പ്രാചീന ഹൈഹയരാജ്യത്തിലെ രാമഘട്ടത്തുനിന്ന് ഏതോ സംഗതിവശാൽ മൌര്യന്മാരുടെ ഭരണാരംഭത്തിൽ ഏഴിമലയിലെത്തി മൂഷകന്മാർ എന്ന പേരിൽ സംഘസാഹിത്യത്തിൽ പ്രഖ്യാതരാവുകയും ഗംഗരാഷ്ട്രകൂടാദികളോട് സമ്പർക്കം പുലർത്തുകയും ക്രിസ്തു ഒമ്പതാം ശതകത്തിൽ കോതരവിയുടെ കാലത്ത് കേരളപ്പെരുമാക്കളെ വഴങ്ങി സാമന്തപദവി അംഗീകരിക്കുകയും ചെയ്ത കോലത്തു രാജാക്കന്മാർ'' എന്ന് ഡോ. എം. ജി. എസ്. നാരായണൻ തന്റെ പി. എച്ച്. ഡി. പ്രബന്ധത്തിന്റെ സംഗ്രഹത്തിൽ പ്രസ്താവിച്ചിരിക്കുന്നു (വിജ്ഞാന കൈരളി, 6.5, ഒക്ടോബർ 1974 P. 412). രാമഘട്ടത്തിന് പ്രഥമമൂഷികനും ജയമാനികം വിക്രമരാമനും വലഭനും ഉണ്ടെങ്കിലും രാമഘട്ടം എന്ന സ്ഥലത്തെപ്പററി മൂഷികവംശത്തിൽ പ്രസ്താവനയൊന്നുമില്ല. കാലഗണനയ്ക്കു് മൂഷികവംശത്തിലെ പ്രസ്താവങ്ങൾ ഒട്ടും ഉതകുന്നില്ല.



കൂടുതൽ സമയവും സൗകര്യവുമുള്ള ജിജ്ഞാസുക്കൾക്ക് ഈ പഠനം പ്രേരകമാവുമെങ്കിൽ എന്റെ ശ്രമം സഫലമായെന്ന് എനിക്ക് ആശ്വസിക്കാം.

മൂഷികവംശം, ആ പേരിൽനിന്ന് ഊഹിക്കാവുന്നതുപോലെ, കാളിദാസന്റെ രഘുവംശത്തെ പലപ്പോഴും അനുകരിക്കുന്നുണ്ട്. അർത്ഥശാസ്ത്രത്തിൽ മൂഷികവംശകർത്താവിനു പ്രത്യേക താല്പര്യമുള്ളതായി തോന്നുന്നു. ഇക്കാര്യത്തിലും, പതിന്നാലാം സർഗത്തിലെ ഉദ്ഗതാവൃത്തത്തിന്റെ സ്വീകരണത്തിലും ഭാരവിയുടെ കിരാതാർജ്ജുനീയം അതുലനു പ്രേരണ നൽകിയതായി തോന്നുന്നു. മൂഷികവംശത്തിൽ മൂന്നാം സർഗത്തിലെ ഏഴിമലയുടെ വർണ്ണന വൃത്തവൈവിധ്യത്താലും അർത്ഥകല്പനകളാലും മാഘന്റെ ശിശുപാലവധത്തിലെ രൈവതകപർവതത്തിന്റെ വർണനയെ ഓർമ്മിപ്പിക്കുന്നു. പുരാണവും കാവ്യവും വംശാവലിയും എല്ലാം ചേർന്ന മട്ടിലാണ് കാവ്യരചന.

കോട്ട എന്ന അർത്ഥത്തിൽ 'കോട്ട്ര' എന്നും (2.65) പട്ടാളക്യാമ്പ് എന്ന അർത്ഥത്തിൽ സാവനി (ഛാവനി) (4.1) എന്നും രണ്ട് ഉർദു പദങ്ങൾ അതുലൻ ഉപയോഗിച്ചിട്ടുണ്ട്. ഈ വൈദേശിക സൈനികപദങ്ങളുടെ ഉപയോഗത്തിൽനിന്ന് കവിയുടെ കാലത്തെപ്പററി വല്ല സൂചനയും കിട്ടുമോ എന്നു നോക്കേണ്ടതാണ്. പരശുരാമനെ കഥയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും, അദ്ദേഹം കേരളത്തെ സമുദ്രത്തിൽനിന്ന് ഉദ്ധരിച്ചതായോ ബ്രാഹ്മണർക്കു ദാനം ചെയ്തതായോ അതുലൻ പ്രസ്താവിച്ചിട്ടില്ലെന്നതും എടുത്തുപറയാവുന്നതാണ്.

പ്രഥമസർഗത്തിന്റെ പ്രാരംഭത്തിൽ ഏതാനും പദ്യങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞുവല്ലോ. എങ്കിലും കഥ ഊഹിക്കാൻ പ്രയാസമില്ല. പിതൃവധത്താൽ കുപിതനായ പരശുരാമൻ ഭാരതത്തിലെ ക്ഷത്രിയരെയെല്ലാം കൊന്നൊടുക്കി. മാഹിഷ്മതി നഗരിയിലെ ഗർഭിണിയായ ഒരു രാജപത്നി ഈ കൂട്ടക്കൊലയിൽനിന്നു രക്ഷപ്പെട്ട് തെക്കോട്ടു പലായനംചെയ്തു. വിശ്വസ്തനായ ഒരു

പുരോഹിതൻ മാത്രമേ രാജ്ഞിയുടെ തുണയ്ക്കുണ്ടായിരുന്നുള്ളു. ആത്മഹത്യ ചെയ്യാനാലോചിക്കുന്ന രാജപത്നിയെ പുരോഹിതൻ ഉപദേശിക്കുന്ന വിധത്തിലാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന കാവ്യഭാഗത്തിന്റെ പ്രാരംഭം. ''കൃതകൃത്യയായ നിനക്ക് പ്രാണൻകൊണ്ട് കാര്യമൊന്നുമില്ലായിരിക്കാം. എന്നാലും നിന്നിൽ കുടികൊള്ളുന്ന ഭർത്താവിന്റെ വംശപരമ്പരയെ നീ നശിപ്പിക്കരുത്. ഇങ്ങനെയൊരു വംശാങ്കുരം ഉണ്ടായ കാര്യം ജനങ്ങൾ അറിഞ്ഞിട്ടില്ല. ഏതെങ്കിലും ദിക്കിൽ ചെന്നിരുന്ന് നിന്നോടൊപ്പം ഇതിനെ രക്ഷിക്കുക. ക്രമേണ ഇത് വളർന്ന് ഭൂമിയിൽ നിറയും''. പുരോഹിതന്റെ ഇത്തരം വാക്കുകൾ രാജ്ഞി സ്വീകരിച്ചു. കഠിനമായ വെയിലത്ത് അവർ നടന്നു. ജലാശയങ്ങളും വനങ്ങളും കടന്നു. കുറെ കാലം കൊണ്ട് ദക്ഷിണദിക്ക് വിട്ട് ഒരു വിധത്തിൽ സമുദ്രതീരത്തുള്ള ഏഴിമലയിലെത്തി. വളരെ പ്രയാസപ്പെട്ട് മലയുടെ മുകളിലേറി. പരശുരാമനെ ഭയപ്പെട്ട്, മലയിലുള്ള ഒരു ഗുഹയിലേയ്ക്കു പ്രവേശിച്ചു. വഴി നടന്നു തളർന്ന രാജ്ഞിയെ ഗുഹയിലിരുത്തി കിഴങ്ങുകളും കായകളും ശേഖരിക്കുന്നതിന്ന് ബ്രാഹ്മണൻ കാട്ടിലേയ്ക്കു പോയി. അപ്പോൾ ആനയെപ്പോലെ ശരീരമുള്ള ഒരു എലി ഗർജിച്ചുകൊണ്ട് ആ ഗുഹയിലേയ്ക്കു വന്നു. ദുർഗന്ധമുള്ള അതിന്റെ ഭയാനകമായ വായിൽ നിറയെ ചത്ത മൃഗങ്ങളുടെ ശരീരഖണ്ഡങ്ങളായിരുന്നു. മദാന്ധനായ ആന കുളത്തിലിറങ്ങുമ്പോൾ ചന്ദ്രന്റെ പ്രതിബിംബം തിരമാലകളിൽ വിറകൊള്ളുന്നതുപോലെ, ആ എലിരാജാവ് ഗുഹയിലേക്കിറങ്ങിയപ്പോൾ രാജപത്നി വിറച്ചു. എലി അലറിക്കൊണ്ട് വായിലെ മാംസഖണ്ഡങ്ങൾ താഴെയിട്ട് അവളെ ആക്രമിക്കാനൊരുങ്ങി. രാജപത്നി ഉറക്കെ കരഞ്ഞു. ആ ശബ്ദം കേട്ട് കണ്ണു ജ്വലിച്ചും ഹുങ്കാരം മുഴക്കിയും പുരോഹിതൻ അവിടെ ഓടിയെത്തി. അദ്ദേഹം തിരിച്ചു വന്നതു കണ്ടപ്പോൾ രാജ്ഞി കണ്ണു മിഴിച്ചു. കോപം നിമിത്തം അവൾ ഭയം മറന്നു. അവളുടെ കണ്ണിൽനിന്ന് തീ പാറി. ആ പതിവ്രതയുടെ നേത്രാഗ്നിയിൽ ആ വനമൂഷികൻ ഭസ്മമായി. രത്ന



കിരീടവും നിർഝരഹാരങ്ങളും ധരിച്ച്, വനദേവതമാരാകുന്ന പരിജനങ്ങളാൽ ചുററപ്പെട്ട, പുരുഷരൂപത്തിലുള്ള പർവതരാജാവിന്റെ രൂപം ആ എലി കൈക്കൊണ്ടു. വിസ്മയിച്ച രാജപത്നിയോടും പുരോഹിതനോടും, താൻ ഈ മലയുടെ ദേവതയാണെന്ന് അയാൾ പറഞ്ഞു. മുമ്പൊരിക്കൽ കടലിൽ കുളിച്ച് യോഗാഭ്യാസമനുഷ്ഠിച്ചുകൊണ്ടു കുശികമഹർഷി ഈ മലയിലൊരിടത്തു താമസിച്ചിരുന്നു. ആ സമയത്ത് പർവതരാജാവും പത്നിയും മൂഷികവേഷം ധരിച്ച് മഹർഷിയെ ദ്രോഹിച്ചു. 'നിനക്ക് പത്നീവിരഹവും മൂഷികജാതിയിൽ ജനനവും ഭവിക്കട്ടെ' എന്ന് മഹർഷി പർവതത്തെ ശപിച്ചു. പർവതപത്നിയുടെ സാന്ത്വനങ്ങൾകൊണ്ട് പ്രസന്നനായ മുനി ശാപമോക്ഷവും നൽകി. 'അന്നു മുതൽ ഞാൻ സ്വയം കുഴിച്ചുണ്ടാക്കിയ ഈ ഗുഹയിൽ ആന, ശരഭം മുതലായവയെ കൊന്നുതിന്ന് കഴിഞ്ഞുകൂടുകയാണ്. നിങ്ങൾ വന്നതുമൂലം എനിക്ക് ശാപമോചനം ലഭിച്ചു. അതിനാൽ, ഞാൻ ഉദ്ധരിക്കുംവരെ നിങ്ങൾ ഇവിടെ വസിക്കുക' എന്നുപറഞ്ഞു പർവതദേവത അവിടെനിന്നു മറഞ്ഞു. പിന്നീട് പർവതദേവതയുടെ പ്രസാദം നിമിത്തം അവിടെ പക്ഷികളും മൃഗങ്ങളും ഉഗ്രപ്രകൃതി വെടിഞ്ഞു; കിഴങ്ങുകളും ഇലക്കറികളും മധുരങ്ങളായി; നടക്കുമ്പോൾ നിലം നിരപ്പൊത്തതായിത്തീർന്നു. പരശുരാമൻ ആ രാജഗർഭത്തെപ്പററി ഓർത്തതുമില്ല. ഇത്രയുമാണ് ഒന്നാം സർഗത്തിലെ പ്രതിപാദ്യം[15].

---

15. ഒന്നാം പാദത്തിൽ ഏതാനും നഷ്ടപ്പെട്ട ഒരു പദ്യവുമായി [illegible] ആരംഭിക്കുന്നു. ഈ സർഗത്തിൽ പദ്യങ്ങളുടെ ക്രമസംഖ്യ എഴുതിയിട്ടില്ല.

....തൃതാത്മനോ
ന നാമ കൃത്യം കൃപണൈസ്തവാസുഭിഃ
തഥാപി ഭർത്തുസ്ത്വയി താദൃശസ്ഥിതാം
പ്ര..മിമാം ന പ്രതിഹന്തുമർഹസി.
തദേതദജ്ഞാതസമുദ്ഭവം ജനൈർ—
ദിഗന്തമഹനായ വിഗാഹ്യ കഞ്ചന
സമാക്രമിഷ്യൽ ക്രമശോ ധരാതലം
സമം മയാ രക്ഷ ശിവം കുലാങ്കുരം.

പുരോഹിതൻ മാത്രമേ രാജ്ഞിയുടെ തുണയ്ക്കുണ്ടായിരുന്നുള്ളൂ. ആത്മഹത്യ ചെയ്യാനാലോചിക്കുന്ന രാജപത്നിയെ പുരോഹിതൻ ഉപദേശിക്കുന്ന വിധത്തിലാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന കാവ്യഭാഗത്തിന്റെ പ്രാരംഭം. ''കൃതകൃത്യയായ നിനക്ക് പ്രാണൻകൊണ്ട് കാര്യമൊന്നുമില്ലായിരിക്കാം. എന്നാലും നിന്നിൽ കുടികൊള്ളുന്ന ഭർത്താവിന്റെ വംശപരമ്പരയെ നീ നശിപ്പിക്കരുത്. ഇങ്ങനെയൊരു വംശാങ്കുരം ഉണ്ടായ കാര്യം ജനങ്ങൾ അറിഞ്ഞിട്ടില്ല. ഏതെങ്കിലും ദിക്കിൽ ചെന്നിരുന്ന് നിന്നോടൊപ്പം ഇതിനെ രക്ഷിക്കുക. ക്രമേണ ഇത് വളർന്ന് ഭൂമിയിൽ നിറയും''. പുരോഹിതന്റെ ഉത്തരം വാക്കുകൾ രാജ്ഞി സ്വീകരിച്ചു. കഠിനമായ വെയിലത്ത് അവർ നടന്നു. ജലാശയങ്ങളും വനങ്ങളും കടന്നു. കുറെ കാലം കൊണ്ട് ദക്ഷിണദിക്ക് വിട്ട് ഒരു വിധത്തിൽ സമുദ്രതീരത്തുള്ള ഏഴിമലയിലെത്തി. വളരെ പ്രയാസപ്പെട്ട് മലയുടെ മുകളിലേറി. പരശുരാമനെ ഭയപ്പെട്ട്, മലയിലുള്ള ഒരു ഗുഹയിലേക്കു പ്രവേശിച്ചു. വഴി നടന്നു തളർന്ന രാജ്ഞിയെ ഗുഹയിലിരുത്തി കിഴങ്ങുകളും കായകളും ശേഖരിക്കുന്നതിന് ബ്രാഹ്മണൻ കാട്ടിലേക്കു പോയി. അപ്പോൾ ആനയെപ്പോലെ ശരീരമുള്ള ഒരു എലി ഗർജ്ജിച്ചുകൊണ്ട് ആ ഗുഹയിലേക്കു വന്നു. ദുർഗന്ധമുള്ള അതിന്റെ ഭയാനകമായ വായിൽ നിറയെ ചത്ത മൃഗങ്ങളുടെ ശരീരഖണ്ഡങ്ങളായിരുന്നു. മദാന്ധനായ ആന കുളത്തിലിറങ്ങുമ്പോൾ ചന്ദ്രന്റെ പ്രതിബിംബം തിരമാലകളിൽ വിറകൊള്ളുന്നതുപോലെ, ആ എലിരാജാവ് ഗുഹയിലേക്കിറങ്ങിയപ്പോൾ രാജപത്നി വിറച്ചു. എലി അലറിക്കൊണ്ട് വായിലെ മാംസഖണ്ഡങ്ങൾ താഴെയിട്ട് അവളെ ആക്രമിക്കാനൊരുങ്ങി. രാജപത്നി ഉറക്കെ കരഞ്ഞു. ആ ശബ്ദംകേട്ട് കണ്ണു ജ്വലിപ്പിച്ചും ഹുങ്കാരം മുഴക്കിയും പുരോഹിതൻ അവിടെ ഓടിയെത്തി. അദ്ദേഹം തിരിച്ചു വന്നതു കണ്ടപ്പോൾ രാജ്ഞി കണ്ണു മിഴിച്ചു. കോപം നിമിത്തം അവൾ ഭയം മറന്നു. അവളുടെ കണ്ണിൽനിന്ന് തീ പാറി. ആ പതിവ്രതയുടെ നേത്രാഗ്നിയിൽ ആ വനമൂഷികൻ ഭസ്മമായി. രത്ന



കിരീടവും നിർഝരഹാരങ്ങളും ധരിച്ച്, വനദേവതമാരാകുന്ന പരിജനങ്ങളാൽ ചുററപ്പെട്ട, പുരുഷരൂപത്തിലുള്ള, പർവതരാജാവിന്റെ രൂപം ആ എലി കൈക്കൊണ്ടു. വിസ്മയിച്ച രാജപത്നിയോടും പുരോഹിതനോടും, താൻ ഈ മലയുടെ ദേവതയാണെന്ന് അയാൾ പറഞ്ഞു. മുമ്പൊരിക്കൽ കടലിൽ കുളിച്ച് യോഗാഭ്യാസമനുഷ്ഠിച്ചുകൊണ്ടു കുശികമഹർഷി ഈ മലയിലൊരിടത്തു താമസിച്ചിരുന്നു. ആ സമയത്ത് പർവതരാജാവും പത്നിയും മൂഷികവേഷം ധരിച്ച് മഹർഷിയെ ദ്രോഹിച്ചു. 'നിനക്ക് പത്നീവിരഹവും മൂഷികജാതിയിൽ ജനനവും ഭവിക്കട്ടെ' എന്ന് മഹർഷി പർവതത്തെ ശപിച്ചു. പർവതപത്നിയുടെ സാന്ത്വനങ്ങൾകൊണ്ട് പ്രസന്നനായ മുനി ശാപമോക്ഷവും നൽകി. 'അന്നു മുതൽ ഞാൻ സ്വയം കുഴിച്ചുണ്ടാക്കിയ ഈ ഗുഹയിൽ ആന, ശരഭം മുതലായവയെ കൊന്നുതിന്ന് കഴിഞ്ഞുകൂടുകയാണ്. നിങ്ങൾ വന്നതുമൂലം എനിക്ക് ശാപമോചനം ലഭിച്ചു. അതിനാൽ, ഞാൻ ഉദ്ധരിക്കും വരെ നിങ്ങൾ ഇവിടെ വസിക്കുക' എന്നു പറഞ്ഞു പർവതദേവത അവിടെനിന്നു മറഞ്ഞു. പിന്നീട് പർവതദേവതയുടെ പ്രസാദം നിമിത്തം അവിടെ പക്ഷികളും മൃഗങ്ങളും ഉഗ്രപ്രകൃതി വെടിഞ്ഞു; കിഴങ്ങുകളും ഇലക്കറികളും മധുരങ്ങളായി; നടക്കുമ്പോൾ നിലം നിരപ്പൊത്തതായിത്തീർന്നു. പരശുരാമൻ ആ രാജഗർഭത്തെപ്പററി ഓർത്തതുമില്ല. ഇത്രയുമാണ് ഒന്നാം സർഗത്തിലെ പ്രതിപാദ്യം.[15]

15. ഒന്നാം പത്രത്തിൽ ഏതാനും നഷ്ടപ്പെട്ട ഒരു പദ്യവുമായി ഗ്രന്ഥം ആരംഭിക്കുന്നു. ഈ സർഗത്തിൽ പദ്യങ്ങളുടെ ക്രമസംഖ്യ എഴുതിയിട്ടില്ല.

....കൃതാത്മനോ
ന നാമ കൃത്യം കൃപണൈരസുഭിരപി!
തഥാപി ഭർത്തുസ്ത്വയി താദൃശാഹിതാം
പ്രജാമിമാം ന പ്രതിഹന്തുമർഹസി.
തദേതദജ്ഞാതസമുദ്ഭവം ജനൈർ—
ദിഗന്തമഭ്യേത്യ വിഗാഹ്യ കഞ്ചന
സമാക്രമിഷ്യൻ ക്രമശോ ധരാതലം
സമം മയാ രക്ഷ ശിവം കുലാങ്കുരം.

മൂഷികവംശപ്രതിഷ്ഠാപകനായ രാമഘടന്റെ ജനനവും മററുമാണ് രണ്ടാം സർഗത്തിൽ വിവരിക്കുന്നത്. പരശുരാമനാകുന്ന പ്രളയസമുദ്രത്തിൽ രാജാക്കന്മാർ മുഴുവൻ വിലയിച്ചു കഴിഞ്ഞപ്പോൾ, രാജപത്നി ഒരു പുത്രനെ പ്രസവിച്ചു. നക്ഷത്രങ്ങളെല്ലാം അസ്തമിച്ചു ആകാശത്തിന്ന് സൂര്യനുദിക്കുമ്പോൾ കൈവരുന്ന ശോഭ, പ്രവൃദ്ധതേജസ്സായ കുമാരൻ പിറന്നപ്പോൾ രാജാക്കന്മാർ എല്ലാം നശിച്ചു ഭൂലോകത്തിന്ന് ഉണ്ടായി. രാമ (മനോഹര)

---

ഇനി കുറേ പദ്യങ്ങളുടെ ഏതാനും ഖണ്ഡങ്ങൾ. അവയ്ക്കുശേഷം,

തദാംഭസി ഗ്രാഹസഹസ്രസങ്കുലേ
വനേ ച സിംഹധ്വനിധൂതഹസ്തിനി
ജഗാമ സാ രാമഭയാദശങ്കിതാ
സ്ഫുരന്തി ഭീതസ്യ ഹി നേതരാ ഭിയ:
പുരാണി രാഷ്ട്രാണി ച വീക്ഷ്യ ഭൂയശോ
ജഹത്യനാഥാനി സമൃദ്ധിമുത്തരാം
പ്രവൃത്തബാഷ്പാംബുപരീതലോചനാ
തഥാവിധാം സാ സ്വഭവം സമസ്മരൽ.
കഥഞ്ചിദാശാമപഹായ ദക്ഷിണാം
ഏതാമനാ നാതിചിരാന്മനസ്വിനീ
പദൈരവാപദ് ഗുരുഗർഭമന്ഥരൈ:
പയോധിവേലാശ്രയമേലിനം ഗിരിം.

പിന്നേയും അക്ഷരവീഴ്ചയുള്ള പദ്യങ്ങൾ. പിന്നെ,

മുഹു: കരാഭ്യാമവലംബ്യ വീരുധോ
വിനിശ്വസന്തീ വിധുതോദ്ധതസ്തനാ
കഥഞ്ചിദുച്ചൈരബലാ ശിലാതലം
ശനൈരതിക്രമ്യ ജഗാമ ഭൂഭൃത:
........രോജ്വലേ ബിലേ
നിവേശ്യ താമധ്വപരിശ്രമാലസാം
ഉപാഹരൻ മൂലഫലാനി സത്വരം
ദ്വിജാതിരാരാദഗമദ് വനാന്തരം.
തതോ ഹതശ്വാപദഗാത്രഖണ്ഡകൈ–
രശൂന്യവിസ്രാനനഭീഷണാകൃതി:
ഗജേന്ദ്രവർഷ്മാ പരിഗർജ്യ മൂഷികോ
ബിലാന്തരം തത്സഹസാ വ്യഗാഹത.
ഹ്രദം മദാന്ധേ കരിണീവ തദ്ദ്രുതം
വിഗാഹമാനേ ബിലമാഖുഭർത്തരി
തരംഗഭിന്നാ പ്രതിമേവ ശീതഗോ–
രനുക്ഷണം രാജവധൂരകമ്പത.



നായ ഈ ശിശുവിനെ കണ്ട് റാണി (പരശു) രാമന്റെ സാഹസങ്ങളെക്കുറിച്ചോർത്തു; വിറയ്ക്കുന്ന ഇടങ്കണ്ണ് ഭാവിശോഭനമെന്ന് അവൾക്കുറപ്പുനൽകി. ആ മലയിലെ പുണ്യാശ്രമങ്ങളിൽ വസിക്കുന്ന മഹർഷിമാരെക്കൊണ്ട് അതതു കാലത്ത് ആ ശിശുവിന്നു വേണ്ട സംസ്കാരകർമ്മങ്ങൾ പുരോഹിതൻ ചെയ്യിച്ചു. ക്ഷത്രിയവംശത്തിന്നു ചേർന്നതും ധർമ്മാർത്ഥങ്ങളെ സംബന്ധിച്ചതുമായ എല്ലാ വിദ്യകളും ആ ശിശുവിനെ അദ്ദേഹം തന്നെ പഠിപ്പിക്കുകയുംചെയ്തു. അപ്പോഴേയ്ക്ക്, ഇരുപത്തൊന്നു വട്ടം ക്ഷത്രിയസംഹാരം ചെയ്ത പരശുരാമന്റെ കോപാഗ്നി കെട്ടടങ്ങി

---

പിന്നെയും അക്ഷരവീഴ്ചയുള്ള പദ്യങ്ങൾ. തുടന്ന്,

തതസ്തദാത്തസ്വനിതോപകർണ്ണനാ–
ദുദഗ്രഹുങ്കാരഭൃതാദ്രികുക്ഷിണാ
ക്ഷണേന തത്ര സ്ഫുരിതേക്ഷണാർച്ചിഷാ
സസംഭ്രമം സന്നിദധേ പുരോധസാ.

പ്രത്യാഗതേ ഹൃദി തദാഗമനേന താവദ്
ദേവ്യാ: പ്രദീപ്തനയനം സഹസോത്ഥിഷന്ത്യാ:
സംരംഭവിസ്മൃതഭിയോ ഭയദ: പരേഷാം
അക്ഷ്ണ: കൃശാനുരകൃശദ്യുതിരുല്ലലാസ.

അഹ്നായ വഹ്നിരശനിപ്രഭവോ ദിവേവ
പത്ന്യാ നൃപസ്യ പതിദേവതയാ വിമുക്ത:
പര്യാലുഠന്നവനൗ ബഹുശ: സശബ്ദം
പുപ്ലോഷ തം ഗഹനമൂഷികമീക്ഷണാഗ്നി:

താവത്സ രത്നശിഖരോജ്വലമൗലിബന്ധം
ബിഭ്രദ്വപുർവിതതനിർഝരഹാരഗൗരം
ജുഷ്ടോ ഗണൈ: പരിജനൈർവനദേവതാനാം
ഉച്ചൈർബഭൂവ പുരുഷാകൃതിരദ്രിരാജ:

ഇനി ഒരു പദ്യം അപൂർണം. അതിന്നുശേഷം,

പ്രസ്ഥേ മമാത്ര കുഹചിൽ പൃഥുനിർഝരാംഭ:–
സമ്പാതപൂതസികതാചിതഭൂമിഭാഗേ
ചക്രേ പയോനിധികൃതാപ്ലവന: കദാചിദ്
യോഗാസനം കുശികഗോത്രഗുരുർമുനീന്ദ്ര:

തത്രാന്തരേ മൂഷികവേഷധാരീ
ക്രീഡന്നരണ്യേഷു സമം രമണ്യാ
ധ്യാനോപവിഷ്ടം മദനാന്ധവൃത്തി:
പ്രധർഷയാമി സ്മ മുനീന്ദ്രമേനം.

യിരുന്നു. കോപം കൃതാർത്ഥമായപ്പോൾ പരശുരാമന്റെ മനസ്സിൽ ക്ഷത്രിയസ്ത്രീകളുടെ കരച്ചിൽ കേട്ട് കരുണയുദിച്ചു. അദ്ദേഹം ക്ഷത്രിയരക്തഹ്രദങ്ങളിൽ പിതാക്കൾക്ക് നിവാപം നൽകി; ശത്രുസുന്ദരിമാരുടെ കണ്ണീരിൽ തന്റെ കോടാലിയുടെ വായ കഴുകി. ക്ഷത്രിയവധം കൊണ്ടുണ്ടായ പാപം തപസ്സുകൊണ്ടും യാഗം കൊണ്ടും പരിഹരിക്കാനായി രാജ്യം വിട്ട് പരശുരാമൻ ഏഴിമലയിലെത്തി. അവിടെ വസിഷ്ഠൻ മുതലായ മഹർഷിമാരെ ഋത്വിക്കുകളാക്കി, യഥാവിധി ദക്ഷിണ നല്കി, പരശുരാമൻ എത്രയോ യാഗങ്ങൾചെയ്തു. ഇങ്ങനെ യാഗങ്ങൾ നടക്കു

---

യസ്യൈവം വപുരവലംബ്യ ധർഷിതോഽഹം
തജ്ജാതൗ പൃഥഗനയാ പതിഷ്യസി ത്വം
ഇത്യുഗ്രം മയി സഹസാ തദാഽപരാധേ
കോപാന്ധോ മുനിരഥ ശാപമുത്സസർജ്ജ.

സവ്രീഡസാധ്വസജഡേ മയി സന്നിവൃത്തേ
വധ്വാം മുനേശ്ചരണയോർ മുഹുരാപതന്ത്യാം
തേന പ്രസാദമുദനോ സ്വയമേവ ശാപാദ്
അസ്മാദയം നിഗദിതോ മമ മോക്ഷകാലഃ

തദാ പ്രഭൃത്യഹമിഹ മൂഷികാകൃതിർ
ബിലാന്തരേ സ്വവിരചിതേ മദോദ്ധതഃ
നിപാതിതൈഃ ശരഭഗജാദിഭിഃ സ്വയം
പ്രവർത്തയാമ്യനുദിനമാത്മനഃ സ്ഥിതിം

അഹമസുലഭമോക്ഷാദദ്യ ശാപാദമുഷ്മാൽ
പദമുചിതമുപേതോ യുഷ്മദഭ്യാഗമേന
തദിഹ വസത യൂയം യാവദഭ്യുദ്ധരാമി
ക്ഷിതിധര ഇതി സദ്യോ വാചമുക്ത്വാ തിരോഽഭൂൽ

തത്രോഗ്രാ പ്രകൃതിരഹാസി പക്ഷിസത്ത്വൈഃ
സമ്പേദേ മധുരരസശ്ച ശാകമൂലൈഃ
വൈഷമ്യം ഗതിഷു വസുന്ധരാനിരാസേ
ഭ്രഷ്ടസ്സകൃതഗുരോർമനഃപ്രസാദാൽ.

അഥ ചിരമതുലാദ്ഗുരോഃ പ്രസാദാൽ
അവനിഭൃതശ്ച ഗരീയസഃ പ്രസാദാൽ
നൃപതികലരിപോർന്ന ഭാർഗവസ്യ
സ്മൃതിമഗമത്സ ശിവോ നരേന്ദ്രഗർഭഃ

ഇതി മൂഷികവംശേ പ്രഥമഃ സർഗഃ



ന്നതിന്നിടയ്ക്ക് ഒരിക്കൽ സോമം സംബന്ധിച്ച ഒരു പ്രയോഗത്തിൽ, ക്ഷത്രിയവംശത്തിൽപ്പിറന്ന ഒരു കുട്ടി ചെയ്യേണ്ട ഒരു കാര്യം വന്നുപെട്ടു. ഈ സമയത്ത് രാജകുമാരനെ ആപത്തിൽനിന്ന് ഉദ്ധരിക്കാനാഗ്രഹിക്കുന്ന ഏലിമല അവിടെ പ്രത്യക്ഷപ്പെട്ടു. പർവതം പരശുരാമനെ നമസ്കരിച്ച്, 'ചന്ദ്രവംശത്തിൽ പിറന്നവനും അമ്മയും പുരോഹിതനും ചേർന്ന് വളർത്തിയവനുമായ ഒരു കുമാരൻ അങ്ങയെ ഭയന്ന് ഇവിടെ ഗുഹയ്ക്കുള്ളിൽ വസിക്കുന്നുണ്ട്'' എന്നു പറഞ്ഞു. പ്രീതനായ പരശുരാമൻ സമ്മതം നൽകിയപ്പോൾ മല കുമാരനെയും പുരോഹിതനെയും അവിടെ കൊണ്ടുവന്നു. ക്രിയാവസാനത്തിൽ സന്തുഷ്ടനായ പരശുരാമൻ, ഏലിമല നിലനിൽക്കുന്നതും, ആ പേരുള്ളതുമായ രാജ്യത്തിൽ ഈ കുമാരനെ രാജാവാക്കി. ഏലിമലയിലെ ബിലത്തിൽ ജനിച്ചതുകൊണ്ടും രാമൻ ഘടാഭിഷേകം നൽകിയതുകൊണ്ടും ഈ കുമാരനു രാമഘടമൂഷികൻ എന്ന പേരു് പ്രസിദ്ധമായി. കുലനഗരിയായ മാഹിഷ്മതിയിൽനിന്ന് മന്ത്രിമാർ മുതലായവർ ക്രമേണ രാമഘടമൂഷികനെ പ്രാപിച്ചു. ആ നഗരിയിലെ മഹാനാവികൻ എന്നു പേരുള്ള ചെട്ടി രാമഘടന്റെ മന്ത്രിയായി. രാമഘടമൂഷികൻ കോലപട്ടണമെന്ന രാജധാനി ഏലിരാജ്യത്ത് ഉണ്ടാക്കി. രാജ്യത്ത് തന്റെ ശക്തി ഉറപ്പിച്ചശേഷം ദിഗ്ജയത്തിന്നാഗ്രഹിച്ചു. അതിന്റെ പ്രാരംഭമായി ഏലിമലയെ പ്രദക്ഷിണംവെച്ച്, പർവതദേവതയോടും പരശുരാമനോടും അനുവാദം വാങ്ങാൻ പുറപ്പെട്ടു. തേരിൽ കയറി, വെൺകറ്റക്കുട, ചാമരം മുതലായ രാജചിഹ്നങ്ങളോടെ യാത്ര തിരിച്ച അദ്ദേഹത്തെ നഗരത്തിലെ സ്ത്രീകൾ മലരും പൂവും ചൊരിഞ്ഞ് ആരാധിച്ചു. നഗരം വിട്ട് വാഴ, തെങ്ങ്, കവുങ്ങ്, കരിമ്പ് മുതലായവ നിറഞ്ഞുനില്ക്കുന്ന കർഷകഗ്രാമങ്ങളും ഹോമാഗ്നിധൂമം നിറഞ്ഞ ബ്രാഹ്മണഗ്രാമങ്ങളും കടന്നുചെന്ന അദ്ദേഹത്തെ വപ്രാനദിയിലെ കാറ്റ് കുളിർപ്പിച്ചു. നെൽവയലുകൾ പിന്നിട്ട് അദ്ദേഹം കൈതക്കാടുകൾ നിറഞ്ഞ കടൽവക്കിലെത്തി. കില്ലാ

നദി (കോട്ടപ്പുഴ) കടന്ന് കടൽത്തീരത്തുകൂടെ ഏഴിമലയിൽ ചെന്നുചേർന്നു. തന്റെ പിതാവിനെയെന്നപോലെ ഈ പർവതത്തെ രാമഘടൻ പ്രദക്ഷിണംവെച്ച് നമസ്കരിച്ചു[16].

---

16. സ്ഫീതേഽഥ രാമേ പ്രളയാംബുരാശൗ
പ്രാപ്തേ ലയം സർവനരേന്ദ്രലോകേ
പ്രാസൂത ദേവീ തനയം മഹാന്ത-
മാദ്യേവ ഭൂത്യൈ പ്രകൃതിഃ പ്രജാനാം 2. 1

വിശ്വം വിനഷ്ടക്ഷിതിപാലമേതത്
പ്രവൃദ്ധതേജസ്യുദിതേ കുമാരേ
നിശ്ശേഷമന്യൈരുഡുഭിർ വിഹീനം
നഭോ നവാദിത്യമിവാബഭാസേ 2

ആലോക്യ രാമം സഹസാ സ്മരന്ത്യാ
രാമസ്യ ഭീമാന്യതിസാഹസാനി
കല്യാണമസ്യാഃ സ്ഫുരിതൈരജസ്ര-
മദക്ഷിണം ലോചനമാചചക്ഷേ. 4

സാ ബിഭ്രതീ ഭർത്തൃവിനാശയോഗാ-
ദങ്ഗൈരസോഢാഭരണൈരസ്തൃജം
ആസീത് സ്വകാലാത്യയമുക്തപുഷ്പാ
ലതാ നിബദ്ധൈകഫലോദ്ഗമേവ. 5

ദേവ്യാ യദാസീത് കുചമണ്ഡലസ്യ
ഭംഗാൽ പ്രിയസ്പർശമഹോത്സവാനാം
ശാന്തിം യയൗ ശർമ്മകരേണ ദൈന്യം
ശ്ലാഘ്യേന തൽപുത്രമുഖാർപണേന 6

ഗംഭീരനാദം ക്ഷിതിപാലസൂനു-
രംഗാനി ധുന്വന്നസകൃദ് രുരോദ
വിലംബനാദ് വിക്രമകാലയുക്തേർ
നിർവിണ്ണചേതാ ഇവ മാതുരങ്കേ. 7

സ പ്രസ്നുതാനി സ്വഗുണാനുരാഗാദ്
ഉദഗ്രപ്രയുക്തേന കരഗ്രഹേണ
പയാംസി ജഗ്രാഹ ശനൈർജനന്യാഃ
പശ്ചാദ് വസൂനീവ വസുന്ധരായാഃ 14

നഗേന്ദ്രപുണ്യാശ്രമവാസിഭിശ്ച
സാർധം മുനീന്ദ്രൈഃ സമയാന്തരേഷു
നരേന്ദ്രസൂനോർവിധിവദ് ദ്വിജേന്ദ്രഃ
സംസ്കാരകർമാണി സമാചചാര. 22



ഈ മലയിൽ രാമഘടമൂഷികന്റെ സൈന്യം പാളയമടിച്ചതാണ് യമകപ്രധാനങ്ങളായ പദ്യങ്ങൾ കൊണ്ടാരംഭിക്കുന്ന മൂന്നാം സർഗത്തിലെ പ്രതിപാദ്യം. രാമഘടൻ

---

സർവാസു ച ക്ഷത്രകുലോചിതാസു
സംവിത്സു ധർമാർത്ഥനിബന്ധനാസു
മേധാവിനം നാതിചിരാൽ കുമാരം
പ്രീതോ ഗുരുർജ്ഞാതഗുണം വ്യനൈഷീൽ 23

താവച്ച നിഃക്ഷത്രമിദം സമന്താത്
ത്രിസ്സപ്തകൃത്വോ ഭുവനം വിധായ
കോപാഗ്നിരുച്ചൈർജമദഗ്നിസൂനോ-
ശ്ചിരാൽ സ്വയം ചേതസി നിർവവാര 24

ആക്രന്ദിതേഷു ക്ഷിതിപാംഗനാനാം
സമന്തതഃ സന്തതമുത്ഥിതേഷു
കൃപാഥ ഗുർവീ കൃതകൃത്യകോപം
പസ്പർശ ചേതോ ഭൃഗുനന്ദനസ്യ 25

സ പാർത്ഥിവാസൃക്സലിലഹ്രദേഷു
ദത്വാ നിവാപാനുചിതാൻ പിതൃഭ്യഃ
അസ്രാംബുസിന്ധുഷ്വരിസുന്ദരീണാം
പ്രക്ഷാളയാമാസ കുഠാരധാരാം 26

തീവ്രൈസ്തപോഭിഃ ക്രതുഭിശ്ച പുണ്യൈ-
രപോഹിതും ക്ഷത്രവധോത്ഥമേനഃ
ഉത്സൃജ്യ രാജ്യം ജമദഗ്നിസൂനു-
സ്തമേവ പൃഥിവീധരമാസസാദ 27

തതോ വസിഷ്ഠപ്രമുഖൈർനഗേഽസ്മിൻ
ഋത്വിഗ്ഭിരാമ്നായധനൈർമുനീന്ദ്രൈഃ
യഥോക്തയാ ദക്ഷിണയാ സ രാമഃ
ചിരം ക്രതൂൻ സന്തതമാജഹാര. 28

പ്രവർത്തമാനേഷു മഖേഷ്വഥൈവം
കദാചിൽ പ്രയോഗേ കില തസ്യ രാജ്ഞഃ
ക്ഷത്രാന്വവായേ കൃതസംഭവേന
കൃത്യം കുമാരേണ ബഭൂവ കിഞ്ചിൽ 29

താവൽ കുമാരം വ്യസനാദപാരാ-
ദുദന്വതോ ലോകമിവോദ്ധരിഷ്യൻ
വരാഹരൂപീ ഭഗവാനിവോച്ചൈ-
രേലീഗിരിഃ കാലവിദാവിരാസീൽ 30

മല കയറി മുകളിലെത്തി. തേരാളി അദ്ദേഹത്തോട് പർവതത്തിലെ കാഴ്ചകൾ വിവരിച്ചു. ഉച്ചസമയത്ത് മലയുടെ താഴ്വരയിൽ സൈന്യം താവളമുറപ്പിച്ചു. ജലസം

---

''കശ്ചിത് കദാചിച്ഛശിവംശജന്മാ
സംബോധിതോ മാതൃപുരോഹിതാഭ്യാം
താതാത്ര ഭയോഽസ്തി ബിലാന്തവാസീ''—
ത്യേനമദ്രിം പ്രണതോ ബഭാഷേ. 31

പ്രീതേന രാമേണ കൃതാഭ്യനുജ്ഞഃ
പ്രസന്നചേതാ ധരണീധരേന്ദ്രഃ
സാർധം സ പൂജ്യേന പുരോഹിതേന
ഭവ്യം കുമാരം ത്വരയോപനിന്യേ 32

പ്രണമ്യ വഹ്നീൻ സ വിതാനഭാജോ
രാമം സദസ്യാംശ്ച പുരസ്സമേതാൻ
ഗുരുപ്രദിഷ്ടേന പഥാ പ്രവിഷ്ടോ
ജഹാര ചേതാംസി സമം ജനസ്യ 33

സ്വാകാരസംസൂചിതവീര്യസാരം
വിലോക്യ സൈന്യം വിനയാവനമ്രം
പുംസി പ്രജാതന്ത്രഭരൈകധുര്യേ
ചിന്താം സ രാമഃ ശിഥിലീചകാര. 34

തതഃ ക്രിയാന്തേ പരിതുഷ്ടചേതാ
മഹീഭൃതാ ചൈത്രരഥേന സനാഥേ
തദാഖ്യയാ ലക്ഷിതനാമ്നി പശ്ചാദ്
രാജ്യേ സ രാജാനമമും ചകാര 35

ബിലേഽദ്രിവര്യസ്യ സ മൂഷികസ്യ
രാമാച്ച യത് പ്രാപ ഫലാഭിഷേകം
ബഭൂവ തേനാദ്യസ്യ ജഗത്പ്രകാശം
സമൂഷികം രാമഘടാഭിധാനം 36

ജ്യോത്സ്നാഭിവൃദ്ധേർജഗതോഽഭിരാമാം
വിദ്യാമവന്ധ്യാമിവ വീതരാഗഃ
ലക്ഷ്മീമുദാരാം ക്ഷിതിപാലസൂനുഃ
കവീശ്വരഃ കീർത്തിമിവാസസാദ 37

രാജാതപത്രോചിതയാ കുമാരം
ദൃഷ്ട്വാ തപശ്ശ്രമം നവരാജ്യലക്ഷ്മ്യാ
ക്ലേശസ്യ ഭൂയഃ ഫലമാപ രാജ്ഞീ
വൈധവ്യവന്ധ്യസ്യ ച ജീവിതസ്യ 38



ഭരണങ്ങൾ, ആനപ്പന്തികൾ, കുതിരലായങ്ങൾ മുതലായവ മാത്രമല്ല, അങ്ങാടികളും തേവിടിശ്ശിത്തെരുവുകളും കൂടി ഉള്ള ഈ പാളയം മറ്റൊരു നഗരംപോലെ ശോഭിച്ചു.

---

ഉപാത്തരാജ്യം ജമദഗ്നിസൂനോ-
രഗേനരിവാദിത്യമവാപ്തദീപ്തിം
സ്ഫീതാനുരാഗാ പ്രകൃതിഃ സ്വകീയാ
നവോദയം തം ക്രമശഃ പ്രപേദേ. 39

പ്രയാതി നീഹാര ഇവോപശാന്തിം
പത്രേ ദ്രുമാണാം മലിതാംശുഭിശ്ച
പുനഃ ശനൈർവ്യാനശിരേ നരേന്ദ്രൈഃ
സരാംസി പദ്മൈരിവ മണ്ഡലാനി 40

മാഹിഷ്മതീയോ മതിമാൻ കുലീനഃ
ശ്രേഷ്ഠീ മഹാനാവികനാമധേയഃ
മന്ത്രീ മഹീയാൻ ക്ഷിതിഭൃത്തരസ്യ
വാചസ്പതിർവൃത്രരിപോരിവാസീത് 41

രാഷ്ട്രേ സ തത്ര സ്വഗുണാനുരക്ത
ശോഭാവതീമാഹിതഗുപ്തിയോഗാം
ചക്രേ ഗുരുർമൂഷികഭൂപതീനാം
കോലാഭിധാനാം കുലരാജധാനീം 42

വിശോധ്യ തദ്രാജ്യമയോധ്യമന്യൈ-
സ്സമഗ്രശക്തിഃ സമുദഗ്രചേതാഃ
ഗ്രാമേഷു ഭേജേ സ വിശേഷവീരോ
വിശാം പതിർജാതു ദിശാം മുഖാനി 44

സദൃഷ്ടകരം പുഷ്കരലോചനാഭഃ
കർത്തേദമാരബ്ധമനാ ജനേന്ദ്രഃ
പ്രദക്ഷിണീകൃത്യ ജിഗീഷയൈകൽ
സ രാമമാമന്ത്രയിതും സശൈലം 46

തതസ്സ നിശ്ശേഷവിഗന്തമൂല--
നിലീനരാജന്യകവിഗ്രഹായ
അരണ്യനാഗോന്മഥനാഭിലാഷീ
ബാലോഽദ്ഭുതഃ സിംഹ ഇവോച്ചചാല 47

അധിഷ്ഠിതസ്സേന രഥഃ പ്രഥീയാൻ
കാർത്തസ്വരോ ഭാസ്വരദർശനേന
സഹസ്രധാമ്നാ സ്ഫുരതാഽധിരൂഢഃ
ചലാചലോ മേരുരിവാബഭാസേ. 49

രാജാവ് തേരിൽനിന്നിറങ്ങി വന്ദികളുടെ സ്തുതികൾകേട്ടുകൊണ്ട് തനിക്കുവേണ്ടി നിർമ്മിച്ച നെടുമ്പുരയിലേയ്ക്കു പോയി. സ്ത്രീകൾ അരുവികളിൽ കളിച്ച് മരത്തണലു

---

ആരാധിതഃ പൗരവിലാസിനീനാം
നേത്രാളിശാലൈർനവലാജവൃഷ്ടിഭിശ്ച
ബലൗഘസംഘട്ടനരേണുമാർഗ്ഗാം
ശനൈർനൃപസ്സം പുരമത്ര്യയാസീൽ 54

വാതാവധൂതൈഃ സ്വദളാഗ്രഹസ്തൈ-
രാലംബനം കിഞ്ചിദിവാപ്തുകാമാഃ
ഫലാതിഭാരശ്ലഥിതാ നരേന്ദ്രഃ
കോലേനപശ്യേ കദളീരപശ്യൽ 55

സുനാളികേരീവനപൂഗഷണ്ഡ-
പ്രസൂനസൂചീപുടദേശശൈലൈഃ
ഗ്രാമാന്തരാളൈഃ സഹസാ നികാമം
ഗ്രാമേഷു ശോഭാം ദദൃശേ നവായാഃ 56

ഹോമാഗ്നിധൂമൈർ ധൃതഹവ്യഗന്ധൈഃ
പവിത്രിതാശേഷദിഗന്തരീക്ഷാൻ
ഗ്രാമാനതിക്രമ്യ തതോ ദ്വിജാനാം
സസ്യോത്തരീയാം ഭുവമാസസാദ. 59

പതത്രപാതോപചിതഃ ശുകാനാം
വാചാലിതഃ ശാലിവിഘട്ടനേന
വിനിദ്രപദ്മോൽപലഗന്ധവാഹീ
വപ്രാന്തിലസ്തം ശിശിരഃ സിഷേവേ. 60

സ ശാലിഗോപീജനഗീയമാനം
വിശാലമാകർണ്ണ്യ യശഃ സ്വകീയം
ലജ്ജാനതാസ്യോ രമണീജനസ്യ
നിശ്ശങ്കലക്ഷ്യോ നൃപതിർബ്ബഭൂവ 61

പരിച്യുതൈഃ കേതകമഞ്ജരീണാം
രജോഭിരാക്രീഡിതസൈകതാന്തം
സൗഗന്ധികോദ്ഗന്ധിസമീരണാർദ്രം
സ സാഗരാന്തമുപാസസാര. 63

ഉത്താനവീചീരയഭഗ്നശുക്തി-
വികീർണ്ണമുക്താഫലിതസൈകതേന
വേലാപഥേനാംബുനിധേസ്സ ഗത്വാ
ശൈലം ശനൈരേലിനമാസസാദ. 66



കളിലെ പാറകളിൽ കാററുകൊണ്ട് ഇരുന്നു. കളിപ്പിച്ചുകൊണ്ടുവന്ന ആനകളും കുതിരകളും ശബ്ദത്തോടെ തീററതിന്നുകൊണ്ട് ആ പാളയത്തെ അലങ്കരിച്ചു. ആളുകൾ നിറഞ്ഞുതിങ്ങിയ ആ പാളയം ഉദയാദ്രിയിൽ സൂര്യബിംബംപോലെ വിളങ്ങി[17].

---

അവേക്ഷ്യ തം പ്രഭവമുദാരതാത്മനോ
ദൃഢോദ്ധപ്രമദഭരേണ ചേതസാ
ഉപസ്ഥിതം പിതരമിവ സ്വയം പുനർ-
ധരാഭൃതം ക്ഷിതിപതിരഭ്യവന്ദത 67

അധ്യാസിതോ ഭൂഗ്ഗസ്വനേന സതം ബലൗഘൈഃ
തേന പ്രദക്ഷിണമസാവചലഃ പരീത്യ
ജുഷ്ടഃ ശിവേന സഹ ദേവഗുരുസമൂഹൈഃ
കൈലാസശൈല ഇവ കാശ്യപനന്ദനേന. 68

ഇത്യതുലകൃതൗ മൂഷികവംശേ
ദ്വിതീയഃ സർഗഃ

17\. അഥ സമുച്ചശിലാശിഖരം ശനൈ-
രധിരുരോഹ സ രാജദിദൃക്ഷയാ
പരിവൃതം നിവഹേന പതത്രിണാം
ധരവരം രവരഞ്ജിതചേതസാ 3.1

ഇതുപോലെ യമകാലങ്കൃതങ്ങളായ ഇരുപത്തൊന്നു പദ്യങ്ങളിൽ കവി ഏഴിമലയെ വർണ്ണിക്കുന്നു. തുടർന്ന്,

അഥാപരേഷാം വിജയായ ഭൂഭൃതാം
സ്വയം ദിവം ഗന്തുമിവാധികോന്നതം
നിരീക്ഷ്യ തം ശൈലമുപാത്തവിസ്മയം
ധരാപതിം സാരഥിരിത്യവോചത 22

വൃത്രാരിവജ്രമുഖപാതഭയേന ശശ്വ-
ദന്തർജലേ നിവസതാമവനീധരാണാം
വന്യേഭജൃംഭിതരവൈഃ സ്വദരീമുഖോത്ഥൈഃ
പൃച്ഛന്നിവാദ്യ കുശലമനാമയമേഷ ഭാതി 26

പര്യാസിതാസ്ഫടശിലാകഹരേഷ്വപാംനിധേഃ
വേലാജലൈഃ കൃതനിവൃത്തിഷു വീചിഷു ക്ഷണാൽ
സംസർപ്പണേഷു വിഷമേഷു മിഥോ വിഘട്ടിതാഃ
കാഷ്ഠാം വഹന്തി കരിണാമിഹ ശംഖശുക്തയഃ 29

പുഷ്പരജോവിതാനസുരഭിസ്വനദഭ്രകലിലഃ
പല്ലവകമ്പസൂചിത മൃദുപ്രചലനസ്സുഭഗഃ
നിർഝരവാരിബിന്ദുകണികാപരിചയശിശിരഃ
സിദ്ധവധൂരതശ്രമമിഹ ശ്ലഥയതി പവനഃ 31

പരശുരാമനും രാമഘടനും തമ്മിലുള്ള കൂടിക്കാഴ്ചയും തുടർന്നുള്ള രാമഘടന്റെ ദക്ഷിണാപഥ വിജയവും നാലാം സർഗത്തിൽ വിവരിച്ചിരിക്കുന്നു. രാമഘടൻ സാംവനിയെ (സാംവനീ എന്നാൽ പാളയം; ഇവിടെ സൈന്യമെന്നർഥം) വിനയംമൂലം തിരിച്ചയച്ച് പരശുരാമാശ്രമത്തിലെത്തി രഥത്തിൽനിന്നിറങ്ങി പുരോഹിതനുമൊത്ത്

---

ഇതി കഥയതി തത്ര സാരഥൗ
ക്ഷിതിപതിരദ്രിപതേഃ കൃതാദരഃ
ബഹുളഗഹനവാരിതാതപം
ശിബിരസനീഡമുപാസസാദ സഃ 58

പ്രൗഢപ്രതാപവിധുരീകൃതവിശ്വലോകേ
മധ്യം പ്രജത്യഹിമരോചിഷി വാസരസ്യ
സാനുസ്ഥലീഷു ശിശിരാസു ഗഥ ശൈലഭർത്തുഃ
പ്രാവർത്തയന്നരപതിഃ പൃതനാനിവേശം 59

സദ്യഃ പരിഷ്കൃതജലം ജലസന്നിവേശൈഃ
കൢപ്താപണം കൃതമനോഹരവേശവാടം
നിർവൃത്തഹർമ്യനിഹയധാമ നരാധിഭർത്തുഃ
പ്രസ്ഥാന്തരം പുരമിവോജ്ജ്വലമാബഭാസേ. 60

ക്ഷിതിപതിരവരുഹ്യ സ്യന്ദനാൽ ക്ലാന്തവാഹാൽ
നൃപതിഭിരവതീർണൈരന്വിതോ വാഹനേഭ്യഃ
സ്വകലസമയവിദ്ഭിർവന്ദിഭിഃ സ്തൂയമാനഃ
സുലളിതമുപകാര്യാം കല്പിതാമാസസാദ 61

വിശ്രാന്താസ്സഹ പതിഭിർവിലാസവത്യോ
നിർവൃത്തസ്ഫുടതരനിർഝരാഭിഷേകാഃ
പ്രാഗ്ഭാരേഷു വനിതുഹാം പൃഥൂപലേഷു
ശ്ലിഷ്യന്ത്യസ്സ്തതഗതീൻ സുഖം നിഷേദുഃ 62

പയസി സരിതസ്സംസിക്താനാം നിബന്ധമുപേയുഷാം
മുഖാദശനം കുർവാണാനാം മുഹുഃ കബളഗ്രഹം
സബലകരിണാം ഏഷോ വർഗഃ സമം ജയവാജിഭിഃ
കടകമതുലം ക്ഷോണീഭർത്തുർദൃശം തമപ്രഥയൻ 63

പര്യാകുലാഖിലവനം ശിബിരം ജനൗഘൈഃ
പത്യുർഭുവസ്സ്ഥചലോ ബഹിരാംബഭൂവ
നിശ്ശേഷവിഘ്നശിവസ്യ നിദാഘധാമ്നോ
ബിംബം വിസർപ്പികിരണൗഘമിവോദയാദ്രിഃ 64

ഇതി മൂഷികവംശേ തൃതീയഃ സർഗഃ



പരശുരാമന്റെ ഗൃഹത്തിൽ പ്രവേശിച്ചു. രാജാവ് കാണാൻ വന്ന വിവരം പുരോഹിതൻ പരശുരാമനെ അറിയിച്ചു. ധർമ്മമനുസരിച്ച് ഭൂമിയെ രക്ഷിച്ചുപോരുന്ന രാജാവിൽ സന്തോഷിച്ച പരശുരാമൻ അദ്ദേഹത്തിനു തന്നെ കാണാൻ അനുവാദം നൽകി. പുരോഹിതനെ മുൻനിർത്തി രാജാവ് മഹർഷിയുടെ മുമ്പിൽചെന്ന് നമസ്കരിച്ചു. പരശുരാമൻ രാമഘടനെ എഴുന്നേല്പിച്ചു. ആയുധമെടുത്ത തഴമ്പുകൾ മാഞ്ഞ് മാർദവമിയന്ന കൈകൊണ്ട് തലോടി മുനി രാജാവിനോടു പറഞ്ഞു: ''എന്റെ സാഹസം നിമിത്തം ഈ ഭൂമി അനാഥയായി. എന്റെ വഴി വേറെയാകയാൽ ഭൂമിയെ രക്ഷിക്കാൻ എനിക്ക് വയ്യ. ഈ പ്രവൃത്തി നീ ചെയ്യുക. ഭൂമിയെ മുഴുവൻ കീഴടക്കി ദിക്കുകളിൽ കീർത്തി നിറയ്ക്കുക.'' രാജാവിന്ന് തോൽവി പറ്റാത്ത വില്ലും അസ്ത്രങ്ങളും മുനി നൽകി. മഹർഷിയുടെ അനുവാദത്തോടെ രാജാവ് പാളയത്തിലേക്കു മടങ്ങി.

മഗധരാജാവായ സുവർമാവ് അനാഥമായ ഹേഹയരാജ്യം കീഴടക്കിയെന്നു കേട്ട രാമഘടൻ മന്ത്രിമാരോടുകൂടി ആലോചിച്ചു. തന്റെ പിതൃപൈതാമഹമായ ഹേഹയരാജ്യം വീണ്ടെടുക്കാഞ്ഞാൽ സുവർമാവ് ഭൂമി മുഴുവൻ ക്രമത്തിൽ കൈയടക്കും. സുവർമാവിനെ കീഴടക്കിയാലോ, ഭൂമി തനിക്കു കീഴടങ്ങിയതുപോലായിക്കഴിഞ്ഞു. അതിനാൽ ആദ്യമായി സുവർമാവിനെ എതിർക്കുകയാണ് വേണ്ടത്. രാമഘടന്റെ ഈ അഭിപ്രായത്തോട്, മന്ത്രിയായ നാവികൻ യോജിച്ചില്ല. അടുത്തുള്ള രാജാക്കന്മാരെ ജയിച്ച് ദക്ഷിണാപഥം പൂർണ്ണമായി കീഴടക്കിയശേഷം, മെല്ലെ, സുവർമാവിനെ ജയിച്ചാൽ മതിയെന്നായിരുന്നു മന്ത്രിയുടെ ഉപദേശം. ഈ ഉപദേശം സ്വീകരിച്ച് രാമഘടൻ അടുത്തുള്ള ശത്രുക്കളെ ആക്രമിച്ചു. അവർ കോട്ടകളിൽ അടച്ചിരുന്നപ്പോൾ അദ്ദേഹം പുല്ലും പൊടിയുമിട്ട് കിടങ്ങു തൂർത്ത് ആനകളെക്കൊണ്ട് കോട്ടയുടെ ഗോപുരവാതിൽ പൊളിച്ച് അവരെ വധിച്ചു. ചില എതിരാളികൾ അദ്ദേഹത്തെ നമസ്കരിച്ചു. മറ്റു ചിലർക്ക് തുറുങ്കുകളിൽ കാൽച്ചങ്ങല കിലുക്കി ഇരിക്കേണ്ടിവന്നു. ഇങ്ങനെ

ദക്ഷിണാപഥം മുഴുവൻ ജയിച്ച് അദ്ദേഹം കിഴക്കൻ കടലിന്റെ തീരത്തുകൂടെ വിന്ധ്യപർവതത്തിലെത്തി നർമ്മദാതീരത്ത് പാളയമടിച്ചു. രാമഘടന്റെ യുദ്ധയാത്രയെപ്പററിയറിഞ്ഞ സുവർമാവ് ഉത്തരാപഥത്തിലെ രാജാക്കന്മാരുടെ സൈന്യങ്ങൾ സമാഹരിച്ച് യുദ്ധത്തിന്ന് അവിടെ വന്നെത്തി[18].

18. പ്രസ്ഥിതോƒഥ കടകാൽ പ്രഥീയസീം
സന്നിവൃത്യ വിനയേന സാവനീം
ജന്മഭൂമിമിവ പുണ്യസമ്പദഃ—
സംശ്രുതം സ ഭൃഗുവീരവാസമാസദൽ 4.1

സോƒവതീര്യ വിനിവർത്തിതാദ്രഥാൽ
സന്നിവേശ്യ ബഹിരാത്മയാത്രികം
ആദിശൽ സഹ പുരോധസാ ശനൈർ
മാർഗമസ്യ സദനം മഹീപതിഃ 10

സംപ്രവിശ്യ പുര ഏവ കർമണാ—
മന്ദിരേ സവിനയം പുരോഹിതഃ
പാദമൂലഗമനക്ഷണാന്തരിതം
മാർഗണായ നൃപതിം ന്യവേദയൽ 11

ചാലനേന ധരണീധരസ്യ സ
പ്രീണിതോƒനുഗതധർമ്മവർത്തനഃ
ഉത്തമസ്യ നൃപതേരുപാഗമം
സദ്യ ഏവ മുനിരാനമന്യത 12

അഗ്രതഃ പ്രചലതാ പുരോധസാ
ഭൂപതിസ്സ മുനിം സമാസദൽ
പൂർവമേവ ഗമനൈകസ്ഥിതോ
വാസരം നവ ഇവാഹിതദ്യുതിഃ 13

ജാമദഗ്ന്യചരണാംബുജന്മനോഃ
രോചിതാഞ്ജലിപുടാവതംസകം
കേതിഭോമിവ ... മക്ഷതം
പ്രാണമൽ സപദി ഭൂപതേശ്ശിരഃ 14

ഉന്നിനായ ജമദഗ്നിനന്ദനഃ
സന്നതം സപദി മേദിനീപതിം
ഉത്ഥിതം തദുദയേ ജഗൽപ്രിയേ
മുഗ്ധചന്ദ്രമിവ വാസരാത്യയഃ 15



ഈ സർഗത്തിലെ 27, 34 എന്നീ പദ്യങ്ങളിൽ 'മാഗധ' എന്ന പദത്തിന്റെ സ്ഥാനത്ത് 'മാധവ' എന്ന പദം പകർപ്പുപ്രതിയിൽ ചേർത്തു കാണുന്നു. ഇതിനെ ആസ്പദമാക്കി മഗധരാജാവിന്റെ പേർ 'മാധവവർമ്മ' എന്നായിരുന്നുവെന്ന് ഗോപീനാഥറാവുവും അദ്ദേഹത്തെത്തുടർന്ന് പല ലേഖകരും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ

ആര്യധുര്യഗൃഹകർമ്മസാങ്കവിഗ്രഹാ—
ശ്രുശർമ്മപത്രമണി പാണിനാ
പ്രീയമാണഹൃദയോ നരേശ്വരം
വ്യാജഹാര വചനം മുനീശ്വരഃ 16

''സാഹസോന്മദ സമുദ്രമേഖലാ
വത്സ ഭൂരിയമനാഥതാം ഗതാ
ത്വാദൃശൈ ... ക്രമണേന ...
ദുർഗതിമദ്യ സമൈതി ശോച്യതാം 17

പ്രസ്ഥിതോƒസി മമ നാഥ പാർത്ഥിവ
നാധുനാസ്തി ജഗതീമവേക്ഷിതും
കാല ഏവ വിധിനാ സമർപ്പിതഃ
കർമണീഹ ഫലിതും തദർഹസി 18

ഉദ്യതോƒസി യദി രക്ഷിതും ത്വയാ
ഭ്രഷ്ടദീപ്തമിവ വാസരം ജഗൽ
ഗോചരഃ പ്രചരതാം സമന്തതോ
നോപസർഗതമസാം ഭവിഷ്യതി 19

തദ് വിജിത്യ ഖലശൈലകണ്ടകാം
പാഹി വീര സകലാം വസുന്ധരാം
പൂരയിഷ്യസി ദിശോƒദ്യ കീർത്തിഭി—
ശ്ചന്ദ്രികാഭിരിവ പൂർണചന്ദ്രമാഃ'' 20

ഇത്യുദീര്യ സ നൃപായ ദത്തവാൻ
അസ്ത്രജാതമഖിലം ച കാർമുകം
സേന്ദ്രചാപമിവ ധാമ വൈദ്യുതം
തോയദായ ചപലേ തപാത്യയഃ 21

ചോദിതോƒഥ ജമദഗ്നിസൂനുനാ
സ പ്രണമ്യ ശിരസാ തമാദരാൽ
ആകുലം ബലഗജേന്ദ്രബൃംഹിതൈഃ
പ്രത്യവാപ ശിബിരം ധരാപതിഃ 23

സുവർമാ എന്ന പേർ സംശയാതീതമാംവിധം പല പദ്യങ്ങളിലും ആവർത്തിച്ചു കാണുന്നുണ്ട്. പേരെന്തായാലും, അതുകൊണ്ട് വ്യത്യാസമൊന്നും വരാനില്ല. കാരണം, കഥയുടെ ഈ ഭാഗം ഐതിഹ്യത്തിന്റെ മേഖലയിലാണ് നടക്കുന്നത്; ചരിത്രത്തിന്റെ മേഖലയിലല്ല. അറിയപ്പെട്ട ഏതെങ്കിലും മഗധരാജാവുമായി സുവർമാവിന്റെ അഭേദം

---

ശുശ്രുവാനഥ ഹൃതാനനാഥരാ-
മാഗധേന സ നൃപേണ ഹേഹയാൻ
കോപരോഷകലുഷീകൃതാശയോ
മന്ത്രിഭിസ്സഹ രഹസ്യമന്ത്രയൽ 24

''യാ നൃപേണ വിഹിതാ മഹിഷ്മതാ
പാലിതാ ച ഗുരുഭിർ നിരന്തരം
മാഗധേന കില ദൂരവർത്തിനാ
സാ ഹൃതാ മമ പുരീ സുവർമണാ 27

പ്രായശഃ കബളിതേ സുവർണ്ണനി-
ഗ്രന്ഥമേ സകലേ മയാ ജവാൽ
ലംഘിതാഖിലദിശി സ്വതേജസാ
രാജ്ഞണാ ദിനമിവാഹിമദ്യുതൌ 31

തദ്വിപക്ഷമപഹത്യ മാഗധം
തദ്ഗതാമപഹരൻ നൃപശ്രിയം
മണ്ഡലാന്യഥ പരാണി സർവതഃ
ക്ഷ്മാളജാം മമ ഭുജോ ഹരിഷ്യതി 34

തൽ ഏഷ ഹൃദി മേ വ്യവസ്ഥിതോ
നിർണയോ നനു ഭവൽസു തിഷ്ഠതി
ജ്യാനികാഷകിണവേണികശ്ശൌ
വിക്രമേഷ്വധികൃതൌ ഭുജൌ മമ'' 35

ഇത്യുദീര്യ വചനം വ്യവസ്ഥിതേ
രോഷരൂഷിതമതൌ നരാധിപേ
ഉത്തമോഽഥ വിനയേന മന്ത്രിണാം
നാവികോ വചനമിത്യഭാഷത. 36

''ഉത്ഥിതസ്യ വിവിധൈരുപക്രമൈർ
വിശ്വലോകവിജയേ ത്വയാഽധുനാ
ശ്രുട്ടതോ ജഗതി ചാരചക്ഷുഷഃ
സർവ ഏവ നനു വിദ്വിഷഃ കൃതാഃ 43



കല്പിക്കുവാൻ പററിയ യാതൊരു തെളിവും നമ്മുടെ കൈയിലില്ല.

മൂഷികൻ മാഗധന്ന് ഒരു ദൂതനെ അയയ്ക്കുന്നതാണ് ഒൻപതാം സർഗത്തിൽ വർണിക്കുന്നത്. പൈതൃകമായ രാജ്യം തനിക്കു തിരിച്ചുതരണമെന്ന് ഹേഹയരാജാവ് അഭ്യർത്ഥിക്കുന്നതായി ദൂതൻ സുവർമാവിനോടു പറഞ്ഞു.

---

തൽപ്രവൃത്തിമധിഗമ്യ ച സ്ഫുടം
ദക്ഷിണാപഥഗതാ [illegible]
ഉത്ഥിതാഖിലവിരോധമാസതേ
സാംപ്രതം കില മിഥസ്സമാഗതാഃ 44

തത്ര നാതിമഹതാപ്യനന്തരൈർ
വിഗ്രഹേഷു വിഭവേന ശത്രുഭിഃ
രക്ഷിതും നൃപതിനാ ഹി ശക്യതേ
വിദ്വിഷാ[illegible]മണ്ഡലം 46

തൽ ക്രമേണ നൃപതീനനന്തരാൻ
സന്നിഗൃഹ്യ ജിതദക്ഷിണാപഥഃ
തദ്ബലേന സഹ ശാത്രവം ശനൈ-
[illegible]മേഷ്യസി'' 48

ഇത്യമുഷ്യ വചനം പ്രമാണയൻ
പൂർണശക്തിരഥ ശുദ്ധമണ്ഡലഃ
ഗുപ്തമൂലമചലൈഃ സമം ബലൈ-
രഭ്യയാത്സ നൃപതീനനന്തരാൻ 50

കേതുയഷ്ടി[illegible]ശീകര-
ധ്വസ്തരേണുഭിരനുദ്രുതോ ബലൈഃ
കൈശ്ചിദേവ നൃപതിഃ പ്രയാണകൈർ
വിദ്വിഷാം ഭുവമുപാസസാദ സഃ 52

ഉച്ചചാല പുരതഃ കലം ദ്വിഷാ--
മുത്ഥിതേ നൃപതിതൂര്യനിസ്വനേ
ഗർജതി സ്ഫുടതരം ഘനാഘനേ
സിംഹയൂഥമിവ ശൈലകന്ദരാൽ 53

ഭിന്നവാജിഗജപത്തിശോണിതാ—
പ്ലാവിതാഖിലമഹീതലാന്തരം
ബാണയൂഥപിഹിതാംബരം തതഃ
സംയുഗം ക്ഷിതിഭൃതാമവർത്തത 54

"കയ്യൂക്കുകൊണ്ട് കീഴടക്കിക്കൊൾക" എന്നായിരുന്നു സുവർമ്മാവിൻെറ ഉത്തരം. അപ്പോൾ സദസ്സ് വിട്ട് ദൂതൻ ഭേദത്തിലേയ്ക്കു തിരിഞ്ഞു. ദൂതൻെറ വാക്കുകൾ കേട്ട് സുവർമ്മാവിൻെറ സാമന്തരാജാക്കന്മാർ കോപിച്ചു. അവർക്ക് തക്കതായ ഉത്തരം നൽകി ദൂതൻ കോലരാജാവിൻെറ അടുത്തു തിരിച്ചെത്തി. അദ്ദേഹമാകട്ടെ, യുദ്ധ

ഉദ്യതോ ദിനപതേരിവാഗ്രതഃ
സാമാത്യമസ്യ രിപുചക്രമണ്ഡലം
അന്ധകാരമിവ ഗഹ്വരം ഗിരേർ-
ദുർഗമാശു ശരണം വ്യഗാഹത 56

സ പ്രസാരഹൃതസർവവീവധഃ
സന്നിരുധ്യ സകലം സുഹൃദ്ബലം
സേനയാഥ ബഹുദൃഢയന്ത്രാഢ്യയാ
ദുർഗരോധമകരോത് സ വിദ്വിഷാം 57

സ ക്ഷണേന തൃണപാംസുസഞ്ചയൈ-
സ്തം പ്രപൂര്യ പരിഖാസ്സമന്തതഃ
ദന്തിദന്തദളിതാർഗളം ബലൈർ-
ദ്വാരമാശു നൃപതിർവ്യലീലഘത് 59

ഭംഗുരം വപുരദസ്യ സംയുഗേ
വിദ്വിഷോഽസ്യ മദനസ്ഥിതം യശഃ
ക്ഷോണിമണ്ഡലമപാസ്യ ഭേജിരേ
സ്വർവധൂസ്തനസരോജമണ്ഡലം 60

സംപ്രധാര്യ വിഷയം ഗുണസ്യ തജ്ജ്-
ജ്യായസീ സ്ഥിതിവിധേർനയാഗമാഃ
കേചിദസ്യ മണിപാദപീഠികാം
പസ്പൃശുഃ സ്വമകുടാഗ്രകോടിഭിഃ 61

ഭ്രമണാർപ്പിതദശാസ്യവിസ്മയതാഃ
ശ്വാസപാതപരിതപ്തവക്ഷസഃ
പാദശൃംഖലരവൈരഥാപരേ
ബന്ധനാലയഗൃഹാമദധ്വനൻ 62

ഇത്ഥമേത്യ സകലം സ നിർജ്ജയൻ
ദക്ഷിണാംബുധിനരേന്ദ്രമണ്ഡലം
പൂർവസിന്ധുതടവർത്തനാ ബലൈ-
ശ്ശ്രീമല്ലേന്ദ്രമഭിദ്രുതൈര്യയൗ 64



ത്തിൽ തൽപരരായ രാജാക്കന്മാരുമൊത്ത് മദ്യപിച്ച് രാത്രി കഴിച്ചുകൂട്ടി[19].

മാഗധനും മൂഷികനും തമ്മിലുള്ള യുദ്ധം ആറാം സർഗത്തിൽ വർണിച്ചിരിക്കുന്നു. രഥത്തിൽ കയറി മൂഷികൻ യുദ്ധത്തിന്നു തയ്യാറായി. സൈന്യങ്ങൾ നശിക്കുന്നതു കണ്ട് മാഗധൻ ഗുരുവിനെ അദ്ദേഹത്തെ 'വത്സകേശ്വര'ൻ

അഥ കബളിതമാസച്ചന്ദ്രതാരം സ്വപ്രഭാഭിഃ
ശിഖരമണിരുചീനാം ശൃംഗശങ്കാവഹാനാം
ത്രിഭുവനമഹനീയം ശാസനം കുംഭയോനേർ-
വിദധതമിവ വന്ധ്യം വിന്ധ്യശൈലം നിദധ്യൗ 65

സ്വഭ്രൂക്ഷേപവശാനുഗാമിഭി ശനൈഃ
കൃത്വാ ദിശം ദക്ഷിണാം
ദർപ്പാന്ധദ്വിപവാജിഭിഃ പരിവൃതോ
വശ്യൈർന്നൃപാണാം ബലൈഃ
രേവാപങ്കജസൗരഭപ്രണയിനാ
വാതേന ധുതശ്രമം
സ്കന്ധാവാരമധത്ത വിന്ധ്യകടകാ-
ഭോഗേഷ്വസൗ ഭൂപതിഃ 66

ആകർണ്യ താവദഖിലക്ഷിതിപാലചിഹ്നം
ഉദ്യോഗമപ്രതിഹതം കപിദപ്യമൂഷ്യ
ക്ഷേപ്യോത്തരാപഥനരേന്ദ്രബലസ്സവർമ്മാ
ശൈലം തദേവ നൃപതിർദ്രുതമാസസാദ 67

ഉപഗതമഭിയോക്തും മാഗധം ഖ്യാതവീര്യം
ശിവ ഇവ സുരശത്രും ശുശ്രുവാൻ മൂഷികേന്ദ്രഃ
ജനിതഹൃദയതാപേ മൂർഛതി സ്വേപ്യപി ധാമ്നി
പ്രമദഭരനതേന പ്രാപ യുദ്ധോത്സവേന 68

ഇതി മൂഷികവംശേ
ചതുർത്ഥഃ സർഗഃ

19. സംപ്രധാര്യ സചിവൈസ്സഹ കാര്യം
മൂഷികോഽഥ ബലപൗരുഷയുക്തം
അർത്ഥവേദിനമുപസ്ഥിതവാചം
മാഗധായ വിസസർജ്ജ സ ദൂതം 6.1
നിർഭരം ക്ഷിതിഭൃതാം സ ചമൂഭിർ-
വാഹനൈരഥ പരിച്ഛദജാതൈഃ
ആകുലം നൃപതിരുപായനഹസ്തൈഃ
പ്രാപ ഭൂപതിസഭാപ്രതിഹാരം 8

എന്നും കവി വിശേഷിപ്പിക്കുന്നു—രഥത്തിലേറി നേരിട്ടു വന്നു. ആഗ്നേയാസ്ത്രം, പർജന്യാസ്ത്രം, നാഗാസ്ത്രം, ഗരുഡാസ്ത്രം മുതലായ ദിവ്യാസ്ത്രങ്ങൾ അവർ പരസ്പരം പ്രയോഗിച്ചു. ഒടുവിൽ മൂഷികൻ സുവർമാവിന്റെ കുതിരകളേയും സാരഥിയേയും കൊന്നു. തേരില്ലാത്ത മാഗധനെ എതിർക്കാൻ തേരിൽനിന്നിറങ്ങി ഗദയുമേന്തി ചെന്നു. ഗദാ

---

സ പ്രവിശ്യ വിദിതോഽഥ വിനീതഃ
സ്വപ്രഭാഹതരുചാം നൃപതീനാം
മധ്യഭാജമവനീപമപശ്യൽ
ജ്യോതിഷാമിവ സഹസ്രമയൂഖം 9

തം പ്രണമ്യ ശിരസാഽഞ്ജലിഭാജാ
സൽകൃതം ഭുവി നിവിഷ്ടമദൂരേ
ഭാസുരസ്മിതമരീചിപരീതം
വ്യാജഹാര വചനം മഗധേന്ദ്രഃ 10

''ബദ്ധവൈരമപി മാമകചേതോ
നിഘ്നതാം നയതി യദ്ഗുണരാശിഃ
അപ്യസൗ നിജകലാങ്കുരഭൃതോ
മൂഷികോ നരപതിഃ കുശലീ തേ? 11

പ്രേഷണേന ഭവതോ മയി രാജ്ഞോ
മൂഷികസ്യ ഗുരു കാര്യമവൈമി
പ്രായശോ ലഘുഷു കർമസു ധീരാ
ജ്യായസോ ന പുരുഷാൻ ഘടയന്തി 12

കഥ്യതാമഭിമതം തദശേഷം
പ്രേഷിതസ്ത്വമിഹ തേന യദർത്ഥം
കൃത്യമസ്തി ന സതാമഭിനിന്ദ്യൈ—
രർത്ഥിനാമസുലഭൈർവിഭവൈർനഃ'' 14

ഉക്തവന്തമിതി മുക്തവികാരം
ഗൂഢവൈരവിശദേന മുഖേന
ഭൂപതിം തമഥ ഹേഹയഭർത്തുഃ
പ്രത്യുവാച വിനയേന സ ദൂതഃ 16

''തത്ര ഹേഹയപതിസ്സു ഭവത്തഃ
കാലയോഗഗളിതം നിജമേവ
പാവകാദിവ രവിഃ കരജാലം
പ്രത്യവാപ്തുമഭിവാഞ്ഛതി രാജ്യം 21

.......പ്രത്യുവാച വചനം മഗധേന്ദ്രഃ 27



യുദ്ധത്തിൽ സുവർമാവ് മരിച്ചു. ഇതോടെ സുവർമാവിനെ ആശ്രയിച്ചിരുന്ന രാജാക്കന്മാരെല്ലാം മൂഷികന്റെ ഭാഗത്തു ചേർന്നു. സുവർമാവിന്റെ ശരീരം യഥാവിധി സംസ്കരിച്ച ശേഷം മൂഷികൻ ഹേഹയരാജ്യത്തേയ്ക്കു ചെന്നു. മാഹിഷ്മതീനഗരം കൊടികൾ തൂക്കി അദ്ദേഹത്തെ എതിരേറ്റു. മാഗധന്റെ പുത്രിയായ ഭദ്രസേനയെ മൂഷികൻ വിവാഹം

---

ക്ഷത്രിയസ്യ ജനനാദ് ഭവതി സ്വം
ക്ഷോണിരേവ ചതുരർണവസീമാ
പാലനേ തു നിയമോ ബലതന്ത്രഃ
പൂർവഭോഗകഥയാഽത്ര കൃതം നഃ 30

അർഥനൈവ പരഹസ്തഗതം യഃ—
ല്ലിപ്സ്യതേ സ്വമപി കിഞ്ചന സാമ്നാ
ആശ്രിതാ ഗതിരിയം യശസേ ച
ശ്രേയസേ ച ന ഭവിഷ്യതി രാജ്ഞാം 31

യഃ പ്രസാധയതി ഗാം ചതുരന്താം
ന ത്യജേദ് ഭുവമസൗ സമവാപ്താം
പൂര്യമാണതനുകോ ഹിമരശ്മിഃ
കിം കലാമധിഗതാം വിജഹാതി?'' 34

ഉക്തവന്തമിതി യുക്തിമതീം ഗാം
ഭൂപതിം തമനപേക്ഷിതസാന്ത്വം
ഉദ്ധതോ ഭുജബലാദഥ ഭർത്തുഃ
പ്രത്യുവാച പുനരേവ സ ദൂതഃ 35

''ഉത്തമോ നമതി സാമവിധാനാൽ
മധ്യമോ ജഗതി സിധ്യതി ദാനൈഃ
നിഷ്ഫലാക്ഷവചസോ മതിമോഹാ
ദണ്ഡ ഏവ ദമയിഷ്യതി നീചാൻ'' 50

കോലഭർത്തുരിതി ശംസതി ദൂതേ
ഭാരതീം സദസി വീതവിശങ്കം
ആതപോ രവിമണീനിവ കോപഃ
പാർഥിവാൻ ഭൃശമമൂനദിദീപൽ 54

ഭർത്തരി പ്രകുപിതേഽപി മഹിമ്നാ
ന സ്വയം ദിശതി യൽ പ്രതിവാചം
ഉത്സസർജ വചനാശനിമുഗ്രം
ഭ്രൂഭൃതാം സ രഭസേന സമൂഹഃ

''ഗച്ഛ ദൂത വചനസ്യ തവാസ്യ
ശ്രോഷ്യതി പ്രതിവചോ നൃപതിസ്തേ

ചെയ്തു. ഭദ്രസേനയുടെ സഹോദരനെ മഗധരാജാവാക്കി. ക്രമേണ ഭാരതവർഷം മുഴുവൻ മൂഷികന്റെ കീഴിലായി. മറ്റു വർഷങ്ങളെയും കീഴടക്കി രാമഘടമൂഷികൻ ചക്രവർത്തിപദമേറ്റു. വടു എന്നും നന്ദനൻ എന്നും രണ്ടു പുത്രന്മാർ രാമഘടന്നുണ്ടായി. അദ്ദേഹം മൂത്ത മകനായ വടുവിനെ ഹേഹയരാജാവാക്കി ഇളയ മകനായ നന്ദനനോടുകൂടി തിരികെ കോലരാജധാനിയിലേയ്ക്കു പോന്നു. അവിടെവെച്ച് അശ്വമേധം മുതലായ പല യാഗങ്ങളും ചെയ്തു. നന്ദനനിൽ രാജ്യഭാരമർപ്പിച്ചശേഷം വനവാസം സ്വീകരിച്ച് യോഗാഭ്യാസത്തിൽ മുഴുകി മുക്തി പ്രാപിച്ചു[20].

---

ആഗസാം ജഗതി ഭൃത്യകൃതാനാ-
മീശ്വരേ നനു പതിഷ്യതി ദണ്ഡഃ

അസൃഗദ്യ പരികൃത്തതനൂനാം
ശോണിതാസവമരാതിപശൂനാം
പാസ്യതി പ്രണയിനോ വിലാസി-
ന്യന്തകേന സഹിതാദ്യ ധരിത്രീ'' 64

ഇത്യുക്ത്വാ നരപതിഭിർ നിരസ്യമാനോ
ദത്വാ തത്സദൃശമഥോത്തരം സ ദൂതഃ
ആകാംക്ഷത്യഹിമരുചൗ ദിശം പ്രതീചീ-
മഭ്യാശം പ്രണിധിരുപാഗമത് സ്വഭർത്തുഃ 68

ആകർണ്യ ദർപമഥ ദൂതമുഖാദ്രിപൂണാം
ക്രുദ്ധസ്യ ദീപ്തമവലോക്യ മുഖം നൃപസ്യ
ഭാനുസ്സ്വമണ്ഡലപരാജയശങ്കയേവ
പാർശ്വം ജഗാമ പരമസ്യ മഹീധരസ്യ 69

നിജഭുജബലവീര്യവ്യാപനാവസരചിന്തൈഃ
സഹ നൃപതിസമൂഹൈരുത്ഥിതേ സാമ്പരായേ
ശിവകരജയലക്ഷ്മീസംഗമോത്കണ്ഠിതോ ƒസൗ
വ്യശമയദഥ രാത്രിം വീരപാനോത്സവേന 70

ഇതി ശ്രീ മൂഷികവംശേ
പഞ്ചമസ്സർഗഃ

20 അഥ ക്രമം വിധിവദഹർമ്മുഖോചിതം
സ കർമ്മണാം സപദി വിധായ ശംസിതഃ
ധൃതായുധോ രഥമധിരുഹ്യ സജ്ജിതൈ-
സ്സമം ബലൈസ്സുമുദമഥാന്നരേശ്വരഃ 6 16



നന്ദനന്റെ വനവിഹാരം, ജലകേളി, മധുപാനം മുതലായവയുടെ വർണ്ണനങ്ങളാണ് ഏഴ്, എട്ട്, ഒമ്പത്, പത്ത് എന്നീ സർഗ്ഗങ്ങളിൽ. ജ്യേഷ്ഠനായ വടുവിനെ പിതാവിനെപ്പോലെ കരുതിയ നന്ദനൻ സ്വതേജസ്സുകൊണ്ട് പ്രജകളെ വിനീതരാക്കി. മന്ത്രിമാരിൽ രാജ്യഭാരം സമർപ്പിച്ച് വിഷയോപഭോഗത്തിൽ മുഴുകി.

---

ഉപപ്ലവാദതിമഹതോ നിശാകരം
വിഭാവരീ തിമിരചയാദിവോദ്ധൃതം
അദീപ്സിതം പതിമിവ ഹേഹയാശ്രിതാ
മുദാ ചമൂരഭജത മൂഷികേശ്വരം 19

അഥോല്ലസത്പൃഥുതരസൈന്യകാനനൗ
പ്രവൃദ്ധയാ സപദി രുഷാ പ്രചോദിതൗ
പരസ്പരം പ്രതിഘസമീരണാഹതൗ
ശിലോച്ചയാവിവ നൃപതീ സമീയതുഃ 22

ഹതേ ബലേ മഹതി രഥൈകസാധനഃ
സ മൂഷികം നരപതിരഭ്യവർത്തത
പരിക്ഷയേ ചരമകലാവ്യവസ്ഥിതോ
വിഭാവരീകര ഇവ വത്സകേശ്വരഃ 44

അഥ ക്ഷണാദ്രിപുഗണശോണിതാരുണൈർ
ധരാപതിർ നിശിതമുഖൈശ്ശിലീമുഖൈഃ
സ്വരംഹസാ ജിതപവനാന്നപാതയത്
സ്വവർമ്മണോ രഥതുരഗാൻ സസാരഥീൻ 52

ഇദം ക്ഷമം യുധി വിരതസ്യ ഭൂഭൃതോ-
രിതി സ്വയം തദനുഗുണേ പഥി സ്ഥിതഃ
ഗദാധരഃ സ്വരഥമപാസ്യ വിക്ഷതാ-
ദവാതരദ് ദ്രുതമഥ മൂഷികേശ്വരഃ 53

സമുജ്ജ്വലം വദനമമർഷവഹ്നിനാ
ദധത് പരോ ƒപ്യഥ ഗദയാതിഭീമയാ
അവാതരദ് ദ്രുതമിവ ദീപ്തരശ്മിതോ
മഹോൽകയാ യുഗപരിവൃത്തിഭാസ്വരഃ 54

സ്വതേജസാ സപദി വിദീപിതാന്തരഃ
പ്രഗർജ്ജിതക്ഷുഭിതസമുദ്രദിക്പ്രഭഃ
വമൻ പ്ലുതം ജലദ ഇവാശനിം ഗദാം
സുവർണ്ണിനീ ക്ഷിതിപതിരഭ്യപാതയത് 58

സുന്ദരിമാരോടൊത്ത് വിഹരിക്കുവാനാഗ്രഹിക്കുന്ന അദ്ദേഹത്തിന്റെ പ്രിയം സമ്പാദിക്കുന്നതിനെന്നപോലെ വസന്തകാലം വന്നണഞ്ഞു. സ്ത്രീകളുമൊത്ത് നന്ദനൻ പർവതത്തിന്റെ വനത്തിലേക്കുപോയി. വസന്തകാലം മുഴുവൻ അദ്ദേഹം വനത്തിൽ വിഹരിച്ചു. തുടർന്നുവന്ന വേനൽക്കാലത്ത് സാമന്തരാജാക്കന്മാരും കാമിനിമാരുമൊത്ത്

---

ഗദാഹതിവ്യഥിതതനുസ്സ തത്ക്ഷണം
പതൻ ഭുവി പ്രമുഷിതയാഽസ്യ സംജ്ഞയാ
നരാധിപോ ഹിമഗിരിസിന്ധുസീമയാ
നവശ്രിയാ സമമസുഭിർവ്യയുജ്യത 59

പരാസുതാമുപയതി തത്ര ഭൂപതൗ
വശിശ്രുതിർധരണിഭൃതോഽഥ മൂഷികം
വനസ്ഥലൗ പരിപതതി സ്വസംശ്രയേ
പുനർഗൃഹം പ്രണമിത പത്രവാഹനാഃ 60

സുവർണ്ണൈഃ ക്ഷിതിപതിരഗ്നിസാത്ക്രിയാം
പ്രവേശ്യ സ പ്രഥിതയശാ യഥാവിധി
സ്വവിക്രമശ്രവണനിബദ്ധകൗതുകം
പ്രമോദയൻ ജനമജിഹീത ഹേഹയാൻ 62

മാഹിഷ്മതീമഥ ഗതഃ പ്രചലത്പതാകാം
പാത്രീഭവൻ പുരവധൂനയനോത്സവാനാം
അന്തഃ പ്രമോദമവഹൻ നൃപതിഃ സമേത്യ
ജാതിസ്മരോ ജന ഇവാത്മജന്മഭൂമിം 63

തത്ര പ്രവിശ്യ നൃപമന്ദിരമൂർധചിത്രം (?)
ഏനാം സുതാം ക്ഷിതിപതേരഥ ഭദ്രസേനാം
മാത്രാ സമർപ്പിതമവേക്ഷ്യ സുതം മഹീയാൻ
സമ്യക് ചകാര നൃപതിം ഹൈഹയാധിനാഥം 64

കന്യാമഥൈനാം പരിണീയ കാന്താ-
മധ്യാസ്യ താം ഹൈഹയരാജധാനീം
സംശോധയാമാസ നയാഗമജ്ഞഃ
സ ഭാരതം നാതിചിരേണ വർഷം 65

ക്രമേണ വർഷാണ്യപരാണി ജിത്വാ
ദ്വീപാംശ്ച ശീതദ്യുതിവംശദീപഃ
ഭൂത്വാ സ രാജാ ഭുവി ചക്രവർത്തി
ഭ്രൂക്ഷേപണേയാഃ കകുഭോ ബഭാര 66

പുത്രാവുഭാവസ്യ വടുനന്ദനനാമധേയൗ
ഖ്യാതൗ ഗുണൈസ്തു മഹിഷീ ജനയാംബഭൂവ



അദ്ദേഹം വനത്തിനടുത്തുള്ള നദിയിൽ ക്രീഡിച്ചു. സന്ധ്യകളിൽ അവർ പാനഭൂമികളിൽ മദ്യപിച്ച് ആനന്ദിച്ചു. പ്രഭാതത്തിൽ വന്ദികൾ നന്ദനനെ സ്തോത്രങ്ങൾകൊണ്ട് ഉണർത്തി. ഇങ്ങനെ അദ്ദേഹം നെടുനാൾ രാജ്യം ഭരിച്ച ശേഷം സ്വർഗസ്ത്രീസമാഗമമാഗ്രഹിച്ചുകൊണ്ടെന്നപോലെ ഇഹലോകവാസം ഉപേക്ഷിച്ചു[21].

---

വ്യാതന്വതീ ഹൃദി പദം വിനയോപപന്നാ
നീതിഃ പരാ നരപതേരിവ കോശദണ്ഡൗ 67

പുത്രേ കൃത്വാ ശ്രിയമനുപമാമഗ്രജേ ഹൈഹയാനാം
പൃഥ്വീപാലസ്സ പുനരപരേണാനുജീതോ നന്ദനേന
സ്വസ്ഥീം ഭർതുർദിശിദിശി കരൈഃ കല്പയിത്വാ ക്ഷിതീശാൻ
ഭൂയഃ കോലം ഭുവനതിലകം പ്രാവിശദ്രാജധാനീം 68

കുതുകിരമരഭർത്തുർ വാജിമേധപ്രധാനൈഃ
പ്രമദമുദിതശക്രാവിഷ്ടുവം സന്ദധാനഃ
പ്രിയസുരതിമിരൈകാം വൃദ്ധിഹേതും പ്രജാനാം
സ ചിരമതത ലോകാലോകസീമാം ധരിത്രീം 70

ഭവനമേ സഹോ സുതേ....സ്മിൻ
സുചിരധൃതാം ധുരമാത്മനോ നിധായ
തപ വനമധിഗമ്യ യോഗനിഷ്ഠഃ
ശിവമനപായി പദാന്തരം പ്രപേദേ. 71

ഇതി മൂഷികവംശേ ഷഷ്ഠഃ സർഗഃ

21 അഥ വാസന്തശ്രിയമിവാഹിമദ്യുതിഃ
പരമഃ പുമാനിവ ച പദ്മദേവതാം
സകലാമവാപ ധരണീം സ നന്ദനഃ
പതിരംബുരാശിമിവ നദീം ത്രിമാർഗ്ഗഗാം 7.1

പിതൃനിർവിശേഷവടുനാ സ്വതേജസാ
ജഗതി പ്രജാസ്വിഹ വിനീതവൃത്തിഷു
സചിവേഷു ഭാരമവസജ്യ ഭൂപതിർ-
വിഷയോപഭോഗനിരതോ ബഭൂവ സഃ 2

അഥ രൂപയൗവനവിലാസശാലിഭിഃ
തരുണീഗണൈസ്സഹ വിഹർത്തുമിച്ഛതഃ
പ്രിയമാചരന്നിവ മഹീഭൃതഃ ക്ഷിതൗ
സമയഃ സുരൈകസുഹൃദാജഗാമ സഃ 3

ഇനി ഒരു നീണ്ട വസന്തവർണ്ണനം. അതിനുശേഷം,

അഥ മത്തമാധവതതന്ത്രിതന്മതൈഃ
പ്രമദാജനൈസ്സഹ വിഹർത്തുമായതം

അനുഷ്ടുപ്പ് വൃത്തത്തിലുള്ള പതിനൊന്നാംസർഗ്ഗത്തിന് ഒരു കാവ്യത്തിനോടുള്ളതിലേറെ ഒരു വംശാവലിയോടാണ് അടുപ്പം. ചരിത്രപ്രാധാന്യമുള്ള ഈ സർഗ്ഗത്തിൽ അക്ഷരവിപ്ലവകരം ഒട്ടേറെയുണ്ട്. ഉഗ്രൻ മുതൽ കുഞ്ചിവർമ്മാവ് വരെയുള്ള അമ്പത്തൊന്നു മൂഷിക രാജാക്കന്മാരുടെ ഒരു പട്ടിക ഈ സർഗ്ഗത്തിൽ നിന്നു ലഭിക്കുന്നു.

---

സുരഭിപ്രവേശസമനന്തരം ശിരോഃ
പ്രയയൗ വനം പ്രതി സ രാഹവേശ്വരഃ 26

മദവിഭ്രമസ്ഖലിതപാദനൂപുര—
ക്വണിതാനുവിദ്ധരശനാസ്വനോദ്ഗതാഃ
പടഹാ നൃപസ്യ ചലിതൈഃ കരാംബുജൈഃ
വ്യജനാനി മന്ദമധുരാൻ നതഭ്രുവഃ 27

ധൃതതുര്യനാദമിവ പത്രിണാം ഗണൈഃ
പ്രചലത്പതാകമിവ ബാലപല്ലവൈഃ
അഥ തേ സമുദ്രമിവ ഭൃംഗപംക്തിഭിർ—
വിവിശുർവനം പുരമിവോപവനോത്തരം 36

നിബിഡപ്രസൂനമകരന്ദപൂർണ്ണിതൈഃ
സ്വകരപ്രചേയവിടപൈർമഹീരുഹൈഃ
നിചിതാ നിതാന്തമപരാഗപാലിതാ -
ശ്ചകൃശുർ ദൃശസ്സപദി വാമചക്ഷുഷാം 37

(ഇനി ദീർഘമായ ഒരു വനക്രീഡാവർണ്ണനം)

പ്രതിദിനമിതി ഭൂയഃ പ്രീയമാണാവരോധഃ
സവിധമശിവഹേതും മാനിനീനാം സ്മരസ്യ
ഉപഹിതതരുവല്ലീപ്രാന്തദേശാംഗുണൈഃ സ്വൈഃ
അകൃത വനവിഹാരൈരക്ഷയാർദ്ധം വസന്തം 69

ഇതി മൂഷികവംശേ സപ്തമഃ സർഗ്ഗഃ

അഥ നന്ദശിവപ്രതാപലക്ഷ്മീ—
രനവസ്ഥിതശുക്രവക്രതാം ദധാനഃ
അസുരപതിരിവോദ്യയൗ നിതാന്തം
കലിതഭയപ്രസരോ നിദാഘകാലഃ 8.1

ഇനി ഗ്രീഷ്മവർണ്ണനം. തുടർന്ന്,

അഥ മൃദുതരകോമളാംഗയഷ്ടിം
യുവതിജനം ഉപയത്യശീതരശ്മൗ
പയസി സഹ ജനൈഃ പതിർന്നരാണാം
സുഖശിശിരേ സരിതോ വിഹർത്തുമൈച്ഛൽ 20



നന്ദനന്നു ശേഷം അദ്ദേഹത്തിന്റെ പുത്രനായ ഉഗ്രൻ മൂഷികരാജാവായി. ഭൂമിയിൽ ശത്രുക്കളില്ലാതിരുന്ന അദ്ദേഹം യുദ്ധത്തിലുള്ള ആഗ്രഹം തീർത്തത് ദേവന്മാരുടെ ഭാഗത്തു ചേർന്ന് അസുരന്മാരോട് യുദ്ധം ചെയ്തിട്ടാണ്. അങ്ങനെ സ്വർഗ്ഗത്തിലേയ്ക്ക് പോയ ഉഗ്രൻ അവിടെത്തന്നെ വിശ്രമിച്ച് പുണ്യഫലം അനുഭവിച്ചു. ഉഗ്രന്റെ പുത്രൻ ഉഗ്രധന്വാവ്

---

സപദി സ നൃപതിസ്സുഭ്രുവശാനൈ—
ന്നരപതിഭിരുപേതൈരാത്മപ്രിയാഭിഃ
യുവതിജനയുതോ വനാന്തസിന്ധും
സലിലവിഹാരസമുത്സുകഃ പ്രതസ്ഥേ 21

അഥ പൃഥുതടപദ്മരാഗധാമ—
ച്ഛുരിതജലാം വിതതാം സ താമപശ്യൽ
അവിരതപരിപുഷ്ടഗണ്ഡശൈലാം
മദമലിനാമിവ ശൈലനാഗഭർത്തുഃ 32

അഥ മഥിതവിപക്ഷകുഞ്ജരേന്ദ്ര
കരധൃതപുഷ്കരകാന്തിഭിർവപുർഭിഃ
അവതരതി വിഭൗ കരേണുകാഭിർ—
ദ്വിരദപതാവിവ നിമ്നഗാം ജഗാഹേ. 44

നീണ്ട ജലകേളിവർണ്ണനത്തിനു ശേഷം,

ശ്വസനാനുവിദ്ധവിധുതസൂക്ഷ്മദുകൂലിനാഃ
സ്ഫുടിതാദർശസോദരധുരാഃ കടീതലസാക്ഷിണീഃ
ശ്രാന്താ വിലോക്യ തരുണീർ ജലകേളിരാഗം
സാർദ്ധം നൃപൈർന്നരപതിശ്ശിഥിലീചകാര 60

എട്ടാം സർഗ്ഗത്തിന്റെ അവസാനത്തിൽ ഏതാനും പദ്യങ്ങൾ പൊടിഞ്ഞുപോയിരിക്കുന്നു. എങ്കിലും കഥാഗതി ഊഹിക്കാം. ഒമ്പതാം സർഗ്ഗം സന്ധ്യാവർണ്ണനംകൊണ്ടു തുടങ്ങുന്നു. സന്ധ്യാസമയത്ത് സ്ത്രീകളുടെ ചാപല്യങ്ങൾ, ചന്ദ്രോദയം എന്നിവ തന്നെ വർണ്ണിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ:

പരിപാടലമന്തി വാസരാണാം
വപുരീശസ്യ വിധൂനയാംബഭൂവ
മഥനോദ്ധ്രുതമന്ദരാദ്രിധാതു—
ദ്രവപാതാരുണിതം മുകുന്ദചക്രം 9.8

പ്രചിതാ ഇവ ധാതുഭിർദ്ദരീന്ദ്രാഃ
പരിതഃ പല്ലവിതാ ഇവ ദ്രുമൗഘാഃ
നവവാരിവഹാ ഇവ സ്രവന്ത്യഃ
തതമാസ ഭുവി സന്ധ്യയാ ഗിരേശൈഃ 13

പിന്നീട് രാജാവായി. ഒരിക്കൽ അനാവൃഷ്ടി മൂലം ഖേദിക്കുന്ന ജനങ്ങൾ അദ്ദേഹത്തെ ശരണം പ്രാപിച്ചു. നിഷ്ഫലമായി ആകാശത്തിൽ സഞ്ചരിക്കുന്ന ഒരു മേഘത്തെ അദ്ദേഹം വില്ലുകൊണ്ടടിച്ച് കടലിലിട്ടു. ഭയപ്പെട്ട മേഘങ്ങൾ ഭൂമിയിൽ മഴ പൊഴിക്കുകയും ചെയ്തു. ഉഗ്രധന്വാവ് പുത്രനായ സിംഹസേനന്റെ കൈയിൽ രാജ്യമേല്പിച്ച് സന്ന്യസിച്ച് തപസ്സ് ചെ

ഉദിതാദിവ വല്ലഭസ്യ ഭൂതാ—
ദഥ നിശ്ചിത്യ തദാഗമം ഹിമാംശോഃ
ഉപചക്രമിരേ സ്ത്രിയോ വിധാതും
പ്രതികർമാണി സഖാഗമോചിതാനി 35

സന്ധ്യാന്ധകാരമിവ ഭാമിതരസ്യ മാന—
മുദ്ഭേദയൻ മദനമംഭ ഇവാംബുരാശേഃ
ഭാവാൻ നിശാകരമണീനിവ കാമിനീനാ—
മാർദ്രീചകാര ഹൃദയേകശിശുശശാങ്കഃ 66

ഇതി മൂഷികവംശേ നവമഃ സർഗഃ

കാമിനീകാമുകന്മാരുടെ മദ്യപാനവും മറ്റുമാണ് പത്താം സർഗത്തിൽ. തുടർന്ന് രാജാവിനെ ഉണർത്തുന്ന വന്ദികളുടെ സ്തോത്രങ്ങൾ. ഒടുവിൽ രണ്ടു പദ്യങ്ങളിൽ അദ്ദേഹത്തിന്റെ ദീർഘകാലഭരണവും മരണവും സംക്ഷേപിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ:

സംക്രാന്തസ്ഫുടമൃഗഗന്ധമൂർത്തിഭിന്നം
നിശ്വാസൈഃ കലുഷിതമോഷ്ഠയാവകേന
കാന്തായാഃ പ്രണയിതമിഷ്ടപാത്രം സമന്താൽ
പ്രായസ്യൂതമധു തരുണീ നിപീതശേഷം 10.8

കാന്തേന പ്രകൃത കചഗ്രഹേണ ലജ്ജാ
ശാലീനം രഹസി ശനൈസ്സമുന്നമയ്യ
അസ്യത്യാ മുഖമതിശങ്കിതം കരാഭ്യാം
മുഗ്ധായാ മുഖകമലം സമാചുചുംബേ 22

സരസസുരതിരാഗപ്രസ്ഫുരത്പ്രസ്വലാപേ
വപുഷി മുദിതകാന്തപ്രേക്ഷണീയം ബഭ്രൗ
ശ്രമജലകണജാലസംഗൃഹീതാന്തരാളം
കരജദശനചിഹ്നം ഭൂഷണം കാമിനീനാം 34

സ്വേദോദ്ഭേദസ്നപിതവപുഷാം ജാലമാർഗാഗതൈർണ്ണൈ—
രാകൃഷ്ടാനാം കുസുമസുരഭീബന്ധുഭിർ ഗന്ധവാഹൈഃ
പ്രൗഢായാസപ്രശിഥിലഭുജാശ്ലിഷ്ടകണ്ഠഗ്രഹാണാം
ചക്രേ നിദ്രാ പദമഥ ശനൈഃ കാമിനാമീക്ഷണേഷു 36



യ്യാൻ കാട്ടിലേക്ക് പോയി. സിംഹസേനൻ ഇണങ്ങിയ സിംഹങ്ങളെ തേരിൽപ്പൂട്ടി പരാക്രമം പ്രകടിപ്പിച്ചു. സിംഹസേനന്റെ പുത്രനായിരുന്ന ചന്ദ്രവർമാവ്. ശത്രുക്കളുടെ സഹായികളെ അമർത്താൻ കടലിൽപ്പോയ ചന്ദ്രവർമാവ് ബാഡവാഗ്നിയിൽപ്പെട്ട് മരിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ബൃഹത്സേനൻ പിന്നീട് രാജാവായി. ഈ കാലത്ത് ബൃഹത്സേനന്റെ അനുജനായ ഉഗ്രാശ്വൻ രാജ്യം ഉപേക്ഷിച്ച് തപസ്സ് ചെയ്യാൻ കാട്ടിലേക്ക് പോയി. ആയിടയ്ക്ക് കേരളരാജാവ് കോലരാജ്യം ആക്രമിച്ചു. (17, 18, 19 ശ്ലോകങ്ങളിൽ

ക്ഷീരോദവാരിധിവലേ ശയനേ യഥാ സ്വം
പ്രാബോധയന്നുഷസി വന്ദിഗണാ നരേന്ദ്രം
പർജന്യകാഹളരവോ ബളിതൈർവചോഭി—
രാദ്യം പുമാംസമിവ തുംബുരുനാരദാദ്യാഃ 39

വ്യുഷ്ടിം നിശാ വ്രജതി ദേവ വിമുഞ്ച ശയ്യാം
ഉത്തിഷ്ഠതോ ദിവസകൃത്യസമുദ്യമേന
പത്യുഃ പതത്രിനിവഹൈരരുണഃ പുരസ്താൽ
ഉദ്ഘോഷയന്നിവ തമഃ പദമാദധാതി 40

ഇതി കഥയതി വന്ദിനാം ഗണേ
വ്യതനുത കൃത്യമഹർമുഖോചിതം
പരിസരതി കലേ പതത്രിണാം
തരണിരിവോച്ചലിതോ ധരാപതിഃ 65

പൗരാംഗനൈർനൃപതിഭിർഗമിതം സമന്താ—
ദാസ്ഥാനമണ്ഡപമലങ്കൃത മൂഷികേന്ദ്രഃ
നക്ഷത്രജാലപരിവീതം ഉഡുമണ്ഡലശ്രീ—
രത്യന്തതാം തുഹിനരശ്മിരിവാന്തരീക്ഷം 66

ധർമാർഥകൃത്യമധികം സമയേ വിധായ
ക്രീഡാരസേഷ്വഭിരതസ്സഹ കാമിനീഭിഃ
പുഷ്ണൻ പ്രജാ നിയമിതാസ്സുദൃശം പഥി സോ
ദീർഘം ദധൗ സ നൃപതിസ്സകലാം ധരിത്രീം 67

സമ്പത്തിമന്ദരവിലാസിനി ഗുണം (ഗുണാനാം ?)
ഉദ്ക്ഷേപതി ക്ഷിതിവലയേ ചിരം ഹി രക്തഃ
സംപ്രാപൽ ത്രിദിവമസൗ ശിവോ നരേന്ദ്രഃ
സ്വർഗസ്ത്രീസ്മരരസലാന്തരേപ്സയേവ 68

ഇതി മൂഷികവംശേ ദശമഃ സർഗഃ

കുറെ ഏറെ പൊടിവുണ്ട്. ഇവയുടെ അർത്ഥം വ്യക്തമല്ല). ദീർഘകാലം തപസ്സുചെയ്യുകയായിരുന്ന ഉഗ്രാശ്വൻ വംശനാശം ഭയന്ന് വീണ്ടും വിവാഹം ചെയ്തു. അദ്ദേഹം കേരളന്മാരെ രാജ്യത്തിൽനിന്ന് ഓടിച്ചു. സ്വന്തം പുത്രനായ ചിത്രകേതനനെ രാജാവാക്കി വീണ്ടും വനത്തിൽ തപസ്സിനു പോയി. ചിത്രകേതനൻ നായാട്ടിനിടയ്ക്ക് വിന്ധ്യവനത്തിൽ വെച്ച് സിംഹത്താൽ കൊല്ലപ്പെട്ടു. ചിത്രകേതനന്റെ പുത്രനായ സുതസോമൻ (പിന്നീട് ഈ പേർ ശതസോമൻ എന്ന രൂപത്തിൽ കാണുന്നു) നൂറ് യാഗം ചെയ്തു. പെരിഞ്ചെല്ലൂർ ഗ്രാമത്തിലെ ശിവക്ഷേത്രം പണിയിച്ചത് ഈ സുതസോമനാണ് ('ഗ്രാമേ ചേലൂര നാമനി' എന്നാണ് പ്രസ്താവം). സുതസോമന്റെ പുത്രൻ അശ്വസേനൻ; അശ്വസേനന്റെ പുത്രൻ സിംഹകേതു; സിംഹകേതുവിന്റെ പുത്രൻ വിശപാലൻ. വിശപാലന്റെ പുത്രൻ ശർമദത്തൻ ഒരു വീരശൈവനായിരുന്നു. അദ്ദേഹം ശിവനെ ഒരിക്കൽ നേരിട്ടു കണ്ടു. തനിക്ക് ഇഷ്ടമുള്ളത്ര ആയുസ്സുണ്ടാവണമെന്നഭ്യർത്ഥിച്ചു. ''നിന്റെ വംശത്തിൽ ഇനിയങ്ങോട്ട് ഇരുപത്തൊന്നു തലമുറകളിൽ പിറക്കുന്നവർക്കെല്ലാം അവർക്കിഷ്ടമുള്ളത്ര ആയുസ്സുണ്ടാകും'' എന്ന് ശിവൻ അനുഗ്രഹിച്ചു. ശർമദത്തന്റെ പുത്രൻ രുദ്രവർമാവ്; രുദ്രവർമാവിന്റെ പുത്രൻ വ്യാഘ്രസേനൻ; വ്യാഘ്രസേനന്റെ പുത്രൻ പൃഥുദ്യുമ്നൻ; പൃഥുദ്യുമ്നന്റെ ദായാദൻ വജ്രധാരൻ; വജ്രധാരപുത്രൻ വലാഹകൻ; വലാഹകപുത്രൻ ഭീമവർമാവ് (ഇവിടെ പദ്യാർത്ഥം വ്യക്തമല്ല); ഭീമവർമപുത്രൻ ബൃഹത്സേനൻ; ബൃഹത്സേനപുത്രൻ ദക്ഷൻ (ഇവിടെയും ആശയം വ്യക്തമല്ല; ബൃഹത്സേനനുതന്നെ ദക്ഷനെന്ന് മറ്റൊരു പേരുണ്ടായിരുന്നു എന്നുമാവാം); ദക്ഷപുത്രൻ അതുലൻ; അതുലപുത്രൻ നയവർധനൻ; നയവർധനപുത്രൻ മിത്രസോമൻ; മിത്രസോമപുത്രൻ ഭദ്രൻ; ഭദ്രപുത്രൻ വീരവർമാവ്; വീരവർമപുത്രൻ അമിതക്രതു. അമിതക്രതുവിനു ശേഷം ജഗദശ്വൻ രാജ്യം ഭരിച്ചു. ജഗദശ്വപുത്രൻ സുരദ്യുമ്നൻ; സുരദ്യുമ്നപുത്രൻ അർജ്ജുനവർമാവ്, അർജ്ജുനവർമാവിന്റെ പുത്രൻ ഉഗ്ര



ബാഹു; ഉഗ്രബാഹുവിന്റെ പുത്രൻ ജയാദിത്യൻ; ജയാദിത്യന്റെ ദായാദൻ വ്രതസേനൻ. ശർമദത്തൻ മുതൽ ഇരുപത്തൊന്ന് തലമുറയിൽപ്പെട്ട ഇവർക്കെല്ലാം ശിവനിൽനിന്ന് ഇഷ്ടായുരനുഗ്രഹം ലഭിച്ചിരുന്നു.

ഉജ്ജ്വലാക്ഷൻ, മഹാകീർത്തി, ദേവദ്യുമ്നൻ, ബൃഹദ്ദ്യുതി, ഉഗ്രൻ. മന്ദ, ബൃഹദ്ഗ്രീവൻ എന്നീ രാജകന്മാർ, പിന്നീട് ക്രമേണ രാജ്യം ഭരിച്ചു. ബൃഹദ്ഗ്രീവപുത്രൻ വടുകവർമാവ് പല യാഗങ്ങളും ചെയ്തു; പല യുദ്ധങ്ങളിലും ജയിച്ചു. അദ്ദേഹം സ്ഥാപിച്ച 'വടുകേശ്വരം' എന്ന ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ശിവൻ കൈലാസവാസത്തെപ്പറ്റി ഓർമിക്കാതായി. ഈ ക്ഷേത്രത്തിന്റെ വിമാനം, ശിവശിരസ്സിലെ ചന്ദ്രകലയിൽനിന്നുള്ള അമൃതപ്രവാഹം കൊണ്ടെന്നപോലെ വെളുത്തിരുന്നു. നിറയെ ചിത്രങ്ങളുണ്ടായിരുന്നു ഈ ക്ഷേത്രത്തിന്റെ ഭിത്തികളിൽ. ഇവിടെ മൂന്ന് സന്ധ്യകളിലും വേശ്യാസ്ത്രീകളുടെ ഗാനങ്ങളും ഏർപ്പെടുത്തിയിരുന്നു. ഈ ക്ഷേത്രത്തിലെ നാട്യശാലയിൽ മിഴാവ് മുഴങ്ങിക്കൊണ്ടിരുന്നു. ദിവസേന ഉത്സവബലി വാദ്യഘോഷങ്ങളോടെ ഇവിടെ നടത്തിക്കൊണ്ടിരുന്നു.

വടുകവർമാവിനുശേഷം അഹീരണൻ രാജാവായി. അദ്ദേഹം പൃതനാനദിയുടെ (പ്രഥനാനദി എന്ന് മറ്റു സ്ഥലങ്ങളിൽ) പടിഞ്ഞാറെ തീരത്ത് അഹീരണേശ്വരം എന്ന ശിവക്ഷേത്രം പണിയിച്ചു. (പൃതന പെരുമ്പുഴയും അഹീരണേശ്വരം കാഞ്ഞങ്ങാടിനടുത്തുള്ള രാവണേശ്വരവുമാവാം). അഹീരണപുത്രൻ മഹീരണൻ (ഇവിടേയും പദ്യാർഥം വ്യക്തമല്ല). മഹീരണൻ ആനകളെ പിടിക്കാൻ സഹ്യാദ്രിയിൽ സഞ്ചരിക്കവേ ഒരു ഗുഹയിൽ കയറുകയും അതിനകത്തു കണ്ട അനേകായിരം കന്യകകളെ നാട്ടിലേക്കു കൊണ്ടുവരുകയും ചെയ്തു. രസായനം സേവിച്ച് ജരയും മരണവും അകററി നിർത്തിയ അദ്ദേഹം വളരെക്കാലം അവരോടൊന്നിച്ച് വിഹരിച്ചു. തനിക്കൊരു പുത്രൻ പിറന്നപ്പോൾ അദ്ദേഹം ആ സ്ത്രീകളെയൊന്നിച്ച് വീണ്ടും ഗുഹയിലേക്ക് മടങ്ങിപ്പോയി.

മഹീരണൻെറ പുത്രൻ ആര്യഗുപ്തൻ; ആര്യഗുപ്ത പുത്രൻ അചലൻ. ഏഴിമലയുള്ളടത്ത് 'അചലപുരനം' എന്ന നഗരം ഇദ്ദേഹം സ്ഥാപിച്ചു (കന്നൂർ എന്ന സ്ഥല മായാം ഇതെന്ന് ഊഹിക്കുന്നു). അചലൻെറ പുത്രൻ അശോകസേനൻ. അശോകസേനനെ അധികാരഭ്രഷ്ടനാക്കി അദ്ദേഹത്തിൻെറ അനുജൻ വിക്രമസേനൻ രാജാവായി. വിക്രമസേനൻെറ പുത്രൻ വിനയവർമ; വിനയവർമയുടെ പുത്രൻ രാജവർമ. രാജവർമ ആകാശം മുട്ടുന്ന പ്രാസാദ ങ്ങളുള്ള ഒരു ജൈനവിഹാരം നിർമിച്ചു.

അധികാരഭ്രഷ്ടനായിരുന്ന അശോകസേനൻെറ പുത്ര നായ ജയമാനി പാണ്ഡ്യരാജാവിൻെറ സൈന്യങ്ങളുടെ സഹായത്തോടെ രാജവർമയെ തോല്പിച്ച് രാജ്യം വീണ്ടെ ടുത്തു (രാജവർമാവ് ജൈനനായത് ഇതിന്ന് കാരണമാ യിരിക്കാം). ജയമാനിയുടെ പുത്രൻ രണമാനി; രണ മാനിയുടെ പുത്രൻ ഉദയവർമാവ്. ഉദയവർമാവിന്ന് പതിനായിരം ബ്രാഹ്മണർ അതിഥികളായി ഉണ്ടായി രുന്നു. ഉദയവർമാവിൻെറ പുത്രൻ ഉദയാദിത്യൻ; ഉദയാ ദിത്യപുത്രൻ വിരോചനൻ. അസംഖ്യം ജീവാപായം നേരിട്ട യുദ്ധത്തിൽ പല്ലവനെ കൊന്ന് വിരോചനൻ പല്ലവപുത്രിയായ ഹരിണിയെ അപഹരിച്ചു. വിരോച നപുത്രൻ വിരോചനൻ; തൽപുത്രൻ കാലസേനൻ; തൽ പുത്രൻ വ്യാളസേനൻ. പിന്നീട് ഈ വംശത്തിൽ ശത്രു തപൻ, ബൃഹദ്ബാഹു, പൃഥുകീർത്തി, അമിത്രജിത്ത്, ദിവ്യാനീകൻ എന്നീ രാജാക്കന്മാർ പിറന്നു. ദിവ്യാനീ കൻെറ പുത്രന്മാരായ ശശിദത്തനും ജനവ്രതനും രാജ്യ ത്തിനു വേണ്ടി പരസ്പരം പൊരുതു മരിച്ചു. ശശിധവം ശജയായിരുന്ന ശശിദത്തപത്നി അക്കാലത്ത് ഗർഭിണി യായിരുന്നു. അവൾ വജ്രസാരൻ എന്ന പുത്രനെ പ്രസ വിച്ചു. (ഇവിടെയും പദ്യാർദ്ധം വ്യക്തമല്ല). വജ്രസാ രൻെറ പുത്രൻ ശൂരൻ; ശൂരപുത്രൻ വിശാലൻ; വിശാല ൻെറ പുത്രൻ മഹസ്വാൻ; മഹസ്വാൻെറ പുത്രൻ അജി തൻ; അജിതപുത്രൻ പുഷ്കലൻ; പുഷ്കലപുത്രൻ ബഹുകീർത്തി; ബഹുകീർത്തിപുത്രൻ സുകേതു; സുകേ



തുപുത്രൻ വികടൻ. സുധന്വാവ്, സത്യവ്രതൻ, ചിത്ര കേതു, ഉദാരകീർത്തി, സമർദ്ധന, ഉത്തമകലൻ, സകലൻ, അദ്രികേതു, കാമപ്രദൻ, നയധനൻ. കവികർക്കശൻ, പർജന്യൻ. പരമയശസ്സ്, നിപാതവർമ്മാവ്, തീവ്രപ്ര ശപൻ, സുമതി, അമിത്രഹാ, വിചണ്ഡൻ, അശോഷാ ഭ്യൻ, സമരസഹൻ, മഹോദയൻ എന്നീ രാജാക്കന്മാരും ഈ കുലത്തിൽ ജനിച്ചു. (ഇവിടെ ഒരു പദ്യപാദം പൊ ടിഞ്ഞുപോയിരിക്കുന്നു).

മഹോദയപുത്രൻ ശിവചരിതൻ; ശിവചരിത പുത്രൻ ഈശാനൻ. ഈശാനൻെറ പുത്രനായിരുന്നു കഞ്ചിവർ മാവ്[22]

---

22 അഥ തസ്യ ഭുജാദ്രാജ്യ.
ശ്രിയോ ജഗ്രാഹ തൽസുതഃ
ശേഷോ മഹാവരാഹസ്യ
പോത്രാദിവ ഭുവസ്ഥലം 11.1

അന്തഃകോപാരസ ശത്രൂണാ–
മന്തരണദോഹളഃ
സമരസാഹ്യവിധൗ (?) ദൈത്യ
രണകണ്ഡൂമജീഹരൽ 5

അന്യൈസ്സു ഹതപാ ദേവാനാം
പൂർവദേവാനഗോചരാൻ
അധരീകൃതഗീർവാണ–
ശ്ചക്രേ മർത്ത്യാന്തരം ജഗൽ 6

തയൈവ യാത്രയാ സ്വർഗേ
വിശ്രാന്തസ്സ മഹീപതിഃ
ചിരാർജിതാനാം പുണ്യാനാ–
മക്ഷയ്യ ഫലമാനശേ 7

പുത്രസ്തസ്യാഗ്രധനേപതി
ക്ഷത്രലോകശിഖാമണിഃ
മിത്രശ്ചന്ദ്രോ (?) ബലോദ്രേക–
ക്ഷത്രചിഹ്നാമിമാംകനാ

ഏനാഹിൽ തം പ്രജാസ്സർവാ
ദൃഷ്ട്വാത്യുഗ്രമവ (ഗ്രഹം)
ധരണ്യാഃ പതിമാപന്നാ–
ശ്ശരണ്യം ശരണം യയുഃ [illegible]

കരിവർമാവിന്ന് ഒരു പുത്രിയും ഈശാനവർമാവ് എന്ന ഒരു പുത്രനുമുണ്ടായി. പുത്രിയെ കേരളരാജാവ് വിവാഹം ചെയ്തു. ഈശാനവർമാവിന്ന് വിവാഹപ്രായമായപ്പോൾ മന്ത്രി അദ്ദേഹത്തോടു പറഞ്ഞു: ''ഈ രാജ്യ

ചിക്ഷേപ കോപാദനയ
മേഘാനോ (മേഘം മോഘം) പ്രസർപ്പിണം
ചാപലബ്ധ്യാ നിഹത്യാസൌ
പാരാവാരസ്യ വാരിണി 10

ഭയാദഥ പയോദാര—
ഭരിതശ്യാമളോദരാഃ
പയസാ പൂരയാമാസുഃ
പൃഥിവീം പൃഥവോ ഘനാഃ 11

നിരംഹാ: സിംഹസേനസ്യ
ഹന്ത്യേ ന്യസ്യ ജിതദ്വിഷഃ
പുത്രസ്യ ധാത്രീം സന്ന്യസ്യ
തപസ്യായൈ വനം യയൌ 12

സിംഹസേനസ്തതസ്സിംഹൈർ
വിനീതൈരശ്വകർമണി
....ർഥം ബന്ധായ
ചക്രേ വിക്രമാദ് ബലം 13

അടുത്ത ശ്ലോകം ഏറെയും പൊടിഞ്ഞു പോയിരിക്കുന്നു. ഉത്തരാർധം:

പുത്രേണ തസ്യ വൃത്രാരി....ചന്ദ്രവർമണാ. 14

അടുത്ത പദ്യത്തിൽ പൊടിപ്പ്. പിന്നത്തെ പദ്യത്തിന്റെ ഉത്തരാർധം:

അനബന്ധന്ന് പയോധൌ സ ജഗൃഹേ ബന്ധുരാഗിണാ. 16

അടുത്ത രണ്ടു ശ്ലോകങ്ങളും മിക്കവാറും പൊടിഞ്ഞിരിക്കുന്നു. തസ്യാനുജോ നിജം രാജ്യമുഗ്രാശ്വസ്സുദനന്തരം

....ജസ്യാത്യജേര(?) കൃത്വാ ബൃഹത്സേനോ വനം യയൌ 19

നിപാത്യ സ രണേ ശത്രൂൻ
ക്ഷമാപാത്യയശാലിദ്രുമഃ
സ ഭുജേന ഹൃതാം ദീർഘം
ബുഭുജേ സകലാം ഭുവം 20

അടുത്ത പദ്യത്തിന്റെ അർഥം മനസ്സിലാക്കാൻ പ്രയാസം. അതിങ്ങനെ കാണുന്നു:



ണ്ട്, ഒരു മലയിലിന്ന പറഞ്ഞെത്താവുന്നത്ര അടുത്ത്, ചേദിവംശത്തിൽപ്പെട്ട ഒരു രാജാവ് ശത്രുക്കളെ ഭയന്ന് സ്വരാജ്യം വിട്ടു വന്ന് ബ്രാഹ്മണവേഷം ധരിച്ച് പാർക്കുന്നുണ്ട്. അദ്ദേഹത്തിന്നു നന്ദിനിയെന്ന യുവതിയായ

തദ്വംശ്യേഷു തദന്തേ ച
വ്യതീതേഷു സഹസ്രശഃ
ആക്രാന്തൈഃ കോളൈഃ കോലം
കുലം തദപി ഗൃത്യനാ 21

അഥോഗ്രാശ്വേതിരം കാല—
മഥിത്യ തപസി സ്ഥിതഃ
വംശോച്ഛിത്തിഭയാദ് ഭൂയഃ
കളത്രം സമപദ്യത 22

നിരസ്യ കേരളാൻ രാജ്യാത്
പുത്രം സ്വം ചിത്രകേതനം
പ്രാവിശൽ ക്ഷത്രശാർദ്ദല—
മഭിഷിച്യ പുനർവനം 23

അടവ്യാം സ മൃഗവ്യാർഥീ
വിന്ധ്യസ്യാവന്ധ്യപൌരുഷഃ
പരിക്രമൻ കദാചിത് സിംഹാൽ
പ്രാപ വ്യാപത്തിമുത്തമാം 24

ശനൈഃ ക്രമനാം കർവാണഃ
ശങ്കാം ഗുർവീം ശതക്രതോഃ
അതിപ്രാപ്പ(?) ദ്യുതന്ദസ്യ
സ്യൂതസോമസ്തതോ ഭവൻ 25

സ പ്രതിഷ്ഠാപയാമാസ
ഗ്രാമേ ഷേലത്സാതന്നി
കൈലാസാദ്രിപ്രതിച്ഛന്ദ—
മന്ദിരേ ചന്ദ്രശേഖരം 26

ഊർമിതൈരാഹിതം യജ്ഞൈ—
ർച്ചുതൈശ്ച സ പുരന്ദരഃ
പുണ്യം ലോക്ഷ്യുദത്യാനാം(?)
സായുജ്യം ഗുരുമഗാഹത 27

തസ്യൂനരശ്വസേനാഖ്യ—
സ്സൂനുഖ്യപ്രപ്സൻ വിപശ്ചിതഃ(?)
സിംഹകേതൌ സുതേ കൃത്വാ
രാജ്യം പ്രാജ്യമഗാദ് വനം 28

ഒരു പുത്രിയുണ്ട്. സുലക്ഷണയായ അവൾ അങ്ങയുടെ പത്നിയാവാൻ അർഹയാണ്''. ഈശാനവർമാവ് മന്ത്രിമുഖേന അവളെ തനിക്കു തരണമെന്നാവശ്യപ്പെട്ടു; ചേദിരാജാവ് അതിന്നു സമ്മതിക്കുകയുംചെയ്തു. വിവാഹ

---

സൽപുത്രലാഭസംപ്രീത–
സ്സ്വപുത്രോ വിദധദ് ഗുരൗ(?)
വിശ്വപാല ഇതി ഖ്യാതോ
വിശ്വമേതദപാലയൽ

ബാല്യാൽ പ്രഭൃതി പുത്രോഽസ്യ
ശർമദത്തോ മഹാമതിഃ
തപസ്സമാധിനാ ദേവം
വീരമാനർച ധൂർജടിം 32

സ കദാചിജ്ജടാബന്ധം
മുഗ്ധശീതാംശുശേഖരം
സാക്ഷാച്ചക്രേ വിരൂപാക്ഷം
പ്രസാദസ്മേരലോചനം 33

പ്രണിപത്യാശു ഭക്ത്യാ സ
ചോദിതോ വൃഷകേതുനാ
ഇഷ്ടമായുർ മമ സ്യാദി–
ത്യയാചത പരം വരം 34

ശങ്കരസ്തു ഭവദ്വംശ്യാ–
സ്ത്വൽ പ്രഭൃത്യേകവിംശതിഃ
ഇഷ്ടായുഷോ ഭവിഷ്യന്തീ–
ത്യതിപ്രീത്യാ വരം ദദൗ 35

ചിരം ഭുക്താം ശ്രിയം ന്യസ്യ
സ്വപുത്രേ രുദ്രവർമണി
ആപ ത്രൈലോക്യനാഥസ്യ
സാലോക്യം വൃഷലക്ഷ്മണഃ 36

രുദ്രവർമ്മതനൂജോഽഥ
ഭദ്രേചേതാ നൃപോ ദധൗ
വ്യാഘ്രസേന ഇതി ഖ്യാതോ
ദീർഘമേനാം വസുന്ധരാം 37

തതോ നാമ്നാ പൃഥുദ്യുമ്ന–
സ്തസ്യ പുത്രോ ധരാപതേഃ
ബഭാര മൗഷികീം രാജ–
ലക്ഷ്മീം ലക്ഷ്മണസന്നിഭഃ 38



ത്തിന്നു ശേഷം തന്റെ സാമന്തന്മാരുടെ സൈന്യം അയച്ച് ഹേഹയരാജാവ് (മൂഷികരാജാവായ ഈശാനവർമാവ്) ചേദിരാജാവിനെ വീണ്ടും അദ്ദേഹത്തിന്റെ രാജ്യത്തിൽ വാഴിച്ചു. ഈ ഘട്ടത്തിൽ മൂഷികരാജ്യം കീഴടക്കുന്നതിന്ന്

---

പൃഥുദ്യുമ്നസ്യ ദായാദോ
ദായാദോഷഹരോ നൃണാം
ധാത്രീമേകാതപത്രേണ
വജ്രധാരശ്ചിരം ദധൗ 39

തനയോഽമുഷ്യ വിഖ്യാത–
വിനയോഽഥ വലാഹകഃ
സ്വനയോപാത്തയോഃ പാത്ര–
മനയോഃ ശ്രീഭുവോരഭൂൽ 40

തതഃ ക്ഷിതീശ്വരോദ്വാഹ–
ധീരബാഹുരഗാഹത(?)
പന്ഥാന...........
ഭീമവർമ്മാ ക്ഷമാഭൃതാം 41

മനോജോപഘ്നവധ്വംസീ
തനയോ ഭീമവർമണഃ
ജഗത്സേനാഭയം(?) ശത്രോർ
ബൃഹത്സേനോഽപ്യജായത 42

ബൃഹത്സേനഃ സുവിഖ്യാത–
സ്തനുഗ്രുപ്പരാക്രമഃ (?)
പാർഥിവീം ബിഭരാമാസ
ദക്ഷ ഇത്യക്ഷതാം ശ്രിയം 43

തതോ നിശ്ശേഷദിക്ചക്ര–
ഗീയമാനഗുണോന്നതിഃ
അതുലഃ പൃഥുലോരസ്കോ
ദക്ഷസൂനുരജായത 44

അഥാശേഷജഗദ്ഭാഗ
പ്രതീതബലപൗരുഷം
അതുലോ ജനയാമാസ
തനയം നയവർധനം 45

കീർത്തില.... ഥ തത്സൂനുഃ
കാർത്തികേയപരാക്രമഃ
മിത്രസോമോ ജിതാമിത്രഃ
പ്രജാപതിരജായത 46

കേരളരാജാവ് ചതുരംഗസൈന്യത്തോടൊപ്പം സ്വന്തം നാട്ടിൽനിന്നു പുറപ്പെട്ടിരിക്കുന്നുവെന്ന് ഈശാനവർമാവ് കേട്ടു. ഉടനെ ഇന്ദ്രവംശത്തിൽപ്പിറന്ന അദ്ദേഹം, യുദ്ധത്തിന്നുള്ള പ്രയാണം സൂചിപ്പിക്കുന്ന പെരുമ്പറ സ്വർണ്ണ

---

തതശ്ച പ്രമദാനേത്ര–
ഷട്പദാംഭോരുഹാനനഃ
മിത്രസോമസ്യ സോമശ്രീർ
ഭദ്രോ നാമ സുതോഽഭവൽ 47

അബ്ധിസീമ്നോ ഭുവഃ പത്യു–
രപത്യം തസ്യ ഭൂപതേഃ
വീരവർമ്മാഽഭവദ്വൈരി
വീരവർമ്മവിഭേദനഃ 48

അഥാശേഷനൃപോത്തംസ–
ലാളിതാംഘ്രിസരോരുഹഃ
ശതക്രതുസമസ്യാസ്യ
പുത്രോഽഭൂദമിതക്രതുഃ 49

തതോ രണമുഖാകൃഷ്ട–
ചാപജ്യാഘാതബന്ധുനാ
ബഭാര ബാഹുദണ്ഡേന
ജഗദശോ ജഗദ്ധുരം 50

ലേഭേ ലോകാദിഭിർ ദോഷൈ–
രസ്പൃഷ്ട........മുദ്ഭവം
ജഗദശാൽ സുരദ്യുമ്നഃ
പ്രദ്യുമ്ന ഇവ കേശവാൽ 51

തതശ്ചാർജ്ജുനവർമ്മാണം
സുരദ്യുമ്നോ മഹീപതിഃ
തനയം ജനയാമാസ
ജയന്തമിവ വൃത്രഹാ 52

വിസ്താരിതജനാബാധാൽ
തസ്മാദർജ്ജുനവർമ്മണഃ
ഉഗ്രബാഹുരുദഗ്രാസി–
വ്യഗ്രബാഹുരജായത 53

ഉഗ്രബാഹോരഥാമുഷ്മാൽ
സമഗ്രബലപൗരുഷഃ
ജഗൽപ്രിയോ ജയാദിത്യ
ഇത്യജായത ഭൂപതിഃ 54



ക്കോലുകൾകൊണ്ട് അടിപ്പിച്ചു. മൂഷികസൈന്യങ്ങൾ ശത്രുക്കളെ എതിർക്കാൻ തയ്യാറായി. നല്ല മുഹൂർത്തത്തിൽ മൂഷികൻ യുദ്ധത്തിന്നു സ്വന്തം നഗരത്തിൽനിന്ന് ആനപ്പുറത്തു കയറി പുറപ്പെട്ടു. വഴിയിൽ അദ്ദേഹത്തിന്ന്

---

ജയാദിത്യസ്യ ദായാദോ
നവാദിത്യപരാക്രമഃ
രിപുസേനാടവീവഹ്നിർ–
വ്രതസേനോ വ്യജായത 55

അടുത്ത പദ്യത്തിലെ ആദ്യത്തെ പകുതി പൊടിഞ്ഞുപോയിരിക്കുന്നു.

വത്സരാണാം സഹസ്ര....വാ
ഇഷ്ടമായുരമീ സർവേ
ശബ്ദത്താനാലയേ(?) യയുഃ
ഉൽപലാക്ഷോ മഹാകീർത്തിർ–
ദേവദ്യുമ്നോ ബൃഹദ്ദ്യുതിഃ
ഉഗ്രോ മനു(ർ) ബൃഹദ്ഗ്രീവ
ഇത്യഭൂവൻ നൃപാഃ ക്രമാൽ 57

തതസ്സമസ്തഭൂപാല–
മൗലിലാളിതശാസനഃ
രാജാ വടുകവർമ്മേതി
ബൃഹദ് ഗ്രീവസുതോഽഭവൽ 58

യൂപൈർ വ്യാഖ്യാപയാമാസ
നിഖാതൈരഭിതോ മഖാൻ
കീർത്തിസ്തംഭൈര്യശോമൂർത്തി–
രാഹവാൻ രാഘവോന്നതിഃ 59

സ ചകാര ശുഭാകാരോ
ഭക്ത്യാ മുക്ത്യാഗമാർത്ഥയാ
ആലശുദ്ധി....പ(?)
ശാശ്വതം വടുകേശ്വരം 61

പ്രതിഷ്ഠാം പ്രാപിതോ യത്ര
പരിവേഷേന മഹീഭൃതാ
കൈലാസവാസം നാദ്യാപി
സ്മരതി സ്മരശാസനഃ 62

കോടിവാദിക(?)ശീതാംശു–
ക്ഷരിതൈരമൃതൈരിവ
ശ്വേതിമാനം വിമാനസ്യ
യത്ര പശ്യന്തി മാനവാഃ 63

ഭക്ഷണം, ഉറക്കം എന്നിവയിൽ പോലും വലിയ താൽപര്യമുണ്ടായില്ല. ആനകളെക്കൊണ്ടു പാലം തീർത്ത് പുഴകളും കടന്ന് അദ്ദേഹം അതാതു സ്ഥലങ്ങളും പിന്നിട്ടു. അങ്ങനെ പരുഷ്ണീ (പറശ്ശിനി?) നദിയുടെ തീരത്തെത്തി. ആ പുഴ

---

അജ്ഞാനകുതുകോത്തംസൈ—
രനിമേഷനിരീക്ഷണൈഃ
യത്ര പരിജനൈർവൃതസ്സുഭ്രൂർ
ദ്ദേവൈഃ സേവാഗതൈരിവ 64

പുണ്യപുരൈരിവാഗണ്യൈഃ
പുംസാം സംഘടിതമൂർത്തയഃ
ത്രിസന്ധ്യമുപഗായന്തി
യത്രേശം വേശയോഷിതഃ 65

നാട്യംശാലാ നഗഗ്രാമാ(?)
യത്രോച്ചൈർമുരജാരവൈഃ
ഗർജ്ജകൈരിവ മേഘാളീ
ഭോലല.... . .ശതഹ്രദാ(?) 66

ബലിഭുത്യസ്വനൈര്യത്ര
വഞ്ചിതാഃ പ്രതിവാസരം
അഭിനന്ദന്തി നോദ്യാന—
ശിഖിനോ ഘനഗർജ്ജിതം 67

ലീലാപദ്മാവിശേഷേണ
ലോകം ഹസ്തേന ലാളയൻ
ആസീദഹീരണോ നാമ
ഭൂപതിസ്തദനന്തരം 68

പൃതനാസരിതസ്തീരേ
പശ്ചിമേ പൃഥിവീപതിഃ
അഹീരണേശ്വരം നാമ
ധാമ ചക്രേ സ ശൂലിനഃ 69

അഹീരണസുതോ രാജാ
മഹീരണഭയാഹ്വയഃ(?)
അപാലയദപാകൃത്യ
കൃപാലയമനാ നൃപഃ 70

സന്ധായ ഗജബന്ധായ
മതിം മതിധനോ നൃപഃ
ബഭ്രാമ ജാതു സഹ്യാദ്രി—
മധിരുഹ്യാടവീഷു സഃ 72



കടന്ന് പാളയമടിച്ചു. അവിടെയെത്തിയ രഘുവംശ്യനായ കേരളരാജാവിൻെറ സൈന്യവുമായി പിറേറന്ന് മൂഷികസൈന്യം ഇടഞ്ഞു. അമ്പുകളും വാളുകളുമായിരുന്ന ഈ യുദ്ധത്തിലെ ആയുധങ്ങൾ. സ്വന്തം സൈന്യം മൂഷി

---

തത്ര ച കദാചിദാകൃഷ്ടഃ
കന്യാനാമാനനേന്ദുഭിഃ
പ്രവേശം മദനസ്യാന്തർ(?)
വിവേശ വിപുലം ബിലം 73

ബിലകന്യാസഹസ്രേണ
വിഹൃത്യാഹാനി കാനിചിൽ
തതോ നിന്യേ സ താ രാജ്യ—
മുപയുജ്യ രസായനം 74

രസായനപ്രധാനസ്തു-
ജരാമരണവിസ്പൃഹാഃ
യോഷാഃ സഹസ്രശോഽനിന്ദ്യ—
വേഷാഭിർ(?) വ്യഹരച്ചിരം 75

ഇഷ്ടമാത്രാണി വർഷാണി
ഭുക്ത്വാ ലക്ഷ്മീം ഭുജാർജിതാം
സഹ താഭിസ്സുതേ ജാതേ
സ ഭൂയോ ബിലമാവിശൽ 77

ആര്യഗുപ്തസ്യ തൽസൂനോർ—
വീര്യഗുപ്തമഹീതലഃ
അചലോ നാമ പുത്രോഽഭൂദ്
രാജാ രാജീവലോചനഃ 78

സ്വസാരമഹിതാക്രാന്ത—
കുബേരപുരവൈഭവം
ഏലിശൈലസനീഡേ യ—
ശ്ചകാരാചലപത്തനം 79

ജജ്ഞേ യജ്ഞേന ഗീർവാണാൻ
പ്രീണയൻ പൃഥിവീപതിഃ
അശ്വസേനാഹ്വയസ്സൂനു—
രചലസ്യാചലോന്നതേഃ 80

അശ്വസേനം തതോ രാജ്യാ—
ദവരുധ്യ വിശാം പതിഃ
ആസീദ് വിക്രമസേനാഖ്യഃ
കനീയാനസ്യ ഭൂപതിഃ 81

കണ്ടെ ശരവർഷത്തേററ് സംഭ്രമിക്കുന്നതു കണ്ട് കേരളരാജാവായ ജയരാഗൻ യുദ്ധത്തിന്നണഞ്ഞു. മൂഷികരാജാവും കേരളരാജാവും ദ്വന്ദ്വയുദ്ധത്തിന്നു തയ്യാറായി. ഈ സമയത്ത് കേരളരാജാവിന്റെ പുത്രനും മൂഷികരാജാവിന്റെ

---

പുത്രോ വിക്രമസേനസ്യ
ചക്രപാണിസമോ ഭുവി
പ്രോക്തോ വിനയവർമ്മേതി
ധർമ്മേണ ധരണീമിമാം 82

തതശ്ചാസ്ത്രാകുല പര--
പര്യന്തധരണീപതിഃ
രാജധർമ്മാ നൃപോ ജജ്ഞേ
രാജാ വിനയവർമ്മണഃ

ചിത്രൈർവിഹാരൈശ്ചൈത്യ
പ്രാസാദൈരുപശോഭിതം
വിഹാ....(വിഹാരം)നാമാങ്ക—
മേകം നഗരമുത്തമം 34

പുത്രസ്തതോ ശ്രാദ്ധസേനസ്യ
ധർമ്മാത്മാ പണ്ഡിതഃ
പ്രത്യാസീദൽ സാകം രാജ്യം
ജയമാനീ ജഗൽപതിഃ 85

ജനമാനിതരോ രാജ--
ഗണഗീതപരാക്രമഃ
രണമാനീ തതോ ജജ്ഞേ
തനയോ ജയമാനിനഃ 86

തസ്മാദുദയവർമ്മേതി
വിസ്താപിതജനോ ഗുണൈഃ
അജായത പതിർ ഭൂമേർ--
വിജ്ഞാതമഹാതിഥിഃ 78

ശ്രീപാലാത്തതഃ ശ്രീമാൻ
കാമപാലപരാക്രമഃ
ഉദയാദിത്യ ഇത്യാസീൽ
തസ്മാദുദയവർമ്മണഃ 88

വിരോചനാത്തു ശ്രീമാ
വിരോചന ഇവാപരഃ
വിരോചനഃ ക്ഷിതേരാസീ--
ത്തതോ ധാതാ വിരോചനഃ 89



ഭാഗിനേയനമായ ഗോദൻ അവരുടെ ഇടയ്ക്കുവന്നുനിന്നു. സൂര്യൻ അസ്തമിച്ചു. രണ്ടു രാജാക്കന്മാരും യുദ്ധം നിർത്തി സ്വന്തം കൈനിലകളിലേയ്ക്കു മടങ്ങി. പിറേറന്ന് അവർ ദ്വേഷം വെടിഞ്ഞ് സ്നേഹപൂർവ്വം സമ്മേളിച്ചു. സ്യാല

---

നിഹത്യ പല്ലവം സംഖ്യേ
മഹത്യസ്മരരോ നൃണാം
ജഹാര ഹരിണീം സോഽസ്യ
കന്യാമന്യാമിവ ശ്രിയം 90

വിരോചനസ്യ പുത്രോഽഭൂദ്
വിരോചനസമാഹ്വയഃ
കാലസേനസ്തതസ്തസ്മാദ്
വ്യാളസേനോഽപ്യജായത 92

ശത്രുംതപോ ബൃഹദ്ബാഹുഃ
പൃഥുകീർത്തിരമിത്രജിത്
ദിപാനീകശ്ച തസ്മാസൻ
കുലേ ഭൂപതയഃ ക്രമാൽ 93

ദിപാനീകസ്യ പുത്രോ ധാത
ശശിദത്തേതനന്ദത
രാജ്യഹേതോരുഭൗ സംയ--
ത്യന്യോന്യം തു നിജഘ്നതുഃ 94

അന്തർവത്നീ തദാ പത്നീ
ശശിദത്തസ്യ മാഗധീ
പ്രസൂയ പുത്രം സേനാ........
സാന്നായ്യമകരോദ് ഭുവഃ (?) 95

സ വജ്രസാരസ്സഹ പൈതൃകേണ
രാജ്യേന ജാതം ധൃതവാൻ ശൂരം
ശൂരസ്യ വിഖ്യാതഗുണോ വിശാലഃ
തതോ മഹാസ്വാനമിതസ്തതോഽഭൂത് 96

തസ്യാഥ രാജ്ഞസ്തപനോഗ്രധാമാ
പുത്രോഽഭവൽ പുഷ്കരനാമധേയഃ
ബഭൂവ ചാസ്മാദ് ബൃഹൽകീർത്തിനാമാ
തതസ്സുകേതുർ വികടസ്തതോഽഭൂൽ 97

...............സുധന്വാ
സത്യവ്രതശ്ചത്രുരകേതുരുദാരകീർത്തിഃ
സ്വർഭാനതത്ത്വമകലഃ സകലോഽദ്രികേതുഃ
കാമപ്രദോ നയധനഃ കവികർമ്മശശ്ച 98

നായ കോപരാജാവിന്ന് പല സമ്മാനങ്ങളും നൽകി, അദ്ദേഹത്തിന്റെ സൽക്കാരം സ്വീകരിച്ച് ഏതാനം രാത്രികളം പാർത്തശേഷം കേരളരാജാവ് സ്വന്തം നാട്ടിലേക്കു തിരിച്ചുപോയി[23].

---

പർജ്ജന്യഃ പാപയശാ നിപാതവർത്മാ
തീവ്രാംശുസ്ത്വതിരമിത്രഹാ വിചണ്ഡഃ
അക്ഷയ്യസ്സമരസഹോ മഹോദയശ്ചേ-
ത്യേതസ്മിൻ ക്ഷിതിപതയഃ കുലേ ബഭൂവുഃ. 99

ശിവചരിതസമാഖ്യസ്തത്സുതഃ പുത്രമാപത്
സകലഗുണസമാജസ്ഥാനമീശാനസംജ്ഞം
അവദധിലലോകോദ്ഭ്രുതിരേതോരുഷ്മാൻ
നരപതികുലകേതുഃ കഞ്ചിവർമ്മാ നരേന്ദ്രഃ 100

ഇതി മൂഷികവംശേ ഏകാദശഃ സർഗഃ

23 അഥ പുരുഷവീര്യാവർജ്ജിതാശേഷശത്രു-
ക്ഷിതിപമണിമയൂഖാലങ്കൃതാംഘ്രിപങ്കജന്മാ
ശശിധവളനിജേനാഭ്യുപൈകാതപത്രം
ജഗതി ബുധജനാനാമഞ്ചിതഃ കഞ്ചിവർമ്മാ. 12.1

അവദലകീർത്ത്യാത്മജാ തസ്യ കാചിൽ
തദനു ച കുലദീപസ്സൂനുരീശാനവർമ്മാ
ദധദിവ വിജിഗീഷുർ വിക്രമം നീതിയുക്തം
ധരണിപതിരുദാര്യാദുച്ചകൈരാബഭാസേ. 5

മഹതി ഗൃഹിതരം താമീശപരോ കേരളാനാം
പ്രഥിതയശസി കൃത്വാ രാജലക്ഷ്മീം തനൂജേ
അപഗതഗുരുഭാരഃ പുണ്യസംഭാരമുച്ചൈ-
രവിശദുപദധാനഃ സ്ഥാനമാഖണ്ഡലീയം 6

പരിണയവിധിയോഗ്യേ പ്രാപ്തവിദ്യം കദാചിദ്
വയസി കൃതപദം തം വല്ലഭേ മന്ത്രമസ്യ
തദനുഗുണകളത്രാന്വേഷണവ്യഗ്രചേതാഃ
വച ഇതി വരമന്ത്രീ മന്ത്രവിദ് വ്യാജഹാര 8

"അധിവസതി മയൂരോൽപാതമത്ര്യാ രാഷ്ട്രേ
ഭൃശതരമധിരാജേനാന്വിതസ്സദ്ഭവേന(?)
അവിരഹിതകുടുംബോ വിപ്രവേഷാവലംബീ
സഹ ഹി പുരിവരഥശ്ചേദിവംശ്യോ നരേന്ദ്രഃ 9

തനയപ്രേണരൂപാ നന്ദിനീത്യസ്തി കാചിൽ
വയസി ശിഥിലബാല്യേ വർത്തമാനാസ്യ കന്യാ
ചിരപരിചയശീലപ്രേമബന്ധാത് സ്വലേഖാ
സ്വയമിവ വിപ്രഹസ്താഗതാ രാജ്യലക്ഷ്മീഃ 10



ചേദിരാജപുത്രിയായ നന്ദിനി എന്ന രാജ്ഞിയിൽ സന്താനലാഭമുണ്ടാകായ്കയാൽ ഈശാനവർമ്മാവ് ചോളരാജാവിന്റെ പുത്രിയെ വിവാഹം ചെയ്തു. ഈ രാജ്ഞിയുടെ പുത്രനാണ് നൃപരാമൻ. ഇക്കാലത്ത് പ്രഥമപത്നിയായ നന്ദിനി ഭദ്രകാളിയെ ഭജിച്ചു. ഒരിക്കൽ കുശപ്പായയിലിരുന്നു ധ്യാനിക്കുന്ന അവരെ ഭദ്രകാളിയെ ഒരു ഹരി

---

ശ്രിയമതിശയയുക്താം ലക്ഷണൈർദ്ദന്തയോഗൈ-
രപി ജഗതി ദധാനൈരാത്മനസ്സൂചയന്തീ
പരിണയവിധിയോഗ്യാ സാ ഭവിഷ്യത്യലം തേ
പ്രതിഹതിരഹിതായാ ജയശ്രീഃ പ്രജായാഃ 11

ഇതി ഗിരമുപകർണ്യ ശ്രേയസീ മാല്യബന്ധോ-
രവിഗളിതസുഖഭേദശ്ചേദിവംശോദ്ഭവസ്യ
പടുസചിവമുഖേന ഗ്രാഹയിത്വാനയന്നാ-
മധ്വന വരകന്യാമാദരാന്മൂഷികേന്ദ്രഃ 12

അഥ ജലധിതീരൈരാമംബുജാക്ഷായ ലക്ഷ്മീം
സുരരിപുരിവ സമുദ്രഃ കന്യകാം പാർത്ഥിവായ
ദ്വിഗുണതരപരിതോഷം പ്രാദിശദ് ശ്രീമതേ
സകലജനമനോജ്ഞാം ചേദിരാജഃ സ്വകന്യാം 13

പ്രഹിതവിപുലരണ്യഃ പ്രാഭൃതാദ്യാനതൈശ്ച-
രുപഹിതബലഭാരാഡംബരസ്യ സാമന്തവൈദ്യൈഃ
അലങ്കൃതദഥിരഭ്രഷ്ടയാ രാജ്യലക്ഷ്മ്യാ
പുനരപി ഗുരുശക്തിം ചേദിപം ഹേഹയേന്ദ്രഃ 14

സ്വബലവശഭിജിത്യ ദിക്‌പതിം മൂഷികേന്ദ്രോ നൃപവരൈഃ
സരഥഗജതുരംഗൈഃ സാർദ്ധമുദ്ധാമഭാവം
ചലിതമചലിതശ്രീഃ കേരളേന്ദ്രഃ പുരാൽ സ്വാൽ
പുരമഥനസമാനസ്സാദ്യഥ ശുശ്രാവ താവൽ 15

സന്നിശമ്യ സരഭസ്സമുദന്തം
ഭൂപതേർമുദിതാദ്രിഗൃഹേന
തസ്യ യാനപടഹേന ഗഭീരം
ദധ്വനേ കനകകോണഹതേന 16

തദ്ധ്വനിം സമുപകർണ്യ തദീയാ-
ന്യുൽസുകാനി സമരായ ബലാനി
പ്രീതിമന്തി സകലാന്യപി സദ്യഃ
ശാത്രവാഭിഹതയേ സമനഹ്യൻ 17

കയും ചെയ്തു. ചോളരാജകുമാരിയുടെ പുത്രനായ നൃപരാമൻ തുടർന്നു രാജാവായി. പാലകൻ ഇക്കാലത്തു ചേദിരാജ്യത്തായിരുന്നു. നൃപരാമൻ പെട്ടെന്നു മരിച്ചു. (ഇവിടെ ഒരു പദ്യാർധം നഷ്ടപ്പെട്ടിരിക്കുന്നതിനാൽ കഥാഗതി വ്യക്തമല്ല). പിന്നീട് നൃപരാമപുത്രനായ ചന്ദ്രവർമാവ് എന്ന ശിശു കുറച്ചുകാലം രാജപദവിയിൽ വർത്തിച്ചു. ഈ ശിശുവും മരിക്കുകയാൽ മൂഷികരാജ്യം അനാഥമായി. ശത്രുക്കൾ ഈ രാജ്യത്തെ ആക്രമിച്ചു. അതിനാൽ അമാത്യന്മാർ പാലകനെ വിളിക്കുവാൻ ചേദിരാജ്യത്തേക്കു ദൂതനെ അയച്ചു. പാലകൻ വലിയ സൈന്യം ശേഖരിച്ച് ഉടൻ വന്നെത്തി; ശത്രുക്കളെ തുരത്തി രാജാവായിത്തീർന്നു[24].

---

തത്രോഷിതോ കതിചന നിശാ നിർഗതസ്സോഽഥ മാർഗേ
തൈസ്തൈർവന്യൈരുപഹൃതമഹാതിഥ്യസൽകാര ഏവ ।
കൃച്ഛ്രാദേനം സ്വയമുപനതഃ സ്നേഹനിഘ്നോ രാജ്ഞാ
പ്രാചൈദ്യശ്ര്യാം സ്ഥിതിരവിശത് സ്വാം
നഗരീം കേരളേന്ദ്രഃ 58

ശ്രിയമകൃതപരാങ്ഗസ്പർശദോഷാം സ പശ്ചാദ്
പ്രഗുരുചിതമഹിഷ്യാ നിർവിശേഷാമശേഷാം
നൃപമനുബുഭുജേ സ്വാം ദീർഘബാഹുസ്സ ദീർഘം
ദിനമനു കൃതശംഭുപ്രീതിരീശാനവർമാ 59

24. വ്യഥിതമതിരഭാവാത് പുത്രപൗത്രോത്സവസ്യ
ഗ്രഥിതസകലഭോഗഃ ശ്ലാഘനീയാന്വയസ്യ
സ്വബഹുഭിരഭിരാമഃ സൈന്യസംഘൈർമൂഷികാണാം
പതിരഥ പരിണിന്യേ കന്യകാം ചോളഭർത്തുഃ 61

പ്രഥമമഥ നരേന്ദ്രഃ പശ്ചിമായാം മഹിഷ്യാ —
മലഭത നൃപരാമം സൂനുമാനന്ദഹേതും
നിജവിഭവശിഖായാമുന്നതം കോമളായാം
ഫലനിചയമിവോച്ചൈർ ദ്രുമഃ പാരിജാതഃ 62

ക്ഷിതിപരഭരദാപം ഭൂപമംഭോധിസീമാം
നൃപവിഭവസമൃദ്ധിം താദൃശം പ്രേമ ഭർത്തുഃ
ഇതി സകലമപാസ്യ സാധ്വഥ മതാ സ്വഹസ്ത്യാ
ചിരമഭജത പാദൌ നന്ദിനീ ചണ്ഡികായാഃ 63

പ്രതിനിയമവിധാനൈർവർത്തമാനൈ രജസ്രം
ക്ഷപിതതനു ഭജന്തീ സാ ചിരം ഭദ്രകാളീം



പാലകന്റെ മരണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ സഹോദരിയുടെ പുത്രനായ വലിധരൻ രാജാവായി. മൂഷികവംശത്തിൽ മരുമക്കത്തായമാണ് ഇനിയങ്ങോട്ട്. വലിധരനെ ഗംഗരാജാക്കന്മാരുടെ സൈന്യം ആക്രമിച്ചു. സഹ്യശൈലം കയറിക്കടന്നുവരുന്ന ഈ സൈന്യത്തെ ഒരു

---

കശശയനനിഷണ്ണാ സാ ക്ഷണം യോഗനിദ്രാം
നിഭൃതകരണവൃത്തിർനിദ്രയാവാലലംബേ 64

....(ഇവിടെ മൂന്നു വരി പോയിരിക്കുന്നു)
അധിഗതഹരിവൃക്ഷാമംബികാമഭ്യപശ്യൽ 65

മഹിഷവദനരക്താലക്തകാംബരാഗേ
കമലജയിനി യുഗ്മേ പാദയോരാപതന്തീം
പ്രണയമുപദധാനാ ചിത്തവൃത്തിഷു വത്സേ
ത്വമിതി സപദി ദുർഗാ നന്ദിനീമഭ്യഗൃഹ്ണാൽ 66

പ്രമദകലിലഭക്തിവ്യക്തരോമോദ്ഗമാംഗീം
സ്വകരകിസലയേനോത്ഥാപിതാം സംസ്പൃശന്തീ
വരമഭിമതമാശു ത്വം വൃണീഷ്വേത്യഥൈനാം
അതിഗുരുകരുണാർദ്രം വാക്യമാര്യാ ബഭാഷേ 67

പ്രതിപദമിയമസ്മദ്വംശ്യനാരീസുതാനാം
ക്ഷിതിരവനിപതീനാം....ഭൂയാൽ സ്വരാജ്യം
പുനരിതി നിഗദന്തീ സാ നതൽ ഭക്തിപൂർവ്വം
പ്രണതജനശിവായാഃ പാദമൂലേ ശിവായാഃ 68

പ്രഥിതഗുണമപത്യം സംഭവിഷ്യത്യലം തേ
ക്ഷിതിരപി ച പുനഃപ്രാപ്തി....കൃതാന്യൈവ (?)
ഇതി ഗിരമുപകർണ്യ പ്രേയസീമംബികാസ്യാ
കൃതഫല ഇവ പുണ്യൈ ഭോഗസമ്പത് തിരോഭൂൽ 69

പ്രമദമഥ വിബുദ്ധാ സംനിവേദ്യ സ്വഭർത്ത്രാ
ഗണമനതിചിരേണ പ്രീണയന്തീ സഖീനാം
അലഭത സുതമേകം നന്ദിനീ പാലകാഖ്യം
ദുഹിതരമപി കാഞ്ചിദ് ദുഃഖവിധ്വസ്തിഹേതും 70

കരികളഭവിലാസം പാലകം ബാലമേവ
പ്രിയതമമഭിരാമൈഃ സ്വൈർഗുണൈരപ്യസംഖ്യൈഃ
നികടമതി ചിദ്രകോഃ പ്രേഷയാമാസ ധീരഃ
തനയമവനിപാലസ്സ്വസ്യ മാതാമഹസ്യ 71

അഥ നിജഭുജദണ്ഡോപാർജിതൈരൂർജിതശ്രീഃ
വസുഭിരവനിപാലസ്സൂർപയന്നർഥിവർഗം
അതിബഹുഷു വിമാനേഷ്വഗ്രയായീ ബുധാനാം
സ്വയമുപരചിതേഷു സ്ഥാപയാമാസ ശംഭും 72

ദിവസത്തെ യുദ്ധം കൊണ്ട് വലിധരൻ തുരത്തി. വലിധരന്റെ ശേഷം അദ്ദേഹത്തിന്റെ ഭാഗിനേയനായ തിരിപുരാമൻ രാജ്യഭാരം കൈയേററു. തിരിപുരാമന്റെ അനന്തരഗാമി വിക്രമരാമനായിരുന്നു. വിക്രമരാമന്റെ ഭരണ

---

പ്രബലചരണഭക്തിം പ്രീതിയോഗേന സദ്യഃ
സ്വപദമുപനിനീഷോസ്ത്യൂപനാമധേയസ്യ ദൂതഃ
ഭുശതരപരിതൂർണ്ണാദാനബന്ധൂർജ്ജിതസ്സം
നൃപതിമഥ കദാചിന്നിവൃത്തിം ചകാര 73

........(അർത്ഥം വ്യക്തമല്ല)

ക്ഷിതിപതിരഥ കസ്യാം കീർത്തിശേഷാമഗച്ഛൽ 74

പിതരി ദിവമുപേതേ പാലകശ്ശോഭിവംശഃ
പ്രകൃതിഭിരഥ സദ്യഃ പ്രാപിതാം രാജലക്ഷ്മീം
വിപുലഭുജബലോപ്യഗ്രജ്യേഷ്ഠദേവാനുവൃത്ത്യാ
കഥമപി നൃപാദം ബന്ധബുദ്ധിർന്നിവേശേ 75

സ ച ഭുവമഭിരക്ഷന്നക്ഷതാജ്ഞാ ത്രിപുണാ-
മുപഗത ഇവ മൃത്യോർ ഗോചരം ലോചനാനാം
(രണ്ടു വരി നഷ്ടപ്പെട്ടിരിക്കുന്നു) 76

പ്രഥിതപൃഥുയശോഭിർ വിക്രമാക്രാന്തവൈരിശൈലൈഃ
സ്വകുലനൃപതിമുഖ്യൈസ്തേജസാ സംസ്തുതേന
അശിഷദവനിമേനാമാസഹിതാതിപ്രശസ്യഃ
കതിപയമഥ കാലം ചന്ദ്രവർമ്മാ നരേന്ദ്രഃ 77

പിതരി ദിവമുപേതേ പ്രാഗ്ദ്വിയഃ കനീയഃ (?)
ഖിലമലഘു....ഗാജഭാ ജീവലോകം (?)
പ്രതനരഭുതമാസസ്സോപ്യപി കാലേന ബാല-
ശ്ശശീവ കലാംശോ ജഗ്രസേ ചന്ദ്രവർമ്മാ 78

പ്രകൃതിസചിവമുഖ്യൈർഭർത്തൃനാശേ വിപക്ഷ-
പ്രതിഹതബലവീര്യൈഃ കൃഛ്റതോ ധാര്യമാണാ
ഗുണവിജയിതമിന്ദ്രാ നഷ്ടചന്ദ്രേവ രാത്രിഃ
സമഭവദതിശോച്യാ ശോഷികീ രാജലക്ഷ്മീഃ 79

ബലജനപരിഭൂതക്ലിഷ്ടവർണ്ണാശ്രമേഽസ്മിൻ
പ്രതിദിശമവരുദ്ധേ മണ്ഡലേ ശത്രുസൈന്യൈഃ
പ്രകൃതിസചിവവർഗഃ പാലകാഹ്വാനഹേതോഃ
ദ്രുതതരമഭിചേദി പ്രേഷയാമാസ ദൂതം 80

പരിഭവമരിവർഗൈസ്സന്നിശമ്യ സ്വഭർത്തുഃ
സ്ഫുടതരപരികോപഃ കല്പിതാനല്പസൈന്യഃ
പ്രഥിതവിപുലശക്തിർന്നിര്യയൗ സോഽഥ സദ്യഃ
കൃതപദ ഇവ മൂർദ്ധന്യുദ്ധതഃ കൃഷ്ണസർപ്പഃ 81



കാലത്ത് മൂലവാസം എന്ന പ്രസിദ്ധമായ ജിനക്ഷേത്രം സമുദ്രക്ഷോഭത്തിൽപ്പെട്ടു നശിക്കാൻ തുടങ്ങി. വിക്രമരാമൻ വലിയ പാറക്കല്ലുകൾകൊണ്ട് ചിറ കെട്ടി ഈ ക്ഷേത്രത്തെ കടലേറ്റത്തിൽ നിന്നു രക്ഷിച്ചു[25]

---

ന ഘനരസിതമുർച്ഛദ്ഭാസ്വരാഭീശുജാല-
പ്രചലിതസകലദിഗ്ഭിഃ സേവിതോ വാഹിനീഭിഃ
പരിഘനിനാദധന്യസ്സദ്ഭൂപ്പാരിധൈര്യഃ
പ്രശമിതജനശോകസ്തത്ര സ പ്രാദുരാസീത് 82

സപദി വിഹതദേശാശേഷവിദ്വേഷിവർഗഃ
പ്രകൃതിസചിവമുഖ്യോ വശ്യസാമന്തലോകഃ
സമുചിതമഭിഷേകം പ്രാപ്യ സമ്യക് പ്രജാനാ-
മധിഗതവിപുലശ്രീപാലകഃ പാലകോഽഭൂൽ 83

25 കൃതവതി പദമസ്മിൻ രാജ്ഞി മൃത്യോഃ കഥാക്ഷേ
സ്വസുരഥ പൃഥുകീർത്തിസ്തസ്യ രാജ്ഞസ്തനൂജഃ
അഭവദപരാരി (?) പൂരിതാശഃ പ്രജാനാം
വലിധര ഇതി തസ്യാ വല്ലഭോ രാജലക്ഷ്മ്യാഃ 90

പടുഭിരിവ ദധാനാ ഭ്രുതിനക്ഷത്രമൈലം (?)
പ്രഥിതരവപരീതാശേഷദിക്ചക്രവാളാ
ഉപരി ധരണിഭർത്തുസ്തസ്യ തീവ്രാ കദാചിൽ
പുരജിത ഇവ ഗംഗാ പ്രാപതൽ ഗാംഗസേനാ 91

പൃഥുതരമവതീർണ്ണം വാസരേ ജീർണ്ണദാനൗ
ധരണിപതിരസഹ്യം സഹ്യശൈലാഗ്രഭാഗാൽ
ദ്രുതതരമഭിപത്യ പ്രത്യനീകം പ്രദോഷേ
പവന ഇവ സവേഗസ്തൂലഭങ്ഗം ബഭഞ്ജ 92

പരിചിതബഹുശാസ്ത്രഃ പാരഗോ ഭാഗധേയോ
പ്രതിഹതരിപുവീര്യഃ പ്രത്യനീകദ്രുമാണാം
മതനഹുഷകീർത്തിർ ഭാഗിനേയോഽസ്യ രാജ്ഞഃ
ശ്രിയമഥ ത്രിപുരാമഃ ശ്രേയസീമഭ്യഗച്ഛൽ 93

വ്രജതി ഗതിമമർത്ത്യാമീശ്വരേഽസ്മിൻ ജഗത്യാഃ
സപദി തനുജന്മാ (?) ജന്മഭാജാം പുരോഗഃ
അഭവ (?) ദവനിചക്രം വിക്രമോദഗ്രധാതനാമാ
കൃതമതിരഥ രാമഃ സോമവംശപ്രദീപഃ 95

പ്രഥിതമിഹ ജിനസ്യ ശ്രീനികേതം കദാചിൽ
മുഷിതജനവിപത്തേരാലയം മൂലവാസം
പൃഥുചടുലതരംഗക്ഷുബ്ധവേലാതടാന്തഃ
കബളയിതുമുദന്വാനുദ്ധതം വ്യാജഹാരേ 96

(ശ്രീമൂലവാസം ഇപ്പോഴും കരുതിവരുംപോലെ അമ്പലപ്പുഴക്കടുത്തായിരുന്നില്ലെന്നും, ഉത്തരകേരളത്തിലെവിടെയോ ആയിരുന്നുവെന്നും വിശ്വസിക്കാൻ ഈ പരാമർശം പ്രേരണ നൽകുന്നു).

വിക്രമരാമന്റെ മരണത്തിനു ശേഷം മൂഷികരാജ്യം ഭരിച്ചത് ജനമാനിയായിരുന്നു. ജനമാനിക്കുശേഷം ശംഖവർമാവും അദ്ദേഹത്തിനു ശേഷം ജയമാനിയും കോലത്തുനാട് വാണു. പ്രഥനാനദിയുടെ തീരത്തുള്ള കോലതലസ്ഥാനനഗരത്തെപ്പററി സാമാന്യം ദീർഘമായ ഒരു വർണനയോടെ മൂഷികവംശത്തിന്റെ പന്ത്രണ്ടാം സർഗം അവസാനിക്കുന്നു. ''പരസ്പരം കടിച്ചു കീറുന്ന കാട്ടുജന്തുക്കളും മഹർഷിമാരുടെ ആശ്രമങ്ങളിൽ സഹവസിക്കുംപോലെ എല്ലാ ദേവതകളും ഇവിടെ ഒരുമിച്ചു വസിക്കുന്നു'' എന്ന പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണ്[26].

---

സപദി ച പടുദന്തം സന്നിരുദ്ധ്യാത്തകോപഃ
പരിഭവമിവ ശത്രോരാത്മനോ ഽന്തരസ്യ
പ്രതിജലധി സ പൂരാഭ്യുദ്യതാസിഃ പ്രതസ്ഥേ
ന ഖലു ജഗതി ധീരാഃ സ്വസ്യ പശ്യന്ത്യഭൂമിം 97

പ്രളയ ഇവ ഗഭീരധ്വാനമുല്ലംഘ്യ വേലാം
വിസൃതചടുലവീചീഘോരഘട്ടിതസ്യാർണവസ്യ
ഉപലിതജലദശൈലൈസ്സമ്പൂർണമാബധ്യ സേതും
ബലവദുപലഭംഗൈഃ സ്തംഭയാമാസ വേഗം 98

അരസകരമിതി കൃത്വാ കർമ ധർമാനുബന്ധം
സ്വപദനിയമിതാനാമാദധാനഃ പ്രജാനാം
സ ബുധജനസഹായം പ്രോദ്ധ്യ രാജാ പദം സ്വം
വിബുധജനസഹായം സ്ഥാനമഗ്ര്യം പ്രപേദേ 99

26 അഥ മഥിതവിപക്ഷഃ പക്ഷപാതീ ഗുണാനാം
ശശധര ഇവ ഭൗമഃ കാമിനീലോചനാനാം
പ്രതിഹതിരഹിതാജ്ഞഃ പ്രാജ്ഞത സാധാരണശ്രീ-
രജത ജനമാനീ മൗഷികീം രാജലക്ഷ്മീം 101

കരവിജിതമുദസ്യ ക്ഷ്മാപതൗ ജീവലോകം
മഖവിജിതമമുഷ്മിൻ പ്രസ്ഥിതേ ലോകമന്യം
അഭ്രത നിഭൃതചേതാ മേദിനീമർണവാന്താം
പ്രതിഹതരിപുസംഘോപക്രമഃ ശംഖവർമാ 102



ജയമാനിയുടെ അനന്തരവൻ വലഭനെന്ന രാജാവായിരുന്നു. അദ്ദേഹം 'ഭടസ്ഥലി'യുടെ രാജാവിന്റെ ഏതോ അപരാധത്തിൽ കോപിച്ച് ആ നഗരത്തെ ആക്രമിച്ചു. ഭടസ്ഥലി പിടിച്ചടക്കി തന്റെ വംശത്തിൽപ്പിറന്ന നൃപരാമന്ന് നൽകുകയും ചെയ്തു. വലഭന്റെ കാലശേഷം അദ്ദേഹത്തിന്റെ അനുജനായ കുന്ദവർമാവ് മൂഷികരാജാവായി. 'നാരായണപുരം' എന്ന വിഷ്ണുക്ഷേത്രം നിർമിച്ചത് കുന്ദവർമാവായിരുന്നു. കുന്ദവർമാവ് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ സഹോദരീപുത്രനായ പാലകൻ രാജാവായി. പാലകന്റെ മരണശേഷം ഭടസ്ഥലിയുടെ അധീശ്വരനായ രിപുരാമൻ മൂഷികരാജാവായിത്തീർന്നു. രിപുരാമനെ പിൻതുടർന്നത് സഹോദരീപുത്രനായ പാലകനാണ്. മരീപുരത്തിലെ രാജാവ് ഇക്കാലത്ത് മൂഷികരാജ്യത്തിന്റെ ഏതാനും ഭാഗം കീഴടക്കി. പാലകൻ സൈന്യത്തോടെ മരീപുരം ആക്രമിക്കുകയും ആ പട്ടണം തീ വെച്ചു നശിപ്പിക്കുകയും ചെയ്തു. പാലകൻ മരിച്ചപ്പോൾ അനുജൻ ജയമാനി രാജാവായി[27].

---

അഥ വഹതി വിഭാവാദാവമസ്മിൻ
നൃപമകുടാഗ്രവിഘട്ടിതാംഘ്രിപീഠഃ
പുനരപി ജയമാനിനാമധേയഃ
പുരമവഹന്നൃപതിശ്ചിരായ കോലം 103

പഥ്യാകരേ വിലസതി പ്രഥനാപഗായാഃ
ഛായാഗതം പയസി ഗോപുരമുന്നതാഗ്രം
ദേവസ്യ യത്ര സകലസ്യ ജഗദധിശായ
പ്രത്യക്ഷതാമുപനയൽ പ്രതിബിംബലീലം 104

കൃതാസ്പദാഃ കാനനസത്വജാതയ—
സ്തപോഭൃതാം സിദ്ധിമതാമിവാശ്രമേ
ജഗൽപ്രതീതാനി വിരുദ്ധ....
സഹാഖിലാ യത്ര വസന്തി ദേവതാഃ 111

27 അഥ തസ്യ വിഭോരനന്തരോ
വിജയീ സദ്ഗുണരത്നസാഗരഃ
ബലഭദ്രസമാനവിക്രമോ
വലഭോ നാമ ബഭൂവ പാർഥിവഃ 13.1

സ കദാചിദവന്ധ്യപൗരുഷഃ
കുപിതോ ഭൂപതിരാഗസി ക്വചിൽ

ജയമാനിയുടെ സഹോദരീപുത്രനായിരുന്നു വലഭൻ. വലഭന്ന് രാജധർമാവ് എന്ന ഒരു അനുജനുമുണ്ടായിരുന്നു. വലഭൻ ഒരിക്കൽ പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ ചെന്നു. ഈ ഗ്രാമത്തെപ്പററി ഇവിടെ ദീർഘമായ ഒരു വർണന യുണ്ട്. ഭവൻ, നന്ദി എന്നു പേരുള്ള രണ്ടു ബ്രാഹ്മണർ ഈ ഗ്രാമത്തിലുണ്ടായിരുന്നതായി അതുലൻ പ്രസ്താവി ക്കുന്നു. വലഭൻ പെരിഞ്ചെല്ലൂരിലുള്ള തൃച്ചംബരം

---

പ്രചപാല കടസ്ഥലീമുവഃ
പതിരുഡവൂലയിതും മദോദ്ധതം 6

അപഹൃദ്യ തതസ്തതോ രിപൂൻ
സ്വപരിത്രാണപരായണോദ്യമാൻ
നൃപതിർ നിജവംശകേതവേ
നൃപരാമായ ദദൗ കടസ്ഥലീം 12

അനുജേന തതോഽസ്യ ശ്രീപതേ—
രധരീകൃത്യ യശാംസി ഭൂഭൃതാം
ധരണീവരദേന മൗഷികീ
സ്വസനാഥാ ക്രിയത കന്ദവർമണാ 14

അഭിരക്ഷ്യ പുരം ചിരായ യോ
വിഭവൈർ ന്യായവശാദുപാർജിതൈഃ
വ്യധിത പ്രഥിതം മുരദ്വിഷോ
ഭുവി നാരായണപൂർവകം പുരം 16

അഥ തത്ര നൃപേ യശോനിധൗ
സുരാണീനാം ഗതിമഭ്യുപേയുഷി
സ്വസൃരസ്യ സുതഃ സ്മരാകൃതിഃ
പൃഥിവീം പാലയതി സ്മ പാലകഃ 17

പൃഥുതേജസി തത്ര ചാചിരാത്
പതിതേ കാലകടാക്ഷവർത്മനി
പദമസ്യ കടസ്ഥലീശ്വരോ
രിപുരാമഃ സ മഹാനഗാഹത 18

തമനുഗ്രമനാസ്സമാഖ്യയാ
ഭുവി ഗംഭീര ഇതി പ്രതീതിമാൻ
സുത ഏവ തു പാലകഃ സ്വസുഃ
ക്ഷിതിമേനാം ക്ഷപിതാരിരഗ്രഹീത് 24

നയവർത്മവശാദിതസ്തത—
ശ്ചരതോ ലേശമമുഷ്യ ഭൂമിഭൃത്
അഹരദ് ബലദർപ്പമോഹിതോ
മരിപൂർവസ്യ പതിഃ പുരസ്യ തം 25



ക്ഷേത്രം സന്ദർശിച്ചു. പിന്നീട് ശതസോമൻ (പതി നൊന്നാം സർഗത്തിൽ കാണുന്ന പേർ 'സുതസോമൻ' എന്നാണ്) നിർമിച്ച ശിവക്ഷേത്രത്തിലേയ്ക്കു ചെന്നു. അവിടെ ബ്രാഹ്മണശ്രേഷ്ഠർ അദ്ദേഹത്തെ സ്വീകരിച്ചു. അവരുടെ അഭ്യർഥനയനുസരിച്ച് ആ ക്ഷേത്രത്തിന്റെ ജീർണോദ്ധാരണം നിർവഹിച്ച് വലഭൻ ഈ ഗ്രാമ ത്തിൽ നിന്ന് തിരികെ അമ്മാമന്റെ അടുത്തേയ്ക്കു പോയി[28].

---

വിഷതാ വിഹിതാം വിലംഘനാ—
മസഹസ്സ്വാധ്യുമനല്പപൗരുഷഃ
സഹസാ മൃഗദംഷ്ട്രകേസരോ
വിജയീ സിംഹ ഇവോച്ചചാല സഃ 27

പ്രചലദ്ഗജവാജിഹേഷിത—
ശ്രവണക്ഷോഭിതസർവദിങ്മുഖഃ
അഭിഹത്യ ചമൂഭിരാശു തം
സ്വബലൈസ്താം സ പുരീം സമാവൃണോത് 28

അപനുദ്യ രിപൂൻ സഹസ്രധാ
ബലദർപ്പോദ്ധുരയാ സ്വസേനയാ
ഹേനം തുഹിനാംശുവംശജഃ
പുരി തസ്യാം രഭസാദദീപയത് 31

പരിദഹ്യ പുരീം സ പാണ്ഡവഃ
കമനീയാമിവ ഖാണ്ഡവസ്ഥലീം
പരിനിസ്സൃതകോപപാവകഃ
സ്വപുരീം പ്രത്യനയത് പതാകിനീം 37

വ്രജതി ത്രിദശേഷു ഗണ്യതാം
നൃപതൗ തസ്യ നിരസ്തവിദ്വിഷഃ
അനുജോ മനുജോത്തമശ്ശിരം
ജയമാനീ ജഗതീമപാലയത്

28 സംജജ്ഞേ സകലഗുണൈകപാത്രമസ്യ
സ്വസ്രീയോ വലഭ ഇതി പ്രതീതനാമാ
ഭൂതാനാമിഹ ഭുവനേ ഹിതാർഥമുച്ചൈ—
രേകാംശഃ പ്രമഥപതേരിവാവതീർണഃ 43

ശ്രീമാനമുഷ്യാവരജഃ കലാനാം
വേത്താ കൃതജ്ഞോ വസതിർ ഗുണാനാം
രാമസ്യ സൗമിത്രിരിവാജനിഷ്ട
രാജാ പ്രതീതോ ഭുവി രാജധർമാ 50

രാമഘടമൂഷികേശ്വരൻ (ജയമാനി) വലഭനെ യുവരാജാവായി അഭിഷേകം ചെയ്തു. ഇക്കാലത്ത് കേരളരാജാവ് ചോളരാജാവിനെ ആക്രമിക്കാൻ പോകുന്നതായി കേട്ട്, കേരളരാജാവിനെ സഹായിക്കുന്നതിന് രാമഘടമൂഷികൻ വലഭനെ അയച്ചു. വലഭൻ വലിയ സൈന്യത്തോടു കൂടി തെക്കോട്ടു നീങ്ങി. ആയിരക്കണക്കിന് സാമന്തരാജാക്കന്മാർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അല്പം ദിവസത്തെ യാത്രകൊണ്ട് വലഭൻ വളരെ ദൂരം സഞ്ചരിച്ചു. ഒരു താവളത്തിൽ വെച്ച്, ദ്വാരപാലിക അദ്ദേഹത്തോട് സ്വന്തം നാട്ടിൽനിന്ന്

---

ധർമസ്യ പാശ്ചാത്യഗുണപ്രതീക്ഷാ—
വ്യപായമാനാം കലിദുർബലസ്യ
ചെല്ലൂരനാഥാനമസൗ കദാചി—
ന്മഹാഗ്രഹാരം വലഭഃ പ്രപേദേ 51

യത്ര ദ്വിജന്മതിലകൗ വേദനന്ദിസംജ്ഞാ—
വക്ഷ്യമാണഗുണരത്നചയാവൃത്താം
മോഹാപനോദകരണാർഥമിവ പ്രജാനാം
ശുക്രശ്ച ശക്രസചിവശ്ച ദിവോഽവതീർണൗ 61

തത്രാഥ ചിത്രകുസുമസ്തബകാവതംസൈ—
രുദ്യാനശാഖിഭിരുപസ്കൃതദിഗ്വിഭാഗം
ശ്രീമത്സശംബരപദപ്രഥിതാഭിധാനം
പുണ്യം ഹരേർ നൃപസുതഃ പുരമാസസാദ 62

ശ്രുതതാമവതീര്യ യത്ര യാനാദ്
ഭുവനഗുരും ശിരസാ പ്രണമ്യ ശൗരിം
പുരമഥ ശതസോമനിർമിതം തദ്
സ പുരരിപോരഭിരാമമാസസാദ 67

തത്ര ദ്വിജന്മതിലകൈർവിഹിതസ്സമേത്യ
തദ്ഗ്രാമരക്ഷണവിധൗ സദൃശേ സ തിഷ്ഠൻ
ജീർണം നരേന്ദ്രതനയഃ പരിജീർണസന്ധിം
ദ്രഷ്ടും പുരം പുരരിപോർഘടയാംബഭൂവ 71

അഥ ദ്വിജാനാം ശിവശംസിനീഭി—
രാശീർഭിരുത്തേജിതമംഗളേന
ഭൂയസ്സമാസാദി നൃപാത്മജേന
ഗ്രാമാദമുഷ്മാദ് ഗുരുപാദമൂലം 72

ഇതി മൂഷികവംശേ ത്രയോദശഃ സർഗഃ



ഒരു ദൂതൻ വന്നിരിക്കുന്നതായി അറിയിച്ചു. രാമഘടമൂഷികേശ്വരൻ മരിച്ചുപോയി എന്നതായിരുന്നു ഈ ദൂതൻ കൊണ്ടുവന്ന വർത്തമാനം. ഈ വാർത്ത കേട്ട് വലഭൻ വല്ലാതെ ദുഃഖിച്ചു. ഇതേ സമയത്ത് മറ്റൊരു ദൂതൻ അവിടെയെത്തി വിക്രമരാമൻ എന്ന, മൂഷികവംശത്തിൽ തന്നെ പിറന്ന, മറ്റൊരു രാജാവ് ജയമാനിയുടെ മരണവും വലഭന്റെ അസാന്നിധ്യവും ഉപയോഗപ്പെടുത്തി മൂഷികരാജ്യം കീഴടക്കിയ വിവരം അറിയിച്ചു. (ഇവിടെ അർത്ഥം വ്യക്തമല്ല; പദ്യങ്ങളിൽ പല പിഴകളുമുണ്ട്.) വലഭന്റെ ദുഃഖത്തെ കോപം കീഴടക്കി. ഈ വൃത്താന്തം കേരളരാജാവിനെ അറിയിക്കുവാൻ ദൂതനെ അയച്ച്, കുതിരപ്പടയോടു കൂടി വലഭൻ ശത്രുക്കളെപ്രഹരിച്ചു സ്വന്തം രാജധാനിയിലേക്കു തിരിച്ചു. പോകുംവഴി അദ്ദേഹം മൂഷികവാസത്തിലെ ബുദ്ധഭഗവാനെ വന്ദിച്ചു; ജൈനജനങ്ങളുടെ ജയാശിസ്സുകൾ സ്വീകരിക്കുകയും ചെയ്തു. (ബൗദ്ധജൈനമതങ്ങൾ തമ്മിലുള്ള വ്യത്യാസം കവി മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു). രാജാവായി അഭിഷേകം കഴിഞ്ഞ് വിഹാരദുർഗത്തിൽ വാണരുളുന്ന മൂഷികനെ വലഭസൈന്യം വളഞ്ഞു. തന്റെ ആസ്ഥാനം വളഞ്ഞതിൽ കോപിച്ച് രാജാവ് കൂടാരത്തിൽ നിന്നു പുറത്തു വന്നു. വലഭസേനയുടെ പൊടിപടലം ശത്രുവിന്റെ കോപത്തെ അഗ്നിയെ കാറ്റു പോലെ ഉദ്ദീപിപ്പിച്ചു. തുടർന്ന് ഘോരമായ യുദ്ധം നടന്നു. വലഭസൈന്യം എതിർസൈന്യത്തിൽ വളരെയാളുകളെ കൊന്നു. എന്നിട്ടും വിക്രമരാമൻ (രാമഘടമൂഷികേശ്വരൻ) വിചലിതനായില്ല. ലോകനാശകരമായ ഈ യുദ്ധം തടയുന്നതിനെന്നപോലെ സൂര്യൻ അസ്തമിച്ചു. നിലത്ത് രക്തനദികൾ പോലെ മേഘങ്ങളിൽ സന്ധ്യാരാഗം പരന്നു. ഇരുണ്ട ആകാശത്തു നക്ഷത്രങ്ങൾ മരിച്ചവരുടെ അസ്ഥിമാലകൾ പോലെ തിളങ്ങി. ഒടുവിൽ, ശത്രുസൈന്യത്തെ സംഹരിച്ച് ഉയരുന്ന വലഭനെപ്പോലെ ഇരുട്ട് നീക്കി ചന്ദ്രൻ പ്രത്യക്ഷപ്പെട്ടു. മന്ത്രിമാരുടെ ഉപദേശം കേട്ട് ശത്രു (വിക്രമരാമൻ) രാത്രിയിൽ യുദ്ധരംഗം വിട്ട് പലായനം

ചെയ്തു. അങ്ങനെ സൂര്യോദയത്തിൽ ചന്ദ്രൻ അന്തരീക്ഷത്തെയെന്നപോലെ മൂഷികപതി വിഹാരദുർഗം വെടിഞ്ഞു[29].

---

29 അഥ താവദാജ്യമനവദ്യം
നൃപതിവരലക്ഷണാന്വിതേ
നീതിനിപുണഹൃദയേ വലഭേ
സ ചകാര രാമഘടമൂഷികേശ്വരഃ 14 1

അഥ സകലം പ്രതി സ ചോള-
നൃപതിമഭിയാതുമുദ്യതമിതം
സാഹ്യക്ഷ്മാപതിനാപി വലഃ
പ്രജിഘായ രാമഘടമൂഷികേശ്വരഃ 7

പ്രതിഹത്യ തം സ ഘനനേരം -
നിവഹപിഹിതാർക്കരോചിഷാ
ഋജ്യചലിതജലധ്വനിനാ
പ്രയയൗ ബലേന സഹ ദക്ഷിണാം ദിശം 8

ചിരമാശയാനയനയാഗതയശ്ച
കൃതപരികരൈസ്സമം ബലൈഃ
രാജധാന്യമഥ ക്ഷമാകൃതാം
അന്വസസ്രുതാശ്ച തനയാസ്സഹസ്രശഃ 12

സമതീതമാർഗമതിദീർഘം -
മനതിബഹുഭിഃ പ്രയാണകൈഃ
കപ്യപി നൃപതിതനയഃ സഹസാ
വിഹിതോപകാര്യമഥ സപദി വീക്ഷത(?) 14

നിജ...ധര... ....വഷ(?)
ഗദിതവിപത്തിമാഗതം
കൃത(?) നൃപതി തനയായ ചാഭ്യ
പ്രതിഹാരികാഥ പുരുഷം ന്യവേദയൽ 15

വിദിതഃ പ്രവിശ്യ ഗളിതാശ്രു-
പ്ലുതനയനഃ പ്രണമ്യ സഃ
സവിശദമുപഗതമമുഷ്യ ഗുരും
നിജഗാദ രാമഘടമൂഷികേശ്വരം 16

ഉപകർണ്യ ചൈതദതസ്തതഃ—
വിശദഹൃദയോപ്യപി തൽക്ഷണം
അശ്രുകലിതനയനാംബുജസ്സഹസാ
നിമമജ്ജ ഭൂയസി സ ശോകസാഗരേ 17

അഥ വിക്രമോപഹിതരാമപദ -
വിരചിതാഹ്വയം രിപും



വലഭൻ വധ്യന്മാരെ വധിച്ചും ത്യാജ്യന്മാരെ ത്യജിച്ചും പിടിക്കേണ്ടവരെ പിടിച്ചും പീഡിപ്പിക്കേണ്ടവരെ പീഡിപ്പിച്ചും നയം കൊണ്ടും വിക്രമംകൊണ്ടും

---

പ്രാപ്തമലപടമിദർശ്യ(?)പരഃ
പദമാശ്രു രാമഘടമൂഷികാഹ്വയം 18

പ്രതിഘഃ പ്രതാപനിധിരസ്യ
ശുചമപനദന്നഥാസ്ഫുരൽ
മേഘവിസരമലിനാം സഹസാ
ദിവസസ്യ വൃത്തിമിവ തിഗ്മദീധിതിഃ 19

ഉദതിഷ്ഠദാശു സ ബലേന
കൃതപരികരേണ സംവൃതഃ
അർദ്ധമഥ തമഭിവേദയിതും
വിസസർജ ദൂതമഥ കേരളേശ്വരം 23

തുരഗാകരേണ സഹ തൂർണ-
മഥ നിവവൃതേ ബലേന സഃ
ഗ്രാഹനിവഹഗുരുണാ പയസാ
വിനിവൃത്തവേല ഇവ യാദസാം പതിഃ 24

ഉപസൃത്യ....സസമുദ്ധ- -
വിഭവഗുരുധർമവിത്തമം
തത്ര സുഗതമതികാശ്രമികം
ശുചിമൂലവാസമുഷമപ്യപൂജത 25

പ്രതിഗൃഹ്യ ച പ്രവരജൈന—
ജനകൃത....ജയാശിഷഃ
കോപചരിതഹൃദയഃ സഹസാ
പ്രയയൗ പരൈരുപഹൃതം സ്വമന്ദിരം 26

വിഹിതാഭിഷേകമഥ തത്ര
നരപതിവിഹാരദുർഗമം
പ്രാപ്യ ബലമുപരോധ സ ഹി
മഹതാ ബലേന വലഭസ്സ മൂഷികം 27

സപദോപരോധപരികോപ—
കഷായിത വിവൃത്തലോചനഃ
സിംഹ ഇവ സപദി പഞ്ജരാൽ
ശിബിരാദസൗ നരപതിർവിനിര്യയൗ 39

പ്രതിപക്ഷകോപദഹനസ്യ
വലഃ പൃതനാസമുദ്ഭവഃ

ലക്ഷ്മിയെ അനുനയിക്കുകയും മൂഷികരാജ്യത്തെ വശീകരിക്കുകയും ചെയ്തു. താമസിയാതെ വലഭനെ രാജാവായി അഭിഷേകം ചെയ്യുന്ന ചടങ്ങ് നടന്നു. കപ്പൽക്കച്ചവടക്കാർ അയയ്ക്കുന്ന കപ്പലുകളിലൂടെ ഇറക്കുമതി ചെയ്ത മറ്റു ദ്വീപങ്ങളിലെ ദ്രവ്യസാരങ്ങൾ തിങ്ങിയ അങ്ങാടികളുള്ള മാരാഹി (മാടായി) എന്ന പട്ടണം കില്ലാനദി (കോട്ടപ്പുഴ)യുടെ തീരത്ത് വലഭൻ നിർമിച്ചു. വലഭപത്തനത്തെ

---

ദീപ്തിഭിന്നതമഹിമാ തേജസാം
പ്രകരസ്സമീരപദവീമഗാഹത 40

അധിരൂഢവാഹനമശേഷ-
കൃതപരികരം ധൃതായുധം
ദർപ്പസൂചിതബാഹുബലം
ബലിതയം മിഥഃ പൃതനയോസ്സമഭ്യയാൽ 41

അഗമത് ക്ഷയം വലഭസൈന്യ
ജലധിവീരസരേണ ഭൂയസാ
അഥ സമിതിരിപുരാജചമൂഃ
പൃതനേവ പാണ്ഡവബലേന കൗരവീ 51

പരിഹീയമാണബലരാശി—
രപി രിപുബലേന ഭൂയസാ
ദാവഹതവനാ ഇവ പത്രിർ—
ന്ന ചചാല രാമഘടമൂഷികേശ്വരഃ 52

സമരം ജഗൽക്ഷയനിമിത്ത—
മതുകമിവ രോദസ്യുദ്യതഃ
അസ്തമഗമദഗ ഘർമരശ്മിഃ
പ്രതിസംഹൃതാഖിലമരീചിമണ്ഡലഃ 53

പരിഖണ്ഡിതേഭസുഭടാശ്വ—
രുധിരസരിതേവ മേദിനീ
മൂർഛദഭിനവ ജപാരുണയാ
ഘനപദ്ധതിർദ്ദൃതമരോധി സന്ധ്യയാ 54

സമരേഷു വീരനിവഹസ്യ
വിവികൃതപദൈരിവാത്മഭിഃ
താവദഗണിതസഹസ്രശതൈ—
രുഡുഭിഃ പ്രകാശതരമൈർവിദിദ്യുതേ. 56

അവനഹ്യ സാന്ധ്യമതിഭൂരി
തിമിരമുദിയായ ചന്ദ്രമാഃ



അദ്ദേഹം അഭിവൃദ്ധിപ്പെടുത്തി. അദ്ദേഹം വംശേശ്വര ക്ഷേത്രത്തിൽ പ്രതിഷ്ഠ നടത്തി. ശ്രീരാമൻ ലങ്ക എന്ന ഒരു ദ്വീപു മാത്രമേ കീഴടക്കിയുള്ളൂ. വലഭരാമഘടമൂഷികൻ പല ദ്വീപുകളെയും കീഴടക്കി ഭരിച്ചു. മഹാന്മാരായ രാജാക്കന്മാർക്ക് ആദർശഭൂതമായ ചരിതത്തോടുകൂടിയ വലഭൻ പ്രായാധിക്യം കൊണ്ടു മരിച്ചപ്പോൾ ശ്രീ അനാഥയും രാജലക്ഷ്മി വീണ്ടും ചപലയുമായിത്തീർന്നു. നാട്ടിൽ അമംഗലങ്ങൾ വർധിച്ചു[30].

---

ശത്രുബലമഭിനിഹത്യ രണേ
പ്രവിവിക്ഷുരേവ വലഭഃ സ്വപത്തനം 57

പൃഥിവീപതിഃ പ്രകൃതിഭിഃ സ
നിശി നയശതീം വിനോദിതഃ
ശ്രുതി ശിബിരാമഹോദയ യയൗ
പ്രബലേ രിപൗ ശതധായിയം ഹി ഭൂതാം. 58

തീവ്രപ്രതാപഭരിതാഖിലദിഗ്വിഭാഗേ
ഭൂത്യൈ ഭുവഃ സ്ഫുരതി തത്ര നരേന്ദ്രസൂനൗ
തത്യാജ മൂഷികപതിസ്സ വിഹാരദുർഗം
സൂര്യോദയേ തുഹിനരശ്മിരിവാന്തരിക്ഷം 59

30 വധ്യാൻ നിഹത്യ സമരേ പ്രവിഹായ ചേയാൻ
ഗ്രാഹ്യാൻ പ്രഗൃഹ്യ പരിപീഡ്യ ച പീഡനീയാൻ
ലക്ഷ്മീമഥാനുഗുണയൻ നയവിക്രമാഭ്യാം
അഹനായ മൂഷികകുലം സ വശീചകാര 60

ദ്വീപാന്തരികോപശിബിരാ ഹ്യദി തപ്പുരോത്ഥഃ
നിർവ്യാജമഗ്നമിവ മംഗലദേവതായാഃ
പ്രാവർത്തത പ്രകൃതിപൗരജനാഭിരാമഃ
പുണ്യേ ദിനേ ഹി തസ്യ മഹാഭിഷേകഃ 61

സാംയാത്രികപ്രഹിതപോതപരമ്പരാതീർണ-
ദ്വീപാന്തരദ്രവിണസാരസമാപണാഢ്യം
കില്ലാസരിജ്ജലധിസംഗമസന്നികൃഷ്ടം
മാരാഹിനാമ സ പുരം നൃപതിശ്ചകാര 66

ഭൂപശ്ചകാര പൃഥുഗോപുരഭിന്നതുംഗ—
പ്രാകാരചിത്രവിഹിതാതുലശില്പശോഭം
വർധിഷ്ണുഖാതസലിലം പൃഥുഭിസ്തരംഗൈഃ
ബിഭ്രത്സദാ വലഭപത്തനമൃദ്ധിമുച്ചൈഃ 67

ശാന്തേ(?) പ്രശാന്തവിപദാം ശരണാഗതാനാം
ചണ്ഡേശ്വരസ്യ വടുകേശ്വരമന്ദിരസ്യ

വലഭന്റെ അനുജനായ ശ്രീകണ്ഠനെപ്പററിയാണ് മൂഷികവംശത്തിലെ പതിനഞ്ചാം സർഗം പരാമർശിക്കുന്നത്. അദ്ദേഹത്തെപ്പററിയുള്ള ദീർഘമായ വർണ്ണന വർത്തമാനകാലക്രിയകളുപയോഗിച്ചാകയാൽ, അതുലൻ മൂഷികവംശം നിർമിച്ചത് ശ്രീകണ്ഠന്റെ വാഴ്ചക്കാലത്താണെന്നു വിചാരിക്കാം. ശ്രീകണ്ഠൻ ശിവഭക്തനായിരുന്നു. രാജവർമാ എന്നും അദ്ദേഹത്തിന്നു പേരുണ്ടായിരുന്നു. വടകേശ്വരക്ഷേത്രം, ഖരവനക്ഷേത്രം, അഹീരണേശ്വരക്ഷേത്രം എന്നിവ അദ്ദേഹം പുതുക്കിപ്പണിയിച്ചു. അമ്പത്തിരണ്ടു പദ്യങ്ങളിൽ അപൂർണമായ ഈ സർഗത്തോടുകൂടി മൂഷികവംശം അവസാനിക്കുന്നു[31].

---

ആഖണ്ഡിതാരിബലദുസ്സഹവീര്യശൗര്യം
ഖ്യാത്യാ സ ദേവതനയന്നൃപതിഃ പ്രതിഷ്ഠാം 68

ഉത്തീർണ്ണസാഗരജലേന കലം രിപൂണാം
ഹത്വാ ബലേന ഹരികണ്ഠാദീഷണേന
ലങ്കാഹ്വയം രക്ഷപതിഃ പുരമേകമേവ
ദ്വീപാൻ ബഹൂനപി സ രാമഘടാഹ്വയസ്സ. 69

ദൃഷ്ട്വാന്യഭൃത്യചരിതോ മഹതാം സ രാജ്ഞാം
ദിഷ്ട്യാന്തമേത്യ ഗളിതേ വയസി ക്ഷിതീശഃ
അംഭോധിവീചിരശനാം ജഗതീമനാഥാം
ഗ്രസ്തശ്ചകാര ചപലാം ഭുവി രാജലക്ഷ്മീം 72

പതിത ഇവ നഭോ ഹിമേതരാംശൗ
ഗളിത ഇവാപി ച ജീവിതേ ശരീരം
അശിവമതിതരാമശേഷമാപദ്
ധരണിതലം രഹിതം നരേശ്വരേണ 74

ഇതി മൂഷികവംശേ ചതുർദശഃ സർഗഃ

31 ശ്രീകണ്ഠ ഇത്യവരജോഽഥ നൃപസ്യ തസ്യ
ശ്രീകണ്ഠപാദസരസീരുഹരാജഹംസഃ
ശ്രീകണ്ഠനാഥ ഇവ ശൗര്യഗുണേന ഹർഷ—
ശ്രീകണ്ഠസംഗിനി ഭുജേ ഭുവമാസസഞ്ജ 15.1

ഭർത്താ ഫണീന്ദ്രശയനീയമിവേന്ദിരായാഃ
ക്രോഡം പിതാമഹ ഇവാദിസരോരുഹസ്യ
കൈലാസശൈലമിവ ച സ്വയമേവ ദേവഃ
ചേതോ യദീയമധിതിഷ്ഠതി ശൂലപാണിഃ 3

ജീയാച്ചിരായ കരവാളസഖേന ദോഷ്ണാ
രാജന്യസമപ്രതിമഹോ ഭുവി രാജവർമാ



ഒന്നാം രാമഘടമൂഷികൻ മുതൽ ശ്രീകണ്ഠൻ വരെ നൂററിപ്പതിനഞ്ചു രാജാക്കന്മാരുടെ വാഴ്ച മൂഷികവംശത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ പല രാജാക്കന്മാരും സ്ഥിതി ചെയ്യുന്നത് ചരിത്രത്തിന്റെ മേഖലയിലല്ല, ഐതിഹ്യത്തിന്റെ മേഖലയിലാണ്. പലരുടെയും പേരുകൾ സാധാരണഗതിയിൽ പേരുകളാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. (ഉദാ:— കാമപ്രദൻ, നയധരൻ, കവികശ്ശേൻ, നിപാതവർമാവ്). മിക്കവരുടെയും പേരുകളിൽ കവിഞ്ഞ ഒരു വിവരവും ഈ ഗ്രന്ഥത്തിൽ നിന്നു ലഭിക്കുന്നില്ല.

ക്രിസ്തുവർഷം അഞ്ചാം ശതകത്തിൽ ഏഴിമല (ഏഴിൽ മല)യിലെ രാജാവായിരുന്ന നന്നൻ തമിഴ്

---

പീത്വാതി രക്താസവം സഹ കാമിനീഭിഃ
നൃത്യന്തി യസ്യ സമരേഷ്വധുനാ യാതുധാനാഃ 35

ലക്ഷ്മ്യാ പ്രതീതയശസോ ഭുവി കർത്തൃനാമ്നാ
ക്ഷേത്രാഹ്വയേന ച വടകേശ്വരാഖ്യം
പുംസോ വപുർവിധിമിവൈഷ ജരാവതീർണ്ണം
ഭൂയോ നവം വ്യധിത മന്ദിരമിന്ദുമൗലേഃ 37

യച്ചാന്തഭോഗവികലം പുര ഏവ തത്ര
വ്യാത്തം ഗൃഹം ഖരവനാഹ്വയമീശ്വരസ്യ
കാലേന തദ്വിരചിതം സമയത്ത ഭൂയഃ
പക്ഷോപലക്ഷ്യമിവ ബിംബമതിശരശ്രഃ 38

യോഽസ്യാഹീരണേശ്വര ഇതി പ്രഥിതം പൃഥിവ്യാം
സാധ്വഗ്രുഹാദിരതാഗവാശമാർഗം
ജീർണ്ണം കദാചിദവലോക്യ തമേവ ദധ്യൗ
ദേവസ്യ മന്ദിരമപോർദ്ദയിതം നിവാസം 39

വിശ്ലിഷ്ടചണ്ഡമഹോപലസന്ധിബന്ധം
നൈകതഃ പതിതജർജ്ജരദാരുബന്ധം
ശംഭോരിതൈവ നിലയം പ്രവിശീര്യമാണം
ദൃഷ്ട്വാ മമാദ്യ ഝടിതി സ്ഫുടതീവ ചേതഃ 41

ശുശ്രൂഷണം മമ ഗുരോസ്സുദതീഷ്ടദസ്യ
ഗൗരീപതേർഭഗവതോഽപി ച ദാസകൃത്യം
ധർമാദിരക്ഷണമപി ക്ഷിതിമണ്ഡലേഽസ്മിൻ
കൃത്വാ വിമാനമിദമദ്യ സമുദ്ധരാമി 45

പ്രാപ്തേ പുനർന്നവദശാം വടകേശ്വരേസ്മിൻ
ദേവോഽഹീരണേശ്വരപുരേ ഖരകാനനേ ച

സാഹിത്യത്തിൽ പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്. നാർമുടി ച്ചേരൽ എന്ന ചേരരാജാവിന്റെ സേനാനായകനായ ആയ് എയിനനെ പാഴിയിൽവെച്ചു നടന്ന യുദ്ധത്തിൽ നന്നന്റെ സേനാപതിയായ മിഞിലി കൊല്ലുകയുണ്ടായി. ഇതിനു പ്രതികാരമായി നാർമുടിച്ചേരൽ വാകൈപ്പെരു ന്തുറയിലെ യുദ്ധത്തിൽ നന്നനെ വധിച്ചു. നന്നൻ ഉതി യൻ എന്ന മറെറാരു രാജാവിനെപ്പററിയും ചെല്ലൂർ വാണി രുന്ന ആതൻ എഴിനിയെപ്പററിയും താഴ് കവികൾ പ്രസ്താവിക്കുന്നുണ്ട്.

ക്രിസ്തുവർഷം പതിനൊന്നാം ശതകത്തിൽ എഴുത പ്പെട്ടതായി വിശ്വസിക്കപ്പെടുന്ന മൂഷികവംശത്തിൽ ഈ രാജാക്കന്മാരെപ്പററി പ്രസ്താവമൊന്നുമില്ല. മൂഷികന്മാർക്ക് നന്നനുമായോ, നന്നനെ സംഹരിച്ച ചേരന്മാരുമായോ ബന്ധമില്ല. അവർ വടക്ക് മാഹിഷ്മതിയിൽനിന്നു വന്നവരാണ്. അവസാനകാലംവരെ ചന്ദ്രവംശ്യരായ ഹൈഹയരാണ് തങ്ങളെന്ന് അവർ വിശ്വസിച്ചു വന്നു. ചേദി, മഗധം മുതലായ ഉത്തരാപഥരാജവംശങ്ങളുമായി അവർക്കു വിവാഹബന്ധങ്ങളുണ്ടായിരുന്നു. പിന്നീട് ചോള—പാണ്ഡ്യ കേരള രാജവംശങ്ങളുമായും ഇവർ വിവാഹം വഴി ബന്ധപ്പെടുകയുണ്ടായി.

ക്രിസ്തുവർഷം 14-ാം ശതകത്തോടുകൂടി മൂഷികരാജ്യം കോലത്തിരിമാരുടെ കീഴിലായിത്തീർന്നു. ക്രി. പി.

അർഘാൻ പരൈരപ്യുത്താനപരാംശ്ച തഥാ
പൂർവോചിതാൻ പുണ്യധന ശിവോപചാരാൻ 47

രക്ഷാളജാഗ്രത്ഖലനപൃതസന്ധിബന്ധം
ഹിത്വാ ശതാബ്ദ ഇവ രാജതമദ്രിരാജം
യേഷ ഗ്രഹ്യംബഭിതതുഷാരതുഷാ വിമാനേ
വാസം വ്യധത്ത ഭഗവാൻ വൃഷരാജകേതുഃ 48

ആബന്ധപല്ലവ പതാകാലങ്കരണയോ മതുഭ്ഭിഃ
സത്രീകൃതോർധ്വശിരസഃ പരികീർണപുഷ്പൈഃ
ശാഖാഭുജൈർവിടപിനോ വിധിനാ തു യത്ര
ശർവപ്രണാമമിവ സന്തതമാചരന്തി 52

(ഈ പദ്യത്തോടെ കയ്യെഴുത്തുപ്രതി അവസാനിക്കുന്നു).



1501—ൽ രചിക്കപ്പെട്ട 'ഉദയവർമചരിതം' എന്ന സംസ് കൃതകൃതിയിൽ കോലത്തിരിമാരുടെ വംശചരിത്രം രേഖ പ്പെടുത്തിയിട്ടുണ്ട്. സോമവംശത്തിൽ ജനിച്ച മൂന്നു ക്ഷത്രിയസ്ത്രീകൾ ഗോകർണത്തുപോയി ശ്രീപരമേശ്വ രനെ ഭജിച്ചുകൊണ്ടിരുന്നപ്പോൾ കേരളരാജാവായ ചേര മാൻ പെരുമാൾ അവിടെ ചെന്ന് അവരെ മൂന്നു പേരേയും വിവാഹം ചെയ്തു. ദ്വിതീയപത്നിയിൽ അദ്ദേഹത്തിന്ന് അംബാലിക എന്നൊരു പുത്രി ജനിച്ചു. ആ കുമാരിക്ക് രവിവർമ എന്ന രാജാവു ഭർത്താവായി. പെരുമാൾക്ക് ശേഷം രാജ്യഭാരം ചെയ്തത് അംബാലികയാണ്. ക്രി. പി. 724-ൽ ആ ദേവിക്കു ശക്രസദൃശനും പിതൃ മാതൃഭയാപഹനുമായി കേരളവർമാ എന്നൊരു പുത്രൻ ഉണ്ടായി. ആ കേരളവർമാവാണ് കോലവംശം സ്ഥാപി ച്ചതെന്ന് ഉദയവർമചരിത്രകാരൻ പറയുന്നു. ക്രി. പി. 746—ൽ കേരളവർമാവിന്റെ ഭാഗിനേയി ഉദയവർമാ എന്നൊരു കുമാരനെ പ്രസവിച്ചു. കേരളവർമാവിന്നു ശേഷം ഉദയവർമതമ്പുരാൻ രാജ്യഭാരം കൈയേററു. അദ്ദേഹം പെരുഞ്ചെല്ലൂർ ഗ്രാമക്കാരായ നമ്പൂതിരിമാ രോട് കോപിച്ച് ഗോകർണത്തു ചെന്ന് ഏതാനും തുളു പ്പോററിമാരെ ക്രി. പി. 793—ൽ കൂട്ടിക്കൊണ്ടു വന്ന് ആചാരപരിഷ്കാരം ചെയ്തു മലയാളബ്രാഹ്മണരാക്കി. ഇതാണ് ഉദയവർമചരിതത്തിലെ പ്രതിപാദ്യം. ഈ ഗ്രന്ഥം രചിച്ച രാമവർമ ക്രി. പി. 1492 മുതൽ 1506 വരെ കോലത്തുനാടു പാലിച്ചതായി ചിറയ്ക്കൽ കോവി ലകത്തു രേഖയുണ്ടത്രേ[32]. 'ഉദയവർമചരിതം' രചിച്ച കവിക്ക് മൂഷികവംശകാവ്യത്തെപ്പററിയോ അതിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളെപ്പററിയോ അറിവുണ്ടാ യിരുന്നതായി തോന്നുന്നില്ല. 'ഉദയവർമചരിത'ത്തോട് ഏറെക്കുറെ യോജിക്കുന്ന രീതിയിലാണ് കേരളോൽപ ത്തിയിലുള്ളതായി ലോഗൻ രേഖപ്പെടുത്തുന്ന കോലത്തി രിമാരുടെ ഉൽപത്തിയെക്കുറിച്ചുള്ള ഐതിഹ്യം. മൂഷി കരുടെ പാരമ്പര്യം കോലത്തിരിമാർ ഒരിക്കലും അവകാ

32. ഉള്ളൂർ, കേ. സാ. ച. വാല്യം 2, പേ. 82

ശപ്പെട്ടിട്ടില്ലെന്നാണ് തോന്നുന്നത്. മൂഷികവംശത്തിൽ വിവരിക്കപ്പെട്ട രാജവംശം എങ്ങനെ, ഓർമപോലും ശേഷിപ്പിക്കാതെ, തിരോഭവിച്ചു എന്നത് അന്വേഷിക്കേണ്ട ഒരു വിഷയമാണ്.

മൂഷികവംശത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളും, പ്രത്യേകിച്ച ക്ഷേത്രങ്ങളും, ഏതെല്ലാമെന്ന് തിട്ടപ്പെടുത്തുന്നത് പ്രയോജനകരമായിരിക്കും.[33] ഈ ക്ഷേത്രങ്ങളിൽ വല്ല ശിലാരേഖകളുമുണ്ടെങ്കിൽ അവ മൂഷികവംശത്തിൻെറ—അതു വഴി കേരളചരിത്രത്തിൻെറയും—ഇരുളടഞ്ഞ വശങ്ങളിലേയ്ക്കു് വെളിച്ചം വീശിയേയ്ക്കാം.

---

33 ജയമാനിയുടെ കാലത്ത് പെരുമനം, ഇരിങ്ങാലക്കട, അവിട്ടത്തൂർ എന്നീ ഗ്രാമങ്ങളിൽ നിന്ന് ഇരുപത്തിനാലു ബ്രാഹ്മണരെ കൊണ്ടുപോന്ന് തളിപ്പറമ്പിനു കിഴക്ക് തിരുവട്ടൂരിൽ കുടിയിരുത്തിയതായി ഒരു ശിലാലിഖിതം തിരുവട്ടൂർ ക്ഷേത്രത്തിലുണ്ട്. എം. ആർ. രാഘവവാരിയർ, കോലത്തുനാടിൻെറ പരമ്പരാഗത ചരിത്രത്തിൽ നിന്നൊരേട്, മാതൃഭൂമി വാരാന്തപ്പതിപ്പ്, 8. 8. 1980.

—വിജ്ഞാനകൈരളി, 6, 6, നവംബർ, 1974.

★

# എൻ. വി.യുടെ ഗവേഷണപ്രബന്ധങ്ങൾ

## എൻ. വി. കൃഷ്ണവാരിയർ

ഡോക്ടർ എൻ. വി. കൃഷ്ണവാരിയരുടെ പതിനൊന്ന് ഗവേഷണപ്രബന്ധങ്ങളടങ്ങുന്ന പുതിയ സമാഹാരമാണ് ഈ കൃതി. മതം ആധുനികജീവിതത്തിൽ, പൂർവ്വമീമാംസാദർശനം, വാക്യപദീയം, പാണിനീയപ്രദ്യോതം, കൗടില്യന്റെ അർത്ഥശാസ്ത്രം, അണുസിദ്ധാന്തത്തിന്റെ ആദിപിതാക്കൾ, ഇന്ത്യയിൽ ബുദ്ധമതത്തിന്റെ ചരിത്രം, മൂഷികവംശം ഒരു പഠനം തുടങ്ങിയ പ്രബന്ധങ്ങൾ മതം, ദർശനങ്ങൾ, വ്യാകരണം, ചരിത്രം തുടങ്ങിയ വൈജ്ഞാനികവിഷയങ്ങളേയും കാവ്യസംസ്കാരപാരമ്പര്യങ്ങളേയും സംബന്ധിച്ചുള്ള അന്വേഷണവിചിന്തനങ്ങളുടെ ഫലങ്ങളാണ്. ഈ പ്രൗഢനിബന്ധങ്ങൾ അധികവും ഭാരതീയവിജ്ഞാനത്തിന്റെ വിഭിന്നമുഖങ്ങളുമായി ബന്ധമുള്ളവയാണ്'' എൻ. വി.യുടെ അപഗ്രഥനപാടവത്തിനും നിരീക്ഷണങ്ങളുടെ മൗലികതയ്ക്കും നിദർശനങ്ങളായ ഈ പ്രബന്ധങ്ങൾ മലയാളത്തിലെ വൈജ്ഞാനികസാഹിത്യത്തിലേയ്ക്കുള്ള കനത്ത സംഭാവനയാണ്.

വില. ക. 29.00

**ഒരു മാതൃഭൂമി പ്രസിദ്ധീകരണം**